


# അറിവിന്റെ വഴിയെ താപസ മനസ്സ്


സിസ്റ്റർ. ഡോ. ആവില സി.എം.സി.
സിസ്റ്റർ. ധന്യ സി.എം.സി.
സിസ്റ്റർ. മരീന സി.എം.സി.


ഒരു ബേസ്റൗമ
പ്രസിദ്ധീകരണം

MOUNT CARMEL GENERALATE
ALUVA



# അറിവിന്റെ വഴിയെ താപസമനസ്സ്

വിശുദ്ധ ചാവറപിതാവിന്റെ വിദ്യാദാന ദർശനം
ഒരു വിചാരധ്യാനം

സിസ്റ്റർ ഡോ. ആവില സി.എം.സി.
സിസ്റ്റർ ധന്യ സി.എം.സി.
സിസ്റ്റർ മരീന സി.എം.സി.

ഒരു ബേസ്റൗമ പ്രസിദ്ധീകരണം

# അറിവിന്റെ വഴിയെ
# താപസമനസ്സ്

സിസ്റ്റർ ഡോ. ആവില സി.എം.സി.
സിസ്റ്റർ ധന്യ സി.എം.സി.
സിസ്റ്റർ മരീന സി.എം.സി.

ഒരു ബേസ്റൗമ പ്രസിദ്ധീകരണം

Malayalam
**ARIVINTE VAZHIYE THAAPASAMANASSU**
(Collection of Analytical Studies on the Educational Vision of Saint Chavara Kuriakose Elias)

By
Sr. Dr. Avila C.M.C.
Sr. Dhanya C.M.C.
Sr. Mareena C.M.C.

With Foreward by
Sr. Sancta C.M.C.

an introduction by
Prof. M. Achuthan

Edited by
John Paul

Cover Design
Shanal Lopez

Pre Press
Sr. Naveena C.M.C., V.S. Biju

Layout
Anoop Antony

First Published
December 2012

Second Edition
November 2014

©
Rights Reserved

Printed at
Anaswara Printers, Kochi

Published By
Sr. Leonila C.M.C.
representing
**Beth Rauma**
an initiative of
Chavara Central Secretariat
on behalf of
C.M.I., C.M.C. Congregations
P.B. No. 3105
Chavara Hills, Kakkanadu, Cochin 682 030
Ph: 0484 4070003, Fax: 0484 4070015

Price: ₹. 120

## ഉള്ളടക്കം

*പ്രസാധകക്കുറിപ്പ്*
കൂട്ടായ്മയുടെ സങ്കീർത്തനം

*മുന്നുര*
പ്രകാശം പരത്തുന്ന വായനാനുഭവമാകുവാൻ
*സിസ്റ്റർ ലെയോണില സി.എം.സി.*

*പരിചായകം*
ജാഗരൂകതയുടെ സന്ദേശം
*സിസ്റ്റർ സാന്റ സി.എം.സി.*

*എഡിറ്ററുടെ കുറിപ്പുകൾ*
വിദ്യാദാനവഴിയിലെ വ്യാപന ചിത്രങ്ങൾ
*ജോൺ പോൾ*

*അവതാരിക*
അറിവിന്റെ വഴിയെ പ്രാർത്ഥനയോടെ
*പ്രൊഫ. എം. അച്യുതൻ*

**അറിവിന്റെ വഴിയെ താപസമനസ്സ്**

*ഒന്ന്* : ആവാസവ്യവസ്ഥകളുടെ ഭൂമികയിൽനിന്നും
*രണ്ട്* : മനുഷ്യസ്നേഹിയുടെ ദീർഘദർശനം
*മൂന്ന്* : വിദ്യാദാന ശുശ്രൂഷ തപസ്യയാകുമ്പോൾ
*നാല്* : വിദ്യാവ്യാപനവഴിയെ സഭാധാര
*അഞ്ച്* : ഹൈടെക് യുഗത്തിന്റെ കാവൽക്കാരാവുക
*ആറ്* : ദാനം ധ്യാനപൂർണ്ണം

പിന്നുര
*നദി സമുദ്രമാകുമ്പോൾ*
സിസ്റ്റർ ആവില സി.എം.സി., സിസ്റ്റർ ധന്യ സി.എം.സി.,
സിസ്റ്റർ മരീന സി.എം.സി.

അനുബന്ധം

ഒന്ന് *പൊതു ഗ്രന്ഥസൂചിക*

രണ്ട് *ചാവറ കുര്യാക്കോസ് ഏലിയാസ് ജീവിതരേഖ*

മൂന്ന് *ചാവറ കുര്യാക്കോസ് ഏലിയാസ് രചനകൾ*

നാല് *ലേഖകർ - ജീവിതരേഖ*

## പ്രസാധകക്കുറിപ്പ്

# കൂട്ടായ്മയുടെ സങ്കീർത്തനം

*സി.എം.ഐ.* സഭയുടെ സഹോദരീസമൂഹമായ *സി.എം.സി.*യുടെ പ്രസാധനവിഭാഗം *മണലാരണ്യത്തിലെ മഞ്ഞുതുള്ളി* എന്ന പേരിൽ പ്രസിദ്ധപ്പെടുത്തുവാൻ വിഭാവനം ചെയ്തതാണ് ഈ പുസ്തകത്തിന്റെ മൂലരൂപം. സംശോധനാസഹായത്തിനായി *ബേസ്റൗമ* കൺവീനർ കൂടിയായ ശ്രീ. *ജോൺ പോളി*നെ ബന്ധപ്പെട്ടപ്പോൾ ടെക്സ്റ്റ് വായിച്ച ശേഷം അദ്ദേഹമാണ് ഈ ഗ്രന്ഥം പൊതുധാരയിൽനിന്നും പ്രസിദ്ധപ്പെടുത്തുന്നത് നന്നെന്നു നിർദ്ദേശിച്ചത്. *ബേസ്റൗമ* ചെയർമാൻ ശ്രീ. *ടി.എം. എബ്രഹാമും* അതേ അഭിപ്രായം പറഞ്ഞു. *ബേസ്റൗമ* സമിതിയിലെ മറ്റംഗങ്ങളും അതിനോടു യോജിച്ചു. അങ്ങിനെയാണ് ഇപ്പോൾ *അറിവിന്റെ വഴിയെ താപസമനസ്സ്* എന്ന പേരിൽ ഈ പുസ്തകം *ബേസ്റൗമ* പ്രസിദ്ധീകരണമായി പുറത്തിറങ്ങുന്നത്. അങ്ങിനെയൊരു നിർദ്ദേശം ഉന്നയിച്ചപ്പോൾ ആഹ്ലാദപൂർവ്വം അതിനു സമ്മതിക്കുകയും സർവ്വാത്മനാ സഹകരിക്കുകയും ചെയ്തു *സി.എം.സി.* സുപ്പീരിയർ ജനറാളായ സിസ്റ്റർ *സാങ്റ്റ*യും *സി.എം.സി.* ജനറൽ കൗൺസിലറും *ബേസ്റൗമ* സമിതിയംഗവുമായ സിസ്റ്റർ *ലെയോണില*യും ഗ്രന്ഥകർത്രികളായ സിസ്റ്റർ *ഡോ. ആവില*യും സിസ്റ്റർ *ധന്യ*യും സിസ്റ്റർ *മരീന*യും. അവർക്കു നന്ദി പറയുന്നില്ല. ചാവറ ചൈതന്യവും അതു പ്രസരിപ്പിക്കേണ്ട നിയോഗവും അവരുടേതുകൂടിയാണല്ലോ.

*അറിവിന്റെ വഴിയെ താപസമനസ്സ്* എന്ന ശീർഷകം ഗുരുസ്ഥാനീയനായ പ്രൊഫ. *എം. തോമസ് മാത്യു* സന്ദർഭവശാൽ പറഞ്ഞ ഒരു പ്രസ്താവത്തിനിടയിൽനിന്നും സ്വരൂപിച്ചുണ്ടായതാണ്. അതദ്ദേഹം അറിഞ്ഞിട്ടില്ലെങ്കിൽക്കൂടിയും അദ്ദേഹത്തിനു നന്ദി.

*സി.എം.ഐ., സി.എം.സി.* കോൺഗ്രിഗേഷനുകളുടെ ഏകോപിത ധാരയിൽനിന്നുള്ള പ്രസിദ്ധീകരണമാകുമ്പോൾ വിദ്യാവ്യാപനവഴിയിലെ *സി.എം.ഐ.* ധാരയുടെ വിശദാംശങ്ങൾക്കും തുല്യപ്രാധാന്യം നൽകേണ്ടതല്ലേ എന്നു നിർദ്ദേശിച്ചത് സിസ്റ്റർ *സാങ്റ്റ*യുടെ നല്ല

മനസ്സാണ്. ശരിയെന്നു തോന്നി. പക്ഷേ, ഇതേ അളവിൽ ആ വിശദാംശങ്ങൾ കൂടി ചേർന്നു വരുമ്പോൾ പുസ്തകം സാമാന്യത്തിലധികം ദീർഘമാകും എന്നതൊരു വസ്തുത. *സി.എം.സി.* ധാരയുടെ വിദ്യാവ്യാപനങ്ങളെക്കുറിച്ച് ഇപ്പോഴിതിലുള്ള വിശദാംശങ്ങളും നിരീക്ഷണങ്ങളും ലേഖികമാർ തയ്യാറാക്കിയതു മാസങ്ങളോളം സമയമെടുത്തുള്ള പഠനചർച്ചകളിലൂടെയാണ്. സമാനമായ ഒരവലോകത്തിനും പഠനത്തിനും അത്രതന്നെ സമയം *സി.എം.ഐ.* ധാരയിലെ വ്യാപനവഴികൾ ആവശ്യപ്പെടുമ്പോൾ പ്രസിദ്ധീകരണത്തിൽ വരുന്ന കാലതാമസം മറ്റൊരു വസ്തുത. രണ്ടു വസ്തുതകളുടെയും പരിവൃത്തത്തിൽ നിന്നുകൊണ്ടു ചിന്തിച്ചപ്പോൾ ഈ ഗ്രന്ഥം ഈ വിധം പ്രസിദ്ധപ്പെടുത്തുകയും ഇതേപോലെ സമഗ്രമായ പഠനങ്ങളും നിരീക്ഷണങ്ങളും തയ്യാറാക്കി *സി.എം.ഐ.*യുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചു സ്വതന്ത്രമായ ഒരു പുസ്തകം വേറെയും തയ്യാറാക്കുകയാണ് നന്നെന്നു തോന്നി അപ്രകാരം തീരുമാനിക്കുകയായിരുന്നു. എങ്കിലും ഒരു താരതമ്യചിത്രം ലഭിക്കുവാനും ചാവറ പിതാവിന്റെ വിദ്യാദാന ശുശ്രൂഷാവിഭാവനം ഇന്നെത്തി നിൽക്കുന്ന വർത്തമാനഘട്ടത്തിന്റെ ഒരു പക്ഷിദൃഷ്ടി ദൃശ്യം നൽകുവാനും സഹായകമാകുംവിധം വിദ്യാഭ്യാസ ഭൂപടത്തിൽ ഇന്നുള്ള *സി.എം.ഐ.* സാന്നിദ്ധ്യത്തിന്റെ സൂചികകൾ ഇതിൽ ഉൾച്ചേർത്തിട്ടുണ്ട്. *ബേസ്റൗമ*യുടെ പ്രവർത്തനങ്ങളിൽ പ്രമുഖമായ പിൻബലം നൽകിവരുന്ന *സി.എം.സി.* സമൂഹം പ്രസാധനധാരയിൽ കൂടുതൽ സജീവമായ പങ്കാളിത്തവുമായി മുൻപോട്ടു വരുന്നു എന്നുള്ളതിന്റെ ആഹ്ലാദദായകമായ പ്രത്യക്ഷം കൂടിയാണ് ഈ പുസ്തകം.

ഈ ഗ്രന്ഥത്തിന്റെ സംശോധന നിർവ്വഹിച്ച *ഫാ. തോമസ് കാടൻകാവിലിനും* സഹകരിച്ച റവ. ഡോ. സിസ്റ്റർ *സോഫി റോസിനും* മനോഹരമായ മുഖചിത്രം തയ്യാറാക്കിയ *ഷാനൽ ലോപ്പസ്,* ലേ-ഔട്ട് നിർവ്വഹിച്ച *അനൂപ് ആന്റണി,* മുദ്രണം നിർവ്വഹിച്ച *അനശ്വര പ്രിന്റേഴ്സ്,* ഏകോപനം നിർവ്വഹിച്ച *ജോളി പവേലിൽ* എന്നിവരോടുമുള്ള ഹൃദയപൂർവ്വമായ നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു.

പ്രൗഢമായ ഒരവതാരികകൊണ്ട് ഈ ഗ്രന്ഥത്തെ അനുഗ്രഹിച്ച പ്രാമാണിക സാഹിത്യ വിചാരകനായ പ്രൊഫ. എം. അച്യുതൻ മാസ്റ്റർക്ക് ആദരപ്രണാമം.

■

മുന്നുര

## പ്രകാശം പരത്തുന്ന വായനാനുഭവമാകുവാൻ

സിസ്റ്റർ ലെയോണില സി.എം.സി.

"ജ്ഞാനതൃഷ്ണ രാജത്വം നൽകുന്നു... ജ്ഞാനികളുടെ എണ്ണം വർദ്ധിക്കുന്നത് ലോകത്തിന്റെ രക്ഷയാണ്."

സർവ്വവും നവീകരിക്കുന്ന ജ്ഞാന ചൈതന്യം ഓരോ തലമുറയിലുമുള്ള വിശുദ്ധ ചേതനകളിൽ പ്രവേശിച്ച് അവരെ ദൈവമിത്രങ്ങളും പ്രവാചകരും ആക്കിത്തീർക്കുന്നു എന്നാണ് വിശുദ്ധ ബൈബിൾ നമ്മെ പഠിപ്പിക്കുന്നത്. ഇപ്രകാരം അലൗകീകമായ ഒരു ദൈവ സ്പർശനവും പരിശുദ്ധാത്മാഭിഷേകവും ലഭിച്ച ഒരു അപൂർവ്വ ജ്യോതിസ്സായിട്ടാണ് വിശുദ്ധ ചാവറപിതാവ് 19-ാം നൂറ്റാണ്ടിലെ കേരളസഭാ നഭസ്സിൽ ജ്വലിച്ചു നിന്നത്. വിശാലമായ ദർശനവും സർഗ്ഗാത്മകമായ ദൗത്യവും തന്റെ അനുദിന ജീവിതത്തിൽ സമഞ്ജസമായി സമന്വയിപ്പിച്ച സമയാതീതനായ ഒരു അത്ഭുതവ്യക്തിയായിരുന്നു അദ്ദേഹം. മനസ്സിൽ മതിലുകൾ പണിയാതെ, മതവും സാഹിത്യവും സംസ്കാരവുമെല്ലാം മനുഷ്യന്റെ സമഗ്രതയെ കോർത്തിണക്കുന്നതിനായി ജീവിതം സമർപ്പിച്ച ഒരു ദൈവീകപുരുഷനായിരുന്നു നവോത്ഥാന ശില്പിയായ ചാവറപിതാവ്. ചരിത്രത്തിന്റെ തുടർച്ചയെ സ്വാധീനിക്കുവാൻ തക്കവിധം അപരർക്കു വേണ്ടി ഉഴിഞ്ഞുവയ്ക്കപ്പെട്ട ചാവറപിതാവിന്റെ ജീവിതം അത്ഭുതാദരങ്ങളോടെ ഇന്ന് കൂടുതലായി ചർച്ച ചെയ്യപ്പെടുകയും അദ്ദേഹത്തിന്റെ ദർശനങ്ങൾ സമൂഹമനസ്സാക്ഷിയുടെ രൂപീകരണത്തിൽ മുഖ്യപങ്കു വഹിക്കുകയും ചെയ്യുന്നു. നാം സഹജർക്കുവേണ്ടി മാറ്റി വയ്ക്കുന്ന സമയം കാലം നമുക്കായി അതിന്റെ താളുകളിൽ സൂക്ഷിച്ചുവയ്ക്കുമെന്ന് ഈ വിശുദ്ധ ജീവിതം സാക്ഷ്യപ്പെടുത്തുന്നു.

വിശുദ്ധ ചാവറപിതാവിന്റെ ജീവിത ദർശനങ്ങളെ പൊതുസമൂഹത്തിൽ അടയാളപ്പെടുത്തുന്നതിനും അദ്ദേഹം വിഭാവനം ചെയ്ത ആദ്ധ്യാത്മിക, ധാർമ്മിക, സാംസ്ക്കാരിക മൂല്യങ്ങൾ ആധുനിക ജീവി

തവഴിത്താരയിൽ ഉയർത്തി പ്രതിഷ്ഠിക്കുന്നതിനും വേണ്ടി പ്രവർത്തനം ആരംഭിച്ചിട്ടുള്ള പ്രകാശന-പ്രസാധന-മാധ്യമ ധാരയായ ബേസ്റൗമയുടെ ഒരു എളിയ യത്നമാണ് *അറിവിന്റെ വഴിയെ താപസ മനസ്സ്* എന്ന ഈ ഗ്രന്ഥം.

ജാതിയുടേയും മതത്തിന്റേയും പേരിൽ പരസ്പരം ഭിന്നിച്ചും പോരാടിയും അവിശ്വസിച്ചും ഒറ്റപ്പെട്ടു കഴിഞ്ഞിരുന്ന കേരളസമൂഹത്തെ വിദ്യാഭ്യാസമെന്ന പൊൻനൂലിലൂടെ ഒരു പൊതു സമൂഹമായി ഇണക്കിച്ചേർക്കാൻ കാലം അയച്ച ദൈവദൂതനായി വേണം ചാവറപിതാവിനെ നാം കാണുവാൻ. ഒരു കടുകുമണിപോലെ 1846-ൽ മാന്നാനംകുന്നിൽ കൊവേന്തയോട് ചേർന്ന് അദ്ദേഹം ആരംഭിച്ച സംസ്കൃത സ്കൂൾ ഇന്ന് വളർന്ന് ശാഖകളും ഉപശാഖകളുമായി ലോകത്തിന്റെ അതിർത്തികൾ വരെ പടർന്ന് ഒരു വൻവൃക്ഷമായി തീർന്നിരിക്കുന്നു. കാലത്തെ അതിജീവിച്ച ആ വിദ്യാദാന പ്രവർത്തനങ്ങളുടെ ഒരു വർത്തമാനകാല വിവരണമാണ് ഈ ഗ്രന്ഥം എന്ന് വേണമെങ്കിൽ പറയാം. എന്നാൽ അതേസമയം എന്നും വളർന്നുകൊണ്ടിരിക്കുന്ന ഈ മണ്ഡലത്തിന്റെ ഭാവികാലവും ഗ്രന്ഥകാരികളുടെ വിശകലനാത്മകമായ നേത്രങ്ങൾക്ക് വിഷയീഭവിച്ചിട്ടുണ്ട്. ചന്ദ്രനും ഗ്രഹങ്ങളും ഗോളാന്തര ടെലികോം ഹബ്ബുകളായി മാറുന്ന യുഗത്തിലെ നവീന ആവാസവ്യവസ്ഥയുടെ വിശകലനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ഇവിടെ ചൂണ്ടിക്കാണിക്കപ്പെടുന്നു. മൂല്യാധിഷ്ഠിത ജാഗ്രത പുലർത്തുവാനും ഉൾവെളിച്ചത്തിന്റെ തെളിവോടെ വിവര വിനിമയ സാങ്കേതിക വിദ്യ നിവർത്തിക്കാനും തികഞ്ഞ ആത്മാർത്ഥതയോടെ വായനക്കാരെ ഓർമ്മപ്പെടുത്തുകയും ഹൈടെക് റിഥത്തിന്റെ സഞ്ചാരവഴികളെ ദാർശനിക ഭാവത്തോടെ വിലയിരുത്തുവാൻ അവരോട് ആഹ്വാനം ചെയ്യുകയും ചെയ്യുന്നു എന്നതാണ് ഈ രചനയെ സവിശേഷമാക്കുന്നത്. ഒരു പൊതുസമൂഹസൃഷ്ടിക്കുവേണ്ടിയുള്ള ചാവറ പിതാവിന്റെ വിദ്യാഭ്യാസ മുന്നേറ്റങ്ങൾ ഉയിർക്കൊണ്ട നാളുകളിലെ കേരള സമൂഹത്തിന്റെ രാഷ്ട്രീയ സാമ്പത്തിക സാംസ്കാരിക പശ്ചാത്തലം അപഗ്രഥിക്കുന്നതോടൊപ്പം സമൂഹത്തിലെ ജാതിമതഭേദ വിചാരാധിഷ്ഠിതമായ സമ്പ്രദായങ്ങളിൽ നിന്നും ഹൈടെക് യുഗത്തിലേക്കുള്ള പരിണാമ വഴികളിലും ഈ ഗ്രന്ഥം വെളിച്ചം വിതറുന്നു.

ചാവറപിതാവ് വിഭാവനം ചെയ്ത വിദ്യാഭ്യാസത്തിന്റെ സാമൂഹിക ഭാവങ്ങൾ, സകലരെയും ഉൾക്കൊള്ളുന്ന, സമൂഹത്തിന്റെ താഴെക്കിടയിലുള്ളവരെയും കൈപിടിച്ചുയർത്തുന്ന, സാമൂഹിക സാമ്പത്തിക ആത്മീയ തലങ്ങളിൽ അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യം പകരുന്ന, സാംസ്കാരിക വിപ്ലവത്തിനാണിവിടെ നാന്ദി കുറിച്ചത്.

കേരള സുറിയാനി കത്തോലിക്കാസഭയുടെ വികാരി ജനറാൾ സ്ഥാനത്തിരുന്നു കൊണ്ട് ചാവറപിതാവ് പള്ളികൾ തോറും പള്ളിക്കൂടങ്ങൾ ആരംഭിച്ചപ്പോൾ കേരള ജനതക്കാകമാനം വിദ്യാഭ്യാസ സാദ്ധ്യതകൾ തുറന്നുകിട്ടുകയായിരുന്നു. അവർണ്ണൻ വേദം പഠിച്ചാൽ അവന്റെ ചെവിയിൽ ഈയം ഉരുക്കിയൊഴിക്കുന്ന പ്രാകൃത പതിവിനെ കാറ്റിൽ പറത്തിക്കൊണ്ട് സാക്ഷരതയിൽ കേരളം നേടിയ ഉയിർത്തെഴുന്നേല്പിന്റെ ശക്തമായ സാക്ഷ്യമാണ് പിന്നോക്ക സമുദായത്തിൽ നിന്ന് ഭാരതത്തിന്റെ പരമോന്നത പദവിയായ പ്രസിഡന്റ് പദത്തിലെത്തിയ യശഃശരീരനായ കെ.ആർ. നാരായണൻ. കോട്ടയം ജില്ലയിലെ അതിപുരാതന ദേവാലയമായ കുറവിലങ്ങാടു പള്ളിയോടു ചേർന്നുള്ള പള്ളിക്കൂടത്തിലാണ് അദ്ദേഹം പ്രാഥമിക വിദ്യാഭ്യാസം നേടിയത്. ഇപ്രകാരം കാല ദേശങ്ങളെ അതിജീവിക്കുകയും അത്ഭുതപ്പെടുത്തുകയും ചെയ്യുന്ന ചാവറപിതാവിന്റെ ദീർഘദർശനം ഈ ഗ്രന്ഥത്തിന്റെ വിവിധ അദ്ധ്യായങ്ങളിലൂടെ ഇതൾവിരിയുന്നു. ആ പ്രവാചക ഉൾക്കാഴ്ച, കാലാകാലങ്ങളിൽ നാടുഭരിച്ച, ഭരിക്കുന്ന സർക്കാറുകൾക്കു പോലും വിദ്യാഭ്യാസ രംഗത്ത് ജനക്ഷേമവും ജനപങ്കാളിത്തവും ലക്ഷ്യമാക്കിയുള്ള നടപടികൾ സ്വീകരിക്കുവാൻ മാതൃകയും പ്രചോദനവുമായി തുടർകാലങ്ങളിലും വരുംകാലങ്ങളിലും ഒരുപോലെ നിലകൊള്ളുന്നു. സ്വിറ്റ്സർലാൻഡ്, കാനഡാ പോലുള്ള ഒന്നാം ലോക രാജ്യങ്ങളോടു കിടപിടിക്കുന്ന വിദ്യാഭ്യാസ നിലവാരവും സാധ്യതകളുമാണ് ഇന്നു കേരളത്തിലുള്ളത്. ഈ ത്വരിത മുന്നേറ്റത്തിന് ചുക്കാൻ പിടിക്കുന്നതിന് മുൻപന്തിയിൽ നിൽക്കുന്ന സി.എം.ഐ., സി.എം.സി. സഭകളുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെയും സ്ഥാപനങ്ങളെയും പരിചയപ്പെടുത്തുകയും സ്ഥാപക പിതാവിന്റെ ദർശനങ്ങളിലൂന്നിയ സി.എം.ഐ., സി.എം.സി. വിദ്യാദാന സ്വപ്നങ്ങളെയും പ്രതീക്ഷകളെയും പങ്കുവക്കുകയും ചെയ്യുന്നതിൽ ശ്ലാഘനീയമായ വിജയം നേടിയിരിക്കുന്നു രചയിതാക്കൾ.

മക്കളുടെ ചിന്താധാരകളെ ചാരിതാർത്ഥ്യത്തോടെ നോക്കിക്കണ്ട് ജാഗരൂകതയുടെ സന്ദേശം നേർന്ന സി.എം.സി. സുപ്പീരിയർ ജനറൽ മദർ സാങ്റ്റായ്ക്കും എഡിറ്റർ ജോൺ പോളിനും എല്ലാ പ്രചോദനവും പ്രോത്സാഹനവും തരുന്ന സി.എം.ഐ. സഭയുടെ പ്രിയോർ ജനറാൾ ഫാ. പോൾ ആച്ചാണ്ടിക്കും ഫാ. ജോർജ്ജ് താഞ്ചനും ഫാ. തോമസ് പന്തപ്ലാക്കലിനും ബേസ്റൗമ പ്രവർത്തനങ്ങളെ ചടുലമായ ചാരുതയോടെ മുന്നോട്ടു നയിക്കുന്ന പ്രോഗ്രാം കോ-ഓർഡിനേറ്റർ ഫാ. റോബി കണ്ണഞ്ചിറയ്ക്കും കൃതാർത്ഥതയുടെ കൂപ്പുകൈകൾ.

*അറിവിന്റെ വഴിയെ താപസമനസ്സ്* രൂപപ്പെടുത്തുന്നതിനു പിന്നിൽ ഏറെ നാളത്തെ ശ്രദ്ധാപൂർവ്വമായ അന്വേഷണവും പഠനവും പരിചിന്തനവും ഉണ്ട്. ഈ തപസ്യയെ ഒരു പുണ്യനിയോഗമായി ഏറ്റെടുത്തു പൂർത്തിയാക്കിയ എന്റെ പ്രിയ സഹോദരിമാർ സി. ആവില, സി. ധന്യ, സി. മരീന എന്നിവരെ ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും ഇവരുടെ അനുഗ്രഹീത തൂലികയിൽനിന്ന് ഇതുപോലുള്ള അമൂല്യഗ്രന്ഥങ്ങൾ ഇനിയും ഉയിർകൊള്ളട്ടെയെന്ന് ആശംസിക്കുകയും ചെയ്യുന്നു.

അറിവിന്റെ വഴിയെ പ്രകാശം പരത്തുന്ന വായനാനുഭവമായും തുടർപഠനചിന്തകൾക്കുള്ള ഭൂമികയായും ഈ ഗ്രന്ഥം ഭവിയ്ക്കട്ടെ എന്ന പ്രാർത്ഥനയോടെ സഹൃദയ സമക്ഷം ഈ പുസ്തകത്തെ സമർപ്പിക്കുന്നു.

■

പരിചായകം

## ജാഗരൂകതയുടെ സന്ദേശം


സിസ്റ്റർ സാങ്റ്റ സി.എം.സി.

(സുപ്പീരിയർ ജനറൽ, സി.എം.സി.)


*ഒരു വർഷത്തേക്കാണ് നിങ്ങൾ പദ്ധതി ഇടുന്നതെങ്കിൽ ഒരു വിത്തു നടുക. പത്തു വർഷത്തേക്കാണെങ്കിൽ ഒരു വൃക്ഷം നടുക. നൂറു വർഷത്തേക്കാണെങ്കിൽ വിദ്യാഭ്യാസം നൽകുക* എന്നൊരു ചൈനീസ് പഴമൊഴിയുണ്ട്. വിദൂര വ്യാപകമായ സർഗ്ഗാത്മക തലങ്ങളിലൂടെ കാലഘട്ടത്തെ പരിവർത്തനപ്പെടുത്തുവാൻ പര്യാപ്തമായ ഏകധാര വിദ്യാഭ്യാസമാണ്. അതുകൊണ്ടാണല്ലോ *വിദ്യാധനം സർവ്വധനാൽ പ്രധാനം* എന്ന് എക്കാലവും നമ്മുടെ സംസ്കാരം പ്രകീർത്തിക്കുന്നതും.

ഒരു ജനതക്കു മുൻപിൽ വിദ്യാഭ്യാസത്തിലൂടെ വിപ്ലവാത്മകപരിവർത്തനത്തിന്റെ വാതായനങ്ങൾ തുറന്നിട്ട് അടിമത്തത്തിന്റെയും അജ്ഞതയുടെയും അന്ധകാരത്തിൽ കഴിഞ്ഞിരുന്ന അവരെ പുതിയൊരു പ്രഭാതത്തിലേക്കു നയിച്ച അതുല്യനായ ധിഷണാശാലിയാണ് കൈരളിക്ക് വിജ്ഞാന സുരഭിലമായ ശീതളിമ പകർന്നു നൽകിയ ചാവറപിതാവ്. ഇന്ന് ഹൈടെക് റിഥത്തിന്റെ സ്പന്ദനഗതികളിൽ എത്തി പ്രയാണം തുടരുന്ന കേരള വിദ്യാഭ്യാസരംഗത്തിന് സാർവ്വത്രികതയുടെ ചമത്കാരമൊരുക്കിയത് പ്രതിഭാധനനും അപരോന്മുഖനുമായിരുന്ന ആ യതിവര്യന്റെ ദീർഘദർശനവും കഠിനാധ്വാനവുമായിരുന്നു.

ജാതിജഡിലമായിരുന്ന ഒരു സമൂഹത്തിന്റെ മന്ദഗതിയിലുള്ള പ്രയാണവഴിയിലെ ഇടർച്ചകളുടെയും ഇരുൾക്കയങ്ങളുടെയും പശ്ചാത്തലപരിവൃത്തം ഈ ഗ്രന്ഥത്തിന്റെ താളുകളിൽ അനാവൃതമാകുന്നു. അതിനിടയിലേയ്ക്ക് വെള്ളിനക്ഷത്രം പോലെ സകലരേയും അറിവിന്റെ വഴിയേ നയിക്കുവാനിറങ്ങിയ വിശുദ്ധ ചാവറയച്ചന്റെ താപസമനസ്സിന്റെ സ്വയം മറന്നുള്ള സേവനാർപ്പണങ്ങളാണ് സാർവ്വത്രിക വിദ്യാഭ്യാസത്തിലേക്ക് സകലരെയും കൈപിടിച്ചുയർത്തുന്ന ഒരു സംസ്കാരത്തിന് ഇവിടെ നാന്ദിയായത്. അജ്ഞതയും അതിന്റെ അടി

മത്തങ്ങളും തീർക്കുന്ന അഴുക്കിൽനിന്നും മനുഷ്യജന്മങ്ങളെ വിമലീകരിച്ച് ഈശ്വരാഭിമുഖം അവരെ നിർത്തുവാനുള്ള പവിത്ര നിയോഗം ദൈവനിവേശനത്താൽ ഏറ്റു വാങ്ങിയ യോഗീവര്യനായിരുന്നു ചാവറപിതാവ്. മണലാരണ്യത്തിലെ മഞ്ഞുതുള്ളിയ്ക്ക് സമമായിരുന്നു ആ അവതാരം. അദ്ദേഹത്തിന്റെ ശ്രമഫലമായും വിഭാവനതുടർച്ചയായും ഉയിരെടുത്ത വിദ്യാലയങ്ങളുടെയും അനുബന്ധ പ്രസ്ഥാനങ്ങളുടെയും ചരിത്രം വരച്ചു കാണിക്കുന്നതിൽ വിജയിച്ചുവെന്ന് ഈ ഗ്രന്ഥത്തിന്റെ രചയിതാക്കൾക്ക് അഭിമാനിക്കാം.

സാങ്കേതികതയുടെ ആന്ദോളനങ്ങളിൽ വിസ്മയനീയമായ സംവിധാനങ്ങളുടെയും സൗകര്യങ്ങളുടെയും ലോകത്തിലേക്ക് വളരെയെളുപ്പത്തിൽ പ്രവേശനം നേടുന്നതോടൊപ്പം തന്നെ യാന്ത്രികതയുടെയും അന്യവത്കരണത്തിന്റെയും ഉപഭോഗസംസ്കാരത്തിന്റെയും വഞ്ചനയുടെ ഹൈടെക് വഴികളുടെ മുമ്പിൽ പതറി നിൽക്കുകയും ചെയ്യുന്ന ഒന്നായി ഭവിച്ചിരിക്കുന്നു ഇൻഫർമേഷൻ ടെക്നോളജിയുടെ മാസ്മരിക ലോകം ഇന്ന്. അതിൽ കരുതലോടെ ജാഗരൂകരാകേണ്ട അദ്ധ്യാപക വിദ്യാർത്ഥി മനസ്സുകളുടെ ഉത്തരവാദിത്വത്തിലേയ്ക്കാണ് ഈ പുസ്തകം പ്രധാനമായും വിരൽ ചൂണ്ടുന്നത്.

ചാവറയച്ചനെന്ന ആരംഭബിന്ദുവിൽ നിന്നാണ് സി.എം.ഐ., സി.എം.സി. ധാരയുടെ വിദ്യാവ്യാപനവഴികളെല്ലാം തുടങ്ങിയത്. ചതിക്കുഴികൾ തീർക്കുന്ന പ്രലോഭനങ്ങൾക്കിടയിലൂടെ നീങ്ങുന്ന ഇന്നത്തെ കുട്ടികൾക്കുമുൻപിൽ ജാഗ്രതയാർന്ന കരുതലിന്റെ രക്ഷാതണൽവിരിക്കാൻ സഭാ വിദ്യാലയങ്ങൾ പ്രതിജ്ഞാബദ്ധമാണ്. നാനാമതഃസ്ഥരായ കുഞ്ഞുങ്ങൾ സമഭാവനയോടെയും സാഹോദര്യത്തോടെയും പാഠങ്ങൾ പാടി തത്തിമരുവുന്ന മനോഹരമായ ഒരുദ്യാനമായി വിദ്യാലയത്തെ ഉൾക്കണ്ട ചാവറയച്ചന്റെ സ്വപ്നങ്ങൾ അഭംഗുരം സംരക്ഷിക്കപ്പെടേണ്ടതുണ്ട്. അതിനുള്ള ഒരു ഉൾപ്രചോദനം *അറിവിന്റെ വഴിയേ താപസമനസ്സ്* അനുവാചകർക്കു ലഭ്യമാക്കുമെന്നാണു പ്രത്യാശ.

ഗ്രന്ഥരചനയ്ക്കായും അതിനു പ്രാരംഭമായ പഠനപര്യവേഷണങ്ങൾക്കായും സ്വന്തം സത്ത സമർപ്പിതമായി ധ്യാനസമം നിവർത്തിച്ച സന്യാസിനീ സഹോദരിമാരായ സി. ആവില, സി.ധന്യ, സി.മരീന എന്നിവർക്ക് അഭിനന്ദനങ്ങൾ. എഡിറ്റിംഗ് സദയം നിർവ്വഹിച്ചു സഹകരിച്ച ചലച്ചിത്രകാരനും സാമൂഹ്യ വിചാരകനും സി.എം.ഐ., സി.എം.സി. ധാരയുടെ പ്രിയ സുഹൃത്തുമായ ശ്രീ. ജോൺപോളിനു പ്രത്യേകം നന്ദി.

വിശുദ്ധ ചാവറയച്ചന്റെ പുണ്യജീവിതവും പ്രേഷിതവഴികളും ജന സമൂഹത്തിനു മുൻപിൽ തെളിച്ചു കാട്ടുക ലക്ഷ്യമാക്കി രചിക്കപ്പെട്ട ഈ ഗ്രന്ഥം സി.എം.ഐ., സി.എം.സി. കോൺഗ്രിഗേഷനുകളുടെ ഏകോപിത ധാരയായ ചാവറ സെൻട്രൽ സെക്രട്ടറിയേറ്റിന്റെ ആഭി മുഖ്യത്തിലാണ് പ്രസിദ്ധപ്പെടുത്തുന്നത് എന്നതിൽ അതിയായ സന്തോഷമുണ്ട്. സി.എം.സി. അക്കാദമിയുടെ പ്രവർത്തനപദ്ധതി യുടെ ഭാഗമായി പ്രസിദ്ധപ്പെടുത്താമെന്നായിരുന്നു ആദ്യവിഭാവനം. ഇത്തരമൊരു വിഷയം ഇവ്വിധം അവതരിപ്പിക്കുന്നത് പൊതുധാരയിൽ നിന്നാവാം എന്ന നിർദ്ദേശം ഉന്നയിച്ചത് ഇരു സഭകളുടെയും പൊതു പ്രകാശനധാരയായ *ബെസ്റൗമ*യുടെ പര്യവേഷണ സമിതിയാണ്. അതൊരംഗീകാരമായി സി.എം.സി. അക്കാദമി കരുതുന്നു. അതിൽ അഭിമാനിക്കുന്നു.

ഈ ശ്രേഷ്ഠ ഗ്രന്ഥത്തിന് എല്ലാവിധ വിജയങ്ങളും പ്രചുരപ്രചാരവും ആശംസിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

■

എഡിറ്ററുടെ കുറിപ്പുകൾ

# വിദ്യാദാന വഴിയിലെ വ്യാപനചിത്രങ്ങൾ

ജോൺ പോൾ

വിദ്യാഭ്യാസ ഭൂപടത്തിൽ കേരളത്തിന്റെ മാത്രമല്ല ഇന്ത്യയുടെ തന്നെ പൊതുധാരയിൽ വ്യവസ്ഥാപിതമായ ശ്രമങ്ങളും ആലയങ്ങളും ആരംഭിക്കുന്നതിൽ ക്രൈസ്തവ മിഷനറിമാർ നിസ്തുലമായ പങ്കുവഹിച്ചിട്ടുണ്ട്. വിദേശ മിഷനറിമാരുടെ ചുവടു പിൻതുടർന്നു തദ്ദേശീയ വൈദികരും ഈ രംഗത്തേയ്ക്കു കടന്നു വന്നു. സവർണ്ണ വിഭാഗത്തിനു മാത്രമായി ഫലത്തിൽ, പ്രയോഗത്തിൽ, സംവരണം ചെയ്യപ്പെട്ടിരുന്ന വിദ്യാഭ്യാസാവസരങ്ങൾ കീഴ്ശ്രേണിയിലുള്ളവർക്കും സ്ത്രീകൾക്കും കൂടി ലഭ്യമാക്കിക്കൊണ്ട് ഈ സരണിയിൽ വിപ്ലവകരമായ ഒരാദ്യപാദത്തിനു ഹേതുഭൂതനാവുകയും അതിനു തുടർച്ചകളുണ്ടാകുവാൻ ശാഠ്യപൂർവ്വം നിഷ്ക്കർഷിക്കുകയും ചെയ്തതിന്റെ പേരിലാണു വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ സംസ്കൃതീചരിത്രത്തിൽ അമരത്വം നേടുന്നത്.

ആ ധന്യാത്മാവിന്റെ വിദ്യാദാന ദർശനത്തെക്കുറിച്ചുള്ള വിചാരധ്യാനത്തിന്റെ ഭൂമികയിൽ നിന്നുകൊണ്ട് അദ്ദേഹം സ്ഥാപിച്ച സന്യാസ സമൂഹം പൊതുവെയും സന്യാസിനീസഭ പ്രത്യേകമായും അനുഷ്ഠിച്ചു വരുന്ന വിദ്യാവ്യാപന ചര്യകളെക്കുറിച്ചുള്ള ഒരു സമഗ്രചിത്രമാണ് ഈ ഗ്രന്ഥം. *സി.എം.സി.* സഭയിലെ ശ്രേഷ്ഠ സഹോദരിമാരായ ആവില സിസ്റ്ററും ധന്യാ സിസ്റ്ററും മരീന സിസ്റ്ററും സാമൂഹ്യചരിത്രാവലോകനത്തെ പരിവൃത്തഭൂമികയാക്കിക്കൊണ്ട് വിശുദ്ധ ചാവറയച്ചൻ തുടങ്ങിവച്ച വിദ്യാഭ്യാസ വിപ്ലവത്തെക്കുറിച്ചു ഉപന്യസിക്കുന്നു; ഹൈടെക് യുഗം വരെ വളർന്നു നിൽക്കുന്ന അതിന്റെ വ്യാപനവഴിയിലെ ഘട്ടങ്ങളെ ഇഴതിരിച്ച് അപഗ്രഥിക്കുകയും ചെയ്യുന്നു. ഗുണദോഷങ്ങളടങ്ങുന്ന സമഗ്രതയാണ് ഈ ലിഖിതങ്ങളുടെ സവിശേഷത. താരതമ്യ ചിത്രമെന്ന നിലയിൽ സമാന്തരമായി *സി.എം.ഐ.* ധാരയുടെ കീഴിലുള്ള വിദ്യാസ്ഥാപനങ്ങളുടെ ഒരു സൂചികയും ഇതിലുൾക്കൊള്ളിച്ചിട്ടുണ്ട്.

പൊതുവിദ്യാഭ്യാസം എന്ന സങ്കല്പത്തെ ഒരു താപസിയുടെ നിഷ്ഠയോടെയും വിപ്ലവകാരിയുടെ എരിവോടെയും മനുഷ്യസ്നേഹിയുടെ ബദ്ധിതകരുതലോടെയും പ്രവാചകന്റെ ദീർഘദർശനത്തോടെയും നിവർത്തിക്കുവാൻ മുന്നിട്ടിറങ്ങുകയായിരുന്നു ചാവറയച്ചൻ. ആ സേവനശുശ്രൂഷയുടെ തുടർച്ച ഈ സന്യാസിനീസമൂഹം എപ്രകാരം അനുഷ്ഠാനസമമായി അനുവർത്തിച്ചു എന്നതിന്റെ നേർക്കാഴ്ച ഈ താളുകളിൽ വായിക്കാം. ഒപ്പം സാമൂഹ്യപരിവർത്തനങ്ങൾക്ക് അതിവിടെ എങ്ങിനെ ഹേതുഭൂമികയായി എന്നതിന്റെ ചരിത്രവും. കേരളത്തിന്റെ പൊതുസമൂഹസൃഷ്ടിയെക്കുറിച്ചുള്ള പഠനങ്ങൾക്ക് ഈ പരിവൃത്തസൂചിക ഏറെ പ്രയോജനകരവും പ്രധാനവുമാണ്.

തങ്ങൾ പ്രവർത്തിക്കുന്ന, സേവനശുശ്രൂഷ ചെയ്യുന്ന മേഖലകളിലുള്ള പ്രായോഗിക അനുഭവപരിജ്ഞാനം, വ്യാപനവഴികളെ നയിക്കുന്ന ദർശനങ്ങളുമായി ഉൾച്ചേർത്തുകൊണ്ടാണിവിടെ നിരീക്ഷണവും അപഗ്രഥനവും ലേഖനവും. അതിന്റേതായ ആർജ്ജവം ഈ കുറിപ്പുകളിൽ അനുഭവവേദ്യമാണ്. അവയിലൂടെ കടന്നുപോകുമ്പോൾ അനുഭവവേദ്യമാകുന്നത് ലേഖികമാരുടെയും അവരുടെ മുൻഗാമികളായ സന്യാസിനീസഹോദരിമാരുടെയും ഈ ദിശയിലൂടെയുള്ള വഴിധ്യാനമനസ്സുകളെക്കൂടിയാണ്. അതാവട്ടെ നമ്മുടെ ആദരവ് അവകാശപൂർവ്വം സ്വന്തമാക്കും വിധവുമാണ്.

നന്ദി!

■

അവതാരിക

# അറിവിന്റെ വഴിയെ പ്രാർത്ഥനയോടെ

പ്രൊഫ. എം. അച്യുതൻ

കേരളത്തിന്റെ പൊതു വിദ്യാഭ്യാസ സ്ഥാപനത്തിനും അതിലൂടെ പൊതുസമൂഹ സൃഷ്ടിക്കും ഐതിഹാസികമായ നേതൃത്വം നൽകിയ നവോത്ഥാന പ്രബോധകനായ മനുഷ്യസ്നേഹിയും ആദ്ധ്യാത്മിക ഗുരുവുമായിരുന്നു *വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. പള്ളിക്കൊരു പള്ളിക്കൂടം* എന്ന അദ്ദേഹത്തിന്റെ വിഖ്യാതമായ ആഹ്വാനത്തിനും, തൽഫലമായുണ്ടായ സമഗ്രമായ വിദ്യാവ്യാപനത്തിനും കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ അതിപ്രമുഖമായ സ്ഥാനമുണ്ട്. ഈ ധന്യാത്മാവിനാൽ സ്ഥാപിതമായ സന്യാസ സഭകൾ തങ്ങളുടെ മുഖ്യ സേവനധാരയായി വിദ്യാഭ്യാസ മേഖലയെ തിരഞ്ഞെടുക്കുകയും, അതിൽ സ്തുത്യർഹമാം വിധം കർമ്മനിരതരാവുകയും ചെയ്തത് കേരളത്തിനകത്തും പുറത്തുമുള്ള സമൂഹത്തിനു വളരെയേറ പ്രയോജനപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ ഒരു നൂറ്റാണ്ടിലേറെയായി സി.എം.ഐ., സി.എം.സി. സഭകൾ നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ അനുഷ്ഠിച്ചുവരുന്ന ഈ സ്തുത്യർഹമായ സേവനങ്ങളുടെ ഗുണഭോക്താക്കളായ നാമോരോരുത്തരും ചാവറയച്ചനോട് അത്യന്തം കടപ്പെട്ടിരിക്കുന്നു.

നൂറ്റിയറുപത്തിയാറു വർഷങ്ങൾക്കു മുൻപ് മാന്നാനത്ത് അദ്ദേഹം സ്ഥാപിച്ച സംസ്കൃത വിദ്യാലയത്തിന്റെ തുടർച്ചയിൽ അദ്ദേഹത്തിന്റെ ജീവിത കാലത്തും, അതിനു ശേഷം ഇന്നോളവും ഈ സഭകൾ പൊതുവെയും, സന്യാസിനീ സമൂഹമായ സി.എം.സി. പ്രത്യേകിച്ചും, അനുഷ്ഠിച്ചു വരുന്ന വിദ്യാദാന ശുശ്രൂഷായജ്ഞത്തിന്റെ സമഗ്രമായ ഒരു ചിത്രമാണ് *അറിവിന്റെ വഴിയെ താപസ മനസ്സ്* എന്ന ഗ്രന്ഥം പ്രദാനം ചെയ്യുന്നത്.

അതിൽ പ്രതിസ്പന്ദിക്കുന്നത് വിശുദ്ധ ചാവറയച്ചന്റെ ശ്രേഷ്ഠമായ വിദ്യാദാന ദർശനമാകുന്നു.

കാഴ്ചയില്ലാത്തവൻ കുരുടനാകുന്നതുപോലെ, അറിവു നേടാതെ പോകുന്നവനും കുരുടനാകുന്നു എന്നു വിശ്വസിക്കുന്ന മനസ്സായിരുന്നു ചാവറയച്ചന്റേത്. വിശപ്പ് ശരീരത്തിന്റെ മാത്രം അവസ്ഥയല്ല; ആത്മാവിന്റേതും തലച്ചോറിന്റേതും കൂടിയാണെന്നു തിരിച്ചറിയുന്ന ജ്ഞാന വിവേകം അദ്ദേഹത്തിനുണ്ടായിരുന്നു. ആ വിശപ്പടക്കുവാൻ അന്നം പോലെ പ്രധാനമാണ് ജ്ഞാനവും എന്ന കരുതലാണ് അദ്ദേഹത്തെ നയിച്ചിരുന്നത്. ആ പാത പിൻതുടരുന്ന സഭാംഗങ്ങളും ആ തിരിച്ചറിവിന്റെ വെളിച്ചത്തിൽ തങ്ങളുടെ ശുശ്രൂഷ തുടരുകയാണ്. വിശക്കുന്നവന് അപ്പം എന്നതുപോലെ, ജ്ഞാനത്തിനായി ദാഹിക്കുന്നവനു വിദ്യപകർന്നു കൊടുക്കുന്നതും പ്രാർത്ഥനാസമമായ അനുഷ്ഠാനമായി കാണുവാൻ അവർക്കു കഴിയുന്നു; അവർ ആ സേവനം തുടരുന്നു എന്നതിനെ നാം ആദരപൂർവ്വം തന്നെ കാണണം.

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ചാവറയച്ചന്റെ ശ്രദ്ധ ഈ മേഖലയിലേയ്ക്കു തിരിയുന്നത് സ്വാനുഭവത്തിന്റെ വെളിച്ചത്തിലാവണം. അതുവ്യക്തമാകണമെങ്കിൽ അന്നത്തെ കേരള സമൂഹത്തിലെ അവസ്ഥകളുടെയും അവിടെ അസാന്നിധ്യം കൊണ്ട് പ്രകടമായ പൊതു വിദ്യാഭ്യാസ സാധ്യതകളുടെയും ഭൂമികയുടെ നേർച്ചിത്രം കാണണം. ഈ പശ്ചാത്തലമെല്ലാം വിശദമാക്കിക്കൊണ്ടാണ് ഗ്രന്ഥകർത്രികൾ (സിസ്റ്റർ ഡോ.ആവില, സിസ്റ്റർ ധന്യ, സിസ്റ്റർ മരീന) വിദ്യാവ്യാപനയാനത്തിലെ വഴിയിടങ്ങളെ ഘട്ടം ഘട്ടമായി വിവരിക്കുന്നത്. അന്നാളുകളിലെ സാമൂഹ്യാവസ്ഥയുടെ സാമാന്യ ചിത്രം നൽകുക വഴി റഫറൽ പ്രയോജനമുള്ള ഒരു ചരിത്ര രചനയുടെ ഫലം കൂടി പ്രദാനം ചെയ്യുന്നുണ്ട് ഈ ഗ്രന്ഥം. അതു ഗ്രന്ഥത്തിന്റെ മൂല്യവും പ്രസക്തിയും വളരെ വർദ്ധിപ്പിക്കുന്നു.

സ്ത്രീ ശാക്തീകരണത്തിൽ ഏറ്റവും സഹായകമായി, ഫലവത്തായി, പ്രയോജനപ്പെട്ടത് സ്ത്രീ വിദ്യാഭ്യാസത്തിനും കൈത്തൊഴിൽ പരിശീലനത്തിനും സന്യാസിനികളുടെ നേതൃത്വത്തിൽ ഇവിടെ സജ്ജമാക്കിയ സാധ്യതകളുടെ വാതിലുകളാണ്. സ്ത്രീകൾക്കു സുരക്ഷിതമായ ബോർഡിംഗ് സംവിധാനങ്ങൾ

ഏർപ്പെടുത്തുവാനും സന്യാസിനീ സമൂഹങ്ങൾ മുൻകൈയെടുത്തു. അതു പിന്നീട് ഇതര സമൂഹ, സമുദായ, ധാരകൾക്കു അനുവർത്തിക്കുവാൻ മാതൃകയായി.

അക്ഷരമാലകളുടെ പ്രാഥമിക ഘട്ടം തൊട്ട് ഇന്നെത്തി നിൽക്കുന്ന ഹൈടെക് യുഗത്തിന്റെ അപരിമേയമായ സാധ്യതകൾ വരെയുള്ള വിദ്യാഭ്യാസ മേഖലയിലെ സജീവ സാന്നിധ്യമാണ് സി.എം.സി. സമൂഹം. അവയിലെ പ്രയുക്ത ഗുണങ്ങൾക്കൊപ്പം ചതിക്കുഴികളിൽ മറഞ്ഞിരിക്കുന്ന അപായ മുനകളെക്കുറിച്ചും കരുതലോടെ ഈ ഗ്രന്ഥത്തിൽ ഉപന്യസിച്ചിരിക്കുന്നു. നമ്മുടെ വിദ്യാഭ്യാസധാരയുടെ വസ്തുനിഷ്ഠവും യഥാതഥവുമായ ഒരു നേർക്കാഴ്ച, അതിന്റെ നല്ലതും ചീത്തയുമായ എല്ലാ വശങ്ങളെയും കുറിച്ചുള്ള സൂചകങ്ങളടക്കം, നമുക്കു പകർന്നു നൽകുവാൻ ഗ്രന്ഥകർത്രികൾക്കു കഴിഞ്ഞിരിക്കുന്നു.

അഞ്ചു ലക്ഷത്തോളം വിദ്യാർത്ഥികൾ പല തലങ്ങളിലായി വിദ്യ തേടുന്ന ഒരു വലിയ നെറ്റ് വർക്കിന്റെ സാരഥ്യം ഇന്നു ഈ സഭകൾ വഹിക്കുന്നു. മാന്നാനത്ത് നാമമാത്രമായ അംഗബലവുമായി ഒരു ചെറിയ പള്ളിക്കൂടത്തിൽ നിന്നുമാരംഭിച്ച ഈ വളർച്ച അത്ഭുതകരവും താരതമ്യങ്ങളില്ലാത്ത വിധം പ്രയോജനകൃതവുമായത്, സ്ഥാപകപിതാവായിരുന്ന ചാവറയച്ചന്റെയും ആ ധന്യപാത പിൻപറ്റുന്ന സഭാംഗങ്ങളുടെയും നിസ്തന്ദ്രവും സമർപ്പിതവുമായ വിദ്യാദാന ശുശ്രൂഷാജാഗ്രതയാലും ശ്രമത്താലുമത്രെ. പ്രാർത്ഥനാസമം തന്നെയായിരുന്നു ആ യജ്ഞം. ആ കർമ്മപാതയുടെ അനുയാത്രയിൽ ഗ്രന്ഥകർത്രികൾ അനുവർത്തിച്ചിരിക്കുന്നതും ആദരണീയമായ ആ പ്രാർത്ഥനാസരണി തന്നെയാണെന്നത് ഏറെ ആദരണീയവും ആഹ്ലാദകരവും അഭിനന്ദനാർഹവുമാണ്. ആ അർത്ഥത്തിൽ ചാവറയച്ചനും, അദ്ദേഹത്തിന്റെ തുടർച്ചയിൽ വഴിവിളക്കായി സ്വയം സമർപ്പിച്ച പൂർവ്വസൂരികളായ സന്യാസ ശ്രേഷ്ഠർക്കും ശിഷ്യതലമുറ സമർപ്പിക്കുന്ന നൈവേദ്യാർച്ചന കൂടിയാണ് *അറിവിന്റെ വഴിയെ താപസമനസ്സ്*. ഈ വിശിഷ്ടമായ ഉദ്യമത്തിന്, എന്റെ ഹൃദയപൂർവ്വമായ അഭിവാദനങ്ങൾ, വിജയാശംസകൾ.

■

ഒന്ന്

# ആവാസവ്യവസ്ഥകളുടെ ഭൂമികയിൽനിന്നും

എല്ലാ വിപ്ലവങ്ങളുമതെ നിവർത്തിക്കപ്പെടുന്നത് അതാതു കാലത്തെ ആവാസവ്യവസ്ഥകളോടുചേർന്നാണ്. ഓരോ വ്യവസ്ഥയും അതിനു മുൻപുള്ള അവസ്ഥയോട് ഇടഞ്ഞും ഇഴചേർന്നും മാത്രം നേർഭവിക്കുന്നവയുമാണ്. സമഗ്രമായ ഒരു വിചാരണയ്ക്ക് അതുകൊണ്ടുതന്നെ ചരിത്രത്തിന് ഉള്ളിൽ ഇറങ്ങാൻ കഴിയുന്നിടത്തോളം തൊട്ടുള്ള ആവാസ വ്യവസ്ഥകളുടെ ഏകദേശചിത്രത്തിന്റെയെങ്കിലും ഭൂമിക ആവശ്യമായി വരുന്നു.

ബി. സി. മൂന്നാം നൂറ്റാണ്ടിൽ മൗര്യരാജാവായ അശോകൻ കണ്ടെത്തിയ ശിലാലിഖിതങ്ങളിൽ *കേരളപുത്രം* എന്ന പേരിൽ ആലേഖനം ചെയ്യപ്പെട്ടിരുന്ന ഭൂവിഭാഗമാണ് കേരളം എന്നു കരുതപ്പെടുന്നു. ക്രിസ്തുവിനുമുമ്പുള്ള അവസാന നൂറ്റാണ്ടുകളിൽ സുഗന്ധവ്യഞ്ജനങ്ങളുടെ പേരിൽ ഗ്രീക്കുകാർക്കും റോമാക്കാർക്കും ഈ പ്രദേശം സുപരിചിതമായിരുന്നു. ക്രിസ്തുവിനുശേഷമുള്ള ആദിമനൂറ്റാണ്ടുകളിൽ, പ്രത്യേകിച്ച് ആദ്യത്തെ അഞ്ചുനൂറ്റാണ്ടുകളിൽ, ഇവിടം തമിഴകത്തിന്റെ ഒരു ഭാഗമായിരുന്നു. പാണ്ഡ്യ, ചോള രാജാക്കന്മാർ അക്കാലയളവിൽ ഈ നാട് ഭരിച്ചു. എ.ഡി. ഒന്നാം നൂറ്റാണ്ടിൽ ജൂതർ ഇവിടെ കുടിയേറ്റക്കാരായി എത്തി. അക്കാലത്തുതന്നെ വിശുദ്ധ തോമസ് ശ്ലീഹായുടെ വരവോടെ ക്രിസ്തീയസഭയ്ക്ക് ഇവിടെ തുടക്കം കുറിക്കപ്പെടുകയും ചെയ്തു. ആറുമുതൽ എട്ടുവരെയുള്ള നൂറ്റാണ്ടുകളിൽ ആണ് അറബിവ്യാപാരികൾ ഇവിടെ എത്തിച്ചേർന്നത്. ഒമ്പതുമുതൽ പന്ത്രണ്ടുവരെയുള്ള നൂറ്റാണ്ടുകൾക്കിടയിൽ കുലശേഖര രാജാക്കന്മാരുടെ കാലത്ത് മലയാളം ഒരു വ്യത്യസ്തഭാഷയായി ഉയിർന്നുവരികയും പ്രചരിക്കുകയും ഹിന്ദുമതം പ്രബലപ്പെടുകയും ചെയ്തു. പതിനാലാം നൂറ്റാണ്ടായപ്പോഴേക്കും ഒടുക്കം തെക്ക് വേണാടും വടക്ക് കോഴിക്കോടും കേന്ദ്രീകരിച്ചുള്ള രണ്ടു വ്യത്യസ്ത സാമ്രാജ്യങ്ങളായി കേരളം പരിവർത്തനപ്പെട്ടു.

പതിനഞ്ചാം നൂറ്റാണ്ടിൽ കോഴിക്കോട് വാസ്ക്കോഡിഗാമ എത്തിച്ചേർന്നതു മുതല്ക്കാണ് വിദേശ ഇടപെടലുകൾ ഇവിടെ ശക്തമായത്. പതിനാറാം നൂറ്റാണ്ടായപ്പോഴേയ്ക്കും പോർച്ചുഗീസുകാർ അറബിവ്യാപാരികളേക്കാൾ പ്രബലരാവുകയും മലബാറിലെ വാണിജ്യകുത്തക സ്വന്തമാക്കുകയും ചെയ്തു. പോർച്ചുഗീസുകാരെ പിന്നീട് ഡച്ചുകാർ പരാജയപ്പെടുത്തി. 18-ാം നൂറ്റാണ്ടിൽ ഡച്ചുകാരെ തോല്പിച്ച് മാർത്താണ്ഡവർമ്മ തിരുവിതാംകൂർ സാമ്രാജ്യം സ്ഥാപിച്ചു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ അന്ന് നിലവിലുണ്ടായിരുന്ന തിരുവിതാംകൂർ, കൊച്ചി, കോഴിക്കോട് എന്നീ നാട്ടുരാജ്യങ്ങൾ ബ്രിട്ടീഷുകാരുടെ മദ്രാസ് പ്രസിഡൻസിയുടെ അധികാരത്തിൻ കീഴിലാവുകയും ചെയ്തു.[1]

## രാഷ്ട്രീയപശ്ചാത്തലം

ഭരണസംവിധാനങ്ങളുടെയും രാഷ്ട്രീയപരിവർത്തനങ്ങളുടെയും അസ്ഥിരതകൊണ്ടുലഞ്ഞ ഒരു കാലഘട്ടമായിരുന്നു കേരളത്തിന് പത്തൊമ്പതാം നൂറ്റാണ്ട്. പതിനെട്ടാം നൂറ്റാണ്ടിലാകട്ടെ, പരസ്പരം പടവെട്ടുകയും അയൽരാജ്യത്തിന്റെ പുരോഗതിക്ക് ഏതുവിധത്തിലായാലും തടസ്സം സൃഷ്ടിക്കുക മാത്രം ലക്ഷ്യമാക്കുകയും ചെയ്യുന്ന ഒരുപിടി നാട്ടുരാജ്യങ്ങളുടെ കൂട്ടമായിരുന്നു കേരളം. കോട്ടയം, കോലത്തുനാട്, കടത്തനാട്, കോഴിക്കോട്, പാലക്കാട് എന്നിവയായിരുന്നു ശക്തമായ നാട്ടുരാജ്യങ്ങൾ. ഇക്കൂട്ടത്തിൽ പ്രബലം സാമൂതിരിയുടെ കോഴിക്കോട് ആയിരുന്നു. സ്വാഭാവികമായും കോഴിക്കോട് മറ്റു രാജ്യങ്ങളുടെ അസൂയയ്ക്ക് പാത്രമായി. പോർച്ചുഗീസുകാരുടെ പിന്തുണയോടെ കൊച്ചിരാജവംശവും തിരുവിതാംകൂറും സാമൂതിരിയുടെ വളർച്ചയെ തടയുവാൻ കരുക്കൾ നീക്കി. ഈ അവസരം മുതലെടുത്തുകൊണ്ടായിരുന്നു മൈസൂരിൽ നിന്നും കേരളത്തിലെ നാട്ടു രാജ്യങ്ങളുടെ നേർക്കുള്ള ഹൈദരലിയുടെ ആക്രമണം. ആദ്യം കോലത്തുനാടും പിന്നെ കടത്തനാടും സുസജ്ജമായ ആ ആക്രമണങ്ങൾക്കു മുന്നിൽ അടിയറവു പറഞ്ഞു. തുടർന്ന് കോഴിക്കോട് ഹൈദരലിയുടെ ആക്രമണത്തിന് ഇരയായി ഏതാണ്ട് ഇല്ലാതായി. ഡച്ചുകമ്പനിയുടെ മദ്ധ്യസ്ഥതയിൽ വൻതുക കപ്പംകൊടുത്താണ് കൊച്ചിരാജാവ് യുദ്ധം ഒഴിവാക്കിയത്. തിരുവിതാംകൂർ പക്ഷേ ധീരമായി ചെറുത്തുനിന്നു. മഹാരാഷ്ട്രയുടെ ആക്രമണം മൂലം കേരളത്തിൽ നിന്നു പിന്മാറേണ്ടി വന്ന ഹൈദരലിയിൽ നിന്ന് കടത്തനാടും കോലത്തുനാടും രാജാക്കന്മാർ തിരിച്ചുപിടിച്ചു. ഹൈദരലിയുടെ കീഴിൽ പിന്നെ അവശേഷിച്ച കോഴിക്കോടിന് ഒരുപാട് നഷ്ടങ്ങൾ സഹിക്കേണ്ടി വന്നു. ഒടുവിൽ ഹൈദരലി പിന്മാറിയപ്പോൾ ശക്തിയും സമ്പത്തും നശിച്ച രാജ്യങ്ങളും ത്രാണി നഷ്ടപ്പെട്ട ഭരണാധികാരികളും മാത്രം ശേഷിച്ചു. യുദ്ധകാലത്ത് സ്വരക്ഷ മാത്രം ലാക്കാക്കി ഒളിച്ചോടിയ നാടുവാഴികൾക്കും നമ്പൂതിരിമാർക്കും അഭയം നല്കിയും യുദ്ധത്തിൽ അടിമുടി പതറാതെയും

പിരിച്ചു നിന്ന തിരുവിതാംകൂർ സ്വാഭാവികമായും ക്രമേണ കൂടുതൽ ശക്തി ആർജ്ജിച്ചു. ആ ബലത്തിൽ മാർത്താണ്ഡവർമ്മ വേണാടിന്റെ അയൽരാജ്യങ്ങൾ ആക്രമിച്ച് കീഴടക്കി തിരുവിതാംകൂറിലേക്കുൾച്ചേർത്തു രാജ്യത്തെ ഒരു വൻശക്തിയാക്കി മാറ്റി. മാർത്താണ്ഡവർമ്മയുടെ പിൻഗാമിയായ ധർമ്മരാജ ഈ പ്രക്രിയ ത്വരിതപ്പെടുത്തുകയും ചെയ്തു. എങ്കിലും ശ്രീരംഗപട്ടണത്തിൽ നിന്നും ഹൈദരലിയുടെ പുത്രൻ ടിപ്പുവിന്റെ ആക്രമണഭീഷണി എന്നും ആശങ്കയുടെയും അശാന്തിയുടെയും കരിനിഴൽ വീഴ്ത്തിപ്പോന്നു.

പത്തൊമ്പതാം ശതാബ്ദത്തിന്റെ ആദ്യഘട്ടത്തിൽ വേലുത്തമ്പിദളവയുടെ നേതൃത്വത്തിൽ ബ്രിട്ടീഷ് അധീശശക്തിയെ വെല്ലുവിളിച്ചുകൊണ്ടുള്ള പോരാട്ടവും ഇവിടെ ഉണ്ടായി. 1809-ൽ പക്ഷെ ഈ കലാപം അടിച്ചമർത്തപ്പെട്ടു. ദുർബ്ബലനായ ബാലരാമവർമ്മയായിരുന്നു അക്കാലത്തെ തിരുവിതാംകൂർ രാജാവ്.[2] ബാലരാമവർമ്മയ്ക്കുശേഷം ഗൗരീലക്ഷ്മീഭായി, ഗൗരി പാർവ്വതീഭായി തുടങ്ങിയവരായിരുന്നു ഭരണാധികാരികൾ. ഇക്കാലത്ത് ബ്രിട്ടീഷുകാർ കേരളത്തെ യഥേഷ്ടം അടക്കിവാഴുകയും അധിനിവേശചൂഷണം നിർബ്ബാധം തുടരുകയും ചെയ്തു. 1829-ൽ പ്രായപൂർത്തി എത്തിയതോടെ സ്വാതിതിരുനാൾ രാമവർമ്മ എന്ന പ്രതിഭാശാലിയും തന്റേടിയും സംഗീതജ്ഞനുമായ യുവരാജാവ് ഗൗരിപാർവ്വതീഭായിയിൽ നിന്നും അധികാരം ഏറ്റെടുത്ത് കിരീടധാരണം നടത്തിയതോടുകൂടി തിരുവിതാംകൂർ ഭരണം കുറേക്കൂടി ചിട്ടപ്പെട്ടു സുഗമമായ പാതയിലേയ്ക്കു പ്രവേശിച്ചു. ഭരണം, വിദ്യാഭ്യാസം, ആരോഗ്യരക്ഷ, നീതിന്യായപരിപാലനം തുടങ്ങിയ മേഖലകളിൽ കാര്യമായ പുരോഗതി അതിൻഫലമായി സംജാതമാവുകയും ചെയ്തു.[3]

## സാമൂഹ്യവ്യവസ്ഥിതി

അന്ധമായ ഒരുപിടി ആചാരവ്യവസ്ഥകളും ജാതിജഡിലമായ സ്പർദ്ധകളും അതു സൃഷ്ടിക്കുന്ന അസ്വാതന്ത്ര്യവും അസന്തുലിതകളും വേരോടിയിരുന്ന ഒരു സമൂഹമായിരുന്നു പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളത്തിൽ നിലനിന്നിരുന്നത്. *അയിത്തമാക്കുമെന്നുള്ള* ഭയവും *അയിത്തമാകുമെന്നുള്ള* ഭയവും നിമിത്തം അവർണ്ണരും സവർണ്ണരും ഒരുപോലെ അസ്വസ്ഥചിത്തരായിരുന്നു. ഇരുപതാം നൂറ്റാണ്ടിലെ ആദ്യപാദമെത്തുമ്പോൾപ്പോലും കേരളസമൂഹത്തിന്റെ സ്ഥിതി തുലോം കഷ്ടമായിരുന്നുവെന്നറിയുമ്പോൾ പിന്നെ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഗതി ആലോചിക്കേണ്ടതുണ്ടോ!

*ഈഴവർ മുതൽ പറയൻ, നായാടികൾ വരെ, കീഴ്ജാതിക്കാരെന്നു പറഞ്ഞു വരുന്നവർ, അവർ 1911 ൽ കേരളത്തിലെ ആകെയുള്ള ഹിന്ദുക്കളുടെ പകുതിയിലേറെയുണ്ടായിരുന്നു; അവരുടെ നിത്യത കഴിച്ചുകൂട്ടുന്നതിൽ ഇന്നും അശേഷം വ്യത്യാസപ്പെട്ടിട്ടില്ല. എന്നാൽ ഇപ്പോൾ ഇവർ എതിരെ*

*വഴിമാറില്ലെന്നുവച്ച് നായന്മാർ, പുലയർ മുതലായ കീഴ്ജാതിക്കാരെ ശിക്ഷാനിയമത്തെ മറന്ന് കൊല്ലുന്നില്ലന്നേയുള്ളൂ*[4] എന്നാണ് കൊച്ചിരാജ്യചരിത്രകർത്താവായ കെ. പി. പത്മനാഭമേനോൻ എഴുതിയിരിക്കുന്നത്. കീഴ്ജാതിക്കാർക്ക് ഒരുവിധത്തിലുള്ള സ്വാതന്ത്ര്യവും സവർണ്ണമേധാവിത്വം അനുവദിച്ചുകൊടുത്തിരുന്നില്ല. രാജവഴികളിലൂടെ അവർ നടക്കാൻ പാടില്ല. ആവശ്യങ്ങൾക്കുപോലും എവിടെയും സഞ്ചരിക്കുക സാധ്യമല്ല. ചന്തയിൽ പോയി സാധനം വാങ്ങണമെങ്കിൽ വരെ മേൽജാതിക്കാരുടെ അനുമതി സഹായം കൂടാതെ കഴിയില്ല. നഗരങ്ങളിലും ഗ്രാമങ്ങളിലും യഥേഷ്ടം സഞ്ചരിക്കുക നിഷിദ്ധമായിരുന്നു. ഇഷ്ടപ്പെട്ട തൊഴിൽ ചെയ്തു നിത്യവൃത്തി കഴിക്കുവാനും അവർക്കു സാധിച്ചിരുന്നില്ല. നിർദ്ദിഷ്ടതൊഴിലുകളിൽ മാത്രം ഏർപ്പെടാൻ അവർ നിർബന്ധിതരായി. *ചെറുമർ, കണക്കൻ, പുലയർ, പറയർ, നായാടി* തുടങ്ങിയവർ മേൽഗതിക്ക് ഒരു മാർഗ്ഗവുമില്ലാത്തവരായി മാറി. രോഗാവസ്ഥയിൽ ചികിത്സ തേടാൻവരെ അവർക്കു വഴിയില്ലായിരുന്നു. പാടങ്ങളിലും കാടുകളിലും ചെളിപ്രദേശങ്ങളിലും മറ്റുമായി അവരുടെ വാസസ്ഥലങ്ങൾ പരിമിതപ്പെട്ടു. ക്ഷേത്രപരിസരത്തുപോലും വരാൻ നിവൃത്തിയില്ലാത്ത അവർ ഭൂതപ്രേതപിശാചുക്കളെയും ദുർമൂർത്തികളേയും വന്ദിച്ചും[5] ആരാധിച്ചും മൂഢവിശ്വാസങ്ങളിൽ മുങ്ങിയും ജീവിച്ചുപോന്നു.

തിരുവനന്തപുരത്തുള്ള അഞ്ചലാപ്പീസിനകത്തു കടന്നുചെല്ലുവാൻ താഴ്ന്നജാതിക്കാർ സഹിക്കേണ്ടിവന്ന ബദ്ധപ്പാടിനെക്കുറിച്ച് കെ. പി. പത്മനാഭമേനോൻ എഴുതിയിരിക്കുന്നത് ഇങ്ങനെയാണ്:

*ഏഴജാതികളായ ഈഴവർക്കും മറ്റും ഈ അഞ്ചലാപ്പീസിൽ കടന്നുചെല്ലാൻ പാടില്ലായിരുന്നു. ദൂരെ ചെന്നു നിന്നു കുറെ നേരം കൂവി വിളിച്ചാൽ 'എന്താ' എന്നു വെളിയിൽ വന്നു ഗംഭീരമായി അന്വേഷിക്കാൻ മാസ്റ്ററോ പ്യൂണോ ഒന്നു കനിയും. എളുപ്പം കനിയണമെങ്കിൽ തമ്പുരാൻവിളി കൂടി വേണം. കാശു വച്ചിട്ടു മാറിനില്ക്കാൻ പറയും. ഇലപ്പുറത്തു കാശുവച്ചിട്ടു മാറിനില്ക്കണം. നെയ്ത്തുകാരന്റെ നിഢാലുപോലെ അങ്ങോട്ടുമിങ്ങോട്ടും ഒരോടിക്കളി!*[6]

കടകളിൽ നിന്ന് അരിയും പലവ്യഞ്ജനങ്ങളും വാങ്ങാനും ഇതേരീതി തന്നെയാണ് അവർണ്ണർ പാലിച്ചിരുന്നത് എന്നുകൂടി ഓർക്കുക.

1833-ൽ നടപ്പുദീനം ബാധിച്ച് താണജാതിക്കാർ നിരത്തിലും കമ്പോളങ്ങളിലും കുടിയിടങ്ങളിലും നടന്നുപോകുന്ന പോക്കിൽതന്നെ മരിച്ചുവീഴാൻ തുടങ്ങിയപ്പോൾ ആ മരണങ്ങളെയോ മരണത്തിനു കാരണമായ രോഗങ്ങളെയോ നിയന്ത്രിക്കാനോ, പ്രതിരോധിക്കാനോ ആയിരുന്നില്ല, ഭരണകൂടം ശ്രമിച്ചത്. ബ്രാഹ്മണന് അയിത്തമുണ്ടാക്കാതെ വഴി നടക്കാനുള്ള സ്വച്ഛതയും സ്വസ്ഥതയും നല്കുന്നതിലായിരുന്നു സർക്കാരിന്റെ ബദ്ധപ്പാടത്രയും! തത്സംബന്ധമായി സർക്കാരിറക്കിയ നീട്ട് ഇപ്രകാരമാണ്:

*എന്തെന്നാൽ ഇപ്പോൾ നടപ്പുദീനം മുതലായതുകൊണ്ട് ഏറിയ ആളുകൾ വഴിയമ്പലങ്ങളിലും കമ്പോളങ്ങളിലും കുടിയിടങ്ങളിലും മറ്റും കിടന്ന് അപായം വരികയും ആ ശവം രണ്ടും നാലും ദിവസം കിടന്നു പട്ടിയും കുറുക്കനും കടിച്ചു നാനാവിധം വരുത്തുകയും ചെയ്തുവരുന്നതിനാൽ ബ്രാഹ്മണരു മുതലായ ആളുകൾക്കു വഴി നടപ്പാൻ പാടില്ലാതെ വന്നിരിക്കുന്ന പ്രകാരവും മറ്റും തിരുവുള്ളത്തിൽ ഏറുകകൊണ്ടും ഇതിൻവണ്ണം വന്നിരുന്നാൽ രാജ്യത്തെയ്ക്കു വളരെ കുറവും അദൃഷ്ടവും ഉള്ളതാകകൊണ്ടും മേലാൽ അപ്രകാരം വരാതെ.....ശേഷക്കാരുണ്ടായിരുന്നാൽ അവരെക്കൊണ്ട് ആ ശവം എടുത്തു മറപ്പിത്തക്കവണ്ണവും ശേഷക്കാരില്ലാതെ അനാഥമായിട്ട് അപവാദം വരുന്ന ശവങ്ങൾ ഉടൻതന്നെ ഠാണാവുകളിൽ നിന്നും എടുത്തു മറപ്പിച്ചു പട്ടിയും കുറുക്കനും വലിക്കാതെ ഇരിക്കത്തക്കവണ്ണം ശട്ടം കെട്ടിക്കൊള്ളണം!*[7]

മനുഷ്യന് അവർ കൊടുത്തിരുന്ന വില എത്ര നിസ്സാരമെന്നു നോക്കുക. എത്ര ഇരുട്ടുനിറഞ്ഞതായിരുന്നു അന്നത്തെ ഭരണാധികാരികളുടെയും സവർണ്ണമേലധികാരികളുടെയും മനഃസ്ഥിതി!

സവർണ്ണ ഹിന്ദു ക്ഷേത്രങ്ങളിൽ നിന്നു പറയെടുക്കാൻ പുറത്തുപോകുമ്പോഴും എഴുന്നള്ളിപ്പുകൾ കൊണ്ടുപോകുമ്പോഴും അയിത്തജാതിക്കാരെ പൊതുവഴികളിൽ നിന്നുമാത്രമല്ല, റോഡുവക്കത്തുള്ള അവരുടെ വീടുകളിൽ നിന്നും കടകളിൽ നിന്നും വരെ നിർബ്ബന്ധമായി മാറ്റിനിറുത്തിയിരുന്നു.[8]

നാട്ടുരാജ്യങ്ങളായ തിരുവിതാംകൂറിലും കൊച്ചിയിലും കീഴ്ജാതിക്കാരായ ആളുകൾക്ക് നാടിന്റെ ഒരുഭാഗത്തു നിന്ന് മറ്റൊരുഭാഗത്തേയ്ക്ക് പോകാൻ ചെളിപ്പാടങ്ങളും കുറ്റിക്കാടുകളും താണ്ടിയേ അനുവാദമുണ്ടായിരുന്നുള്ളൂ. പലപ്പോഴും മലകളും കാടുകളും വരെ കയറിയിറങ്ങേണ്ടിയിരുന്നു; ആറുകളും തോടുകളും നീന്തിക്കടക്കണമായിരുന്നു.. പൊതുനിരത്തുകളിൽ ഈഴവർ സവർണ്ണർക്ക് 64 അടി അകലെവരെയും വഴിമാറിക്കൊടുക്കണ്ടിയിരുന്നു. അതിൽ അൽപ്പമെങ്ങാനും കുറഞ്ഞെന്നു തോന്നിയാൽ അതിനു ശിക്ഷയുണ്ട്; അടി! അടി കൊണ്ടേ മതിയാകുമായിരുന്നുള്ളൂ. എതിർക്കാൻ പാടില്ല. ഉടുമുണ്ട് മുട്ടുകവിഞ്ഞ് താഴോട്ടു കിടക്കാൻ പാടില്ലായിരുന്നു. അങ്കവസ്ത്രമായി ചെറിയ തോർത്തുണ്ടെങ്കിൽ അതു തോളിലിടാതെ മടക്കിയോ ചുരുട്ടിയോ കക്ഷത്തിൽ വയ്ക്കാനോ അല്ലെങ്കിൽ അരയിൽ കെട്ടുവാനോ മാത്രമേ അനുവാദമുള്ളൂ. സ്ത്രീകളാണെങ്കിൽ മാറു മറയ്ക്കാനെടുക്കാതെ തോർത്തു മടിക്കുത്തിൽ വയ്ക്കണം. അക്കാലത്തു പൊതുവെ ഉപയോഗത്തിലിരുന്ന ഓലക്കുട ഈഴവർക്കും ഉപയോഗിക്കാം; ശരിയാണ്; പക്ഷേ എന്തുഫലം! മഴയായാലും വെയിലായാലും ഓലക്കുട കൈത്തണ്ടയിൽ ചായ്ച്ചുവയ്ക്കുവാനല്ലാതെ, ഉയർത്തിപ്പിടിക്കാൻ അനുവാദമില്ലായിരുന്നു! വഴിനടക്കുമ്പോഴെല്ലാം *വഴിയേ വഴിയേ!* എന്ന് ഉച്ചത്തിൽ

വിനയസ്വരത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടേയിരിക്കണമെന്നുള്ളത് നിർബ്ബന്ധമായിരുന്നു; അല്ലെങ്കിൽ യാദൃശ്ചികമായി സവർണ്ണർക്കു തീണ്ടൽ പറ്റാൻ ഇടയായാൽ ഉറപ്പായും അടിയും ഇടിയും കിട്ടുകയും ചെയ്യും.[9]

പശുക്കളെ വളർത്തിയാലും താഴ്ന്നജാതിക്കാർക്ക് പാൽ കറന്നെടുത്തുകൂടായിരുന്നു. പശു പ്രസവിച്ചു കഴിഞ്ഞാൽ അടുത്തുള്ള നായർപ്രമാണിയെ ഏല്പിക്കണം. കറവ തീരുമ്പോൾ അയാൾ അറിയിക്കും. അപ്പോൾ വീണ്ടും കൊണ്ടുപോരണം. കൊടുക്കുമ്പോഴും വാങ്ങുമ്പോഴും ചിലപ്പോൾ പരമാവധി ഓരോ ഊണ് പ്രതിഫലം കിട്ടിയെന്നു വരാം; അതും തീണ്ടാപ്പാടകലെ നിലത്തു വിളമ്പി! ഇതിനു വിപരീതമായെങ്ങാനും പ്രവർത്തിച്ചാൽ പശുവിന്റെ ഉടമസ്ഥനെ മരത്തിൽ കെട്ടി അടിക്കും. സ്വന്തമാളുകൾ ചെന്ന് വെറ്റിലപാക്കു പ്രായശ്ചിത്തം വച്ച് ക്ഷമായാചനം ചെയ്ത് പശുവിനെ കൊണ്ടുകൊടുത്താലേ അയാളെ മരത്തിൽ നിന്നും അഴിച്ചുവിടൂ.[10] അയിത്തക്കാർ വരുന്നു എന്നറിയിക്കാൻ അവർണ്ണരും അയിത്തക്കാർ ദൂരെമാറുക എന്നറിയിക്കാൻ സവർണ്ണരും ഓരോ ജാതി ശബ്ദം പുറപ്പെടുവിക്കുക പതിവായിരുന്നു. *ഒച്ചാട്ടുക* എന്നാണതിനു പറഞ്ഞിരുന്നത്. അന്നെല്ലാം നിരത്തുകളിലൂടെയോ വയൽവരമ്പുകളിലൂടെയോ ഇമ്മാതിരി ഒച്ചാട്ടുന്ന ശബ്ദങ്ങൾ, കാറുകളുടെ ഹോൺമുഴക്കം പോലെ ഇഴഞ്ഞുനീങ്ങിക്കേൾക്കുക സാധാരണമായിരുന്നു.

ജാതിമതഭേദവിചാരത്തിൽ സവർണ്ണരും പുറകിലായിരുന്നില്ല എന്ന് ഡോ. കെ എസ്. രാധാകൃഷ്ണൻ ചൂണ്ടിക്കാട്ടുന്നു:

*നമ്പൂതിരിമാർക്കിടയിൽത്തന്നെ അറുപത്തിനാല് ഉപജാതികളുണ്ടായിരുന്നു. അവർക്കിടയിലും പരസ്പരം തൊട്ടുകൂടാത്തവരുണ്ടായിരുന്നു. എന്തിനേറെ, ആഢ്യൻ നമ്പൂതിരിയുടെ ഗൃഹത്തിൽ പ്രവേശനമില്ലാതിരുന്ന ആസ്യൻ നമ്പൂതിരിയും ഉണ്ടായിരുന്നതായി "എന്റെ സ്മരണകൾ" എന്ന ആത്മകഥയിൽ കാണിപ്പയ്യൂർ രേഖപ്പെടുത്തിയിട്ടുണ്ട്. എല്ലാജാതികളും ഉപജാതികളും (പരസ്പരം) പാലിച്ചിരുന്ന അകലം ലംഘിക്കുവാൻ ആരും ധൈര്യപ്പെട്ടിരുന്നില്ല.....ജാതികൾക്കും ഉപജാതികൾക്കും സുനിശ്ചിതമായ തീണ്ടാപ്പാടകലങ്ങൾ ഉണ്ടായിരുന്നു. മുകളിലുള്ളവനെ തൊഴുകയും താഴെയുള്ളവനെ തൊഴിക്കുകയും ചെയ്യുക എന്നതായിരുന്നു ജാത്യാചാരശീലം. ഏറ്റവും മുകളിലും ഏറ്റവും താഴെയും ഉള്ളവരെ മാറ്റിനിറുത്തിയാൽ എല്ലാവരും ജാത്യാചാരങ്ങളുടെ ഇരയും വേട്ടക്കാരുമായിരുന്നു. തൊഴിച്ചും തൊഴുതും അവർ കാലം കഴിച്ചു.*[11]

കുടുംബവ്യവസ്ഥിതി തികച്ചും വിചിത്രമായ രീതിയിലാണ് ഇവിടെ നിലനിന്നിരുന്നത്. സ്ത്രീകൾ അസ്വതന്ത്രരായിരുന്നു. ബ്രാഹ്മണഗൃഹങ്ങളിൽ മൂത്തയാൾ മാത്രം വേളി കഴിക്കുകയും മറ്റ് ആൺമക്കൾ നായർ സ്ത്രീകളുമായി സംബന്ധത്തിലേർപ്പെടുകയുമായിരുന്നു പതിവ്. നായർ ഗൃഹങ്ങളിലും

മരുമക്കത്തായ രീതിയായിരുന്നതിനാൽ സംബന്ധരീതിയാണ് നിലവിലിരുന്നത്. സവർണ്ണ ഗൃഹങ്ങളിൽപ്പോലും അവകാശങ്ങളും അധികാരങ്ങളുമില്ലാത്ത ആണുങ്ങളും വിവാഹിതരാകാത്തവരോ ചെറുപ്രായത്തിലേ വിധവകളാകുന്നവരോ ആയ അന്തർജനങ്ങളും ധാരാളമുണ്ടാകുന്ന ഒരു അവസ്ഥ ഉരുത്തിരിയുകയുണ്ടായി. നായർഗൃഹങ്ങളിലാകട്ടെ, മക്കളുടെമേൽ അധികാരമില്ലാത്ത അച്ഛന്മാരും അപ്പന്റെ തണലിൽ വളരാത്ത കുട്ടികളും സാധാരണമായി. ഭാര്യാഭർതൃ ബന്ധങ്ങളിൽവരെ സ്ഥിരത, ശഠിച്ചും പാലിച്ചും, പോന്നിരുന്നില്ല. സവർണ്ണരോ അവർണ്ണരോ ആഢ്യനോ ആസ്യനോ ആകട്ടെ, ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ എല്ലാവരും തന്നെ ഒരർത്ഥത്തിൽ ഉള്ളവരാണെങ്കിലും അസ്വതന്ത്രരും അടിമത്തമനുഭവിക്കുന്നവരുമായിരുന്നു.

## സുറിയാനി സമൂഹം

പ്രത്യക്ഷത്തിലല്ലെങ്കിലും അന്തർഃധാരയിൽ ഈ സാമൂഹ്യവ്യവസ്ഥയുടെ സ്വാധീന പ്രതിഃസ്പന്ദങ്ങൾ കേരളത്തിലെ ക്രൈസ്തവതയുടെ വളർച്ചാപരിണാമവഴികളിലും സസൂക്ഷ്മമായ പുനർഃവായനയിൽ കണ്ടെത്തുവാനാകുന്നുണ്ട്. ഇന്ന് *സീറോമലബാർ സഭ* എന്നറിയപ്പെടുന്ന കേരളത്തിലെ സുറിയാനികത്തോലിക്കാസമൂഹത്തിന്റെ സ്ഥാപനം ക്രിസ്തുവിന്റെ പന്ത്രണ്ടു അപ്പസ്തോലന്മാരിൽ ഒരാളായിരുന്ന മാർത്തോമ്മാശ്ലീഹായിൽ നിന്നാണല്ലോ. എ.ഡി. 52-ൽ തോമസ് അപ്പസ്തോലൻ കേരളത്തിലെത്തി *ഏഴുപള്ളികൾ* (ക്രിസ്തീയസമൂഹങ്ങൾ) സ്ഥാപിച്ചുവെന്നും എ.ഡി. 72-ൽ മൈലാപ്പൂരിൽവച്ചു രക്തസാക്ഷിത്വം വരിച്ചുവെന്നുമാണ് വിശ്വാസസാക്ഷ്യം. ആദ്യകാലം മുതൽ അയൽരാജ്യമായ പേർഷ്യയിലെ പൗരസ്ത്യസുറിയാനി സഭയുമായി  ഇവിടത്തെ ആ ക്രൈസ്തവ സമൂഹം അഭേദ്യമായി ബന്ധപ്പെട്ടു പോന്നിരുന്നു. ക്രൈസ്തവധാരയുടെ വ്യാപനവഴിയിലെ ആദ്യപാദങ്ങളിൽ അത് സ്വാഭാവികവുമായിരുന്നു. പോരാത്തതിന് പൗരസ്ത്യസുറിയാനി സഭയ്ക്കും തോമാശ്ലീഹായുടെ പൈതൃകമാണുണ്ടായിരുന്നതും. പേർഷ്യയിൽ നിന്നും പൗരസ്ത്യസുറിയാനി മെത്രാന്മാർ ഭാരതത്തിൽ വരികയും മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആദ്ധ്യാത്മികഗുരുക്കന്മാരായി വർത്തിക്കുകയും ചെയ്തു പോന്നുമിരുന്നു. അപ്പസ്തോലികപാരമ്പര്യം തുടർന്നുകൊണ്ടുപോകാൻ സഹായിച്ചിരുന്ന താപസന്മാരായ ഈ മെത്രാന്മാരെ കേരളക്രിസ്ത്യാനികൾ സന്തോഷപൂർവ്വം സ്വാഗതം ചെയ്തുവന്നു. കേരളത്തിലെ ഈ ക്രൈസ്തവ സമൂഹത്തെ ഉന്നതകുലജാതരായാണ് അന്നത്തെ വ്യവസ്ഥിതി  ഗണിച്ചു പോന്നിരുന്നത്. അതിനു തക്കവിധമുള്ള മാന്യതയും ആദരവും അംഗീകാരവും അവർക്ക് ലഭിക്കുകയും ചെയ്തിരുന്നു. ഹൈന്ദവധാരയിലെയും ഈ ക്രൈസ്തവധാരയിലെയും ആചാരവഴക്കങ്ങളിൽ കാണാനാകുമായിരുന്ന സാമ്യങ്ങൾ ഇടകലരലുകൾക്ക് അനുകൂലഭൂമികയുമായി. ഒരു ക്രൈസ്തവന്റെ സാന്നിധ്യവും സ്പർശവും പലപ്പോഴും

തീണ്ടലുകൾക്കും സമാനദോഷങ്ങൾക്കും പരിഹാരമായി കരുതുന്നിടം വരെ ഈ സ്ഥാനവും പരിഗണനയും സ്വാധീനം ചെലുത്തിയിരുന്നതായി സൂചനകളുണ്ട്.

16-ാം നൂറ്റാണ്ടോടെ കേരളത്തിലെത്തിയ പോർച്ചുഗീസുകാർ ഇവിടെ വ്യാപരിച്ചുവന്ന ശ്ലൈഹികസഭയെ ലത്തീൻവത്ക്കരിക്കാൻ ശ്രമങ്ങൾ നടത്തി. പാശ്ചാത്യസഭാപാരമ്പര്യത്തിൽ നിന്നു ഭിന്നമായതെല്ലാം *പാഷണ്ഡതയായി* കണ്ട അവർക്ക് മാർത്തോമ്മാ നസ്രാണികളുടെ ആരാധനാക്രമവും ആദ്ധ്യാത്മികജീവിതശൈലിയും ശിക്ഷണക്രമവും ഭരണരീതികളും മനസ്സിലാക്കാൻ കഴിഞ്ഞില്ല. അവയത്രയും ഹൈന്ദവധാരയുടെ ദുഃസ്വാധീനങ്ങളായി പർവ്വതീകരിച്ചു കൊണ്ട് ഈ സഭയുടെമേൽ അവർ പല പോരായ്മകളും അനുഷ്ഠാന ഭ്രംശങ്ങളും ആരോപിച്ചു. 1599-ൽ അന്നത്തെ ഗോവൻ മെത്രാപ്പോലീത്തയായിരുന്ന ഡോം മെനേസിസ് നടത്തിയ ഉദയംപേരൂർ സൂനഹദോസിനെത്തുടർന്ന് മൂന്നു നൂറ്റാണ്ടുകൾ ലത്തീൻമെത്രാന്മാർ പിന്നീട് ഈ സഭയെ ഭരിച്ചു. വിദേശമേൽക്കോയ്മയ്ക്കെതിരെ സഭാസ്നേഹികൾ നടത്തിയ ധീരമായ പ്രതിഷേധമായിരുന്നു 1653 ജനുവരി 3-ന് വെള്ളിയാഴ്ച മട്ടാഞ്ചേരിയിൽ നടത്തിയ *കൂനൻകുരിശു സത്യം*. ഇതേതുടർന്ന് അതുവരെ ഇവിടെ സഭയെ നയിച്ചിരുന്ന ആർച്ചുഡീക്കനെ ഒരുവിഭാഗം ആളുകൾ സഭാദ്ധ്യക്ഷനായി അംഗീകരിച്ചു. 1665-ൽ അന്ത്യോക്യായിൽ നിന്നു വന്ന ഒരു യാക്കോബായ മെത്രാനെ അവർ സ്വീകരിച്ചു. അതുവരെ ഒന്നായിരുന്ന സഭ *പുത്തൻകൂറ്റുകാർ, പഴയകൂറ്റുകാർ* എന്നിങ്ങനെ വിഭജിക്കപ്പെടുകയും ചെയ്തു. സ്വന്തം മെത്രാനെ കിട്ടുവാനുള്ള ആഗ്രഹങ്ങളും പരിശ്രമങ്ങളും പല *ശീശ്മ*കൾക്കും ഭിന്നതകൾക്കും ഇടവരുത്തുകയും ചെയ്തു. ഒടുവിൽ 1887-ൽ സ്വന്തമായി രണ്ടു വികാരിയാത്തുകൾ (തൃശ്ശൂർ, കോട്ടയം) ലഭിച്ചപ്പോഴേയ്ക്കും വിദേശമേൽക്കോയ്മയിൽക്കഴിഞ്ഞിരുന്ന ശ്ലൈഹികസഭ പലതായി ചിതറിപ്പോയികഴിഞ്ഞിരുന്നു. 1896-ൽ തൃശൂർ, എറണാകുളം, ചങ്ങനാശ്ശേരി എന്നീ മൂന്നു വികാരിയാത്തുകളും 1923 ഡിസംബർ 21-ന് പതിനൊന്നാം പീയൂസ് മാർപ്പാപ്പയാൽ *റൊമാനി പൊന്തിഫിച്ചെസ്* എന്ന തിരുവെഴുത്തുവഴി സീറോമലബാർ ഹയരാർക്കിയും സ്ഥാപിതമായി.[12] പത്തൊമ്പതാം നൂറ്റാണ്ടിൽ *റോക്കോസ് - മേലൂസ് ശീശ്മ*കളാലും സ്വജാതി മെത്രാന്മാർക്കുവേണ്ടിയുള്ള മുറവിളികളാലും യൂറോപ്യൻ മേലദ്ധ്യക്ഷന്മാരുടെയും മിഷനറിമാരുടെയും അടിച്ചമർത്തൽ നയങ്ങളുടെ ഫലമായും കലുഷിതവും അശാന്തവുമായിരുന്നു കേരളസുറിയാനി കത്തോലിക്കാ ക്രൈസ്തവരുടെ അവസ്ഥ. മിഷനറിമാരുടെ തെറ്റായ നയങ്ങൾ വിദ്യാഭ്യാസവും വികസനവും പോലും അവർക്കപ്രാപ്യവും അന്യവുമാക്കി. കൺവെട്ടത്ത് പ്രൊട്ടസ്റ്റന്റുവിഭാഗങ്ങളിലുള്ളവർക്ക് ഉണ്ടാകുന്ന പുരോഗതിയും തങ്ങൾക്ക് അതിനുള്ള അവസരങ്ങൾ നിഷേധിക്കപ്പെടുന്നതിലുള്ള ആശങ്കയും അവരെ അതൃപ്തരാക്കിത്തീർക്കുകയും ചെയ്തു.

കേരളത്തിന് അതിന്റേതായ ഒരു സംസ്കൃതിയും അതിനോടുചേർന്നുള്ള [illegible] ഉണ്ടായിരുന്നു. അതെത്ര വികലമായിരുന്നാലും അതായിരുന്നു കേരളം. അതിനോട് വിഘടിച്ചു നിന്നുകൊണ്ടുള്ള ഒരു ആചാരരീതി ഈ സമൂഹത്തിന് അന്യമാകുമായിരുന്നു. വിശ്വാസവിധേയമായിത്തന്നെ ഇവിടുത്തെ സാമൂഹ്യ അന്തരീക്ഷത്തോട് പൊരുത്തപ്പെടുവാനും ബോധ്യ [illegible] വരിച്ചശേഷം കൂടുതൽ വിശ്വാസദീപ്തവും ലക്ഷ്യവേപകവുമായി ആ ജനതയെ സംസ്കരിച്ചെടുക്കുവാനുമുള്ള ശ്രമങ്ങളായിരുന്നു ദീർഘ [illegible]ത്തോടെയുള്ള ഉൾക്കാഴ്ചയുടെ ഭാഗമായി ക്രൈസ്തവത ഇവിടെ [illegible]ത്തിൽ അവലംബിച്ചത്. അതിനെ പാടെ നിന്ദിക്കുകയും അന്ധ[illegible] നിരാകരിക്കുകയും ചെയ്യുവാനാണ് മേൽപരാമർശിച്ച നീക്കങ്ങൾ വഴി ശ്രമിച്ചത്. സംസ്കരിച്ചെടുക്കുന്നതിന്റെ ഭാഗമായുള്ള തിരുത്തലുകൾക്കോ പരിഷ്കാരങ്ങൾക്കോ ആയിരുന്നില്ല ശ്രമം; പാടെ മാറ്റി ഭിന്നമായ വംശീയ [illegible] ശാഠ്യപൂർവ്വം ഇടകലർത്തുവാൻ മാത്രമായിരുന്നു. അതനിവാര്യമായും വിരുദ്ധതകൾ തീർത്തു.

## വിദ്യാഭ്യാസമേഖല

[illegible] സദാചാരത്തെ നിലനിറുത്തുന്നതിനു സഹായകമാകുന്ന വിധത്തിലും, സാഹിത്യകൃതികൾ വായിക്കുവാനും ക്ഷേത്രകലാരൂപങ്ങൾ കണ്ടും കേട്ടും ആസ്വദിക്കുവാനും പ്രാപ്തി നൽകുന്നവിധത്തിലും, ജീവിതത്തിലെ ലൗകികമായ ദൈനംദിന ഇടപാടുകളിൽ അവശ്യം വേണ്ട കൂട്ടാനും കുറയ്ക്കാനും ഗുണിക്കാനും ഹരിക്കാനുമുള്ള അറിവുകൾ തന്നു സഹായിക്കുന്ന വിധത്തിലുമുള്ള, വളരെ മിതമായ ഒരു പാഠ്യക്രമമാണ് പത്തൊമ്പതാം നൂറ്റാണ്ടിൽ ഇവിടെ നിലവിലുണ്ടായിരുന്നത്. ഈശ്വരനു തുല്യം ബ്രാഹ്മണനെ ആദരിക്കുക, രാജാവിനെ അനുസരിക്കുക, ഭർത്താവിനെ ശുശ്രൂഷിക്കുക... തുടങ്ങിയ ധർമ്മങ്ങളിൽ നിന്നു തെല്ലുപോലും വ്യതിചലിക്കരുതെന്നായിരുന്നു അവയിലെ ആദർശപാഠചിട്ട. ആ വിധ വ്യതിചലനങ്ങളുടെ പാപഭാരം ചുമക്കാതെ ജീവിക്കുവാൻ ശരാശരി മനുഷ്യനോട് ആ പാഠ്യവഴി ഉപദേശിച്ചു. അതിനുപകരിക്കുന്ന നീതിവാക്യങ്ങളും ധർമ്മോപദേശസംഹിതകളും പഴഞ്ചൊല്ലുകളും മലയാളിക്കായി ഒരുക്കി. വായ്മൊഴിയായിരുന്നു സാധാരണ വിദ്യാദാനരൂപം. സവർണ്ണർക്കായി സംവരണം ചെയ്തതായിരുന്നു വിദ്യാവഴികൾ പൊതുവെ. പ്രതിഭാശാലികളും ഉന്നതകുലജാതരും ഉന്നതവിദ്യാപീഠങ്ങളിൽ നിന്നോ ഗുരുക്കന്മാരിൽ നിന്നു നേരിട്ടോ വിദ്യ അഭ്യസിച്ചുപോന്നു. എന്നാൽ അവരൊഴികെയുള്ള സർവ്വസാമാന്യജനം വിദ്യ[illegible]ൾക്കർഹതപ്പെട്ടതല്ലെന്ന വിശ്വാസത്തിൽ കഴിഞ്ഞുകൂടുകയാണ് ചെയ്തത്.[13] അപ്രകാരം അവർ കരുതുകയും വിശ്വസിക്കുകയും അതിൻപ്രകാരം ജീവിക്കുകയും വേണമെന്ന് അവരൊഴികെയുള്ളവർ തീരുമാനിക്കുകയും അതിൻ പ്രകാരം നിഷ്ഠപ്പെടുത്തുകയും ചെയ്തുപോന്നുമിരുന്നു.

വിദ്യ അഭ്യസിക്കുന്നവർ തന്നെ അക്കാലത്ത് ഭൂരിഭാഗവും വായനയിൽ മാത്രമായി പരിമിതപ്പെടുന്ന സമ്പാദനം കൊണ്ട് തൃപ്തിപ്പെട്ടിരുന്നു. അത് തന്നെ വലിയ യോഗ്യതയായും ഗണിച്ചു വന്നിരുന്നു. എഴുത്ത്, അത് ഒരു തൊഴിലായി സ്വീകരിക്കാനുദ്ദേശിച്ചിട്ടുള്ളവർ മാത്രം അഭ്യസിക്കേണ്ട വിദ്യയായാണ് കരുതിപ്പോന്നത്. എഴുത്ത്, ജോലിക്കാരെക്കൊണ്ട് പറഞ്ഞു കൊടുത്തു ചെയ്യിപ്പിക്കുന്ന ഒരു സമ്പ്രദായമായിരുന്നതിനാൽ, ഒരു താണ തരം ജോലിയായി, അതിനെ ഗണിക്കുകയും ചെയ്തിരുന്നു. ഓലയിലാണ് എഴുതിയിരുന്നത്. എഴുത്താണി അഥവാ നാരായം ആണ് എഴുതാൻ ഉപയോഗിച്ചിരുന്നത്. കൂടുതൽ എഴുതേണ്ടി വരുമ്പോൾ ഓല കെട്ടുകളാക്കി വച്ചിരുന്നു. ഈ ഓലക്കെട്ടുകൾ തന്നെയായിരുന്നു അക്കാലത്ത് ഗ്രന്ഥങ്ങളുടെ സ്ഥാനം വഹിച്ചിരുന്നതും.

കേരളത്തിലെ ആ കാലങ്ങളിലെ വിദ്യാഭ്യാസ സമ്പ്രദായത്തെക്കുറിച്ച് അല്പം കൂടി വ്യക്തമായി മനസ്സിലാക്കേണ്ടതുണ്ട്. നായന്മാർക്ക് കരയോഗ നിശ്ചയപ്രകാരം എല്ലാ ദേശങ്ങളിലും ആശാന്മാരും എഴുത്തുപള്ളികളും ഉണ്ടായിരുന്നു. കുട്ടികളെ സാധാരണയായി അഞ്ചു വയസ്സിലോ ഏഴു വയസ്സിലോ വിദ്യാരംഭ ദിവസം എഴുത്തിനിരുത്തും. ആ ദിവസം സരസ്വതീ പൂജ കഴിഞ്ഞാൽ ദേശത്താശാൻ കുട്ടിയുടെ നാവിന്മേൽ സ്വർണ്ണമോതിരം കൊണ്ടോ മറ്റോ *ഹരിശ്രീ* കുറിക്കും. പിന്നെ *അ* മുതൽ *ക്ഷ* വരെയുള്ള അക്ഷരങ്ങൾ കുട്ടിയുടെ കൈപിടിച്ച് മുമ്പിൽ നിരത്തിയിരിക്കുന്ന അരിയിൽ എഴുതിക്കും. ഇതിന് ആശാന് ദക്ഷിണയും സരസ്വതിക്ക് വഴിപാടും ഉണ്ട്. എഴുത്തിനിരുത്തിയ കുട്ടികൾ ദിവസേന കാലത്തെ എഴുന്നേറ്റു പല്ലുതേച്ച് ഭസ്മവും തൊട്ട് പള്ളിക്കൂടങ്ങളിൽ ഹാജരാകണം. ചെറിയ കുട്ടികളെ എഴുത്താശ്ശാനോ വേറെ പ്രായം ചെന്ന കുട്ടികളോ കൂട്ടികൊണ്ടുപോകും. എഴുത്തുപള്ളിയിൽ ഒരറ്റത്തു ഗണപതിയുടെ വിഗ്രഹം വച്ചിരിക്കും. ആദ്യമായി ചെല്ലുന്ന കുട്ടി ഗണപതീ വിഗ്രഹത്തെ കുളിപ്പിച്ചു പുഷ്പമാല്യങ്ങളാൽ അലങ്കരിക്കണം. രണ്ടാമതു വരുന്ന ആൾ മറ്റു കുട്ടികളുടെ ഹാജർ ക്രമത്തിനു എഴുതി വയ്ക്കണം.

പിന്നെ വായ്പ്പാഠം പറയുകയായി. ഇത് ഏറെയും ദേവീ സ്തോത്രങ്ങളായിരുന്നു. ഒരു കുട്ടി ചൊല്ലിക്കൊടുക്കും. ബാക്കിയുള്ളവർ ഏറ്റുചൊല്ലണം. പെൺകുട്ടികളും ആൺകുട്ടികളും ഒന്നിച്ചിരുന്നാണ് പഠിച്ചിരുന്നത്. നിലത്തെഴുത്തു മുതൽ *അഷ്ടകങ്ങൾ, വാക്യം, പരൽപ്പേര്, അമരകോശം, സിദ്ധരൂപം* മുതലായവയും പിന്നെ കണക്കും പഠിപ്പിക്കും. ഒമ്പതുമണിയോടു കൂടി ഭക്ഷണത്തിനായി ഒരുമണിക്കൂർ നേരത്തേയ്ക്കു കുട്ടികളെ അയയ്ക്കും. തിരികെ വന്നാൽ പിന്നെ രണ്ടുമണിവരെയും അതുകഴിഞ്ഞ് ഒരു മണിക്കൂർ ഇടവേളക്കുശേഷം പിന്നീട് അഞ്ചുമണിവരെയും പഠിത്തമാണ്. വൈകുന്നേരവും പിരിയുന്നതിനുമുമ്പ് വായ്പാഠം ചൊല്ലണം. കുട്ടികൾ സന്ധ്യക്കു നാമം ജപിക്കുകയും രാത്രി ഉറങ്ങുന്നതിനു മുമ്പ് പഠിച്ചതു

ഉരുവിടുകയും ചെയ്യണം. അതിൽ മാതാപിതാക്കന്മാരും എഴുത്താശാന്മാരും ശ്രദ്ധാലുക്കളാവണം. എഴുത്തുപള്ളിയിൽ അദ്ധ്യയനമില്ലാത്ത ദിവസങ്ങളിൽ കുട്ടികൾ വീട്ടിലിരുന്ന് ഓല വരക്കണം. ഇങ്ങനെയായിരുന്നു പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ഘട്ടഘടന.[14]

പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞ് ഉപരിവിദ്യാഭ്യാസത്തിനു താല്പര്യമുള്ളവർ പ്രത്യേകം ഗുരുക്കന്മാരുടെ കീഴിൽ കാവ്യനാടകാലങ്കാരാദികളും വ്യാകരണവും മറ്റും അഭ്യസിക്കും. അവർ താരതമ്യേന വളരെകുറച്ചു പേരായിരിക്കും. അങ്ങനെ ഉപരിപഠനത്തിന് മിനക്കെടാത്തവരായിരുന്നു ഭൂരിഭാഗവും. പൊതുവേ പുരുഷന്മാർ കളരികളിൽ പോയി ആയുധാഭ്യാസം ചെയ്യും. സ്ത്രീകൾ രാമായണം, ഭാരതം, ഭാഗവതം മുതലായവ കിളിപ്പാട്ടു രീതിയിൽ രാഗത്തിൽ വായിക്കാനും കൈകൊട്ടികളിക്കാനും മറ്റും അഭ്യസിക്കും. അതായിരുന്നു പതിവ്.

ഗുരു എഴുത്തുപള്ളിയിൽ കടക്കുമ്പോൾ കുട്ടികൾ എത്രയും വന്ദനത്തോടും ബഹുമാനത്തോടും കൂടി അദ്ദേഹത്തെ എതിരേല്ക്കണമായിരുന്നു. അപ്രകാരം നമസ്കരിച്ചിട്ടു വലതുകൈകൊണ്ട് സ്വയം വായപൊത്തി ഭവ്യതയോടെ ഓഛാനിച്ചെന്നോണം മിണ്ടാതെ നില്ക്കണം. ഗുരു അനുവദിച്ച ശേഷമേയുള്ളൂ ഉരിയാടൽ. ഇതിനു വിപരീതമായി വൃഥാവിൽ സംസാരിച്ചു കൊണ്ടും പിറുപിറുത്തുകൊണ്ടുമിരിക്കുന്ന കുട്ടികളെ ശാസ്ത്രാഭ്യാസത്തിനു പ്രാപ്തിയുള്ളവരല്ലെന്നു വിധിയെഴുതുകയും പുറത്താക്കിക്കളയുകയും ചെയ്യുമായിരുന്നു.അതുകൊണ്ട് ഗുരുവിനെ ഭയത്തോടെ കാണുവാനും എത്രയും വണക്കത്തോടെ അനുസരിക്കുവാനും ആജ്ഞകളെ നിയമങ്ങളായിത്തന്നെ അല്പംപോലും ലംഘിക്കാതെ പാലിക്കുവാനും ശിഷ്യർ ബാധ്യസ്ഥരായിരുന്നു; ശ്രദ്ധ വച്ചും പോന്നിരുന്നു.[15]

തിരുവിതാംകൂറിൽ വിദ്യാഭ്യാസം സർക്കാരിന്റെ ചുമതലയാണെന്ന വിവേകം ഉണ്ടാകുന്നത് പത്തൊമ്പതാം നൂറ്റാണ്ടിൽ മാത്രമാണ്; അതുപോലും ഭാഗികമായി എന്നേ പറയാനുമാകൂ. 1819-ൽ റാണിഗൗരിപാർവ്വതീബായിയുടെ വിളംബരമാണതിന്റെ തുടക്കം. അന്നുമുതൽ തിരുവിതാംകൂറിൽ സർക്കാർ വകയായി രണ്ടു അദ്ധ്യാപകന്മാർ വീതമുള്ള *വെർണാക്കുലർ* സ്കൂളുകൾ ആരംഭിച്ചുതുടങ്ങി. 1806-ൽ തന്നെ സ്വകാര്യ സർക്കാരിതരതലത്തിൽ തെക്കൻതിരുവിതാംകൂറിലെ മൈലാടിയിൽ ലണ്ടൻ മിഷൻ സൊസൈറ്റിയുടെ പ്രവർത്തനങ്ങളാരംഭിച്ചിരുന്നു. 1816-ൽ ആ മിഷനറി സംഘം നാഗർകോവിലിൽ ഒരു പാഠശാലയും തുടങ്ങി. ഇതൊരു പ്രേരകമായിട്ടുമുണ്ടാകണം. *നമ്മുടെ പ്രജകളുടെ വിദ്യാഭ്യാസസംബന്ധമായി യാതൊരു കുറവും വരാതിരിക്കുന്നതിനും പ്രജകളെ കൂടുതൽ പൗരബോധമുള്ളവരും പൊതുജനസേവനത്തിനു യോഗ്യരും ആക്കുന്നതിനും, തദ്വാരാ രാജ്യത്തിന്റെ യശസ്സു വർദ്ധിപ്പിക്കുന്നതിനുമായി നാട്ടിൽ വിദ്യാഭ്യാസ*

*സംബന്ധമായി വേണ്ടിവരുന്ന മുഴുവൻ ചെലവുകളും ഗവണ്മെന്റിൽ നി വഹിക്കേണ്ടതാണെന്ന്* 1817-ൽ റാണി വിളംബരമിറക്കി. 1819-ൽ സി എം.എസ്സ്. മിഷനറിമാർ കോട്ടയത്ത് ഒരു സെമിനാരി സ്ഥാപിച്ചു. ഇതി ചിലവിലേയ്ക്ക് 21,200 രൂപ റാണിപാർവ്വതീഭായി ഇനാമായി കൊടുക്കുക അതിനു പുറമേ മൺറോതുരുത്തിലെ 4646 പറ നിലവും 371 പുരയിട കോട്ടയം പള്ളിക്കൂടം വക ചിലവിന് പതിച്ചുകൊടുക്കുകയും കൂടി ചെയ് സ്വകാര്യ തലത്തിലുള്ള വിദ്യാകേന്ദ്രങ്ങളെ സർക്കാർ പിൻതുണക്കുവാ ആരംഭിക്കുന്നതും ഇതുതൊട്ടാണ്. മിഷനറിമാരുടെ വകയായും സർക്കാ വകയായും പള്ളിക്കൂടങ്ങൾ അവിടെയുമിവിടെയും മുളയെടുത്തു തുടങ്ങി

ഇക്കാലത്ത് നാട്ടിൽ വിദ്യാഭ്യാസ പ്രചാരത്തിനും വ്യവസ്ഥാപിതമാ സമ്പ്രദായങ്ങൾ പരിഷ്കരിച്ചു നടപ്പിലാക്കുന്നതിനും താത്പര്യപൂർവ്വം പ ശ്രമിച്ച വ്യക്തിയാണ് കേണൽ മൺറോ. 1818-ൽ ആ ലക്ഷ്യത്തിനു വേണ്ടി അദ്ദേഹം ഒരു വിളംബരം പുറപ്പെടുവിച്ചിരുന്നതിലെ പ്രസക്തഭാഗങ്ങൾ ഇപ്ര കാരമാണ്:

*....... ഈ രാജ്യത്തുള്ള കുടിയാനവന്മാരു മുതലായവർക്കു കണക്കെഴു ത്തു മുതലായ വിദ്യകൾ വശമില്ലാതെയും ആ വിദ്യകൾ പഠിക്കാത്തതി നാൽ ഏറ്റവും സങ്കടമായിട്ടും തീർന്നിരിക്കുന്ന പ്രകാരം നാം കേൾവിപ്പെടുക കൊണ്ട് ഇതിന്മേൽ അതിൻവണ്ണം വരാതെ കുട്ടികൾ സൗഖ്യമായിട്ടും അഭി വൃദ്ധിയായിട്ടും വരേണ്ടുന്നതിനുവേണ്ടി ഇപ്പോൾ വിളംബരം പ്രസിദ്ധപ്പെടു ത്തുന്നു. എന്തെന്നാൽ........*

*ഒന്നാമത് ഈ രാജ്യത്തിൽ ഉള്ള കുട്ടികൾക്ക് ഒക്കേയും എഴുത്തും കണക്കും, ജ്യോതിഷവും, കാവ്യവും, വശമാക്കിക്കൊടുക്കുന്നതിന് അതാതു കോവിലകത്തും വാതുക്കൽച്ചേർന്ന വലുതായിട്ടുള്ള പ്രവൃത്തികളിലും ചെറു തായിട്ടുള്ള പ്രവൃത്തികളിലും സമർത്ഥന്മാരായിട്ട് ഓരോരോ എഴുത്താ ശാന്മാരെ ആക്കി എഴുതിച്ചുകൊള്ളത്തക്കവണ്ണം ഉത്തരവു കൊടുത്തി രിക്കുന്നു.*

*രണ്ടാമത് അതാതു പ്രവൃത്തികളിൽ ഉള്ള കുടിയാന്മാര് അഞ്ചുവയസ്സി നുമേൽ ഇരുപതുവയസ്സിനകം ഉള്ള കുട്ടികളെ കാലത്തു ആറുമണിക്ക് എഴു ത്തിനയച്ചു പകൽസമയത്തു രണ്ടുമണി സമയത്തും ഭക്ഷണത്തിനു വരുത്തി ഭക്ഷണം കഴിപ്പിച്ച് എഴുത്തിനയച്ചു വൈകുന്നേരം ആറുമണിവ രേയും എഴുതിച്ചു അവരവരുടെ വീടുകളിലേയ്ക്കുതന്നെ വരുത്തിച്ചു കൊ ടുക്കുകയും വേണം.*

*മൂന്നാമത് അതിൻവണ്ണം കുട്ടികൾക്ക് സൗഖ്യത്തിനും അഭിവൃദ്ധിക്കും പുഷ്ടിക്കും വേണ്ടി പണ്ടാരവകയിൽ നിന്നും ശമ്പളം കൊടുത്തു കുട്ടികളെ എഴുതിക്കത്തക്കവണ്ണം ഉത്തരവുകൊടുത്തിരിക്കുന്നതിനാൽ ഇപ്പോൾ എറ ണാകുളം പ്രവൃത്തിയിൽ വച്ചു എഴുതിക്കത്തക്കവണ്ണം മടത്തുവീട്ടിൽ ശങ്കര*

*[illegible]യും വയ്പിൽ പ്രവൃത്തിയിൽ വച്ച് എഴുതിക്കത്തക്കവണ്ണം [illegible]ക്കുറുപ്പിനെയും ആക്കിയിരിക്കകൊണ്ട് ആയവർക്ക് കുട്ടികളിൽ നിന്ന് ഒരു കാശുപോലും കൊടുപ്പാൻ ആവശ്യമില്ല.*

*ആശാന്മാർ ഇപ്രകാരം കുട്ടികളെ എഴുതിച്ചുവരുന്നുണ്ടോ എന്ന് കാര്യക്കാരും തിരുമുഖംപിടിച്ച പിള്ളയും ശോധനചെയ്തു ഇന്നിന്നവീട്ടിലെ ഇന്നിന്ന കുട്ടികൾക്ക് ഇന്നിന്ന വിദ്യകൾ വശമായി എന്നു വിവരമായിട്ട് ഓരോ വാര്യോല എഴുതി വാങ്ങിച്ച് എട്ടുദിവസത്തിലൊരിക്കൽ ആ വാര്യോല ഹജൂർക്ക് അയയ്ക്കുകയും വേണം.*

*ആശാന്മാർ കുട്ടികൾക്ക് എഴുത്ത് വശമാക്കികൊടുക്കുന്നവനും മേലെ എഴുതിയപ്രകാരംതന്നെ എട്ടുദിവസത്തിനൊരിക്കൽ വര്യോല എഴുതി കാര്യക്കാരന്റെ അടുക്കലും ഹജൂർക്കും അയച്ചുകൊള്ളുകയും വേണം. അപ്രകാരം [illegible]തു എഴുത്താശ്ശാന്മാർ അവർക്കു വച്ചിരിക്കുന്ന ശമ്പളം അല്ലാതെ [illegible]രു കുടിയാനവരോടെങ്കിലും യാതൊന്നെങ്കിലും വാങ്ങിച്ചു എന്നു കേൾവിപ്പെട്ടാൽ ഉടനെ ആയവനെ കോർട്ടിൽ ഏല്പിച്ച് അതിനുതക്ക ശിക്ഷ ചെയ്യിക്കുന്നതിനും ഇടവരികയും ചെയ്യും......*[16]

ഇത്ര കർക്കശമായി ആസൂത്രണം ചെയ്ത ഈ പദ്ധതി പക്ഷേ പരാജയപ്പെടുകയാണുണ്ടായത് എന്നതതിലെ വിധിവൈപരീത്യം. ഈ നിയമങ്ങൾ ഈഴവർ തുടങ്ങി താഴോട്ടുള്ള ജാതിക്കാരെ ബാധിച്ചതേയില്ല. ഇതു തങ്ങൾക്കു കൂടി പ്രയോജനത്തിനാണെന്ന് സാമാന്യജനങ്ങൾക്കു ബോധ്യപ്പെടുകയോ അവരെ അപ്രകാരം ബോധ്യപ്പെടുത്താൻ ശ്രമിക്കുകയോ ഉണ്ടായില്ല. അതുകൊണ്ടു തന്നെ ഇതു ഫലപ്രാപ്തിയിലെത്താതെ ഏട്ടിലെ പശുമാത്രമായി ശേഷിക്കുകയും ഒടുവിൽ 1831-ൽ ദിവാൻ വെങ്കിട്ടസുബ്ബയ്യർ ഈ പദ്ധതി നിറുത്തൽ ചെയ്യുകയുമാണുണ്ടായത്.

ഗവണ്മെന്റിൽ നിന്നു നിവർത്തിച്ചു പോന്ന വിദ്യാഭ്യാസനയങ്ങളും പരിഷ്കാരങ്ങളും, നാട്ടിൽ ഈ ദിശയിൽ ഫലപ്രവൃത്തിയിലായ കാര്യങ്ങളും, എല്ലാം തന്നെ, മേൽജാതിക്കാരുടെ മക്കൾക്കുവേണ്ടി മാത്രമായി പരിമിതപ്പെടുകയായിരുന്നു. അവർണ്ണരെ വിദ്യയർഹിക്കുന്നവരോ, വിദ്യകൊണ്ട് ഉന്നതി നേടി കാലക്ഷേപം കഴിക്കേണ്ടവരോ ആയി സാമൂഹ്യ വ്യവസ്ഥിതി പരിഗണിച്ചില്ല; അവർ അപ്രകാരം സ്വയം ധരിച്ചുമില്ല. ഭരണാധികാരികളുടെ ശ്രദ്ധ ഇതിൽ വേണ്ട വിധം ലക്ഷ്യപ്രാപ്തസാധ്യമായി പതിയുവാൻ മാത്രം വിലയുള്ളവരായി അവർ ഗണിക്കപ്പെട്ടതുമില്ല.

1859-ൽ പേഷ്കാർ പി. ശങ്കുണ്ണിമേനോൻ ഇറക്കിയ ഒരുത്തരവ് ശ്രദ്ധിക്കുക:

*.....ഡിവിഷനിൽ ഉള്ള മേൽജാതിക്കാരുടെ കുഞ്ഞുങ്ങൾക്കു എഴുത്തു പഠിക്കുന്നതിനു തക്കതായ പള്ളിക്കൂടങ്ങൾ ഇല്ലാത്തതിനാൽ കുഞ്ഞുങ്ങൾ*

*വിദ്യാഭ്യാസം ചെയ്യാതെയും അക്ഷരജ്ഞാനം പോലുമില്ലാതെ മൂഢന്മാരായിരിക്കുന്നതിനാൽ അവരെ പഠിപ്പിച്ചു നല്ല സ്ഥിതിയിൽ കൊണ്ടുവരുന്നതിനായി ഒരു ഏർപ്പാട് ആലോചിച്ചെഴുതി ഉണ്ടാക്കി.*[17]

മേൽജാതിക്കാർക്കായുള്ള പള്ളിക്കൂടങ്ങൾ തൽഫലമായി പ്രവർത്തിച്ചു തുടങ്ങുകയും കാലക്രമേണ അവർക്കുള്ള പാഠപുസ്തകങ്ങളും മറ്റും നിലവിൽ വരികയും ചെയ്തു. സമൂഹത്തിന്റെ ബഹുഭൂരിപക്ഷം വരുന്ന അവർണ്ണഹിന്ദുക്കളും മറ്റു സമുദായങ്ങളിൽപ്പെട്ടവരും വിദ്യയഭ്യസിക്കാൻ ശ്രമിക്കാതെയും ശ്രദ്ധിക്കാതെയും ആഗ്രഹിക്കാതെയും അഥവാ ആഗ്രഹമുണ്ടെങ്കിൽത്തന്നെ അതിനു നിവൃത്തിയില്ലാതെയും കഴിഞ്ഞുകൂടുന്ന സാഹചര്യം തുടർന്നു പോന്നു.

സമൂഹത്തിന്റെ ഈ അവസ്ഥ കണ്ടും കേട്ടും അതിന്റെ തിക്തഫലങ്ങൾ അനുഭവിച്ചും വളർന്ന വ്യക്തിയായിരുന്നു പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യദശകങ്ങളിൽ സുറിയാനി കത്തോലിക്കാസമൂഹത്തിന്റെ അനിഷേധ്യനേതാവായിരുന്ന വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ്. പ്രൊട്ടസ്റ്റന്റുമിഷനറിമാരുടെ വിദ്യാഭ്യാസപ്രവർത്തനങ്ങളുടെയും ഗവണ്മെന്റു പള്ളിക്കൂടശ്രമങ്ങളുടെയും ഫലം അനുഭവിക്കുവാൻ കഴിയാതെ പോയ സ്വസമുദായത്തിലെയും ദളിതുവിഭാഗത്തിലെയും ജനങ്ങളുടെ ശോചനീയമായ അവസ്ഥ അദ്ദേഹത്തിന്റെ ഹൃദയത്തെ ഉലച്ചു. അതിനു പരിഹാരമായി വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കുവേണ്ടി അദ്ദേഹം മുന്നിട്ടിറങ്ങുകതന്നെ ചെയ്തു. 1846-ൽ മാന്നാനത്തെ ആശ്രമത്തോടു ചേർന്ന് ഒരു സംസ്കൃതസ്കൂൾ സ്ഥാപിച്ചുകൊണ്ടാണ് പൊതുവിദ്യാഭ്യാസമേഖലയിലെ പ്രവർത്തനങ്ങൾക്ക് അദ്ദേഹം തുടക്കം കുറിക്കുന്നത്.

സംസ്കൃതസ്കൂളിനു പുറമെ ആർപ്പൂക്കര തുരുത്തുമാലിയുടെ കുന്നിൽ ദളിതർക്കുവേണ്ടിയുള്ള ഒരു വിദ്യാലയത്തിനും ചാവറയച്ചൻ തുടക്കം കുറിച്ചു. വികാരി ജനറാളായിരിക്കേ ഇടവകകൾതോറും വിദ്യാലയങ്ങൾ ആരംഭിക്കണമെന്നും (വിഖ്യാതമായ *പള്ളിക്കൊരു പള്ളിക്കൂടം* നിർദ്ദേശം) അനുസരിക്കാത്തപക്ഷം പള്ളിമുടക്ക് കല്പിക്കുമെന്നും ഉള്ള അദ്ദേഹത്തിന്റെ സർക്കുലർ ധീരവും വിപ്ലവാത്മകവുമായ ഒരു കാൽവയ്പായിരുന്നു.[18] ഇടവകകളിൽ ആരംഭിച്ച സ്ക്കൂളുകളുടെ നടത്തിപ്പിനെക്കുറിച്ച് അന്വേഷിക്കുന്നതിനുള്ള ചുമതല തന്റെ ആശ്രമവാസികളെ ചാവറയച്ചൻ ഭരമേല്പിച്ചിരുന്നു. ചാവറയച്ചന്റെ പിൻഗാമിയായ പോരുക്കരയച്ചന്റെ *നാളാഗമത്തിലെ ഓരോ കൊവേന്തക്കാരും അവരുടെ അതിർത്തിയിലുള്ള പള്ളിക്കാരുടെ ആത്മകാര്യങ്ങൾ വിചാരിപ്പാനും ഇസ്ക്കോളുകൾ അന്വേഷിപ്പാനും....*[19] എന്ന പരാമർശം ഇത് വ്യക്തമാക്കുന്നു. ചാവറയച്ചന്റെ ദീർഘവീക്ഷണത്തിൽ നിന്നും ഉരുത്തിരിഞ്ഞ്, കൊവേന്തകൾ വഴി പുരോഗതിയിലേയ്ക്കുയർത്തപ്പെട്ട ഇടവകപ്പള്ളിക്കൂടങ്ങൾ പൊതുവിദ്യാലയങ്ങളായി വർത്തിക്കുകയായിരുന്നു.

അവർണ്ണർക്കു സ്വാതന്ത്ര്യത്തോടെ പ്രാപ്യമായ ആദ്യത്തെ തദ്ദേശീയ വിദ്യാഭ്യാസ സാധ്യതക്കാണ് അദ്ദേഹം വഴിതെളിച്ചത്. പാഠ്യക്രമം അക്കാലഘട്ടത്തിന്റേതായിരുന്നെങ്കിലും പ്രവേശനത്തിൽ കുട്ടികളെ സ്വീകരിക്കുന്ന കാര്യത്തിൽ ഔദാര്യപൂർവ്വം എല്ലാ വിഭാഗങ്ങൾക്കുമായി വാതിലുകൾ തുറന്നിട്ടുകൊണ്ട് ഇന്നു നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായഘടനക്കു തുല്യമായ സമത്വ സമീപനം അന്നേ അദ്ദേഹം പ്രാവർത്തികമാക്കി. എല്ലാ വർണ്ണത്തിലും ജാതിയിലും സമുദായത്തിലും പെട്ട കുട്ടികൾ അവിടെ സ്വീകരിക്കപ്പെട്ടിരുന്നു. സാമൂഹിക സമത്വ സംവിധാനത്തിനുതന്നെ നാന്ദിയായ ഈ വിദ്യാഭ്യാസ വിപ്ലവമാണ് കേരളത്തിൽ ഒരു പൊതു സമൂഹത്തെ സൃഷ്ടിച്ചതെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

ഗവണ്മെന്റു വക പെൺപള്ളിക്കൂടങ്ങളും മിഷനറിമാരുടെ പെൺപള്ളിക്കൂടങ്ങളും അക്കാലത്ത് അവിടെയും ഇവിടെയും ഉണ്ടായിരുന്നു. എന്നാൽ അവിടെ വിദ്യ അഭ്യസിച്ചിരുന്ന പെൺകുട്ടികൾ തിരഞ്ഞെടുക്കപ്പെട്ടവരുടെ ഒരു ചെറിയ വിഭാഗം മാത്രമായിരുന്നു. ഇടവകപ്പള്ളിക്കൂടങ്ങളിലൂടെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിന് സാർവ്വത്രികമായി ഇതരഗണനകളുടെ പക്ഷതിരിവുകളില്ലാതെ തുല്യമായ അവസരങ്ങൾ തുറന്നുകിട്ടി. കൂനമ്മാവിലെ കന്യകാമഠത്തോടനുബന്ധിച്ചുണ്ടായിരുന്ന സ്ക്കൂളിലും ബോർഡിംഗിലും പരിശീലനം നേടുവാൻ ഭാഗ്യം ലഭിച്ച അനേകം പെൺകുട്ടികൾ പിന്നീട് സമൂഹത്തിൽ നിർണ്ണായകശക്തിയായി മാറി. വിദ്യാഭ്യാസത്തിന്റെ ഭാഗമാണ് തൊഴിൽ പരിശീലനമെന്നത് ചാവറയച്ചന്റെ വിഭാവനമായിരുന്നു. പെൺകുട്ടികൾക്ക് ബോർഡിംഗ് സ്കൂൾ സൗകര്യങ്ങൾ ആദ്യമായി ഏർപ്പെടുത്തുന്നതും അദ്ദേഹമാണ്. കാലക്രമേണ കന്യകാമഠങ്ങളുടെ നേതൃത്വത്തിൽ ഇംഗ്ലീഷ് സ്ക്കൂളുകളും അധ്യാപകപരിശീലന കേന്ദ്രങ്ങളും ആരംഭിച്ചതോടെ സ്ത്രീവിദ്യാഭ്യാസത്തിന്റെ ഉന്നതമേഖലകൾ തുറക്കപ്പെടുകയും ചെയ്തു.

കൂനമ്മാവു കന്യകാമഠത്തിന്റെ വജ്രജൂബിലി സ്മാരകത്തിൽ നിന്നും ഇതെക്കുറിച്ചുള്ള വ്യക്തമായ ചിത്രം ലഭിക്കുന്നുണ്ട്:

*സ്ത്രീവിദ്യാഭ്യാസവിഷയകമായി പിന്നണിയിൽ കിടന്നിരുന്ന മലങ്കര സഭ ഇന്ന് തദ്വിഷയത്തിൽ മുന്നണിയിൽ വന്നിരിക്കുന്നുവെങ്കിൽ അതിനുള്ള പ്രധാനകാരണം വന്ദ്യ കുര്യാക്കോസ് ഏലിയാസച്ചന്റെ നിസ്തന്ദ്രപരിശ്രമം ആണെന്നുള്ളതു ചരിത്രപ്രസിദ്ധവും എന്നും കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടതുമായ ഒരു വാസ്തവമാണ്. മലങ്കരസഭയുടെ വികാരിജനറാളെന്ന നിലയിൽ അദ്ദേഹം നടപ്പിൽ വരുത്തിയ കർശനനടപടികളാണു വിദ്യാഭ്യാസപ്രബുദ്ധത നാട്ടിൽ ഉളവാക്കിയതെന്ന് ആരെയും പറഞ്ഞറിയിക്കേണ്ട കാര്യമില്ല.*[20]

സമുദായോന്നമനത്തിനും കുടുംബങ്ങളുടെ ഐശ്വര്യത്തിനും ആദ്ധ്യാത്മികോൽക്കർഷത്തിനും വിദ്യാസമ്പന്നകളായ സ്ത്രീകൾ എത്രത്തോളം

ഉപകരിക്കുമെന്ന് അദ്ദേഹം വേണ്ടപോലെ മനസ്സിലാക്കിയിരുന്നു. അതിന യ്ക്കുവേണ്ട കർമ്മപദ്ധതികൾ താൻ കൂടി മുൻകൈ എടുത്ത് സ്ഥാപി കന്യകാമഠങ്ങൾ വഴി പ്രാവർത്തികമാക്കാമെന്നും അദ്ദേഹം കരുതി. മഠസ്ഥാ പനം സംബന്ധിച്ചുള്ള തന്റെ കുറിപ്പുകളിൽ ഒരു പ്രധാനോദ്ദേശ്യമാ അദ്ദേഹം പറഞ്ഞിരിക്കുന്നതും ബാലികമാരുടെ വിദ്യാഭ്യാസമാണ്. ഇത് കൊണ്ടുതന്നെയാണല്ലോ മഠംപണി ആരംഭിച്ചപ്പോൾ അതോടുചേർത്ത് ഒരു സ്ക്കൂളിനും അടിസ്ഥാനമിട്ട് പണിപൂർത്തിയാക്കിയതും. 1867-ൽ പ്രസ്തുത സ്ഥാപനം വി. യൗസേഫ് പിതാവിന് പ്രതിഷ്ഠിച്ചുകൊണ്ട് പഠനം ആരം ച്ചതായി *നാളാഗമ*ക്കുറിപ്പുകളിൽ കാണുന്നു. അന്നവിടെയുണ്ടായിരുന്ന അം ങ്ങളായ നാലുപേരിൽ മൂന്നുപേരെയും അധ്യാപികമാരായി അദ്ദേഹം നിയ മിച്ചു. അക്ഷരാഭ്യാസത്തിന്റെയോ, മതപഠനത്തിന്റെയോ പ്രയോജനം ജനസമൂഹത്തിന് അന്നുവേണ്ടത്ര മനസ്സിലായിട്ടില്ലായിരുന്നു എന്നോർ ക്കണം. കുട്ടികളെ വിദ്യാലയത്തിൽ അയക്കുന്നതിന് മടിയായിരുന്നു പലർക്കും. ചാവറയച്ചനും ലെയോപ്പോൾദച്ചനും വീടുകൾ തോറും നടന്ന് ജനങ്ങളെ പ്രേരിപ്പിച്ചും ശാഠ്യപൂർവ്വം ഉത്സാഹിപ്പിച്ചും തന്നെയാണ് കുട്ടിക ളുടെ സംഖ്യ ക്രമേണ വർദ്ധിച്ചു തുടങ്ങിയത്. മൂന്നുനാലുകൊല്ലങ്ങൾ കൊണ്ട് ഏകദേശം നൂറുപേരോളമായി. മതപഠനം, ഭാഷ, കണക്ക്, സംഗീതം എന്നിവയ്ക്കു പുറമെ കൊന്തകെട്ട്, തയ്യൽ മുതലായവയും അവരെ പഠിപ്പി ച്ചിരുന്നു.[21] കൊന്ത നിർമ്മാണത്തിൽ ലഭ്യമായ പരിശീലനം പിന്നീട് ആ ഗ്രാമത്തിലെ വലിയൊരു വിഭാഗത്തിന്റെ മുഖ്യ വരുമാന സ്രോതസ്സായി മാറി യതും ഇന്നും അത് നിർബ്ബാധം തുടരുന്നതും ഏറ്റവും വിലമതിക്കപ്പെടുന്ന കൊന്തകൾ നിർമ്മിക്കപ്പെടുന്ന ഒരു പ്രദേശമായി അവിടം ആഗോള ശ്രദ്ധയാകർഷിക്കുന്നതും അതിന്റെ ശേഷം കഥ. സഹോദരിമാരിൽ നിന്നു ലഭിച്ചിരുന്ന ശിക്ഷണത്തിന്റെയും പരിശീലനത്തിന്റെയും ഫലങ്ങൾ കുടും ബങ്ങളിൽ അനുഭവപ്പെട്ടു തുടങ്ങിയതോടെ മാതാപിതാക്കന്മാർ കുട്ടികളെ സ്ക്കൂളിൽ അയയ്ക്കുന്നതിൽ കൂടുതൽ ഉത്സാഹം പ്രദർശിപ്പിച്ചു വന്നു. 1872-ാം കാലം ആയപ്പോഴേയ്ക്കും കുട്ടികൾ 150-നടുത്തെത്തി.[22]

കന്യകാമഠങ്ങൾ തുടങ്ങിയിടത്തെല്ലാം ആദ്യകാലങ്ങളിൽ സ്ക്കൂളുകളും അനുബന്ധമായി ഉണ്ടായിരുന്നു. രണ്ടിടത്തേയും പ്രവർത്തനശൈലിയും ലക്ഷ്യ വിഭാവനവും ഒന്നുതന്നെയായിരുന്നു. ഏറെ ക്ലേശങ്ങളിലൂടെ കട ന്നുപോയിട്ടാണെങ്കിലും കന്യകാമഠങ്ങൾ വ്യാപകമായ സ്ത്രീ വിദ്യാഭ്യാ സരംഗത്തിന് കേരളത്തിൽ തുടക്കം കുറിക്കുകയും നേതൃത്വം നൽകുകയും ചെയ്തു. അതിന്റെ ഫലമോ ചാവറയച്ചൻ വിഭാവനം ചെയ്തതത്രയും സത്യ മെന്നു സാക്ഷ്യപ്പെടുത്തും വിധമായി മാറി. സംസ്കാരത്തിന്റെ ഉന്നമന ത്തിനും സന്തുലിതമായ സാമൂഹ്യ ഭദ്രതയിലും വലിയ സംഭാവനകൾ നൽകുവാൻ ഈ തുടക്കം പിന്നീടു പ്രാപ്തമായി. കേരളത്തിലെ സുറിയാനി

[illegible] നൽകിയ ഈ ശ്രേഷ്ഠസംഭാവനകളുടെ കൂടി ഫലമായാണ് ഇന്ന് നമ്മുടെ സംസ്ഥാനം സാക്ഷരതയിലും സാംസ്കാരിക മേഖലകളിലും രാജ്യത്തിനു മൊത്തം മാതൃകാപരമായ ഔന്നത്യം കരസ്ഥമാക്കിയിട്ടുള്ളത്.

[illegible] അറച്ചും ശങ്കിച്ചും സന്ദേഹിച്ചും ഉലഞ്ഞും തത്രപ്പെട്ടു നിന്നിരുന്ന നവോത്ഥാന നൗകയെ ദൈവനിവേശിതമായ ആന്തരിക ഉൾപ്രേരണയാൽ സാർവ്വത്രികവിദ്യാഭ്യാസമെന്ന ചുക്കാൻ കൊടുത്ത് ത്വരിത ഗതിയിൽ സാംസ്കാരിക പുരോഗമന ചാലിൽ പ്രയാണം ചെയ്യിപ്പിച്ചത് ചാവറയച്ചന്റെ ക്രാന്തദർശിത്വവും സാമൂഹ്യ പ്രതിബദ്ധതയും സുദൃഢം ഉള്ള നേതൃത്വമാണ്. സാമ്പ്രദായികമായിരുന്ന സംവൃത വിദ്യാഭ്യാസരീതിയും സകലർക്കും അവസരങ്ങൾ നല്കുന്ന ആധുനിക വിദ്യാഭ്യാസ സമ്പ്രദായവും തമ്മിലുള്ള അകലം ഇല്ലാതായത് അദ്ദേഹത്തിന്റെ വിപ്ലവാത്മകമായ പ്രവർത്തനങ്ങളിലൂടെയാണ്.

കുട്ടികളുടെ വിദ്യാഭ്യാസത്തിൽ അനന്യസാധാരണമായ നിഷ്ഠയും ഔത്സുക്യവും പുലർത്തിയിരുന്നതുകൊണ്ടാണ് *നല്ല അപ്പന്റെ ചാവരുളിൽ* അദ്ദേഹം ഇങ്ങനെ എഴുതിയതും:

*തിരിച്ചറിവുണ്ടായാൽ പൈതങ്ങളെ പള്ളിക്കൂടത്തിൽ അയയ്ക്കണം. ഇപ്രകാരം, അവർ പഠിക്കുന്നുവെന്നും അവർ എങ്ങനെയുള്ള കൂട്ടുകൂടിയാണ് നടക്കുന്നതെന്നും അന്വേഷിക്കണം. ഞായറാഴ്ചതോറും അവർ പഠിച്ചതിനെ പരിശോധിക്കണം.*[23]

ഇന്നും ഈ വാക്കുകളുടെ പൊരുളുകൾ സത്യമായി ശേഷിക്കുന്നു; അവ നൽകുന്ന മാർഗ്ഗദർശനം സഹായകമായി തുടരുന്നു. ഇത്തരം ഒരു സമീപന സങ്കല്പം ഒട്ടുമില്ലാതിരുന്ന അക്കാലത്ത് ഇവയുടെ പ്രസക്തിയും പ്രയുക്തി പ്രാമുഖ്യവും ആദരവോടെ മാത്രമേ സ്മരിക്കാനാകുന്നുള്ളൂ.

ചാവറയച്ചൻ എന്നും ചെറിയ തുടക്കങ്ങൾക്കായി ജാഗരൂകനായി ശ്രമിച്ചിരുന്നു. *വലിയൊരുപ്രകാശം കാണിച്ച് ഉടൻ അണഞ്ഞു പോകുന്ന അഗ്നിയേക്കാൾ, നിലനിൽക്കുന്നവെളിച്ചം കാണിക്കുന്ന ഒരു ചെറുവിളക്ക് എത്രയോ നല്ലതാണ്*[24] എന്നദ്ദേഹം വിശ്വസിക്കുകയും പ്രത്യാശിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ആ ദർശനം സത്യമായും ഭവിച്ചു. അന്ന് അദ്ദേഹം പാകിയ ചെറു വിത്തുകളാണ് വൻമരങ്ങളായി വളർന്നു പന്തലിച്ച് ഇന്നു മലയാളി സംസ്കൃതിക്ക് തണലായി മാറിയതെന്നത് അനുഭവബോധ്യമത്രേ.

മതവും വിശ്വാസവും മനുഷ്യന്റെ സാംസ്കാരികതയിൽ മുദ്രപതിപ്പിക്കുന്ന നിർണ്ണായകഘടകങ്ങളാണ്. ചാവറയച്ചനിൽ ഈ ഉൾക്കാഴ്ച നിറഞ്ഞുനിന്നിരുന്നതുകൊണ്ടാണ് പള്ളിക്ക് ആരാധനാനികേതനം എന്നതിനോടൊപ്പം ദൈവജനശുശ്രൂഷയുടെ ഒരു മാനം കൂടി അദ്ദേഹം നല്കിയത്.

അതിന്റെ ഫലമായിരുന്നു പള്ളിക്കൂടങ്ങളുടെ സ്ഥാപനവും. ഈ സത്യത്തെ വിലയിരുത്തിക്കൊണ്ട് പ്രൊഫ. എം. കെ. സാനു കൃത്യമായി ഇപ്രകാരം അടയാളപ്പെടുത്തിയിട്ടുമുണ്ട്:

*യഥാർത്ഥമായ ആത്മീയത ഒരിക്കലും ഭൗതികജീവിതത്തെ അവഗണിക്കുന്നില്ല. നാം ജനിക്കുന്ന സമൂഹത്തിൽ നമ്മെ തൊട്ടുരുമ്മി നിൽക്കുന്ന ജീവവൈഷമ്യങ്ങളും പ്രശ്നങ്ങളും അഭിമുഖീകരിക്കേണ്ട ബാധ്യതയാണ് ദൈവം നമ്മിൽ സമർപ്പിച്ചിരിക്കുന്നത്. ഈ ബാധ്യത നിറവേറ്റുന്നതിന് വാഴ്ത്തപ്പെട്ട ചാവറയച്ചൻ പല മേഖലകളിലായി പ്രവർത്തനം വ്യാപിപ്പിച്ചു. എക്കാലത്തും വിജ്ഞാനദാഹിയായിരുന്ന ചാവറയച്ചൻ വിദ്യാഭ്യാസത്തിന് സമൂഹത്തിൽ വലിയ സ്ഥാനമുണ്ടാകണമെന്നു മനസ്സിലാക്കി. ജാതിവ്യവസ്ഥമൂലം പള്ളിക്കൂടങ്ങളിൽ പോകാനോ പഠിക്കാനോ സാധിക്കാതെ വലയുന്ന കീഴ്ജാതിക്കാർക്കാണ് അതിന്റെ പ്രയോജനം ഏറെ ആവശ്യമെന്നും ചാവറയച്ചൻ അറിഞ്ഞു. അതിന്റെ ഫലമായാണ് പല ഭാഗങ്ങളിലും വിദ്യാലയങ്ങൾ സ്ഥാപിക്കാൻ അദ്ദേഹം മുൻകൈയെടുത്തത്.*[25]

സംസ്കാരത്തോടു ബന്ധപ്പെടുത്തി മാത്രമേ ചരിത്രത്തെ അടയാളപ്പെടുത്താനാകൂ എങ്കിൽ ആത്മീയതയുടെ ഭാഗമായ മതത്തേയും വിശ്വാസത്തേയും സംസ്കാരത്തോട് ചേർക്കുമ്പോൾ അതിൽ അഭേദ്യമാം വിധം ഇഴചേരുന്ന കണ്ണിയായി വർത്തിക്കുന്നത് അറിവാണ്. അറിവുപകരുന്ന, ഉള്ളിൽനിന്നും പൊരുളിനെ തെളിച്ചെടുത്ത് പ്രകാശിപ്പിക്കുവാൻ പ്രേരിപ്പിക്കുന്ന, ഒരു രീതി സമ്പ്രദായമാണ് വിദ്യാഭ്യാസം. ഏറ്റവും ആധുനികമായ ഹൈടെക് യുഗത്തിൽ നിന്നുകൊണ്ട് സാങ്കേതികതയുടെ പ്രസരണപ്രാപ്തിയെ വിചാരണചെയ്യുമ്പോഴും വിദ്യാഭ്യാസത്തെ ആത്യന്തികവും അടിസ്ഥാനപരവുമായ മൂലസ്രോതസ്സായ സംസ്കാരത്തോട് ചേർത്തുതന്നെ അപഗ്രഥിക്കാതെ വയ്യ; അപ്രകാരം അപഗ്രഥിക്കുന്നത് പ്രചോദനമായും പ്രകോപനമായും പ്രയോജനമായും ഉൾഭവിക്കുന്ന ദാർശനിക ധാരകളോടു ചേർന്നാകാതെയും വയ്യ. മലയാളത്തിന്റെ സംസ്കൃതിയിൽ നിന്നുകൊണ്ടുള്ള വിദ്യാഭ്യാസ വിചാരണയിൽ ചാവറയച്ചന്റെ ദാർശനികധാരകൾ ചർച്ചാപ്രസക്തമാകുന്നതതുകൊണ്ടുകൂടിയാണ്.

## പരാമർശ സൂചിക


1. cf. Encyclopedia Britanica, vol. 21, p.167
2. cf. *പ്രൊഫ. എ. ശ്രീധരമേനോൻ*, ഘോഷിക്കപ്പെടാതെ പോയ ചരിത്രപർവ്വം, സുകൃതംസ്മര, ബേസ് റൗമ പ്രസിദ്ധീകരണം, 2012, പേജ്. 35
3. cf. *പി. ഗോവിന്ദപ്പിള്ള*, ചരിത്രത്തെ നയിച്ച ഒരാൾ, സുകൃതംസ്മര, ബേസ്റൗമ പ്രസിദ്ധീകരണം, 2012, പേജ്. 51
4. *പി.ഭാസ്കരനുണ്ണി*, പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം,കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ 1988, പേജ്. 79
5. cf. Ibid.
6. Ibid.,p.80
7. Ibid.
8. Ibid.
9. Ibid.,p. 83
10. Ibid.
11. *ഡോ. കെ എസ്. രാധാകൃഷ്ണൻ*, പൊതുവിദ്യാഭാസം: പ്രസക്തിയും പ്രശ്നങ്ങളും, ബേസ്റൗമ പ്രസിദ്ധീകരണം, പേജ്. 26-27
12. cf. *ഡോ. സേവ്യർ കൂടപ്പുഴ*, മാർത്തോമ്മാ നസ്രാണിസഭാവിജ്ഞാനകോശം, വടവാതൂർ, 1999, പേജ്.876 -877
13. *പി.ഭാസ്കരനുണ്ണി*, op.cit, പേജ്.659
14. Ibid., p.668
15. Ibid.
16. Ibid., p.674
17. Ibid.
18. cf. *ഫാ.വലേരിയൻ*, മലങ്കര മാതാവിന്റെ ഒരു വീരസന്താനം, മാന്നാനം, 1939, പേജ്. 137
19. Ibid., p. 137
20. വി. ത്രേസ്യായുടെ കന്യകാമഠം, കൂനമ്മാവ് വജ്രജൂബിലി സ്മാരകം, 1943, പേജ്. 38
21. cf. Ibid., p.38-39
22. cf. Ibid., p.40-44
23. *ചാവറകുര്യാക്കോസ് ഏലിയാസച്ചൻ*, ഒരു നല്ല അപ്പന്റെ ചാവരുൾ, മാന്നാനം, 1959, പേജ്. 18
24. ചാവറ സമ്പൂർണ്ണ കൃതികൾ, വാല്യം 4, IX/6, മാന്നാനം, 1982, പേജ്.6
25. *പ്രൊഫ. എം. കെ. സാനു*, നവോത്ഥാനത്തിലെ ശുക്രനക്ഷത്രം, സുകൃതംസ്മര, ബേസ്റൗമ പ്രസിദ്ധീകരണം, 2012, പേജ്. 30

രണ്ട്

## മനുഷ്യസ്നേഹിയുടെ ദീർഘദർശനം

വർത്തമാനകാലത്തിൽ പദമൂന്നി ഭൂതകാലത്തിന്റെ വെളിച്ചത്തിൽ ഭാവി കാലത്തിന് രൂപം കൊടുക്കുന്നവരാണ് ദാർശനികർ. ഇവർ പലതും മുൻകൂട്ടി കാണുന്നവരാണ്. ഒരു പടികൂടി കടന്ന് ദൈവത്തോടു ചേർന്നു നിൽക്കുന്നവരാകുമ്പോൾ ഇവർ ദൈവസ്വരത്തിന്റെ വക്താക്കളും കൂടി ആയിരിക്കും. ജനങ്ങളുടെ പുരോഗതിയും വിശുദ്ധിയുമായിരിക്കും ഇവരുടെ ലക്ഷ്യം. കാലത്തിനു മുൻപേ ചിറകുവിടർത്തി പറന്ന ഇത്തരം ദാർശനികരാണ് സംസ്കാരത്തെ തെളിക്കുന്നതും സമൂഹത്തെ മുൻപോട്ട് നയിക്കുന്നതും. അത്തരം ഒരു യോഗിശ്രേഷ്ഠനായാണ് ചാവറ കുര്യാക്കോസ് ഏലിയാസച്ചനെ ചരിത്രം അടയാളപ്പെടുത്തുന്നത്. വിപരീത സാഹചര്യങ്ങളെ അതിജീവിച്ച് വിജയം കൈവരിക്കുവാനുള്ള നിശ്ചയദാർഢ്യത്തിന്റെയും കഠിനാദ്ധ്വാന ത്വരയുടെയും പ്രത്യക്ഷോദാഹരണമാണ് ഈ ധന്യ പിതാവ്. വ്രതവിശുദ്ധി തന്നെയായിരുന്നു അദ്ദേഹത്തിന് ജീവിതം; ധ്യാന സമമായിരുന്നു ആ കർമ്മപർവ്വം.

ഉത്കൃഷ്ടമായ ആന്തരിക ചോദനയാൽ എപ്പോഴും ജ്വലിക്കുന്ന അക കണ്ണുകൾ പ്രഫുല്ലമാക്കി ഒരു പുത്തൻ ഉണർവ്വിലേക്കും പുതിയ പ്രഭാതത്തിലേക്കും തന്റെ സമൂഹത്തെ ജാതിമതഭേദവിചാരഭേദമെന്യേ കരം പിടിച്ചു നടത്തുവാൻ ചാവറയച്ചനെ പ്രാപ്തനാക്കിയത് ദൈവാത്മപ്രചോദിതമായി അദ്ദേഹത്തിൽ നിറവാർന്നു വിളങ്ങിയ ആന്തരിക ദർശനങ്ങളായിരുന്നു. താൻ വർത്തിക്കുന്ന കാലത്തിനുവേണ്ടി എന്നതിനേക്കാൾ നാളേക്കും നാളെകൾക്കും വേണ്ടി പ്രവർത്തിക്കുവാനും അതിൽ അത്യധികം പ്രായോഗിക ബുദ്ധിയോടെയും ഉൾക്കാഴ്ചയോടെയും നിരതനാകുവാനും അതിനായി സ്വയം സമർപ്പണത്തിന്റെ ആഴത്തിലേക്ക് ഇറങ്ങിചെല്ലാനും അദ്ദേഹം തയ്യാറായി. ഭാവി തലമുറക്കു വേണ്ടി സ്വപ്നങ്ങൾ നെയ്ത അദ്ദേഹത്തിന്റെ ദീർഘദർശനങ്ങളാണ് നിരവധി നവോത്ഥാന യജ്ഞങ്ങൾക്കിവിടെ നാന്ദിയായത്.

ചാവറയച്ചന്റെ ജീവിതത്തെ പ്രഭാദീപ്തമാക്കിയ ദർശനങ്ങളെക്കുറിച്ച് ഡോ. കെ.എം. തരകൻ ഇപ്രകാരം പറയുന്നു:

*ചാവറയച്ചന്റെ ദർശനം വളരെ സ്പഷ്ടമാണ്. അത് ശുഭാപ്തി വിശ്വാസത്താൽ നിർഭരമാണ്, പ്രസന്നമാണ്, പ്രസാദാത്മകമാണ്. ചാവറയച്ചന്റെ ദർശനം ഒരേ സമയം ദൈവത്തിന്റെ ദാസനും മനുഷ്യസ്നേഹിയും ആയിരിക്കുക എന്നതാണ്. മഹത്തായ ആ പ്രഭാപൂരത്തിന്റെ, തേജസ്സിന്റെ, ശക്തി ഇന്ന് ഒരു മണ്ഡലത്തിൽ മാത്രമല്ല, എല്ലാ മണ്ഡലങ്ങളിലും വ്യാപിച്ചു നിൽക്കുകയാണ്.*[1]

ചാവറദർശനങ്ങളിൽ ഏറ്റം പരിവർത്തനോന്മുഖമായിരുന്നതും ഒരു സാംസ്കാരിക വിപ്ലവത്തിനു തന്നെ വഴിതെളിച്ചതും അദ്ദേഹത്തിന്റെ വിദ്യാഭ്യാസ ദർശനങ്ങളായിരുന്നു. ഡോ.സുകുമാർ അഴീക്കോടിന്റെ വാക്കുകൾ ഇതിനെ ശരിവക്കുന്നു:

*അനശ്വരതയിലേക്കുള്ള പ്രയാണത്തിൽ ചാവറയച്ചൻ വിദ്യാഭ്യാസത്തിലൂടെ മോചനം എന്ന ആശയത്തെ പ്രായോഗികമാക്കി കാണിച്ചു. പള്ളിയുണ്ടെങ്കിൽ പള്ളിക്കൂടം വേണം. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തിന്റെ നവീകരണം കൂടി ഈ പരിപാടിയിൽ ചാവറയച്ചൻ ഉൾച്ചേർത്തെന്നാണ് എന്റെ വിശ്വാസം. പാവങ്ങളെ തിരഞ്ഞു പിടിച്ച് അവരെ ജ്ഞാനത്തിന്റെ പ്രകാശത്തിൽ പ്രതിഷ്ഠിച്ചു. കുടുംബത്തിന്റെ അറയിൽ നിന്ന് മാനവ സമൂഹത്തിന്റെ വിശാലമായ തുറന്ന അറയിലേക്ക് സഞ്ചരിക്കുവാൻ പലവഴികൾ അദ്ദേഹം വെട്ടിത്തുറന്നു.*[2]

ചാവറയച്ചനുണ്ടായിരുന്ന വിദ്യാഭ്യാസ വീക്ഷണങ്ങൾ പല മാനങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു. സമൂഹ സമുദ്ധാരണവും ഉന്നമനവുമായിരുന്നു അവയുടെ ആത്യന്തിക ലക്ഷ്യം. സൂക്ഷ്മസ്പന്ദനങ്ങളെ അനാവരണം ചെയ്ത് അവനവനിൽത്തന്നെ കുടികൊള്ളുന്ന സാധ്യതകളെയും നന്മകളെയും തിരിച്ചറിയുവാനും മൂല്യ സംസ്കൃതിക്ക് വേണ്ട പാഠങ്ങൾ പകർന്നു നൽകുവാനും പാർശ്വവത്കരിക്കപ്പെട്ടവരുടെ സമുദ്ധാരണവും വ്യക്തിത്വ വികസനവും ഒരേ അളവിൽ സാധിതമാക്കുവാനും അതിലൂടെ ഒരു പൊതു സമൂഹത്തിന് അടിസ്ഥാനമിടുവാനും വിദ്യാഭ്യാസത്തിനുള്ള ശക്തിശേഷികൾ അദ്ദേഹം തിരിച്ചറിഞ്ഞു. ആ സാധ്യതകളെ ഉൾപ്പേറുന്ന ഒരു വിദ്യാഭ്യാസപദ്ധതിയാണ് അദ്ദേഹം വിഭാവനം ചെയ്തതും അതിലേയ്ക്കാണ് നിഷ്ഠാപൂർവ്വം കർമ്മോത്സുകനായതും. മനുഷ്യന്റെ സമഗ്രതയെ കോർത്തിണക്കുന്ന ആന്തരിക സ്വാതന്ത്ര്യത്തിന്റെ നവോത്ഥാന ശക്തിയായി മാറുകയായിരുന്നു അതിലൂടെ അദ്ദേഹം.

സ്വന്തം ജീവിതത്തെ നന്മയുടെ പ്രസരണത്താൽ അർത്ഥപൂർണ്ണമാക്കുന്നവർ കാലത്തെ അതിജീവിച്ച് നിത്യതയിൽ തെളിഞ്ഞു നിൽക്കുന്നു. സാധാരണത്വത്തിന്റെ ചുറ്റുപാടുകളിൽ നിന്ന് സമർപ്പിതമായ ജീവിതവും

ലക്ഷ്യ ബന്ധിതമായ പ്രവർത്തനങ്ങളും വഴി അസാധാരണത്വത്തിന്റെ ചരിത്രം രചിച്ച് സംസ്കാരത്തിലും ചരിത്രത്തിലും സ്വന്തം വ്യക്തിമുദ്ര പതിപ്പിക്കുവാൻ ചാവറയച്ചനു കഴിഞ്ഞതങ്ങനെയാണ്.

## വിദ്യാഭ്യാസദർശനങ്ങൾ

ഒരു വ്യക്തിയുടെ ജനിതസവിശേഷതകളും ആർജ്ജിതജ്ഞാനവും അനുഭവവിശേഷങ്ങളും പരിതസ്ഥിതികളുമൊക്കെ ചേർന്നാണ് അയാളുടെ സ്വത്വത്തിന്റെ തനിമ നിർണ്ണയിക്കുന്നത്. ജനിതഘടകങ്ങളൊഴികെയുള്ള തെല്ലാം വിദ്യാഭ്യാസത്തിന്റെ ഭാഗവുമാണ്. വ്യവസ്ഥാപിതമായ അധ്യയനം മാത്രമല്ല വിദ്യാഭ്യാസം. അനുദിനജീവിതചുറ്റുപാടുകളിൽ നിന്നും ജീവിത സാഹചര്യങ്ങളിൽ നിന്നും പഠിച്ചെടുക്കുന്ന സകലകാര്യങ്ങളും വിദ്യാഭ്യാസത്തിന്റെ ഘടകങ്ങൾതന്നെ. ആ അർത്ഥത്തിൽ ജനനം മുതൽ മരണം വരെയും ഏതൊരു വ്യക്തിയും ഒരു വിദ്യാർത്ഥിയാണ്; ആയിരിക്കണം; നിരന്തരം നാം പഠിച്ചുകൊണ്ടേയിരിക്കുന്നു.

ഒരോ മനുഷ്യനെയും ഈശ്വരന്റെ അതുല്യസൃഷ്ടികളായി കാണുവാനുള്ള അകക്കണ്ണിന്റെ പ്രകാശം ഭാരതസംസ്കാരത്തിൽ ഉൾച്ചേർന്നിട്ടുണ്ട്. അപരനിലേയ്ക്ക് മിഴിതുറക്കുന്ന ആൾ ആ തുറവിയിലൂടെ ഈശ്വരനെത്തന്നെ കണ്ടെത്തുന്നു എന്നു സാരം. ഭാരതീയനും താപസനുമായിരുന്ന ചാവറയച്ചന്റെ ദർശനത്തിന്റെ ഘടകമായിരുന്നു എന്നും ഈ ഭാവതലം. വിദ്യാഭ്യാസരംഗത്ത് ഈ ദർശനങ്ങൾ ഏതുതരത്തിൽ, വിധത്തിൽ പ്രസരിച്ചെത്തിയിരുന്നു എന്നു നോക്കാം.

ദൈവത്തിന്റെ കണ്ണുകൾകൊണ്ട് ലോകത്തെ വീക്ഷിച്ച ആളായിരുന്നു വല്ലോ ചാവറയച്ചൻ. അകക്കണ്ണ് തുറക്കാത്ത ജന്മങ്ങളാണ് ചുറ്റുപാടുമെങ്ങും എന്ന് അദ്ദേഹം കണ്ടെത്തി. സകലതിനും നിദാനമായ ഈശ്വരനെ അന്വേഷിച്ച് തുടങ്ങുകയാണ് അകക്കണ്ണ് പ്രകാശിച്ചുകിട്ടുവാനുള്ള വഴി. വിദ്യാദാനശുശ്രൂഷയിലൂടെ ഈശ്വരാന്വേഷണത്തിന്റെ വാതായനങ്ങൾ വിശാലമാക്കാമെന്ന ബോദ്ധ്യം ചാവറയച്ചനുണ്ടായിരുന്നു. അദ്ദേഹം സ്വയം തന്റെ ഉൾക്കണ്ണാൽ ഈശ്വരസവിശേഷതകൾ ദർശിച്ചു സാക്ഷാത്കരിച്ച വ്യക്തിയായിരുന്നുവല്ലോ:

*കാരുണ്യനാഥനാം ദൈവകുമാരന്റെ*
*യാരുണ്യശോഭയെ കാണാകേണം*
*കാരുണ്യവാരിധിയായ താൻ, മാനുഷ*
*കാരണം പാപാദി നീക്കുവാനായ്*
*മാനുഷ നീചവേഷത്തെ ധരിച്ചൊരു*
*മാനുഷ ത്രാതാവേ, കാണാകേണം*[3]

എന്നു പാടുന്ന ചാവറയച്ചൻ വെളിപ്പെടുത്തുന്നത് ഈ സത്യമാണ്. യഥാർത്ഥഅറിവ് നേടുന്ന വ്യക്തി അന്തർജ്ഞാനമുള്ളവനാകും. ചുറ്റുപാടുകളുടെയും സഹജീവികളുടെയും അവശ്യാവശ്യങ്ങളിലേയ്ക്കു കണ്ണുതുറക്കാൻ ആ ജ്ഞാനം അവനെ പ്രേരിപ്പിക്കുന്നു. ഇങ്ങനെ പ്രേരിതരാകുന്ന മനുഷ്യരാണ് ആചാര്യന്മാരും നിസ്വാർത്ഥരായ നേതാക്കന്മാരും ഒക്കെയായി പിന്നീട് പരിണമിക്കുന്നത്. അറിവുണ്ടായിരുന്നവർ ഋഷിമാരായിരുന്നു ആർഷഭാരതത്തിൽ. അവർ അകക്കണ്ണിന്റെ പ്രകാശത്തിൽ വസ്തുതകൾ ശരിയായി ഗ്രഹിച്ച ആചാര്യന്മാരുമായിരുന്നു. ഈ പരിവർത്തനം വിദ്യാഭ്യാസം വഴി സംഭവിക്കേണ്ടതത്രേ. അതുസംഭവിക്കുന്നില്ലെങ്കിൽ ശേഷകാലത്ത് സുഖമായി ജീവിക്കുന്നതിനുവേണ്ടിയുള്ള വക നേടുന്നതിനുതകുന്ന ചില തത്വങ്ങളും അഭ്യാസങ്ങളും മാത്രം പഠിച്ചുവയ്ക്കുന്നവരായി വിദ്യാർത്ഥികൾ പരിമിതപ്പെടും. അവനവനെത്തന്നെ അറിയുകയാണ് അറിവിന്റെ ആദ്യപടി. അതാണ് ആത്മജ്ഞാനം. ആത്മജ്ഞാനം പരോന്മുഖതയിലേയ്ക്കും വിശ്വസാഹോദര്യത്തിലേയ്ക്കും നയിക്കുന്നു; അതോടെ വിപരീതഫലങ്ങളുളവാക്കുന്ന സ്വാർത്ഥചിന്തകൾ ഇല്ലാതെയാകും. അപരന്റെ കൂടെനിന്ന് അപരനുവേണ്ടി ജീവിക്കാൻ സാധിക്കുകയും ചെയ്യും.

സമഗ്രമായ വികസനമാണ് വിദ്യാഭ്യാസത്തിന്റെ സർവ്വപ്രധാനമായ ലക്ഷ്യം. പ്രവർത്തനങ്ങളിൽ സ്വീകാര്യവും അഭിലഷണീയവുമായ പരിവർത്തനങ്ങൾ വരുത്തുകയെന്നതാണ് വിദ്യാഭ്യാസം കൊണ്ടുദ്ദേശിക്കുന്നത്; മനുഷ്യപ്രകൃതം തന്നെ ഉത്കൃഷ്ടമാക്കുകയെന്നതാണ് അതിലൂടെ ലക്ഷ്യമാക്കുന്നത്. ആത്യന്തിക മൂല്യങ്ങളിൽ വിശ്വസിക്കുകയും അതിന്റെ സാക്ഷാത്കാരത്തിലേക്ക് മനുഷ്യനെ നയിക്കുകയും ചെയ്യുന്ന പ്രക്രിയയായി വിദ്യാഭ്യാസത്തെക്കണ്ട ധന്യാത്മാവാണ് ഗാന്ധിജി. അദ്ദേഹം ഇപ്രകാരം പറഞ്ഞിട്ടുണ്ട്:

*ഈശ്വരൻ മാത്രം ഉണ്ട്; മറ്റൊന്നും നിലനിൽക്കുന്നില്ല. ഈ സത് അഥവാ സത്യം സ്നേഹത്തിലൂടെയും അഹിംസയിലൂടെയും മാത്രം സാക്ഷാത്കരിക്കപ്പെടേണ്ടതാണ്. മാർഗ്ഗവും ലക്ഷ്യവും പരസ്പരം മാറ്റാവുന്ന പദങ്ങളാണ്. ഈശ്വരൻ നമ്മിൽ ഓരോരുത്തരിലും ഉണ്ട്. ആകയാൽ ഈശ്വരസേവ എന്നതിനർത്ഥം മനുഷ്യരെ സേവിക്കുക എന്നാണ്. നമുക്കു ലഭിക്കുന്ന വിദ്യാഭ്യാസം നമ്മെ ഈശ്വരനിൽ നിന്നും അകറ്റുകയോ നമ്മുടെ സഹോദരങ്ങളെ സേവിക്കാൻ അപ്രാപ്തരാക്കുകയോ ചെയ്യുന്നെങ്കിൽ അത് പ്രയോജന ശൂന്യമാണ്.*[4]

നിറവേറപ്പെടാനുള്ള നിരവധി സാധ്യതകളുടെ ആകെത്തുകയാണ് മനുഷ്യൻ. ഓരോ വ്യക്തിയുടെയും മനസ്സിലും ശരീരത്തിലും ആത്മാവിലുമുള്ള ഏറ്റവും നല്ലതിനെ കണ്ടെത്തി വികസിപ്പിച്ചെടുക്കുവാനുതകുന്നതാകണം വിദ്യാഭ്യാസ പ്രക്രിയ. മൃഗീയതയിലേക്ക് അധഃപതിക്കാതെ

മനുഷ്യത്വത്തിലേക്ക് വളരാനും ദൈവീകതയിലേക്ക് ഉയരാനും വിദ്യാഭ്യാസം ഒരുവനെ സഹായിക്കുന്നു. ഒരു വ്യക്തിയുടെ മാനുഷികഗുണങ്ങളുടെയും ബൗദ്ധിക സിദ്ധികളുടെയും നൈപുണികളുടെയും പൂർണ്ണമായ വികാസവും വളർച്ചയുമാണ് വിദ്യാഭ്യാസത്തിലൂടെ സംസിദ്ധമാകേണ്ടത്. അത് വ്യക്തിത്വസമഗ്രത ഉൾക്കൊള്ളുന്നതാണ്. വികസിതമാകുന്ന വ്യക്തിത്വങ്ങളും അവ പുറപ്പെടുവിക്കുന്ന സത്ഫലങ്ങളും വഴി പുരോഗതിയിലേക്കുണർത്തപ്പെടുന്ന സംസ്ക്കാരവും രാഷ്ട്രവുമാണ് വികസനോന്മുഖ വിദ്യാഭ്യാസത്തിന്റെ അനന്തര ഫലം. ഇന്നുള്ളതും ഇനി ഉണ്ടാകാനുള്ളതുമായ ക്രിയാത്മകവും നൂതനവുമായ സംവിധാനങ്ങൾക്കും സൗകര്യങ്ങൾക്കും നിദാനം വിദ്യാഭ്യാസത്തിന്റെ ഫലമായി സംജാതമായ കണ്ടുപിടിത്തങ്ങളും ഉൾക്കാഴ്ചകളുമാണ് എന്നത് പ്രത്യേകം അടിവരയിട്ടോർക്കുക.

*അറിവിലൂടെ അഭിവൃദ്ധി; വിദ്യാഭ്യാസത്തിലൂടെ വികസനം,* ഇത് ചാവറയച്ചന്റെ വീക്ഷണമായിരുന്നു. സമൂഹത്തിന്റെ നിർമ്മിതിക്കും സമുദായത്തിന്റെ പുരോഗതിക്കും വ്യവസ്ഥിതിയുടെ വിമോചനത്തിനും ഉപകരിക്കുന്ന ഒരു സാധനയായിരുന്നു അദ്ദേഹത്തിന് വിദ്യാഭ്യാസം. വ്യക്തിയുടെ സമഗ്ര വികസനത്തിന് വിദ്യാഭ്യാസം ഒഴിച്ചുകൂടാനാകാത്ത പ്രക്രിയയാണെന്ന് വിശ്വസിച്ചിരുന്ന ചാവറയച്ചൻ 1859 മാർച്ച് 25-ന് പള്ളികളിലേക്കയച്ച ഒരു കത്തിലെ ആദ്യവാക്യം ശ്രദ്ധേയമാണ്:

*രണ്ടാമത്തെ വെളിവ് പഠിത്തമാകുന്നു. കണ്ണിന്റെ വെളിവു കൂടാതെ ലോകത്തിലുള്ള വസ്തുക്കൾ കാണ്മാൻ വശമില്ലാത്തതുപോലെ പഠിത്വം എന്ന വെളിവുകൂടാതെ പരലോകത്തെയും അതിൽ കുടിയിരിക്കുന്ന തമ്പുരാനേയും അറിവാൻ വശമില്ലാത്തതിനാൽ കണ്ണില്ലാത്തവർ കുരുടന്മാരായിരിക്കുന്നതുപോലെ പഠിത്വമില്ലാത്തവർ ജ്ഞാനകുരുടന്മാരാകുന്നു.*[5]

സമഗ്രതയുടെ വീക്ഷണങ്ങളുള്ള ഒരു മനുഷ്യൻ സദാ പ്രവർത്തനനിരതനായിരിക്കും; ദൈവോപാസനയും മനുഷ്യോപാസനയും സ്വന്തജീവിതത്തിന്റെ കേന്ദ്രലക്ഷ്യമാക്കി സാധ്യമായ സകലമാർഗ്ഗങ്ങളിലൂടെയും അപരനിലേക്ക് സേവനത്തിന്റെ കൈവഴികളിലൂടെ കടന്നു ചെല്ലുന്ന ആളുമായിരിക്കും. *മനുഷ്യർ മനസ്സുവക്കുന്ന കാര്യം മുക്കാലും നടക്കും; ശേഷം ദൈവവും നിറവേറ്റും*[6] എന്ന് ഉദ്ബോധിപ്പിക്കുന്ന ചാവറയച്ചൻ സമഗ്രതയുടെ സ്നേഹസന്ദേശമാണ് നമുക്ക് നൽകുന്നത്. ആത്മീയവും മാനസികവും ബൗദ്ധികവും കലാപരവും സർഗ്ഗാത്മകവുമായ *താലന്തു*കളെ സ്വയം വികസിപ്പിക്കുകയും അവ ഉപയോഗിച്ച് അപരന്റെ നന്മകളെക്കൂടി പ്രകാശപൂർണ്ണമാക്കി സമാനമായ സമഗ്രതയിലേക്കുയരാൻ അവരെ സഹായിക്കുകയും ചെയ്യുന്ന വിധമായിരുന്നു അദ്ദേഹത്തിന്റെ വീക്ഷണങ്ങൾ. സ്വയം ഒരു വിദ്യാർത്ഥിയായും ആചാര്യനായും മാറ്റങ്ങളുടെ പ്രണേതാവായും ഒരേസമയം വിളങ്ങിയ ചാവറയച്ചൻ അതുകൊണ്ടുതന്നെ ശരിയായ പ്രേഷിത വൃത്തിയുടെ മാതൃകയുമായി.

വിദ്യാഭ്യാസത്തിൽ മൂല്യവ്യവസ്ഥ സുപ്രധാനമാണ്. മൂല്യങ്ങളുടെ സത്ത സ്വാംശീകരിച്ച് വ്യക്തിത്വത്തിന്റെ അവിഭാജ്യഘടകവും നിതാന്ത സ്വാധീന ശക്തി പരിണമിപ്പിക്കാൻ കഴിയുമ്പോൾ അത് പ്രവർത്തനങ്ങളെ ഉദ്ദീപ്തമാക്കുന്നു. നല്ല ശീലങ്ങൾ സ്വന്തമാക്കുവാനും നല്ല ആശയങ്ങൾ രൂപവത്കരിക്കുവാനും നല്ല അഭിപ്രായങ്ങൾ ആർജ്ജിക്കുവാനും സഹായകമാകുന്നു. എല്ലാ മതങ്ങളും നിഷ്ക്കർഷിക്കുന്ന ഒന്നാണ് മൂല്യവ്യവസ്ഥ. മാതാപിതാക്കളെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യാനും ആവശ്യക്കാരനെ അറിഞ്ഞ് സഹായമെത്തിക്കുവാനും സഹജരുടെ ആപത്തുകളിൽ പങ്കുചേരാനും നന്മയുടെ പാത തിരഞ്ഞെടുക്കുവാനുമൊക്കെ അത് നിഷ്ക്കർഷിക്കുന്നു. മൂല്യവ്യവസ്ഥയെക്കുറിച്ചുള്ള അറിവ് ലോകത്തിന് മുഴുവൻ പ്രധാനപ്പെട്ടതാണ്. സ്നേഹവും കാരുണ്യവും ദയയും ഉൾക്കൊള്ളുന്ന ഈ അറിവ് സംഘർഷങ്ങളിൽ നിന്നും സംഹാരത്തിൽ നിന്നുമകന്ന് സമന്വയത്തിനും സംവാദത്തിനും, സഹവർത്തിത്വത്തിനുമായി പ്രയത്നിക്കുവാൻ പ്രേരിപ്പിക്കുന്നു. ശിഥിലമായ മനുഷ്യബന്ധങ്ങളാൽ വാർത്തെടുക്കപ്പെടുന്ന ഒരു സമൂഹം ഏകാകിയും സ്വയം തിരസ്കൃതനും തന്മൂലം അസംതൃപ്തനുമായ മനുഷ്യനെയായിരിക്കും അവശേഷിപ്പിക്കുക. തൊഴിലില്ലായ്മയോ നിരക്ഷരതയോ ദാരിദ്ര്യമോ സൃഷ്ടിക്കുന്ന പ്രശ്നത്തേക്കാൾ ലോകത്തെ മരുഭൂമിയാക്കുന്നത് സ്നേഹരഹിത സംസ്കാരമാണ്. സ്നേഹബന്ധങ്ങളാൽ ദൃഢതയാർജ്ജിക്കാത്ത കുടുംബങ്ങൾ, സ്നേഹം വറ്റിവരണ്ട ഹൃദയങ്ങൾ, സ്നേഹം സ്വപ്നം മാത്രമായിത്തീരുന്ന സംസ്കാരം..... ഇങ്ങനെയൊക്കെയുള്ള അവസ്ഥ ഉണ്ടാകാതിരിക്കാൻ നമ്മുടെ ക്ലാസ്സ് മുറികൾ സമൂലം പരിവർത്തനപ്പെട്ടേ മതിയാകൂ. സ്നേഹരഹിതരുടെ സങ്കേതമാവരുത്, സാഹോദര്യത്തിന്റെയും മൂല്യങ്ങളുടെയും കളിവീട് തന്നെയാവണം ഓരോ ക്ലാസ്സ് മുറിയും. സനാതനമൂല്യങ്ങളെ ഒഴിവാക്കിക്കൊണ്ടുള്ള വിദ്യാഭ്യാസം അർത്ഥശൂന്യമാണ് എന്ന് ചാവറയച്ചൻ വിശ്വസിച്ചു. ദൈവത്തെ പിതാവായി കാണുവാൻ കഴിയുമ്പോൾ മാത്രമേ സമത്വവും സാഹോദര്യവും ഉണ്ടാകൂ എന്ന് അദ്ദേഹം പഠിപ്പിച്ചിട്ടുമുണ്ട്.[7] സ്വഭാവശുദ്ധിയുള്ള മനസ്സും ആർദ്രമായ ഹൃദയവുമുള്ള മനുഷ്യരെയാണ് വിദ്യാഭ്യാസം സൃഷ്ടിച്ചെടുക്കേണ്ടത്.

### സഭ ലക്ഷ്യമാക്കുന്നത്

ചാവറയച്ചന്റെ കാലടിപ്പാതകളെ പിൻതുടർന്നുകൊണ്ട് വ്യക്തിപരവും സാമൂഹികവുമായ ഉത്തരവാദിത്വം നിറവേറ്റുവാൻ കഴിയും വിധം വിദ്യാർത്ഥികളെ രൂപപ്പെടുത്തുകയും സത്യം, നീതി, സ്നേഹം, സദാചാരം എന്നീ മൂല്യങ്ങൾ അവരിൽ ഊട്ടിവളർത്തി അതിലൂടെ ദൈവികതയിലേയ്ക്ക് തുറവിയുള്ള ഒരു തലമുറയെ സൃഷ്ടിക്കുകയുമാണ് *സി.എം.സി.* വിദ്യാഭ്യാസശുശ്രൂഷ ലക്ഷ്യം വയ്ക്കുന്നത്.[8] ബൗദ്ധികമായി ഉന്നതശീർഷരും മാനസികമായി

പക്വമതികളും ധാർമ്മികമായി സുതാര്യവ്യക്തിത്വത്തിന്റെ ഉടമകളും സാമൂഹികമായി പ്രതിബദ്ധിതരുമായ വ്യക്തികളായി വളരുവാൻ വേണ്ട പരിശീലനം വിദ്യാർത്ഥികൾക്ക് നല്കി, അതിലൂടെ സത്യത്തിലും നീതിയിലും സ്നേഹത്തിലും വേരൂന്നിയ ഒരു നവസമൂഹസൃഷ്ടിക്കായി സ്വയം സമർപ്പിക്കുവാൻ ഓരോ അദ്ധ്യാപകനും ഈ ധാരയിൽ പ്രതിജ്ഞാബദ്ധനാണ്.

പരോന്മുഖതയിലേക്കു നയിക്കുന്ന മൂല്യശ്രേണി വിദ്യാഭ്യാസത്തിന്റെ ഫലമായി ഉളവാകേണ്ട ഒന്നാണ്. മറ്റുള്ളവരുടെ ആവശ്യങ്ങൾ അറിയാനും മനസ്സിലാക്കാനും സ്വയം ത്യാഗം സഹിച്ചിട്ടാണെങ്കിലും അവരെ സഹായിക്കുവാനും സന്നദ്ധമാകുന്ന വ്യക്തിത്വമാണ് മഹത്വീകൃതമാകുന്നത്. പരോന്മുഖതയിലൂടെ കൈവരുന്ന അവാച്യമായ ആത്മസംതൃപ്തിയെക്കുറിച്ച് ഖലീൽ ജിബ്രാൻ പറഞ്ഞിട്ടുള്ളത് ഇവിടെ സ്മരണീയമാണ്:

*ഒരു ദിവസം ഞാനും അവനും മാത്രം ഒരു പാടത്തുകൂടെ നടക്കുകയായിരുന്നു. ഞങ്ങൾക്കിരുവർക്കും വിശപ്പുണ്ടായിരുന്നു. ഞങ്ങൾ നടന്ന് ഒരു ആപ്പിൾ മരത്തിനടുത്തെത്തി. രണ്ട് ആപ്പിൾപഴങ്ങൾ അതിൽ ഞാന്നു കിടന്നിരുന്നു. അവൻ സ്വന്തം കൈകൾ കൊണ്ട് ആപ്പിൾ മരമൊന്നു കുലുക്കി. രണ്ടാപ്പിളുകളും താഴെ വീണു. അവ പെറുക്കിയെടുത്ത് ഒരെണ്ണം അവൻ എനിക്കു തന്നു. മറ്റേത് അവൻ കൈയിൽ വച്ചു. എന്റെ വിശപ്പിന്റെ ആധിക്യത്തിൽ ഞാൻ എന്റെ ആപ്പിൾ ഭക്ഷിച്ചു തീർത്തു. ഞാൻ നോക്കുമ്പോൾ അവന്റെ കൈയിൽ മറ്റേ ആപ്പിൾ അപ്പോഴും ഉണ്ടായിരുന്നു. അതു നല്കിക്കൊണ്ട് അവൻ പറഞ്ഞു: ഇതുകൂടി ഭക്ഷിക്കുക. ഞാൻ ആപ്പിൾ വാങ്ങുകയും എന്റെ നിർല്ലജ്ജമായ വിശപ്പിൽ അതും കൂടി ഭക്ഷിക്കുകയും ചെയ്തു. മുന്നോട്ടു നടക്കുമ്പോൾ ഞാൻ അവന്റെ മുഖം ശ്രദ്ധിച്ചു. ഞാൻ കണ്ടതെന്താണെന്ന് ഞാൻ എങ്ങനെ വിവരിക്കും!*

*മെഴുകുതിരികളെരിയുന്ന ഒരു രാവ്;*
*നമുക്കപ്രാപ്യമായൊരു കിനാവ്;*
*ഇടയന്മാർ സന്തുഷ്ടരാവുകയും*
*ആട്ടിൻപറ്റങ്ങൾ സന്തോഷപൂർവ്വം*
*മേഞ്ഞുനടക്കുകയും ചെയ്യുന്ന അപരാഹ്നം;*
*ഒരു സായന്തനം, ഒരു പ്രശാന്തത,*
*ഭവനത്തിലേക്കൊരു മടക്കയാത്ര;*
*ഒരു നിദ്രയും സ്വപ്നവും...*
*ഇതെല്ലാം ഞാനവന്റെ മുഖത്തു ദർശിച്ചു!*

*അവനെനിക്ക് രണ്ടാപ്പിളും നല്കി. എന്നെപ്പോലെതന്നെ അവനും വിശന്നിരുന്നുവെന്ന് എനിക്കറിയാം. പക്ഷേ എനിക്ക് നല്കുന്നതിലൂടെ അവൻ സംതൃപ്തിയടഞ്ഞു!*[9]

അപരന്റെ വേദനകളിൽ നിന്ന് കൈകഴുകി പീലാത്തോസ് ഒഴിഞ്ഞപ്പോൾ, അപരന്റെ കാൽകഴുകി അവനിലേക്ക് ഇറങ്ങിയ ക്രിസ്തു[10] ആയിരുന്നു ചാവറയച്ചന്റെ മാതൃകാവിഗ്രഹം. സമൂഹത്തിൽ നിന്നും അകലെ നിർത്തപ്പെട്ടവരുടെയും, സമൂഹത്തിന്റെ താഴെക്കിടയിലുള്ളവരുടെയും മുഖ്യധാരയിലെ സംസ്ഥാപനവും ഇടചേരലും അദ്ദേഹത്തിന്റെ വലിയൊരു സ്വപ്നമായിരുന്നു. ദളിതരുടെ സമുദ്ധാരണം പ്രത്യേക ജീവിതനിയോഗമായിത്തന്നെ അദ്ദേഹം കണ്ടു. അജ്ഞതയിലും ഇല്ലായ്മയിലും കഴിയുവാൻ വിധിക്കപ്പെട്ട സമൂഹത്തിന്റെ കീഴ്ശ്രേണിയിൽപ്പെട്ട പുലയ-പറയ വിഭാഗങ്ങളോട് അദ്ദേഹം പ്രത്യേക മമത പുലർത്തി. വിശ്വാസവെളിച്ചത്തോടൊപ്പം അക്ഷരവെളിച്ചം കൂടി ചേർന്നാലേ അവർ ബൗദ്ധിക തലത്തിൽ വിമോചിതരും സാമൂഹ്യതലത്തിൽ സ്വതന്ത്രരുമാകൂ എന്ന് ചാവറയച്ചൻ മനസ്സിലാക്കി.[11] 1864-ൽ അവർക്കുവേണ്ടി ആർപ്പൂക്കര തുരുത്തുമാലിയുടെ കുന്നിൽ ഒരു സ്ക്കൂൾ തുടങ്ങിയതിനു പിന്നിലെ ചേതോവികാരം അതായിരുന്നുവല്ലോ.

വിജ്ഞാനത്തിന്റെ കേന്ദ്രീകരണം അധികാരത്തിന്റെയും സമ്പത്തിന്റെയും കേന്ദ്രീകരണമാണ്. ഏതുതരത്തിലുള്ള കേന്ദ്രീകരണവും അനിവാര്യമായും പാർശ്വവത്കരണത്തെ ഉണ്ടാക്കും; ചൂഷകരും ചൂഷിതരും ഉണ്ടാകും. വിജ്ഞാനം സവർണ്ണർക്കു മാത്രമായി സംവരണം ചെയ്യപ്പെട്ടപ്പോൾ കേരളത്തിലെ ഭൂരിപക്ഷം വരുന്ന ജനസമൂഹം പാർശ്വവൽകൃത വിഭാഗമായി മാറി. ഇവർക്കാണ് വിദ്യാലയ പ്രവേശനത്തിലൂടെ വിജ്ഞാനത്തിന്റെ പാത ചാവറയച്ചൻ തുറന്നിട്ടത്. കേരളത്തിലെ പാർശ്വവൽകൃത സമൂഹം അധികാരത്തിലും സമ്പത്തിലും പങ്കാളികളായി മാറുന്നതിന്റെ തുടക്കവും അതിൽ നിന്നാണ്. പാർശ്വവത്കൃത വിഭാഗങ്ങളുടെ സാമ്പത്തിക ശാക്തീകരണത്തിനും രാഷ്ട്രീയാധികാര പ്രവേശനത്തിനും കാരണമായത് അവർക്കായി തുറന്നു കിട്ടിയ പൊതുവിദ്യാലയ പ്രവേശനമായിരുന്നു.[12]

ജാതിമത ഭേദവിചാരങ്ങൾക്കതീതമായി സകലർക്കും വിദ്യാഭ്യാസ സാധ്യതകൾ തുറന്നുകൊടുക്കുന്ന *വിദ്യാലയ പ്രവേശന വിളംബരം* എന്നുതന്നെ വിശേഷിപ്പിക്കപ്പെടാവുന്ന *പള്ളികൾ തോറും പള്ളിക്കൂടങ്ങൾ* എന്ന നിർദ്ദേശം സുറിയാനി പള്ളികളിൽ നിർബന്ധമായും പ്രാവർത്തികമാക്കിയ ചാവറയച്ചൻ കേരള സമൂഹശ്രേണിയിലുളവാക്കിയ തരംഗങ്ങൾ അന്യാദൃശമായിരുന്നു. വിദ്യാലയങ്ങൾ സാർവ്വത്രികമായി സംസ്ഥാപിതമായി. അവയിൽ വേർതിരിവുകളില്ലാതെ എല്ലാവർക്കും പ്രവേശനവും ലഭിച്ചു. സകലർക്കും വിദ്യാഭ്യാസം! നിലവിലിരുന്ന പരിവൃത്തത്തിൽ അസാധ്യവും അചിന്തനീയവും അതിനാൽ അപൂർവങ്ങളിൽ അപൂർവ്വവുമായ സാധ്യത തുറന്നുകൊടുത്ത ചാവറപിതാവിന്റെ പരാനുഭൂതിയുടെ ദീർഘ ദർശനം അവസരസമത്വത്തിന്റെയും ആത്മവിശ്വാസത്തിന്റെയും അന്തരീക്ഷം സാധാരണക്കാർക്കായി സംജാതമാക്കുകയായിരുന്നു. തങ്ങളും പരിഗണനാർഹരും

വിലമാന്യതയുള്ളവരും ഈ നാടിന്റെയും സംസ്കാരത്തിന്റെയും പുരോഗതിയുടെയും അവകാശികളുമാണെന്ന ആത്മവിശ്വാസം പാർശവത്കരിക്കപ്പെട്ടവർക്കുണ്ടായതാണ് ആധുനിക കേരളത്തിലെ പൊതുസമൂഹസൃഷ്ടിക്കു ഭൂമികയായത്.

പൊതുവിദ്യാലയപ്രവേശനത്തിന്റെ പ്രാധാന്യം തന്റെ തന്നെ അനുഭവം മുൻ നിർത്തി ഡോ.കെ.എസ്.രാധാകൃഷ്ണൻ സമർത്ഥിക്കുന്നത് ഇപ്രകാരമാണ്:

*ആദ്യം പൊതുവിദ്യാഭ്യാസം ലഭിച്ചവരെല്ലാവരും ഇന്ത്യയിൽ രാഷ്ട്രീയാധികാരങ്ങളിൽ എത്തിച്ചേർന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആദ്യകാലനേതാക്കൾ മാത്രമല്ല ഇതര കക്ഷികളുടെയും ആദ്യകാല നേതാക്കളെല്ലാം ഈ പൊതു വിദ്യാഭ്യാസം ലഭിച്ചവരായിരുന്നു..........കേരളത്തിൽ നിന്ന് നിയമനിർമ്മാണ സഭയിലെത്തിയ ഒരാൾ ദാക്ഷായണി വേലായുധനാണ്. കൊച്ചിയിലെ ആദ്യ വനിതാ ബിരുദധാരിണിയായ അവർ മുളവുകാട് പൊന്നാരിമംഗലം സെന്റ് മേരീസ് എൽ.പി. സ്കൂൾ വിദ്യാർത്ഥിനിയായിരുന്നു. ഇന്നു പോലും ഒരു വിദ്യാലയം നടത്തുന്നത് ലാഭകരമല്ലാത്ത മുളവുകാട് തുരുത്തിൽ പത്തൊമ്പതാം നൂറ്റാണ്ടിൽത്തന്നെ നാലു വിദ്യാലയങ്ങളാണ് കത്തോലിക്കാസഭ സ്ഥാപിച്ചത്. ഈ ലേഖകൻ പഠിച്ചതും അതിലൊന്നിലായിരുന്നു എന്ന കാര്യം കൃതജ്ഞതാപൂർവ്വം സ്മരിക്കട്ടെ.*[13]

അപരന്റെ ഹൃദയത്തെ തന്റെ കാരുണ്യത്താൽ സ്പർശിച്ച് അവനിലെ ദൈവത്തെ തിരിച്ചറിഞ്ഞ ചാവറയച്ചൻ തന്റെ പരോന്മുഖ പ്രേഷിതശുശ്രൂഷയിലൂടെ താൻ സ്വീകരിച്ച സമർപ്പണ സപര്യയുടെയും താപസജീവിതത്തിലൂടെ ധന്യമാക്കിയ പുരോഹിതവൃത്തിയുടെയും ആഴങ്ങൾ തൊട്ടറിയുകയായിരുന്നു. അതുതന്നെയാണ് അദ്ദേഹത്തിന്റെ ദർശനങ്ങൾ വഴിവെളിച്ചങ്ങളായി പരിണമിക്കുന്നതിനു നിദാനവും.

സമുദായത്തിന്റെയും സമൂഹത്തിന്റെയും അടിസ്ഥാനമായ കുടുംബത്തെക്കുറിച്ച് അടിയുറച്ച ദർശനമുള്ള ആത്മീയ നേതാവായിരുന്നു ചാവറയച്ചൻ: *കുടുംബത്തിന്റെ ന്യായം എന്നത് രക്തബന്ധത്താലും സ്നേഹത്താലും പരസ്പരം ബന്ധിതരായ പല വ്യക്തികൾ ഒരുമിച്ച് കാരണവന്മാരുടെ നേരെ ബഹുമാനവും വിധേയത്വവും പുലർത്തി തമ്പുരാനോടും മനുഷ്യരോട് തന്നെയും സമാധാനത്തിൽ വർത്തിച്ച് അവരവരുടെ അന്തസ്സിന് അനുസരിച്ച് നിത്യഗതിയെ പ്രാപിക്കുന്നതിന് പ്രയത്നം ചെയ്ത് ഒരുമിച്ചു ജീവിക്കുന്നതാകുന്നു:*[14] ഇതായിരുന്നു കുടുംബങ്ങളെക്കുറിച്ചുള്ള ചാവറയച്ചന്റെ സങ്കല്പം. ഈ കുടുംബ സങ്കല്പത്തിൽ വിവിധ ഘടകങ്ങൾ ഉൾച്ചേർന്നിട്ടുണ്ട്. രക്തബന്ധത്താലും സ്നേഹത്താലുമുള്ള യോജിപ്പ്, മാതാപിതാക്കളോടുള്ള മക്കളുടെ ബഹുമാനവും വിധേയത്വവും, പരസ്പരമുള്ള അംഗീകാരവും സമാധാനവും, സ്വർഗ്ഗീയജീവിതത്തെ മുൻനിർത്തിയുള്ള

പ്രവർത്തനങ്ങൾ.... തുടങ്ങിയവയാണവ. വിദ്യാഭ്യാസത്തിലൂടെ നേടുന്ന അറിവ് കുടുംബജീവിതത്തെ ഉത്കൃഷ്ടമാക്കുമെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. സ്ത്രീജനങ്ങളെ വിദ്യാഭ്യാസത്തിലൂടെ പ്രബുദ്ധരാക്കിയാൽ ഉത്തമമായകുടുംബങ്ങളും ഉത്കൃഷ്ടരായ മക്കളും ഉണ്ടാകും എന്ന ബോദ്ധ്യം അദ്ദേഹത്തിന്റെ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്ക് പ്രത്യേക ദീപ്തി നൽകി.

കുടുംബങ്ങളുടെ അഭ്യുന്നതിക്കുവേണ്ടി തനിക്കു ചെയ്യാൻ കഴിയുന്നതെല്ലാം അദ്ദേഹം ചെയ്തു. കുടുംബജീവിതത്തിന്റെ ദൗത്യവും മഹത്വവും അവരെ പഠിപ്പിച്ചുകൊണ്ട് *കുടുംബചട്ടം* തന്നെ എഴുതിയുണ്ടാക്കി. തന്റെ നിക്ഷേപമായി അവ കാണണമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിലാഷം.[15] കുടുംബത്തെ അതിവർത്തിച്ചവനായിരുന്നിട്ടും കുടുംബങ്ങളെ ഉൽകൃഷ്ടമാക്കുന്നതിനുവേണ്ടി ത്യാഗങ്ങളേറ്റെടുക്കാൻ അദ്ദേഹം തയ്യാറായതും പ്രാപ്തനായതും ദൈവത്തിനും ദൈവജനത്തിനുമായി ചെയ്ത ആത്മാർപ്പണം ആ ജീവിത പ്രവർത്തന വീഥികളിലെ പ്രേരകശക്തിയായിരുന്നതുകൊണ്ടാണ്.

*വിദൂരത്തു വിരിയുന്ന താഴ്വരപ്പൂക്കൾ അന്തരീക്ഷത്തിലേക്കു പരിമളം പരത്തുന്നതുപോലെ അവർ ദാനം ചെയ്യുന്നു. ഇത്തരക്കാരുടെ കരങ്ങളിലൂടെ ദൈവം സംസാരിക്കുന്നുവല്ലോ. അവരുടെ മിഴികൾക്ക് പിന്നിൽനിന്ന് ദൈവം ഭൂമിക്കു മേൽ മന്ദഹാസം പൊഴിക്കുന്നുവല്ലോ....*[16]

യാന്ത്രിക സംസ്കാരം ഇന്ന് കുടുംബങ്ങളെ ആപത്കരമായ ഒരു കെണിയിലാഴ്ത്തിയിരിക്കുകയാണ്. വീടുകൾ ലോഡ്ജുകളായി മാറിപ്പോയിരിക്കുന്നു. അപ്പൻ പണം നൽകുന്ന ബാങ്കായും അമ്മ കുക്കായും സഹോദരങ്ങൾ അപരിചിതരായും മാറി. ഒരുമിച്ചുള്ള ഭക്ഷണത്തിന്റെയും പ്രാർത്ഥനയുടെയും ഹൃദ്യതയും സ്നിഗ്ദ്ധതയും അന്യമായി. ഏകാന്തതയുടെ തുരുത്തുകളിൽ ആയിരിക്കുന്നു എല്ലാവരുംതന്നെ. അകലെയുള്ള ആരോ ആയി സംവദിക്കുകയും അവരെ ശ്രവിക്കുകയും ചെയ്യുന്ന മൊബൈൽഫോൺ കാതിൽ നിന്നകറ്റാൻ നേരമില്ല ആർക്കും. അനുനിമിഷവും ചെറുതായിക്കൊണ്ടിരിക്കുകയാണ് ഓരോരുത്തരുടെയും സ്വന്തം ലോകങ്ങൾ. ഹൃദയരഹിത സംസ്കാരത്തിൽ ആത്മഹത്യകളും അക്രമങ്ങളും വഞ്ചനകളും വിവാഹമോചനങ്ങളും അശരണതയുടെ അനാഥത്വത്തിലേക്ക് വലിച്ചെറിയപ്പെടുന്ന വാർദ്ധക്യങ്ങളും വർദ്ധിച്ചുകൊണ്ടേയിരിക്കും.

യന്ത്രങ്ങളും സൗകര്യങ്ങളുമല്ല, സ്നേഹവാത്സല്യങ്ങളും കരുതലുകളും പ്രിയപ്പെട്ടവരുടെ സ്നേഹാശ്ലേഷപൂർണ്ണമായ തിരുത്തലുകളും അംഗീകാരങ്ങളുമൊക്കെയാണ് ഓരോ വ്യക്തിയേയും ആന്തരികമായി കരുത്തനാക്കുന്നത്. അവിടെയാണ് കുടുംബങ്ങളുടെ പ്രസക്തി. യഥാർത്ഥ കുടുംബത്തിലേക്കുള്ള മടക്കം ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. മഹത്വമുള്ള

കുടുംബത്തെ വിഭാവനം ചെയ്യുകയും അതിനായി മാർഗ്ഗരേഖകൾ തയ്യാറാക്കുകയും അതിലെത്തിപ്പെടുവാനുള്ള വഴിവിളക്കായി സ്വയം സമർപ്പിക്കുകയും ചെയ്ത ചാവറയച്ചന്റെ പഠനദർശനങ്ങളുടെ പ്രസക്തി ഇവിടെയാണ് മാറ്റു തെളിയുന്നത്. നഷ്ടസ്വർഗ്ഗങ്ങളുടെ വീണ്ടെടുപ്പിന്റെ സുവിശേഷഘോഷകനായി ചാവറയച്ചൻ ഇവിടെ സമൂഹമധ്യത്തിൽ കാലാതിശയിയായി അമരത്വം നേടുന്നു.

കുട്ടികളുടെ പഠന സവിശേഷതകളെക്കുറിച്ച് പഠനം നടത്തിയ പ്രശസ്ത മനഃശാസ്ത്ര ഗവേഷകനായ *ജീൻ പിയാഷെ* കുട്ടികളെ വിശേഷിപ്പിക്കുന്നത് *കൊച്ചുശാസ്ത്രജ്ഞർ* എന്നാണ്. മുതിർന്നവരെ അപേക്ഷിച്ച് ചുറ്റുപാടും കൂടുതൽ നിരീക്ഷിക്കുന്നവരും കണ്ടെത്തലുകൾ നടത്തുന്നവരുമാണ് കുട്ടികൾ. അതുകൊണ്ട് മുതിർന്നവർ തങ്ങളുടെ അറിവുകൾ കുട്ടികളിൽ അടിച്ചേല്പിക്കുകയല്ല വേണ്ടത്; സ്വയം കണ്ടെത്തലുകൾ നടത്താൻ അവരെ സഹായിക്കുകയാണ്. അതിനുതകുംവിധമാവണം വിദ്യാഭ്യാസ പ്രവർത്തനത്തിന്റെ ഭാവഘടന. സ്നേഹവും സത്യവും ആയ ദൈവത്തെ തന്നിൽത്തന്നെ കണ്ടെത്തുവാനും ദൈവം തന്നിൽ നിക്ഷേപിച്ചിരിക്കുന്ന അനന്തസാധ്യതകളുടെ ചക്രവാളങ്ങൾ തിരിച്ചറിയുവാനും അതിലൂടെ തന്റെ ജീവിത മണ്ഡലത്തെ പ്രഭാപൂർണ്ണമാക്കുവാനും വിദ്യാഭ്യാസം പഠിതാവിനെ പ്രാപ്തനാക്കണം. വഴിയൊരുക്കുകമാത്രം ചെയ്യുന്നയാളാണ് അദ്ധ്യാപകൻ. വ്യക്തികളെ വസ്തുക്കളായി കാണാനല്ല, തന്റെയും അപരന്റെയും വ്യക്തിത്വത്തിന്റെ അനന്യതയെ തിരിച്ചറിയാനും ആദരിക്കുവാനുമാണ് വിദ്യാഭ്യാസം ഒരാളെ സഹായിക്കേണ്ടത്. അവിടെ മാർഗ്ഗദർശകരാവുകയാണ് അധ്യാപകരുടെ നിയോഗം.

കോത്താരികമ്മീഷന്റെ വീക്ഷണത്തിൽ അധ്യാപകന്റെ പരിപക്വമായ വ്യക്തിത്വം വിദ്യാർത്ഥിയുടെ അപക്വമായ വ്യക്തിത്വത്തിനുമേൽ ചെലുത്തുന്ന സ്വാധീനശക്തിയാണു വിദ്യാഭ്യാസം.[17] ഭാഷയും കണക്കും ശാസ്ത്രവും ചരിത്രവും പഠിപ്പിക്കുന്നതിനോടൊപ്പം അറിഞ്ഞോ അറിയാതെയോ വിദ്യാർത്ഥികളുടെ വ്യക്തിത്വത്തിന് രൂപഭാവങ്ങൾ നൽകുന്ന ശില്പികളാകണം അദ്ധ്യാപകർ.

ചാവറയച്ചന്റെ വീക്ഷണത്തിൽ മക്കളുടെ പരിശീലനത്തിൽ അദ്ധ്യാപകരുടെയും മാതാപിതാക്കളുടെയും മാതൃക വളരെ പ്രധാനമാണ്. മക്കളുടെ ശിക്ഷണത്തിൽ ശകാരിക്കുകയോ ശപിക്കുകയോ ചെയ്യുന്നവരാകുന്നതിനേക്കാൾ ജീവിത മാതൃകളായി വർത്തിയ്ക്കണം മാതാപിതാക്കൾ എന്ന് *ചാവരുളിൽ* ചാവറയച്ചൻ എടുത്തു പറയുന്നു. കുട്ടികളുടെ അമൂല്യത തിരിച്ചറിഞ്ഞ ചാവറയച്ചൻ മാതാപിതാക്കളെ ഉദ്ബോധിപ്പിച്ചു: *മക്കൾ, സർവ്വേശ്വരൻ സൂക്ഷിപ്പാനായിട്ട് നിങ്ങളുടെ കൈയിൽ ഏല്പിച്ചിരിക്കുന്ന ഒരു നിക്ഷേപമാകുന്നു.*[18] സൂക്ഷിക്കുവാനായി ഏല്പിക്കപ്പെട്ട നിക്ഷേപങ്ങൾ

കൈമോശം വരാതെയും തേയ്മാനം കൂടാതെയും പരിരക്ഷിക്കുകയാണ് ചെയ്യേണ്ടത്. ഈ പരിരക്ഷയാണ് മാതാപിതാക്കളുടെയും ഗുരുഭൂതരുടെയും ദൗത്യം. ശൈശവ മനസ്സിന്റെ സുതാര്യമായ കന്യാപ്രതലത്തിൽ നല്ല മാതൃകകളും നല്ല ആശയങ്ങളും പ്രതിഫലിപ്പിച്ച് ജീവിതത്തെക്കുറിച്ചുള്ള മനോഹരചിത്രങ്ങൾ സ്വയം രൂപീകരിക്കുവാൻ അവരെ പ്രാപ്തരാക്കണം.

സുന്ദരമായ ജീവിതചിത്രങ്ങളുടെയും സ്വഛതയുടെ നിമിഷങ്ങളുടെയും പങ്കുവക്കലിന്റെയും ഒരുപാട് മുഹൂർത്തങ്ങൾ നഷ്ടപ്പെടുന്നവരാണ് ഇന്നത്തെ കുട്ടികൾ. ജനനനിമിഷം മുതൽ മത്സരക്കളത്തിലെ ഓട്ടക്കാരനെപ്പോലെ ആരെയുമറിയാതെ, ആരെയും കാണാതെ വികലമായ യാന്ത്രിക സംസ്കാരത്തിന്റെ കടുത്ത ചിത്രങ്ങളും വിപണീവിനിമയ തന്ത്രങ്ങളുടെ മായക്കാഴ്ചകളും മനസ്സിൽ പേറി, എവിടേയ്ക്കെന്നില്ലാത്ത ഏതോ പ്രയാണത്തിലാണ് ഇന്നവർ. വീടുകളും വിദ്യാലയങ്ങളും ഒരുപോലെ സംഘർഷാന്തരീക്ഷം മാത്രമാണ് അവർക്ക് പകുത്തു നൽകുന്നത്. സഹാനുഭൂതിയുടെയും പങ്കുവക്കലിന്റെയും പാഠങ്ങൾ പഠിക്കാതെ ആഗ്രഹങ്ങൾ മാത്രം ശാഠ്യപൂർവ്വം സാധിച്ചെടുത്ത് വളരുന്ന കുട്ടി ടെലിവിഷന്റെയും കമ്പ്യൂട്ടറിന്റെയും വിഭ്രമാത്മക ലോകത്തിന്റെയും സംഭാവനകളെ മാത്രം റോൾ മോഡലുകളാക്കുന്നു. അവിടെ യഥാർത്ഥത്തിൽ നഷ്ടം സമൂഹത്തിനും രാഷ്ട്രത്തിനുമാണ് എന്നു തിരിച്ചറിയുവാൻ നാം വൈകിയിരിക്കുന്നു.

അധ്യാപകൻ നൽകുന്ന സദ്മാതൃകകൾക്ക് ഈ സാഹചര്യത്തിൽ ഏറെ പ്രസക്തിയുണ്ട്. പറഞ്ഞു കൊടുക്കുന്നതിനെക്കാൾ പ്രധാനമാണത്; പ്രയോജനകരമാണത്. അദ്ധ്യാപകരുടെ ജീവിതം തന്നെയാവണം ആ സദ്മാതൃകകൾ. അത് കുട്ടികൾ പെട്ടെന്ന് മനസ്സിൽ ഒപ്പിയെടുക്കും. മുറിവേറ്റ പക്ഷിക്കുഞ്ഞുങ്ങളാണ് കുട്ടികൾ. നിരാകരണത്തിന്റെ സ്നേഹശൂന്യതയിലാണവർ പെട്ടിരിക്കുന്നത്. ഓരോരുത്തരും പ്രത്യേക പരിചരണം ആവശ്യപ്പെടുന്നു; കുടുംബവും സമൂഹവും നഷ്ടപ്പെടുത്തുന്ന മനുഷ്യത്വത്തിന്റെയും സഹാനുഭൂതിയുടെയും നേടിവരിക്കേണ്ടതായ സർഗ്ഗാത്മകതയുടെയും സത്യാന്വേഷണത്തിന്റെയും അമൂല്യമായ പാഠങ്ങൾക്കായി അവർപോലുമറിയാതെ അവരുടെ മനസ്സ് തപിക്കുന്നു. ദാഹിക്കുന്നു. അതു കണ്ടറിയണം അദ്ധ്യാപകരും വിദ്യാലയങ്ങളും; പരിഹരിക്കണം. കാരുണ്യവും കരുതലും സമ്മാനിക്കുവാൻ വീടുകൾക്ക് കഴിയാതെ വരുമ്പോൾ ക്ലാസ്സ് മുറികളേ പിന്നെ ആശ്രയമായി അവശേഷിക്കുന്നുള്ളൂ. ഈ തിരിച്ചറിവ് ആവശ്യപ്പെടുന്ന ജാഗ്രത ഓരോ കുഞ്ഞിനെയും വ്യക്തിപരമായി ഉണർത്താനും ശ്രദ്ധിക്കാനും അധ്യാപകരെ പ്രത്യേകം ചുമതലപെടുത്തുന്നുണ്ട്.

ആത്മനിഷ്ഠമായ, അനന്യമായ, പ്രക്ഷുബ്ധമായ ഇന്നത്തെ തലമുറക്ക് നേരായ നേതൃത്വം നൽകാനാഗ്രഹിക്കുന്ന മാതാപിതാക്കളും അധ്യാപകരും മൂന്ന് പ്രധാനപ്പെട്ട റോളുകൾ ഏറ്റെടുക്കണമെന്ന് *മുറിവേറ്റ സൗഖ്യദായകൻ*

*(Wounded Healer)* എന്ന ശ്രദ്ധേയമായ ഗ്രന്ഥത്തിൽ ഹെന്റി നോവാൻ (Henry Nowoen)നിർദ്ദേശിക്കുന്നു.ഒന്നാമതായി, അവർ സ്വന്തം ആത്മീയ ഭാവങ്ങളെ സ്വന്തം വ്യക്തിത്വത്തിൽ സമന്വയിപ്പിച്ച് യുവതലമുറക്ക് വഴികാട്ടികൾ (articulator of inner events) ആകണം. രണ്ടാമതായി, അവർ യുവജനങ്ങളോടുള്ള വർത്തനത്തിൽ കാരുണ്യത്തിന്റെ പ്രതീകങ്ങൾ (men of compassion) ആകണം. മൂന്നാമതായി, അവർ യുവതലമുറക്ക് മാതൃകകൾ (contemplative critics) ആകണം.[19] തങ്ങൾ എടുക്കുന്ന തീരുമാനങ്ങൾ അടിച്ചേൽപിക്കാൻ തയ്യാറാകാതെ കുട്ടികളുടെ ഭാവിയെപ്പറ്റി, പഠിത്തത്തെപ്പറ്റി, കൂട്ടുകാരെപ്പറ്റി, പ്രവർത്തന മണ്ഡലങ്ങളെപ്പറ്റി, ജീവിതാന്തസ്സിനെപ്പറ്റി അവരുമായി ചർച്ചചെയ്യാൻ മാതാപിതാക്കളും അധ്യാപകരും തയ്യാറാകണം. അവരുടെ ആഗ്രഹങ്ങളും അഭിരുചികളും പ്രതീക്ഷകളും അന്വേഷിച്ചറിഞ്ഞ് അവരുടെ ഭാവി സ്വയം തീരുമാനിക്കാൻ അവർക്ക് കെല്പും സാഹചര്യവും ഒരുക്കണം. ആത്മനിഷ്ഠമായ തലമുറയെ ശൂന്യതാബോധം, ലക്ഷ്യ ബോധമില്ലായ്മ, സ്വാർത്ഥത എന്നീ നിഷേധാത്മക പ്രവണതകളിൽ നിന്ന് വിമോചിപ്പിക്കുവാൻ കഴിയണമെങ്കിൽ സ്വന്തം ആന്തരികഭാവങ്ങളെ വ്യക്തിത്വത്തിൽ സമന്വയിപ്പിച്ച് അവതരിപ്പിക്കുവാൻ മാതാപിതാക്കൾക്കും അധ്യാപകർക്കും കഴിയണം എന്ന സന്ദേശമാണ് വിദ്യാഭ്യാസ വിചക്ഷണനായ ചാവറയച്ചൻ ലോകത്തിന് കൈമാറിയത്.

വിദ്യാഭ്യാസത്തിന്റെ സുപ്രധാന ഫലമാണല്ലോ സാമൂഹ്യ വികസനം. വ്യക്തികൾ ആർജിക്കുന്ന വികസനത്തിന്റെ സമൂഹതലത്തിലുള്ള ആകെത്തുകയാണ് സാമൂഹിക വികസനം. വിദ്യാഭ്യാസം മാറ്റങ്ങൾക്കു നാന്ദി കുറിക്കുന്നു. അറിവിലൂടെ ആശാസ്യമായ പരിവർത്തനങ്ങൾ സാമൂഹിക വ്യവസ്ഥിതിയിലുണ്ടാകുന്നു. മൂല്യ വ്യവസ്ഥ നിർണ്ണയിക്കപ്പെടുന്നു. പ്രവർത്തനശൈലികൾക്ക് മാനദണ്ഡങ്ങൾ നിശ്ചയിക്കപ്പെടുന്നു. തൊഴിൽ സാഹചര്യങ്ങളും തൊഴിൽ സാധ്യതകളും വികസിക്കുന്നു. നിർമ്മാണപരതയും ഉല്പന്നങ്ങളുടെ മേന്മയും വർദ്ധിക്കുന്നു. സംവിധാനങ്ങളും സൗകര്യങ്ങളും പുരോഗതിയിലധിഷ്ഠിതമായി അടിക്കടി മാറിക്കൊണ്ടിരിക്കുന്നു. വിദ്യാഭ്യാസം സമൂഹത്തിനും രാഷ്ട്രത്തിനും വ്യക്തികൾക്കും ചെയ്യുന്ന സേവനങ്ങളും നന്മകളും നിസ്തുലമാണ്. സമൂഹത്തിന്റെ പുരോഗതി വിദ്യാഭ്യാസത്തിലും വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ സമൂഹത്തിലും പ്രതിഫലിക്കുന്നതിനാൽ രണ്ടും പരസ്പരാനുബന്ധവും പൂരകവുമത്രെ.

സമൂഹത്തിന്റെ നിർമ്മിതിയിൽ മഹാത്മാക്കളുടെ പങ്ക് നിസ്തുലമാണ്. ടെക്നോളജിയുടെ കേവല വികാസത്തിനുമപ്പുറം മാനവികതയുടെ യഥാർത്ഥവും ആത്യന്തികവുമായ വികസനത്തിനു വിത്തുപാകുന്നത് അവരാണ്. രാഷ്ട്രനേതാക്കളെയും മഹാത്മാക്കളെയും സൃഷ്ടിക്കുന്നത് ഒരു പരിധിവരെയും അവർക്കു ലഭിക്കുന്നതും അവർ സ്വീകരിക്കുന്നതുമായ വിദ്യാഭ്യാസമാണ്; അതോടു ചേർന്ന് രൂപപ്പെടുന്ന ജീവിതമാണ്; അതിൽ നിന്നും

പ്രസരിക്കുന്ന സംസ്കാരമാണ്. ക്രിസ്തുവിനെ ഒറ്റിക്കൊടുത്ത യൂദാസ് അധികാരത്തിന്റെ രാജ്യം സ്വപ്നം കണ്ടപ്പോൾ എല്ലാവരും രാജത്വത്തിലേക്കുയർത്തപ്പെടണമെന്നതായിരുന്നു ക്രിസ്തുവിന്റെ സ്വപ്നം. എല്ലാവരും മഹത്വത്തിലേക്കുയരുന്ന ഒരു സമൂഹമാണ് ചാവറയച്ചന്റെ സ്വപ്നങ്ങളിലുണ്ടായിരുന്നത്. അച്ചടി പ്രസ്ഥാനത്തിന് ഇറങ്ങിത്തിരിക്കുന്നിടത്തും വിദ്യാലയങ്ങൾക്ക് രൂപം നൽകുന്നിടത്തും അഗതിമന്ദിരത്തിനും നന്മരണസഖ്യസ്ഥാപനത്തിനുമൊക്കെ വേണ്ടി പ്രയത്നിക്കുന്നിടത്തും എല്ലാം കാണാനാകുന്നത് ഇതിന്റെ പ്രകാശനങ്ങൾ തന്നെയാണ്.

സമൂഹം എന്നത് മനുഷ്യരുടെ മാത്രം കൂട്ടായ്മയല്ല. മനുഷ്യനും അവന് ജീവൻ നൽകുന്ന പ്രകൃതിയും അതിലെ ജീവജാലങ്ങളും ഹരിത സമ്പത്തും എല്ലാം ചേർന്നതാണ് സമൂഹം എന്ന വിശാലമായ കാഴ്ചപ്പാട് നമുക്കുണ്ടാകേണ്ടതാണ്. പ്രകൃതിയെകൂടി സമൂഹത്തിന്റെ ഭാഗമായി കാണാനാകണം. പ്രകൃതിയോടിണങ്ങി അധിവസിക്കുന്ന മനുഷ്യസമൂഹത്തിന്റെ സംസ്കാരമേ കാലാതിവർത്തിയായ വികസനത്തിലേക്ക് ഉണരുകയുള്ളൂ. പരസ്പരം സഹായമേകിക്കൊണ്ട് സഹവർത്തിത്വത്തിലൂടെ പ്രപഞ്ചത്തെ നിലനിർത്തുന്ന പ്രകൃതിയുടെ സൂക്ഷിപ്പുകാരായിരിക്കാൻ മനുഷ്യന് ഉത്തരവാദിത്വമുണ്ട്; അതാകട്ടെ ഈശ്വര നിയോഗവുമാണ്. പ്രകൃതിയോടും സഹജീവികളോടുമുള്ള ബന്ധത്തിലാണ് മനുഷ്യ വ്യക്തിത്വം വികസ്വരമാകുന്നത്. പ്രകൃതിനൽകുന്ന പാഠങ്ങൾ തന്നെ നമ്മുടെ ചിന്തയെ ആ വഴിക്കുണർത്തുന്നുണ്ടല്ലോ.

*....പരോപകാരായ ഫലന്തി വൃക്ഷാ*
*പരോപകാരായ വഹന്തിനദ്യാ*
*പരോപകാരായ ദുഹന്തിഗാവാ*
*പരോപകാതർത്ഥ വിദം ശരീരം*[20]

പരോപകാരത്തിനുവേണ്ടി കായ്ക്കുന്ന മരങ്ങൾ, ഒഴുകുന്ന നദികൾ, പാലു തരുന്ന പശുക്കൾ.... അതുപോലെ അക്കൂട്ടത്തിൽ തന്നെയാണു നമുക്കുമിടമെങ്കിൽ പരോപകാരത്തിനുവേണ്ടിയുള്ളവരാണു നാമും. സ്വജീവിതത്തെമുഴുവനും അപരനുവേണ്ടി ഉഴിഞ്ഞു വച്ച ചാവറയച്ചന്റെ ദർശനഫലങ്ങൾ ഇന്നു നമ്മുടെ സമൂഹത്തെ വികസിതമാക്കുന്നു. അതിന്റെ ഫലവിളവുകൊയ്യുമ്പോൾ അതിനു പകരമായി നാളേക്കു വേണ്ടി യഥാർത്ഥമായ പുരോഗതിയുടെയും സമത്വത്തിന്റെയും സത്യം, നീതി, സ്നേഹം, ഇവയിലധിഷ്ഠിതമായ ജീവിതചര്യയുടെയും കരുതൽ ഫലങ്ങൾ വരും നാളെകൾക്കായി സ്വരുക്കൂട്ടിവയ്ക്കുവാൻ നമുക്കു കടമയുണ്ട്. ദൈവികപ്രകാശത്തിന്റെ കാരുണ്യകിരണങ്ങൾ അത്രയും പ്രതിഫലിക്കുവാൻ വിധം തന്റെ അകതാരിനെ സുതാര്യമാക്കി ദൈവത്തിന്റെ ദർശനങ്ങൾ തന്നിലൂടെ ലോകത്തിനു മുഴുവൻ പകർന്നു തന്ന ചാവറയച്ചന്റെ താരതമ്യങ്ങളില്ലാത്ത ഉദാത്തമാതൃക നമ്മോട് നിരന്തരം ഉദ്ബോധിപ്പിക്കുന്നതും അതാണ്.

ഇന്നത്തെയുഗത്തിൽ വിജ്ഞാനത്തിന്റെ രസവാസനകളാകണം നമ്മെ നയിക്കേണ്ടത്. ഒരിക്കലും മടുക്കാത്ത സ്നേഹത്തിന്റെ ദീപ്തിയാൽ പ്രചോദിതമായതും ജ്ഞാനത്താൽ ഭരിക്കപ്പെട്ടതുമായ ഒരു ജീവിതശൈലി സ്വന്തമാക്കാൻ നമുക്കു കഴിയണം. സാധാരണയായി വാക്കുകളെക്കുറിച്ചേ ചിന്തിക്കാറുള്ളൂ. എന്നാൽ വാക്കുകൾക്കപ്പുറത്തുള്ള അർത്ഥത്തിലേയ്ക്ക് മനസ്സ് വന്നെത്തുവാനും അതിൽ നിന്നും നിറവേറ്റി ജീവിക്കുവാനുമുതകുന്ന വിദ്യാഭ്യാസപ്രക്രിയയാണിവിടെ ആവശ്യമായിരിക്കുന്നത്. അതിനു വേണ്ട ഊർജ്ജ പിൻബലമാകുവാൻ ചാവറയച്ചനെപ്പോലുള്ള തേജഃസ്വിയുടെ ചിന്തകൾക്കു കഴിയും.

ദൈവീകചൈതന്യം തെളിച്ചുതന്ന ദർശനങ്ങളെ വലിയ സാക്ഷാത്കാരങ്ങളിലേക്ക് വ്യാപിക്കുവാനിടവരുത്തിയ ചാവറപിതാവിന്റെ ആത്മാവിലെ സ്വർഗ്ഗീയ ചൈതന്യത്തിന്റെ പ്രസരണം നാം ഇന്നും ഏറ്റുവാങ്ങുന്നു; സന്തോഷത്തോടെയും വിസ്മയത്തോടെയും ദൈവവുമായി സ്ഥാപിച്ചെടുത്ത വേർപിരിയാനാകാത്ത ബന്ധമാണ് അദ്ദേഹത്തെ ഒരു തികഞ്ഞ മനുഷ്യസ്നേഹിയും സാമൂഹിക പരിഷ്കർത്താവും വിദ്യാഭ്യാസ വിചക്ഷണനും സംസ്കാരികനായകനും ദാർശനികനുമൊക്കെയാക്കി മാറ്റിയത്. തകർന്നും ഉടഞ്ഞും ശിഥിലമായ ജീവിതങ്ങളെ തന്റെ ജീവിതത്തോടു ചേർത്തു നിർത്തി അവരുടെ ജീവിതങ്ങളിലേക്കിറങ്ങിച്ചെന്ന് പരിഹാരവഴികളിലൂടെ അവരുടെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്കായി  കണക്കുകൂട്ടലുകളില്ലാതെ തന്നെത്തന്നെ പൂർണ്ണമായും സമർപ്പിക്കുകയായിരുന്നു ചാവറയച്ചൻ. അതുതന്നെയാണ് ചാവറയച്ചന്റെ ദർശനങ്ങളുടെ ആകെത്തുകയും.

സഭയുടെയും സമൂഹത്തിന്റെയും ആധുനീകരണത്തിനും ക്രിയാത്മകതക്കും അത്യന്താപേക്ഷിതമായത് വിദ്യാഭ്യാസപ്രചാരണമാണെന്ന് കണ്ടറിഞ്ഞ് പ്രവർത്തിച്ച ക്രാന്തദർശിയായിരുന്നു ചാവറയച്ചൻ. പഠനവും ദൈവഭക്തിയും സമഞ്ജസമായി ഒരുമിച്ചാൽ മാത്രമേ ഒരു വ്യക്തിക്ക് സമഗ്രത ലഭിക്കുകയുള്ളൂവെന്ന് ചാവറയച്ചൻ ഗ്രഹിച്ചിരുന്നു. വിദ്യാഭ്യാസം സമൂഹത്തിന്റെ വളർച്ചക്ക് ഉത്തേജനമാണെന്നും അതുകൊണ്ട് മാത്രമേ യഥാർത്ഥ അഭ്യുന്നതി ഉണ്ടാകൂ എന്നും ഉള്ള തിരിച്ചറിവ് അദ്ദേഹത്തിന് തുടക്കം തൊട്ടേ ഉണ്ടായിരുന്നു. അത് അതേ അളവിൽ സമൂഹത്തിന് നൽകുന്നതിനായി അദ്ദേഹം ശ്രമിച്ചു. പൊതുവിദ്യാഭ്യാസം പ്രാവർത്തികമാക്കാനുള്ള സൗകര്യങ്ങൾ  പള്ളികളും ആശ്രമങ്ങളും എന്തു ത്യാഗം സഹിച്ചും സംലബ്ധമാക്കിക്കൊടുക്കണമെന്നുള്ള നിഷ്ഠ ശാഠ്യപൂർവ്വം ദീക്ഷിക്കുകയും അതൊരവബോധമായി വിശ്വാസ വഴിയിൽ ഉൾചേർക്കുകയും ചെയ്തു എന്നതാണ് അദ്ദേഹത്തിന്റെ വിദ്യാഭ്യാസ ദർശനത്തിലെ അനന്യത. വായിച്ചു പഠിക്കാനും പഠിച്ചു പരിശീലിക്കാനും പരിശീലിച്ചത് പഠിപ്പിക്കുവാനുമുള്ള വിലയേറിയ ഒരു പാഠപുസ്തകമായി കാലത്തിനുമുൻപേനടന്ന ഈ ദാർശനികന്റെ ധന്യമായ ജീവിതം മാറുന്നതും അതിനാലാണ്. ■

## പരാമർശ സൂചിക


1. *പ്രൊഫ.കെ.എം. തരകൻ*, വഴിതെളിച്ചവന്റെ ദർശനം, സുകൃതംസ്മര, ബേസ് റൗമ പ്രസിദ്ധീകരണം, 2012, പേജ്. 84
2. *ഫാ.ജോസ് ചിറ്റിലപ്പിള്ളി സി.എം.ഐ*(എഡി.), ചാവറജീവിതദർശനം, സി.എം. ഐ. വിദ്യാഭ്യാസ വകുപ്പ്, കാക്കനാട്, 2007, പേജ്.115
3. ആത്മാനുതാപം , iii 1-6, ജനത, തേവര, 1990, പേജ്.35
4. വിദ്യാഭ്യാസത്തിന്റെ താത്വികവും ചരിത്രപരവുമായ അടിത്തറ, അദ്ധ്യാപകമിത്രം, പേജ്.312
5. ചാവറ സമ്പൂർണ്ണ കൃതികൾ, വാല്യം 4, ix/2, മാന്നാനം, 1982, പേജ്.312
6. Ibid, ix/7
7. cf. Ibid, vol iii, p.16-17
8. സി.എം.സി. വിദ്യാഭ്യാസ പദ്ധതി, സി.എം.സി. പബ്ലിക്കേഷൻസ്, ആലുവ, 2009, പേജ്.28
9. *ഖലീൽ ജിബ്രാൻ*, ഖലീൽ ജിബ്രാൻ കൃതികൾ, ഡി.സി. ബുക്ക്സ്, 2002, പേജ്.677-678
10. *ഡോ.ജോർജ്ജ് തേറുകാട്ടിൽ*(എഡി.), കാരുണ്യ കിരണങ്ങൾ,കാരുണികൻ ബുക്സ്, 2011, പേജ്.50
11. *ഡോ.തോമസ് കാലായിൽ*, ചാവറ രണ്ടാം ജന്മശതാബ്ദിസ്മരണിക, op.cit, p.137
12. *ഡോ.കെ.എസ് രാധാകൃഷ്ണൻ*, പൊതുവിദ്യാഭ്യാസം പ്രസക്തിയും പ്രശ്നങ്ങളും, ബേസ് റൗമ, 2011, പേജ്.37-38
13. Ibid, പേജ്.39
14. ചാവറയച്ചന്റെ കത്തുകൾ, ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ്, ചാവറഹിൽസ്, 2011, ix/10:2, p.211)
15. ചാവറ സമ്പൂർണ്ണ കൃതികൾ, വാല്യം 4, ix/6, പേജ്.137
16. *ഖലീൽ ജിബ്രാൻ*, op.cit, പേജ്.478
17. കോത്താരികമ്മീഷൻ റിപ്പോർട്ട്.
18. ചാവറ സമ്പൂർണ്ണ കൃതികൾ, വാല്യം 4, കത്തുകൾ, ix/6, പേജ്.147
19. *ഫാ.ജോസ് ചിറ്റിലപ്പിള്ളി സി.എം.ഐ*, op.cit, പേജ്.115
20. *ഡോ.ജോർജ്ജ് തേറുകാട്ടിൽ* എഡി., op.cit, പേജ്.149

## മൂന്ന്

# വിദ്യാദാന ശുശ്രൂഷ തപസ്യയാകുമ്പോൾ

**പൊ**തുവിദ്യാഭ്യാസത്തിന്റെയും സ്ത്രീ വിദ്യാഭ്യാസത്തിന്റെയും മതാത്മക വിദ്യാഭ്യാസത്തിന്റെയും മേഖലകളിൽ കേരളം മുൻപന്തിയിലെത്തുന്നതിന്റെ പിന്നിലെ പ്രധാന പ്രചോദനപ്രഭവധാര ചാവറപിതാവിന്റെ വിദ്യാഭ്യാസദർശനമായിരുന്നു. നവസമൂഹസൃഷ്ടിയ്ക്കായുള്ള നവോത്ഥാനയജ്ഞം നയിക്കുവാൻ ധന്യ പുരുഷൻ തിരഞ്ഞെടുത്ത പാത വിദ്യാദാനശുശ്രൂഷയുടേതായിരുന്നു. സാമൂഹികമായി ഉച്ചനീചത്വങ്ങളുടെ നീർച്ചുഴിയിലും, രാഷ്ട്രീയമായി ബ്രിട്ടീഷ് ആധിപത്യത്തിലും, സഭാഭരണതലത്തിൽ പോർട്ടുഗീസ് മേൽക്കോയ്മയിലും വീർപ്പുമുട്ടിക്കഴിഞ്ഞിരുന്ന ഒരു സമൂഹത്തിന് പ്രതീക്ഷയുടെ പ്രഭാകിരണങ്ങൾ പകർന്നുകിട്ടിയത് ആ സൂര്യതേജഃസ്വിയുടെ ഈ ദർശന ധാരയിൽ നിന്നാണ്.

കേരളം കണ്ട ഏറ്റം ഉന്നതമായ വിദ്യാദാനശുശ്രൂഷയുടെയും ഉദാത്തമായ വിദ്യാഭ്യാസദർശനത്തിന്റെയും മൂല സ്രോതസ്സായിരുന്നു ചാവറയച്ചൻ. അക്ഷരം അഗ്നിയാണെന്നും ഈ അഗ്നി ഉള്ളിലുള്ളവനേ സമൂഹത്തെ ചലനാത്മകമാക്കുവാനും പരിവർത്തനവിധേയമാക്കുവാനുമുള്ള ഊർജ്ജം ഉണ്ടാകൂ എന്നും ചാവറയച്ചൻ തിരിച്ചറിഞ്ഞു. സമൂഹത്തിന്റെ സമഗ്ര വളർച്ചയ്ക്കും പാവപ്പെട്ടവന്റെയും അധഃസ്ഥിതന്റെയും വിമോചനത്തിനും പേരെടുത്തു കാട്ടുവാൻ ഇവിടെ ഒരുപാടു പ്രസ്ഥാനങ്ങളുണ്ടാകാം; പക്ഷേ ഫലശ്രുതിക്ക് വിദ്യാഭ്യാസം പോലെ ശ്രേഷ്ഠമായ മറ്റൊന്നില്ല എന്ന ബോദ്ധ്യം ഉണ്ടായിരുന്നതുകൊണ്ടാണ് ഒരു വിപ്ലവകാരിയുടെ ശാഠ്യദാർഢ്യത്തോടെയും ബദ്ധതയോടെയും അദ്ദേഹം ഈ രംഗത്ത് കർമ്മനിരതനായത്. വിദ്യകൊണ്ട് അടിസ്ഥാനമിട്ട് പണിയുന്ന സംസ്ക്കാരമാണ് ഏറ്റവും കെട്ടുറപ്പുള്ളതും മഹത്വമുള്ളതുമാവുകയെന്നു മനസ്സിലാക്കിയ ചാവറയച്ചന് വിദ്യാദാനം ഒരു ശുശ്രൂഷയും ഒപ്പം ഒരു തപസ്യയുമായിത്തീർന്നത് സ്വാഭാവികം.

## വിലക്കുകളുടെ കുരുക്കിൽ

1599-ൽ നടന്ന ഉദയംപേരൂർ സൂനഹദോസ് സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രം മാറ്റിയെഴുതിയ ഒന്നായി മാറിയല്ലോ. ആരാധനാപരവും അനുഷ്ഠാനപരവുമായ ഒട്ടേറെക്കാര്യങ്ങളിൽ കാതലായ മാറ്റങ്ങൾ വരുത്തിയതു കൂടാതെ വിദ്യാഭ്യാസരംഗത്തും അടിസ്ഥാനപരമായി സൂനഹദോസ് ഇടപെട്ടിരുന്നു. തൽസൃഷ്ടമായ വിലക്കുകളുടെ ഫലമായി ഇംഗ്ലീഷ് വിദ്യാഭ്യാസം സുറിയാനിക്രൈസ്തവർക്ക് നിഷിദ്ധമായി. സുറിയാനിക്കാർ അന്യമതക്കാരായ അധ്യാപകരുടെ പക്കൽ നിന്ന് വിദ്യ അഭ്യസിക്കുന്നതുവരെ സൂനഹദോസ് വിലക്കി![1] അന്യമതഃസ്ഥരായ കുട്ടികളെ ആകർഷിക്കുന്നതിനായി സുറിയാനിക്കാരായ ആശാന്മാർ ശ്രമിക്കരുതെന്നും ശ്രദ്ധയും കരുതലും ശ്രമവും സ്വമതഃസ്ഥർക്കു മാത്രമായിരിക്കണമെന്നും സൂനഹദോസ് കല്പിച്ചു.[2] ഈ വിലക്കുകളുടെ ആത്യന്തികമായ പരിണിതഫലമാവട്ടെ അതീവഗുരുതരവുമായിരുന്നു. സൂനഹദോസ് തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ സഭാഭരണാധികാരികൾ ഒട്ടൊക്കെ വിജയിക്കുകയും ചെയ്തുവെന്നോർക്കുക!

വിദേശമിഷനറിമാർ 19-ാം നൂറ്റാണ്ടിൽ സഭാഭരണത്തിൽനിന്നൊഴിവാകുന്നതുവരെ വിദ്യാഭ്യാസരംഗം ഫലത്തിൽ അവഗണിക്കപ്പെട്ടു. ഇഗ്നേഷ്യസ് പേർസിക്കോയുടെ ചരിത്രപ്രസിദ്ധമായ റിപ്പോർട്ടിൽ ഈ സത്യം വ്യക്തമായി തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്: *സുറിയാനിക്കാരെ ഭരിക്കുന്ന കർമ്മലീത്താക്കാർ വിദ്യാഭ്യാസരംഗത്ത് കാര്യമായി ഒന്നും ചെയ്തിട്ടില്ല.*[3] തദ്ദേശീയരായ വൈദികരുടെയും തങ്ങളുടെ അധീനതയിലുള്ള ക്രിസ്ത്യാനികളുടെയും ഉന്നമനത്തിലോ വിദ്യാഭ്യാസത്തിലോ സാമൂഹ്യമായ ഉൽകർഷയിലോ ഭാഷാപരമായനൈപുണ്യത്തിലോ ഒന്നിലും മിഷനറിമാർ തത്പരരായിരുന്നില്ല. ഈവക മേഖലകളിൽ മിഷനറിമാർ ഇന്ത്യയിൽ ഒരിക്കലും വിശ്രുതി നേടിയിട്ടില്ല.[4]

കച്ചവട-കൃഷി കാര്യങ്ങളിൽ വ്യാപൃതരായിരുന്ന സുറിയാനിസമൂഹത്തെ അന്ധമായി ആ വഴി തുടരുവാൻ വിട്ടുകൊടുക്കുകമാത്രമല്ലാതെ പകരം ആ ഗതിമാറി അവർ കൂടുതൽ ശ്രേയസ്ക്കരമായ ഇടങ്ങൾ തേടിയെടുക്കുവാൻ സഹായകമായ ഒരു പ്രേരണയും പ്രോത്സാഹനവും മിഷനറിമാരിൽ നിന്നുണ്ടായില്ല. സുറിയാനികത്തോലിക്കരുടെ ഇടയിൽ നിന്നും ചാവറയച്ചന്റെ കാലത്തിനു മുമ്പ് അറിയപ്പെടുന്ന ഒരു പണ്ഡിതനോ സാഹിത്യകാരനോ ഉയർന്നുവന്നിട്ടില്ല എന്ന ചരിത്ര സാക്ഷ്യം ഇതോട് ചേർത്തു തന്നെ കാണണം. 1884 ഒക്ടോബർ 5-ന് നിരവധി സുറിയാനി വൈദികർ ചേർന്ന് പ്രൊപ്പഗാന്തായുടെ പ്രീഫെക്ടിന് എഴുതിയ കത്തിലെ വാക്കുകൾ ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്:

*സുറിയാനികത്തോലിക്കരുടെ ഇടയിൽ കോളേജിൽ പഠിച്ച് ഡിഗ്രി കിട്ടിയവരായി ആരുമില്ല. യാക്കോബായ സഹോദരങ്ങളിൽ ഡിഗ്രി കിട്ടിയവരായി നൂറിലധികം പേരുണ്ട്. വക്കീലന്മാർ, ഡോക്ടർമാർ, ജഡ്ജിമാർ തുടങ്ങി മറ്റു സമുദായങ്ങളിൽ പലരുമുള്ളപ്പോൾ ഞങ്ങളുടെ കൂട്ടത്തിൽ ആരുമില്ല!*[5]

താനുൾപ്പെടുന്ന സമൂഹത്തിന്റെയും സമുദായത്തിന്റെയും ദുരവസ്ഥ കണ്ടറിഞ്ഞും അതിൽ നൊന്തും തന്നെയാവണം ചാവറയച്ചൻ പ്രത്യുത്തരിച്ചതും. അന്നത്തെ സാമൂഹ്യാവസ്ഥ ആവശ്യപ്പെടും പോലെ അത് കരുതലോടെയും അതീവ ശ്രദ്ധയോടെയുമായിരുന്നു. അക്ഷരാഭ്യാസത്തിലൂടെ മാത്രമേ ജനതയുടെ പുരോഗതി സാദ്ധ്യമാവുകയുള്ളു എന്ന ബോദ്ധ്യം സ്വാനുഭവത്തിന്റെ പരിമിതികളെ അതിജീവിക്കുവാൻ തനിക്കു നേരിടേണ്ടി വന്ന ക്ലേശങ്ങളിൽ നിന്നു കൂടിയാണ് അദ്ദേഹത്തിൽ രൂഢമൂലമായത്. ഒരു സ്ക്കൂളിന്റെ പടിവാതിൽ പോലും വിദ്യാർത്ഥിയായി കടക്കാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്ത ബാല്യ കൗമാരങ്ങളായിരുന്നു അദ്ദേഹത്തിന്റേത്. ആശാൻ കളരി വിദ്യാഭ്യാസം മാത്രമാണ് അദ്ദേഹത്തിന് പ്രാപ്യമായത്. പിന്നുള്ളതെല്ലാം സെമിനാരികാലത്തും തുടർന്നും ദൈവനിയോഗത്താൽ സ്വയമാർജിച്ചതായ അറിവിൻ വെളിവുകളായിരുന്നു! തനിക്കും തന്റെ പൂർവ്വികർക്കും നഷ്ടമായത് തന്റെ സമകാലീനർക്കും പിൻഗാമികൾക്കും നേടിക്കൊടുക്കണമെന്ന ശാഠ്യപൂർവ്വമായ നിശ്ചയദാർഢ്യം അദ്ദേഹത്തിനുണ്ടായിരുന്നു.

രാജ്യത്തെ പ്രഥമ ഏതദ്ദേശീയ സന്യാസസഭയുടെ സാരഥ്യം പ്രാരംഭ ദശയിൽത്തന്നെ ഏറ്റെടുക്കേണ്ടി വന്ന ചാവറയച്ചൻ തന്റെയും സഭയുടേയും സിദ്ധികൾ സമുദായപുരോഗതിക്കായി ഉപയോഗിക്കാൻ തുടങ്ങി. അപ്രകാരം ഉപയോഗിക്കുമ്പോൾ മേൽ പരിമിതികളെ അതിജീവിക്കുവാനും അദ്ദേഹം മനസ്സു വച്ചു. ജാതീയതയും അയിത്തവും ഒക്കെ അതികഠിനമായി നിലനിന്നിരുന്ന അന്നത്തെ കാലഘട്ടത്തിലാണ് ജാതിമതഭേദമെന്യേ എല്ലാവരെയും വിദ്യയഭ്യസിപ്പിക്കുവാൻ ചാവറയച്ചൻ മുന്നിട്ടിറങ്ങുന്നത്! വിദ്യാഭ്യാസമെന്നത് ഒരു വർഗ്ഗത്തിനോ സമുദായത്തിനോ മാത്രമായി ലഭ്യമാക്കേണ്ട അവകാശമല്ലെന്നദ്ദേഹം കരുതി. സമൂഹത്തിന് സമഗ്രമായി ലഭിക്കേണ്ട ഒന്നാണ് അറിവിന്റെ വെളിച്ചം; എങ്കിലേ സമൂഹ പുരോഗതി പ്രാപ്യമാകൂ. സമൂഹം പുരോഗമിക്കുമ്പോൾ അതിന്റെ ഭാഗമായി സമുദായവും വളരുമെന്നും ആ വളർച്ചയേ സ്ഥായിയാകൂ എന്നും ആ ക്രാന്തദർശി തിരിച്ചറിഞ്ഞു. വിദ്യാഭ്യാസരംഗത്ത് വളരെയേറെ പിന്നോക്കാവസ്ഥയിലായിരുന്ന സ്വസഹോദരങ്ങളെ പിടിച്ചുയർത്താൻ വേണ്ടി അദ്ദേഹം ആവിഷ്ക്കരിച്ച പദ്ധതികൾ അദ്ദേഹത്തിന്റെ ഈ വിദൂരവീക്ഷണത്തിന്റെയും അതിനായി എതിർപ്പുകളെ അതിജീവിച്ച് ഒരുമ്പെട്ടിറങ്ങുവാൻ കാണിച്ച ധീരതയുടേയും അവിസ്മരണീയമായ തെളിവുകളാണ്. ഈ അത്ഭുതകരമായ ശുശ്രൂഷയുടെ തിളക്കമാർന്ന

സംഭാവനകളുടെ തുടർച്ചയാണ് സി.എം.ഐ., സി.എം.സി. സഭാംഗങ്ങൾ ഇന്ന് വിദ്യാഭ്യാസമേഖലയിൽ നല്കിക്കൊണ്ടിരിക്കുന്നത്.

സുറിയാനികത്തോലിക്കരുടെയും സഭയുടേയും ആധുനീകരണത്തിനും പുരോഗതിക്കും അത്യന്താപേക്ഷിതമായത് സമൂഹമാസകലമുള്ള വിദ്യാഭ്യാസപ്രചരണം ആണെന്ന് തിരിച്ചറിഞ്ഞ ചാവറയച്ചൻ സുറിയാനികത്തോലിക്കരുടെ ഉള്ളിൽ നിന്നുതന്നെയാണ് വിപ്ലവകരമായ ആ യജ്ഞത്തിന് തുടക്കം കുറിച്ചത്. സഭാംഗങ്ങൾക്കിടയിലെ ആദ്യത്തെ വിദ്യാലയവും ആദ്യത്തെ അച്ചുകൂടവും സ്ഥാപിക്കുകവഴി മഹത്തായ ഒരുവിപ്ലവമുന്നേറ്റത്തിന് ആരംഭം കുറിക്കുകയായിരുന്നു അദ്ദേഹം.

## അക്ഷരം അഗ്നിയാണ്!

അവർണ്ണർക്ക് വിദ്യാഭ്യാസം പാടേ നിഷേധിക്കപ്പെട്ടിരുന്ന ആ കാലഘട്ടത്തിൽ അവർക്കുകൂടി പ്രവേശനം നല്കികൊണ്ട് വിദ്യാഭ്യാസരംഗത്ത് അന്നുവരെ ആരും ചിന്തിക്കുവാൻ പോലും ധൈര്യം കാണിച്ചിട്ടില്ലാത്ത ഒരു വിപ്ലവത്തിന് അദ്ദേഹം നാന്ദികുറിച്ചു. 1846-ൽ ചാവറയച്ചൻ മാന്നാനത്ത് ആശ്രമത്തോട് ചേർന്ന് ഒരു സംസ്കൃതസ്ക്കൂൾ സ്ഥാപിച്ചു. ഉദയംപേരൂർ സൂനഹദോസിന്റെ പിൻബലത്തോടെയും പ്രോട്ടസ്റ്റന്റ് ആശയങ്ങൾ പരത്തുവാൻ ഉപയുക്തമാകുമെന്ന അകാരണമായ ഭീതിമൂലവും ഇംഗ്ലീഷ് വിദ്യാഭ്യാസം നിഷിദ്ധമാക്കിയ അന്നത്തെ സഭാധികാരികളുടെ കർക്കശ നിലപാടുമൂലമാണ് പാഠശാലയുടെ മാദ്ധ്യമം സംസ്കൃതമാക്കിയത്. വേദപഠനം ഒരു വർഗ്ഗത്തിന്റെ മാത്രം സ്വകാര്യ കുത്തകയാണെന്നും അല്ലാത്തവർക്ക് അതു നിഷിദ്ധമാണെന്നും ശഠിച്ചിരുന്ന ഒരു വ്യവസ്ഥിതിയാണ് അന്ന് സമൂഹം ഭരിച്ചിരുന്നത്. സംസ്കൃതമായിരുന്നുവല്ലോ വേദമാധ്യമം. വേദം അറിവിന്റെ പൊരുളായ സ്ഥിതിക്ക് ആ ജ്ഞാനം എല്ലാവർക്കുമായി പകുത്തു നൽകപ്പെട്ടാൽ സംഭവിച്ചേക്കാവുന്ന സമത്വസ്ഥിതങ്ങളെയും ആ ഭാവത്തിൽ നിന്നും ഉച്ചനീചത്വങ്ങൾക്കെതിരേ ഉയർന്നുവന്നേക്കാവുന്ന ചോദ്യങ്ങളെയും ആ ഭാഷാപഠനം നിരോധിക്കുക വഴി സൗകര്യപൂർവ്വം ഇല്ലാതാക്കുകയായിരുന്നു സവർണ്ണകോയ്മ. ചാവറപിതാവ് അത് കൃത്യമായി മനസ്സിലാക്കിയിരുന്നു. സംസ്കൃതം അറിയാവുന്നവർക്ക് സമൂഹത്തിൽ വലിയ സ്ഥാനമുണ്ടായിരുന്നു അന്നൊക്കെ. ആ സ്ഥാനമാന്യത സാമാന്യർക്കു കൂടി പ്രാപ്തമാക്കുകയും ലക്ഷ്യമായുണ്ടായിരുന്നു. ഒപ്പം എല്ലാവരും അതിനർഹരാകുമ്പോൾ താനേ സ്ഥിതമാകുന്ന സമത്വഭാവവും ഉൾ ചിന്തയിലുണ്ടായിരുന്നിരിക്കാം. ആർഷഭാഷയായ സംസ്കൃതത്തോട് ചാവറയച്ചന് ഉണ്ടായിരുന്ന മതിപ്പും ആ ഭാഷയെ അദ്ദേഹം ആരാധനയോടെ സ്നേഹിച്ചിരുന്നു എന്നതും സംസ്കൃത സ്ക്കൂൾ തുടങ്ങുന്നതിനു കാരണമായിട്ടുണ്ടാകാം. ആ വിദ്യാലയ സ്ഥാപനത്തെപ്പറ്റി ചാവറയച്ചന്റെ സമകാലികനായ പാറപ്പുറത്ത് വർക്കിയച്ചൻ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്:

*ഈ സമയം ഒപ്പിച്ച് മാന്നാനം ആശ്രമത്തോടു ചേർന്ന് ഒരു സംസ്കൃത സ്ക്കൂളും സ്ഥാപിച്ചിട്ടുണ്ടായിരുന്നു. അതിൽ ഈ ആശ്രമത്തിൽ ചേർന്ന വൈദികരും സമീപമുള്ള സ്ഥലങ്ങളിൽ നിന്നു കുട്ടികളും ചേർന്ന് പഠിച്ചിരുന്നു. ഇതിന്റെ നടത്തിപ്പിനായി തൃശൂരിൽ നിന്ന് വാര്യരു ജാതിയിൽ ചേർന്ന ഒരു വാദ്ധ്യരെ വരുത്തിയിരുന്നു. ഇയാൾ മലയാളഭാഷയിലും സംസ്കൃത ഭാഷയിലും വളരെ സമർത്ഥനായിരുന്നു.*[6]

സംസ്കൃതവിദ്യാലയസ്ഥാപനത്തിന്റെ ആദ്യ പാദത്തിലെ വിജയം ചാവറയച്ചനെ കൂടുതൽ പ്രവർത്തനനിരതനാക്കി. സമൂഹത്തിന്റെ താഴേക്കിടയിൽ പാർശ്വവത്കരിക്കപ്പെട്ടും അവഗണിക്കപ്പെട്ടും കിടന്നവരിലേക്കാണ് സ്വാഭാവികമായും അദ്ദേഹത്തിന്റെ ശ്രദ്ധ പതിഞ്ഞത്. അധഃകൃതരുടെയും പിന്നോക്ക സമുദായക്കാരുടെയും ശോചനീയാവസ്ഥയ്ക്ക് പരിഹാരം സാമ്പത്തികസഹായംകൊണ്ടു മാത്രം സാധ്യമാകുന്നതല്ല. അത് രോഗലക്ഷണത്തിനു മാത്രമേ ചികിത്സയാകൂ. രോഗത്തെയാണ് ചികിത്സിക്കേണ്ടത് എന്ന് അദ്ദേഹം മനസ്സിലാക്കി. സാക്ഷരതയും അതിലൂടെ സംസ്ക്കാരവും അവരിലേക്കു പകരുക തന്നെ വേണമായിരുന്നു; ചവിട്ടിമെതിക്കപ്പെട്ട അവരുടെ മനുഷ്യത്വത്തെ ആ അപകർഷതയിൽ നിന്ന് പുനരുദ്ധരിക്കുകയും മറ്റുള്ളവരുടെ ധാർഷ്ട്യകർഷതയെ അതിജീവിക്കുവാൻ ശക്തമാക്കുകയും വേണ്ടിയിരുന്നു. അതിനായി അദ്ദേഹം തുനിഞ്ഞിറങ്ങിയതിന്റെ മകുടോദാഹരണങ്ങളാണ് ആർപ്പൂക്കരയിലെയും മാന്നാനത്തെയും വിദ്യാലയങ്ങൾ. പൊതുവിദ്യാലയങ്ങളിൽ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്നവരുടെ മനസ്സുകളിൽ ആ തമസ്കരണത്തെ നിരാകരിച്ച് അവകാശത്തിന്റെ അധികാര അകമ്പടിയോടെ അറിവിന്റെ പ്രകാശം പരത്തിയ വെള്ളിനക്ഷത്രങ്ങളായിരുന്നു ഈ പാഠശാലകൾ.[7] പാറപ്പുറത്ത് വർക്കിയച്ചൻ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്:

*മാന്നാനത്ത് ഈ കുന്നേൽപള്ളി തുടങ്ങുകയും ആർപ്പൂക്കര തുരുത്തുമാലിയുടെ കുന്നേൽ പുലയര് മാർഗ്ഗം കൂടുന്നവർക്ക് കപ്പേളയും അതോടു ചേർന്ന സ്ക്കൂളുകളും പണിയിക്കുന്നതിന് സ്ഥലം കണ്ടു നിശ്ചയിച്ചു.*[8]

പത്തൊൻപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽതന്നെ തൊട്ടുകൂടാത്ത താഴ്ന്ന ജാതികളെ വിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കുകയും ഒപ്പം അവർക്ക് നിഷിദ്ധമായിരുന്ന സംസ്കൃതം തന്നെ അവരെ പഠിപ്പിക്കുകയും ചെയ്ത ഈ സ്കൂൾ സ്ഥാപനം വഴി ജാതിയുടെ പേരിലുള്ള വിലക്കുകളെ വെല്ലുവിളിച്ച പ്രഥമഭാരതീയനായി ചാവറയച്ചൻ.[9]

പട്ടിണിയും ദാരിദ്ര്യവും കേരളസമൂഹത്തിൽ നിത്യസാന്നിദ്ധ്യമായിരുന്നു അക്കാലത്ത്. ആ സ്ഥിതിയവസ്ഥയെ നേരിടുവാനും ചാവറയച്ചൻ കഠിന പ്രയത്നം ചെയ്തു. ഈ സ്ക്കൂളുകളുടെ നടത്തിപ്പിന് പണം ആവശ്യമായിരുന്നു. അതിനായി പള്ളികളിൽ നിന്നും പിരിവെടുത്ത് പതിനേഴുപറയ്ക്ക്

നിലം വാങ്ങി അതിൽ നിന്നുള്ള ആദായംകൊണ്ട് ഈ സ്ക്കൂൾ മുന്നോട്ടു കൊണ്ടുപോകുവാൻ നിർദേശിച്ച് മാന്നാനം കൊവേന്തയെ അദ്ദേഹം ഏല്പിച്ചു. പണമുള്ളവർക്കു മാത്രമല്ല, പാവപ്പെട്ടവർക്കും പഠിക്കാൻ അവസരം ലഭിക്കണമെന്നു അദ്ദേഹം പ്രത്യേകം നിഷ്കർഷിച്ചു! വിശന്ന വയറുമായി, കീറിയ വസ്ത്രവുമായി, പാഠപുസ്തകം വാങ്ങാൻ പണമില്ലാതെ അവമതീപാത്രമായി ക്ലാസ്സ് മുറികളിൽ വന്നിരിക്കുവാൻ കുട്ടികൾക്കാവുമായിരുന്നില്ല. പാടത്ത് കള പറിക്കുവാൻ ചെന്നാൽ ലഭിച്ചേക്കാവുന്ന സർവ്വാണി കഞ്ഞിയിലെ ഒരു കുമ്പിൾ അവരെ ക്ലാസ്സ് മുറികളിൽ വരാതെ പാടവരമ്പിൽ അലയുവാൻ പ്രേരിപ്പിക്കും എന്ന് ചാവറപിതാവ് മുൻകൂട്ടി കണ്ടു. വസ്ത്രവും, ഭക്ഷണവും, പുസ്തകവും സൗജന്യമായി കുട്ടികൾക്ക് നല്കിക്കൊണ്ട് പാവപ്പെട്ട കുട്ടികളെ വിദ്യാഭ്യാസത്തിനു പ്രേരിപ്പിക്കുക മാത്രമാണ് അതിനു പരിഹാരം എന്നദ്ദേഹം മനസ്സിലാക്കുകയും ഈ നാട്ടിലാദ്യമായി മുൻകൈയെടുത്ത് അതു നടപ്പിലാക്കുകയും ചെയ്തു. ബാല്യങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ഈ കരുതൽ പിന്നീട് കൂടുതൽ സാർവത്രികമായി. ചാവറയച്ചൻ തുടക്കം കുറിച്ച സൗജന്യ കഞ്ഞിവിതരണത്തിൽ നിന്ന് പ്രചോദനം സ്വീകരിച്ചുകൊണ്ടാണ് പിൽക്കാലത്ത് സർക്കാർ സ്ക്കൂളിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഉച്ചക്കഞ്ഞി നല്കാനുള്ള നടപടി ആരംഭിച്ചത്. ഇതിനുള്ള ശുപാർശയായി സർ സി. പി. രാമസ്വാമി അയ്യർ 1936 നവംബർ 26-ന് തിരുവിതാംകൂർ മഹാരാജാവിനു സമർപ്പിച്ച കുറിപ്പിൽ ക്രൈസ്തവ സ്ഥാപനങ്ങളിലെ ഈ പതിവ് മാതൃകയായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.[10] അനാഥരായി അലയാനോ കുറ്റകൃത്യങ്ങളിൽ മുഴുകാനോ സാധ്യതയുള്ള കുരുന്നു ജീവിതങ്ങളെ ക്രിയാത്മകമായ പഠനവഴിയേ നയിച്ചുകൊണ്ട് സമൂഹത്തിനു പ്രയോജനമുള്ളവരാക്കി മാറ്റുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

സഹസ്രാബ്ദങ്ങളായി ഭാരതത്തിൽ നിലനിന്നു വന്ന ജാതിഭേദ വിചാര വ്യവസ്ഥിതി അനുസരിച്ച് ജാതിയിൽ ആ ശ്രേണിയിൽ താണവർ എന്ന് കരുതപ്പെടുകയും മേൽജാതിക്കാരുടെ മേൽക്കോയ്മയ്ക്കും ചൂഷണത്തിനും മർദ്ദനത്തിനും വിധേയരായി അസ്വതന്ത്രരും അശരണരുമായിക്കഴിയുകയും ചെയ്തിരുന്ന വിഭാഗങ്ങളെ *ദളിതർ* എന്ന പദം കൊണ്ടാണ് പൊതുവെ വിവക്ഷിക്കുന്നത്. *ദലിത* എന്ന പദം സംസ്കൃതത്തിലെ *ദാൽ* എന്ന ക്രിയാ പദത്തിൽ നിന്നും ഉത്ഭവിക്കുന്നുവെന്നും ഈ ക്രിയാ പദത്തിന് *വെട്ടിമുറിക്കുക, അടിച്ചമർത്തുക* എന്നിങ്ങനെയാണ് അർത്ഥമെന്നും ഒരു പക്ഷമുണ്ട്. ഹിന്ദിയിൽ *ദാൽ* എന്ന പദത്തിന് സാധാരണ അർത്ഥം *പരിപ്പ്* എന്നാണ്. തോര പയറും മറ്റും തല്ലിപ്പൊട്ടിച്ചാണല്ലോ പരിപ്പെടുക്കുന്നത്. ഇവിടെയും മർദ്ദനമാവണം സൂചിപ്പിക്കുന്നത്.

19-ാം നൂറ്റാണ്ടിൽ മലയാളക്കരയിലെ മാർത്തോമാ നസ്രാണികളുടെ ഭാഗത്ത് നിന്നും സംഘടിതമായ ദളിത സമുദ്ധാരണയജ്ഞം സമാരംഭിച്ചത്

ചാവറ കുര്യാക്കോസ് ഏലിയാസച്ചനാണ്. അന്നത്തെ സാമൂഹ്യവ്യവസ്ഥിതിയിൽ അസ്പർശ്യരും അശരണരും കഠിനാദ്ധ്വാനത്തിനായി ഉഴിഞ്ഞിടപ്പെട്ട് വിധിക്കപ്പെട്ടവരുമായി അടിമത്വത്തിൽ കഴിഞ്ഞിരുന്ന ദളിതരെ ക്രിസ്തുമതത്തിൽ ചേർക്കാൻ ചാവറയച്ചൻ മുൻകൈ എടുത്തത് ക്രിസ്തുമതത്തിൽ അംഗസംഖ്യ കൂട്ടണമെന്ന ഉദ്ദേശ്യത്തോടുകൂടി മാത്രമായിരുന്നില്ല. ഈ പാവങ്ങളും ദൈവത്തിന്റെ മക്കളാണെന്നും ക്രിസ്തുവിന്റെ രക്ഷ ഇവർക്കും അവകാശപ്പെട്ടതാണെന്നുമുള്ള ബോദ്ധ്യം അദ്ദേഹത്തെ പ്രേരിപ്പിച്ചു. ഒപ്പം അതിലൂടെ സാധ്യമാക്കുവാനാകുമായിരുന്ന സാമൂഹ്യ പുരോഗതിയും അതിലൂടെ പ്രാപ്യമാകുന്ന നവോത്ഥാന സാധ്യതയും അദ്ദേഹം മനസ്സിൽ കണ്ടു. അന്നത്തെ മേൽജാതിക്കാർ ഇതിനെ എതിർത്തിരിക്കാം. എന്നാൽ ചാവറയച്ചനും അദ്ദേഹത്തിന്റെ സന്യാസസഭാംഗങ്ങളും ശിഷ്യരായിരുന്ന ഇടവക വൈദികരും ഉന്നം വച്ചത് ഈ പാവങ്ങളുടെ ഉദ്ധാരണം തന്നെയാണ്. അതിൽ നിന്നവർ പുറകോട്ടു പോയില്ല. ഇവരുടെ അഭ്യുന്നതിയാണ് സമൂഹത്തിന്റെ ഭദ്രതയ്ക്കും മുന്നേറ്റത്തിനും അടിസ്ഥാനമെന്ന് അവർ തിരിച്ചറിഞ്ഞിരുന്നു എന്ന് അവരുടെ കർമ്മപരിപാടികൾ തെളിയിച്ചു.

ദളിതർക്കുവേണ്ടി അതിരമ്പുഴ, ആർപ്പൂക്കര, എടത്വ എന്നീ സ്ഥലങ്ങളിൽ ചാവറയച്ചൻ മതപഠന കേന്ദ്രങ്ങൾ സ്ഥാപിച്ചുവെന്ന് ചരിത്രത്തിൽ കാണുന്നു. കൂടാതെ സി.എം.ഐ. സഭയുടെ മാതൃഭവനമായ മാന്നാനത്തും ശാഖാഭവനങ്ങളായ വാഴക്കുളം, എൽതുരുത്ത്, അമ്പഴക്കാട്, മുത്തോലി, പുളിങ്കുന്ന്, ചെത്തിപ്പുഴ, പുതുപ്പള്ളി തുടങ്ങിയവയോടനുബന്ധിച്ചും അവയുടെ ആരംഭകാലം മുതൽ തന്നെ ദളിതർക്ക് ക്രൈസ്തവതത്വങ്ങൾ ഉപദേശിച്ചുകൊടുത്ത് അവരെ ക്രിസ്തുമതത്തിൽ ചേർക്കുന്നതിനും സമൂഹത്തിൽ സമുദ്ധരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ പ്രാപ്യമായിരുന്നു. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ നേതൃത്വവും മാതൃകയും പ്രേരണയുമാണ് അദ്ദേഹത്തിന്റെ കാലത്തും പില്ക്കാലത്തും ഇതിന് പ്രേരകമായത്.

ചാവറയച്ചന്റെയും അനുയായികളുടെയും ഈദൃശസേവനം സ്വീകരിച്ച ദളിതരിൽ ബഹുഭൂരിഭാഗവും ചേരമർ (പുലയർ), സാംബവർ (പറയർ) എന്നീ സമുദായങ്ങളിൽ പെട്ടവരാണ്. വിശ്വാസവെളിച്ചം നൽകിയാൽ മാത്രം പോരാ, അക്ഷരവെളിച്ചം കൂടി ഒപ്പം നൽകുന്നുണ്ടെങ്കിലേ അവർ സ്വതന്ത്രരും ഉയർന്നവരുമായി ഭവിക്കുകയുള്ളൂവെന്ന് ചാവറയച്ചൻ തിരിച്ചറിഞ്ഞിരുന്നു. അക്കാലത്ത് ഈ പാവങ്ങൾക്ക് സർക്കാർ സ്ക്കൂളുകളിൽ ഒരു വിദ്യാലയത്തിലും പ്രവേശനം ലഭിക്കുമായിരുന്നില്ല. സഭവക സ്ക്കൂളുകളേ ഇല്ലായിരുന്നു. മേൽജാതിക്കാരുടെ മക്കളെ പഠിപ്പിച്ചിരുന്ന ആശാന്മാർ ദളിത് കുട്ടികളെ പഠിപ്പിക്കാൻ വിമുഖരായിരുന്നു. ആദ്യപടിയായി അവർക്ക് പ്രത്യേക വിദ്യാഭ്യാസ സൗകര്യം ഏർപ്പെടുത്തുകയാണ് കൂടുതൽ പ്രായോഗികവും വിവേകവും എന്ന് ചാവറയച്ചൻ മനസ്സിലാക്കി. അതിന്റെ ഫലമായാണല്ലോ

ആർപ്പൂക്കര തുരുത്തുമാലിൽ കുന്നിൽ ദളിത ക്രൈസ്തവർക്കു വേണ്ടി ഒരു സ്ക്കൂൾ പണിയുന്നതിന് വികാരി ജനറാൾ എന്ന നിലയിൽ 1865ൽ അദ്ദേഹം കല്പിച്ചതായി പാറപ്പുറത്ത് വർക്കിയച്ചന്റെ നാളാഗമത്തിൽ രേഖപ്പെടുത്തി കാണുന്നത്.[11] പിന്നീട് മാന്നാനത്ത് ആശ്രമത്തോടനുബന്ധിച്ച് മലയാളം പ്രൈമറി സ്ക്കൂൾ നിലവിൽ വന്നതോടെ ആ സംവിധാനം നിറുത്തലാക്കിയതായി വേണം കരുതാൻ. 1855-ൽ മാന്നാനത്ത് ഇംഗ്ലീഷ് സ്ക്കൂളും തുടർന്ന് മറ്റിതര ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും നിലവിൽ വന്നപ്പോൾ അന്ന് ആ പ്രൈമറി സ്ക്കൂൾ സ്ഥാപിച്ചുകൊണ്ടാരംഭിച്ച ചാവറയച്ചന്റെ ഒരു വലിയ സ്വപ്നം സാക്ഷാത്കരിക്കപ്പെടുകയായിരുന്നു.

ദളിതർക്ക് അക്ഷരജ്ഞാനം നല്കാൻ ആരംഭം കുറിച്ചത് അക്കാലത്തെ ദളിത പീഡനത്തിനെതിരായുള്ള ഏറ്റവും ശക്തവും ഫലപ്രദവുമായ പ്രതിഷേധവും അതിനാൽ സാമൂഹികസാംസ്ക്കാരിക വിപ്ലവത്തിന്റെയും നവോത്ഥാന യജ്ഞത്തിന്റെയും തുടക്കവും ആയിരുന്നെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. മാർതോമ്മാ ശ്ലീഹായുടെ കാലംമുതലുള്ള പാരമ്പര്യം അവകാശപ്പെടുന്ന നസ്രാണി സമൂഹത്തിന് പോലും ഔപചാരിക വിദ്യാഭ്യാസത്തിന് സൗകര്യമില്ലാതിരുന്ന അന്നത്തെ കാലത്ത് അവർക്കും അവരോടൊപ്പം ദളിതക്രൈസ്തവർക്കും ഒരുപോലെ പഠനസൗകര്യം നല്കാൻ ചാവറയച്ചൻ പദ്ധതികൾ ആവിഷ്കരിച്ചത് ദളിതരുടെ ഉന്നമനത്തിനു വേണ്ടിയുള്ള ആദ്യ പടിയായിട്ടു കൂടിയായിരുന്നു. അക്രൈസ്തവരായ ദളിതരുടെ നേർക്കും അദ്ദേഹം വിദ്യാവഴികൾ പ്രാപ്യമാക്കി തുറന്നിട്ടിരുന്നു എന്നതും പ്രത്യേകം പ്രധാനമാണ്. വിദ്യാഭ്യാസത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ വീക്ഷണം സുവ്യക്തമായിരുന്നു: *പഠനവും ദൈവഭക്തിയും സമ്മേളിച്ചാൽ മാത്രമെ ഒരു വ്യക്തിക്ക് യഥാർത്ഥ പൂർണ്ണിമയും പുരോഗതിയും ലഭിക്കുകയുള്ളൂ.*[12] അസ്പർശ്യരും അക്ഷരജ്ഞാനമില്ലാത്തവരും സാംസ്കാരികമായും സാമ്പത്തികമായും അധഃസ്ഥിതരുമായിരുന്ന അന്നത്തെ ദളിതർ സമൂഹത്തിന്റെ മുഖ്യധാരയിലെത്തണമെങ്കിൽ വലിയൊരു ദൂരം പിന്നിടേണ്ടതുണ്ടെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. അക്ഷരജ്ഞാനത്തിലൂടെ മാത്രമേ അകലദൂരീകരണത്തിനായുള്ള ഈ പ്രയാണത്തിൽ ആദ്യചുവടുവയ്ക്കാനാവുകയുള്ളൂവെന്നും അദ്ദേഹം ഗ്രഹിച്ചിരുന്നു.

പൊതുവിദ്യാഭ്യാസമണ്ഡലത്തിൽ അപ്രകാരം ഒരു വിപ്ലവം വിരിയിച്ച ചാവറയച്ചൻ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സമഗ്രമായ വളർച്ച ലക്ഷ്യം വച്ച് ഒരു ഉന്നത വിദ്യാഭ്യാസകേന്ദ്രംകൂടി തുടങ്ങാൻ ആഗ്രഹിച്ചിരുന്നു. 19-ാം നൂറ്റാണ്ടിൽ കേരളത്തിൽ സ്ക്കൂളുകൾ വളരെ വിരളമായിരുന്നു എന്നോർക്കണം. സ്ക്കൂളുകൾ തുടങ്ങുകയെന്നത് സാഹസികവും ഒപ്പം മഹത്തരവുമായ ഒരു കാര്യവുമായിരുന്നു. ഇപ്രകാരമുള്ള പ്രത്യേക സാഹചര്യത്തിലാണ് ഉന്നത വിദ്യാഭ്യാസം എന്ന ആശയം ചാവറയച്ചനിൽ അങ്കുരിച്ചത്.

സുറിയാനിക്കാരുടെ ബഹുമുഖ വളർച്ചയ്ക്ക് പര്യാപ്തമായ രീതിയിൽ മാന്നാനത്ത് ഒരു കേന്ദ്ര കോളേജ് സ്ഥാപിക്കണമെന്നായിരുന്നു അഭിലാഷം.[13] അതിനായുള്ള ശ്രമവും തുടങ്ങി. അന്നു പ്രാപ്യമായിരുന്ന ലോകപരിചയത്തിന്റെ പരിമിതി മൂലം, അക്കാദമിക് അർത്ഥത്തിൽ *കോളേജ്* എന്ന വാക്ക് അദ്ദേഹം പ്രയോഗിച്ചിരിക്കില്ല. പക്ഷേ, ആ വിഭാവനത്തിൽ തെളിഞ്ഞ സങ്കല്പം ഒരു കോളേജ് എന്നും തുടർച്ചയിൽ ഒരു യൂണിവേഴ്സിറ്റി എന്നും തന്നെയായിരുന്നിരിക്കണം. ഇക്കാലയളവിലാണ് കേരളകത്തോലിക്കാസഭയെ പിടിച്ചുലച്ച റോക്കോസ് മെത്രാന്റെ ആഗമനം. റോക്കോസിനെ പ്രതിരോധിക്കുന്നതിൽ പരാജയപ്പെട്ട സഭാധികാരികൾക്കു മുമ്പിൽ ഏവർക്കും സമ്മതനായിരുന്ന ചാവറയച്ചനെ നേതൃസ്ഥാനത്തേക്ക് ഉയർത്തി പ്രതിരോധ സാധ്യത തേടുക എന്ന ഒരൊറ്റ മാർഗ്ഗമേ ഉണ്ടായിരുന്നുള്ളൂ. 1861 ജൂൺ 8-ന് വിപുലമായ അധികാരങ്ങളോടെ ചാവറയച്ചനെ വികാരി ജനറാളായി ബെർണ്ണർദീനോസ് മെത്രാപ്പോലീത്ത നിയമിച്ചു.[14] തുടർന്ന് കൂനമ്മാവിലേക്ക് സ്ഥലം മാറ്റി. മുപ്പതിലേറെ വർഷങ്ങളായി താൻ താമസിച്ചിരുന്ന കൊവേന്തയോടുള്ള ആത്മബന്ധവും മാന്നാനത്തെ ഒരു ഉന്നത വിദ്യാഭ്യാസകേന്ദ്രമാക്കണമെന്നുള്ള ആഗ്രഹവും അദമ്യമായി മനസ്സിൽ അണയാതെ ജ്വലിച്ചു നിൽക്കേ തന്നെ അനുസരണ വ്രതമെടുത്ത ചാവറയച്ചൻ ആ ആജ്ഞ ശിരസ്സാവഹിച്ചു. നിർഭാഗ്യമെന്ന് പറയട്ടെ മാന്നാനത്തേക്ക് സ്ഥിരമായി തിരിച്ചു വരാൻ സാധിക്കായ്കയാലും വികാരിജനറാൾ എന്ന നിലയിലുള്ള ജോലിത്തിരക്കു മൂലവും കോളേജ് സ്ഥാപനം എന്നത് ഒരു സ്വപ്നമായി തന്നെ അവശേഷിക്കുകയാണുണ്ടായത്.

ചാവറയച്ചൻ തുടങ്ങിവച്ച വിദ്യാഭ്യാസവിപ്ലവത്തിന്റെ തുടർച്ചയായിട്ടും വിഭാവനം ചെയ്ത വിദ്യാഭ്യാസശുശ്രൂഷാ സങ്കൽപത്തോട് ചേർന്നുമാണ് കേരളത്തിലും ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലും ബാംഗ്ലൂരിലെ ക്രൈസ്റ്റ് യൂണിവേഴ്സിറ്റി ഉൾപ്പെടെ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ സി.എം.ഐ., സി.എം.സി. സഭകൾ ഇന്ന് നടത്തുന്നത്.

മാന്നാനം വിട്ട് കൂനമ്മാവിലേക്ക് മാറിയതുകൊണ്ട് ഗുണഫലങ്ങളുമുണ്ടായി. അതു കാണാതിരുന്നു കൂടാ. ചാവറയച്ചന്റെ വിദ്യാഭ്യാസവിപ്ലവം സാർവ്വത്രിക വിദ്യാഭ്യാസ വിപ്ലവതലത്തിലേക്കുയരുന്നത് അദ്ദേഹം 1861-ൽ കേരളസുറിയാനി കത്തോലിക്കരുടെ വികാരിജനറാളായി നിയമിതനായതിനുശേഷമാണ്. അതോടെ ചാവറയച്ചന് തന്റെ വിദ്യാഭ്യാസ ആദർശങ്ങൾ കൂടുതൽ ഊർജ്ജസ്വലതയോടെ നടത്താനുള്ള അധികാരവും അവസരവും ലഭിച്ചു. മറ്റു ക്രിസ്തീയ സഭാംഗങ്ങളുടെ നിലവാരത്തിലേക്ക് സുറിയാനി കത്തോലിക്കരെ ഒപ്പവും ക്രമേണ അതിലുമുയരങ്ങളിലേക്കും ഉയർത്താൻ ഈ വിദ്യാഭ്യാസനിഷ്ഠാജാഗ്രത സഹായകമായി.

ഇന്ന് കേരളം അഭിമാനപൂർവ്വം ഘോഷിക്കുന്ന നൂറു ശതമാനം സാക്ഷരതയുടെയും വിദ്യാഭ്യാസപുരോഗതിയുടെയും സ്രോതഭൂമിക ബെർണ്ണദീനോസ് മെത്രാന്റെ ഒപ്പോടുകൂടി എല്ലാ പള്ളികളിലേക്കും അയച്ച

'പള്ളിക്കൊരു പള്ളിക്കൂടം' എന്ന ചരിത്രപ്രസിദ്ധമായ സർക്കുലറാണ്. *ഇടവകകൾ തോറും വിദ്യാലയങ്ങൾ ആരംഭിക്കണമെന്നും അല്ലാത്തപക്ഷം അംശമുടക്കു കല്പിക്കുമെന്നും*[15] താക്കീതു നല്കിക്കൊണ്ടുള്ളതായിരുന്നുവല്ലോ ആ സർക്കുലർ. ഈ കല്പന അനുസരിക്കാത്ത പള്ളികൾ അടച്ചിടുമെന്നു പോലും കല്പിച്ചത് അന്നൊരു ചെറിയ താക്കീതൊന്നുമായിരുന്നില്ല. അക്ഷരാർത്ഥത്തിൽ പള്ളികളെ ജാഗരൂകരാക്കിയ ഈ നിർദ്ദേശശാഠ്യം വൈജ്ഞാനികമണ്ഡലത്തിൽ ഒരു വിപ്ലവം ശക്തവും സഫലവുമാകുന്നതിന്റെ ആദ്യചുവടുവയ്പു തന്നെയായിരുന്നു. ഈ കല്പന നടപ്പിൽ വരുത്തുന്നതിനും വിദ്യാദാന പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനും സഭാംഗങ്ങളെ കർശനമായി ചുമതലപ്പെടുത്തിയ കർമ്മധീരനാണ് ചാവറയച്ചൻ. അതോടെ ഓരോ കൊവേന്തയും അതതിന്റെ അതിർത്തിയിലുള്ള പള്ളികളെ കേന്ദ്രീകരിച്ച് നടത്തിയ പ്രവർത്തനങ്ങളിലൂടെ വിദ്യാഭ്യാസരംഗം സടകുടഞ്ഞുണരുകയും സജീവമായി വളർന്നു പരിലസിക്കുകയും ചെയ്തു.

പൊതുവിദ്യാഭ്യാസരംഗത്തുമാത്രമല്ല മതവിദ്യാഭ്യാസ രംഗത്തും ചാവറയച്ചൻ പുത്തൻ വഴിത്താര വെട്ടിത്തുറന്നു. സാധാരണജനങ്ങൾക്കുള്ള വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ മാത്രം അദ്ദേഹം ഒതുങ്ങിനിന്നില്ല. സി.എം.എസ്സ്. തുടങ്ങിയ മിഷനറി സംഘങ്ങളുടെ വിജയത്തിന്റെ പിന്നിലെ രഹസ്യങ്ങൾ എന്തെന്ന് അദ്ദേഹം അന്വേഷിച്ചു. പഠിപ്പും പരിശീലനവും സിദ്ധിച്ച പുരോഹിതന്മാരാണ് അവരുടെ മുഖ്യ പിൻബലം എന്നദ്ദേഹം കണ്ടറിഞ്ഞു.

കേരളത്തിൽ അന്ന് നിലനിന്നിരുന്നത് ഫ്യൂഡൽ സമ്പ്രദായത്തിലുള്ള പൗരോഹിത്യ പിൻതുടർച്ചയാണ്. ഇടവകപള്ളികളിലെ അച്ചന്മാർ സാമാന്യം ഭേദപ്പെട്ട കുടുംബത്തിലെ അംഗങ്ങളായിരിക്കും. അവരുടെ ചില അനന്തരവന്മാരോ അനുജന്മാരോ മറ്റ് അടുത്ത ബന്ധുക്കളോ ഇടവകവികാരിയുടെ കൂടെ പള്ളിമേടകളിൽ താമസിച്ച് ഗുരുകുലവാസം പോലെ എന്തെങ്കിലും മുഖദാവിൽ നിന്നും കണ്ടും കേട്ടും പഠിച്ചെന്നും പഠിച്ചില്ലെന്നും വരുത്തി കാരണവർ നിര്യാതനാകുമ്പോൾ ആ സ്ഥാനത്തേക്ക് നിയോഗിക്കപ്പെടുകയായിരുന്നു പതിവ്. വ്യവസ്ഥാപിതമായ പരിശീലനചിട്ടകൾ പൗരോഹിത്യ പഠനവഴിയിൽ ലഭ്യമായിരുന്നില്ല.

പോർച്ചുഗീസുകാരുടെ വരവിനു ശേഷമാണ് പുരോഹിതരെ പരിശീലിപ്പിക്കുവാൻ പുതിയതരത്തിലുള്ള സെമിനാരികളും വിദ്യാപീഠങ്ങളും ആദ്യമായി നിലവിൽ വന്നത്. സി.എം.എസ്സ്. കാരും മറ്റുമാണ് തുടക്കത്തിലേ സെമിനാരികൾ സ്ഥാപിച്ച് പ്രവർത്തിച്ചു തുടങ്ങിയത്. കത്തോലിക്കരുടെ ഇടയിൽ ലത്തീൻ കത്തോലിക്കാവിഭാഗത്തിന് സെമിനാരിസമ്പ്രദായം ഉണ്ടായിരുന്നുവെങ്കിലും സുറിയാനികത്തോലിക്കർ നിർഭാഗ്യവശാൽ അവിടെ അഭിമതരായിരുന്നില്ല. നല്ല സ്വീകരണമല്ല പലപ്പോഴും അവിടെ നിന്നും ലഭിച്ചിരുന്നതും. ചാവറയച്ചനുതന്നെ വരാപ്പുഴയിലെ ലത്തീൻ കത്തോലിക്കാ സെമിനാരിയിൽ പ്രവേശനം നിഷേധിക്കപ്പെടുന്നതിന് സമാനമായ ദുരനുഭവം

ഉണ്ടായതായി പറയപ്പെടുന്നുണ്ട്. സുറിയാനികത്തോലിക്കാ പുരോഹിതപരിശീലനത്തിനുള്ള സെമിനാരികളുടെ സ്ഥാപനത്തിനു മുൻകൈയ്യെടുക്കുവാൻ അതും അദ്ദേഹത്തിന് പ്രേരകമായിട്ടുണ്ടാകാം. മാന്നാനത്ത് സ്ഥാപിച്ച പ്രഥമ സെമിനാരിയെത്തുടർന്ന് വേറെയും സെമിനാരികൾ പലയിടങ്ങളിലായി അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ സ്ഥാപിതമായി.

വിജ്ഞാനവും വിശുദ്ധിയുമുള്ള വൈദികരിലൂടെ മാത്രമേ സഭയും സമുദായവും പുരോഗതി പ്രാപിക്കൂ എന്നു മനസ്സിലാക്കിയ ചാവറയച്ചൻ യൂറോപ്യൻ സെമിനാരികളുടെ ശൈലിയിൽത്തന്നെ വൈദിക പരിശീലനത്തിന് നിയതരൂപം നല്കി. ഒപ്പം നാടിന്റെ സംസ്കൃതിയുടെ സ്പന്ദനങ്ങൾ അതിൽ ഇഴചേർക്കുകയും ചെയ്തു. മതത്തിന്റെ വക്താക്കളായി വർത്തിക്കുന്നത് എവിടെയും പുരോഹിതരാണ്. മതത്തിന്റെ പ്രതിഛായ കരുപ്പിടിപ്പിക്കുന്നതിൽ പുരോഹിതർക്കുള്ള പങ്കും ഏറെയാണ്. കഴിവുള്ള പുരോഹിതരെ വാർത്തെടുക്കുന്നതിൽ മതങ്ങൾ എക്കാലവും ശ്രദ്ധ വച്ചിരുന്നു. ക്രിസ്തുമതത്തിലും സ്ഥിതി മറിച്ചല്ല. പുരോഹിതാർത്ഥികളുടെ പരിശീലനം സഭ അതീവ ഗൗരവത്തോടെയാണ് നടത്തി വരുന്നത്. കത്തോലിക്കാസഭയിലെ പുരോഹിതപരിശീലന കേന്ദ്രങ്ങളാണ് സെമിനാരികൾ. ട്രെന്റ് സൂനഹദോസാണ് (1945-63) ഇന്നത്തെ രൂപത്തിലുള്ള സെമിനാരികളുടെ സ്ഥാപനത്തിന് നിർദേശം നൽകിയിട്ടുള്ളത്.[16]

യൂറോപ്പിലും മറ്റുമുള്ള സെമിനാരികളോട് ചേർന്നാണ് പ്രസിദ്ധമായ പല വിദ്യാഭ്യാസ കേന്ദ്രങ്ങളും ഉയർന്നു വന്നിട്ടുള്ളത്. പാശ്ചാത്യ മിഷനറിമാർ കേരളത്തിൽ ചില സെമിനാരികൾ തുടങ്ങിയിരുന്നെങ്കിലും ഫലത്തിലും പ്രയോഗത്തിലും മല്പാന്മാരുടെ കൂടെ താമസിച്ച് പരിശീലനം നേടിയവരായിരുന്നു ചാവറയച്ചനുൾപ്പെടെ ഒട്ടു മിക്ക സുറിയാനി വൈദികരും. അറിവും പാണ്ഡിത്യവുമുള്ള വൈദികർ നിർഭാഗ്യവശാൽ അതിൽ തുലോം തുഛമായിരുന്നു. ഈ യാഥാർത്ഥ്യം മനസ്സിലാക്കിയിരുന്ന ചാവറയച്ചൻ ആശ്രമ സ്ഥാപനത്തോടൊപ്പം സെമിനാരി സ്ഥാപനത്തിലും മുൻകൈ എടുത്തു. അറിവും പാണ്ഡിത്യവുമുള്ള വൈദികരുണ്ടായാലേ സഭയും സമുദായവും പുരോഗതി നേടൂ എന്നദ്ദേഹത്തിനറിയാമായിരുന്നുവല്ലോ. *1833-ൽ മാന്നാനത്ത് സുറിയാനിക്കാരുടേതായ ആദ്യത്തെ സെമിനാരി അദ്ദേഹം സ്ഥാപിച്ചു. 1866-ൽ വാഴക്കുളത്തും 1868-ൽ എൽത്തുരുത്തിലും സെമിനാരികൾ സ്ഥാപിക്കപ്പെട്ടു. 1872-ൽ പുളിങ്കുന്നിൽ സ്ഥാപിക്കപ്പെട്ട സെമിനാരിയുടെയും തുടക്കക്കാരൻ ചാവറയച്ചനാണ്.*[17] ചാവറയച്ചന്റെ ക്രാന്തദർശിത്വം ഫലശ്രുതി വരിച്ചു. യൂറോപ്പിൽ സംഭവിച്ചത് ഈ കൊച്ചുകേരളത്തിലും സംഭവിച്ചു. മാന്നാനവും, വാഴക്കുളവും, എൽത്തുരുത്തും, പുളിങ്കുന്നും കേരളത്തിലെ അറിയപ്പെടുന്ന വിദ്യാഭ്യാസകേന്ദ്രങ്ങൾ കൂടിയായി പരിണമിച്ചു.

ചാവറയച്ചന്റെ വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ തുടർവ്യാപനത്തിൽ സമ്യക്കായ വളർച്ചയായി വിലയിരുത്തപ്പെടേണ്ടത് അദ്ദേഹം രൂപം കൊടുത്ത

സി.എം.ഐ; സി.എം.സി. സന്യാസസമൂഹങ്ങൾ നടത്തുന്ന വിദ്യാഭ്യാസ ശുശ്രൂഷയാണ്. ഈ സന്യാസസമൂഹങ്ങൾ ഏറ്റവും കൂടുതൽ ആളും അർത്ഥവും ചിലവിട്ടതും ചെലവിടുന്നതും വിദ്യാഭ്യാസമേഖലയിലാണ്. കേരളം ഇന്ന് ഈ മേഖലയിൽ ഒരുപാട് മുന്നേറിയിട്ടുണ്ടെങ്കിൽ അതിൽ ചാവറയച്ചൻ സ്ഥാപിച്ച ഈ രണ്ട് സന്യാസ സഭകളുടെയും ത്യാഗോജ്ജ്വലമായ സേവനങ്ങൾക്ക് വലിയൊരു പങ്കുണ്ട്.

വിദ്യാഭ്യാസവും ഉയർന്ന വിദ്യാഭ്യാസനിലവാരവുമാണ് കേരള സഭ സംസ്ഥാനത്തിനു നൽകിയ ഏറ്റവും വലിയ സംഭാവന. ന്യൂനപക്ഷമായ ക്രിസ്ത്യാനികൾക്ക് ഭാരതസഭയിൽ പൊതുസമ്മതി നേടി നൽകിയ ഏറ്റവും പ്രധാനപ്പെട്ട സേവനരംഗം വിദ്യാഭ്യാസമേഖലയത്രെ. നാടിനെ ക്രൈസ്തവ ധാരാവിധേയമാക്കുന്നതിൽ ക്രൈസ്തവ പള്ളിക്കൂടങ്ങൾ നേരിട്ട് ഒരിക്കലും ഉന്നം വച്ചിട്ടില്ല. എന്നാൽ ക്രൈസ്തവമായ ഒരു ധാർമ്മിക വീക്ഷണം *ധർമ്മാധർമ്മങ്ങളെ വേർതിരിച്ചറിയുന്നതിനുള്ള കഴിവും പ്രതികരണശേഷിയും*, വിദ്യാർത്ഥിമനസ്സുകളിൽ പൊതുനന്മയായി പ്രസരിപ്പിച്ചെടുക്കുന്നതിൽ ക്രൈസ്തവവിദ്യാലയങ്ങൾ വഹിച്ചിട്ടുള്ള പങ്ക് കുറച്ചൊന്നുമല്ല.[18]

19-ാം നൂറ്റാണ്ടിന്റെ പകുതിവരെ കേരളജനത, പ്രത്യേകിച്ചും കത്തോലിക്കാ സമൂഹം, വിദ്യാഭ്യാസരംഗത്ത് വളരെ പിന്നോക്കമായിരുന്നു. ചാവറയച്ചൻ ഈ രംഗത്ത് ഏൽപിച്ച ദൗത്യം സി.എം.ഐ., സി.എം.സി. ധാരകൾ ഊർജ്ജസ്വലതയോടെ ഏറ്റെടുക്കുകയും നിവർത്തിക്കുകയും ചെയ്തു; ഇപ്പോഴും തുടരുകയും ചെയ്യുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ നേതൃത്വമെടുക്കാൻ അന്നത്തെ സാഹചര്യങ്ങൾ വ്യക്തിപരമായി അദ്ദേഹത്തെ അനുവദിച്ചില്ലെങ്കിലും അദ്ദേഹം സ്ഥാപിച്ച സ്കൂളിന്റെ തുടർച്ചയായി കത്തോലിക്കാസഭയിലെ ആദ്യത്തെ ഇംഗ്ലീഷ്സ്കൂൾ 1855-ൽ തന്നെ മാന്നാനത്തുണ്ടായതു കണ്ടാനന്ദിക്കുവാൻ അദ്ദേഹത്തിനു ഭാഗ്യമുണ്ടായി. ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിലായി മെഡിക്കൽ കോളേജുകളും, എൻജിനീയറിംഗ് കോളേജുകളും, യൂണിവേഴ്സിറ്റി കോളേജുകളും പ്രൊഫഷണൽകോളേജുകളും പ്രൊഫഷണൽ സ്കൂളുകളും ടെക്നിക്കൽ സ്കൂളുകളും ബുദ്ധിമാന്ദ്യവും ശാരീരികവൈകല്യവും ഉള്ളവർക്കുള്ള പ്രത്യേക സ്ഥാപനങ്ങളുമൊക്കെയായി വിവിധ വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് സഭ ഇന്ന് എമ്പാടും നേതൃത്വം കൊടുക്കുന്നത് ആ ദർശന സാക്ഷാത്കാരത്തിന്റെ തുടർച്ചയിലാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസരംഗത്ത് കേരളത്തിലെ ആദ്യത്തെ സർക്കാരേതര സ്ഥാപനങ്ങളിലൊന്നായ പുന്നപ്ര പോളി ടെക്നിക് അടക്കം പല തുടക്കങ്ങളും ഈ പ്രസരണ വ്യാപന ഫലങ്ങളത്രെ.

### തുടക്കങ്ങളുടെ തുടക്കം

ചാവറയച്ചന്റെ ക്രാന്തദർശിത്വത്തിന് മറ്റൊരുത്തമ നിദർശനമായിരുന്നു അദ്ദേഹത്തിന്റെ മുദ്രണാലയപ്രവർത്തനം. പള്ളിക്കൂടങ്ങളിലൂടെ ആരംഭിച്ച

വിദ്യാഭ്യാസ വിപ്ലവത്തിന് ഊർജ്ജം പകരാൻ അച്ചടി മാധ്യമങ്ങളുടെ പിൻചേരൽ അനിവാര്യമാണെന്ന് ഒന്നര നൂറ്റാണ്ടു മുമ്പുതന്നെ ചാവറയച്ചൻ കണ്ടറിഞ്ഞു. ജനകീയ വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ ഫലപ്രദമായ നിവർത്തനത്തിന് അച്ചുകൂടത്തിന്റെ പിൻബലം ഏറെ സഹായകമെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. വിപരീതസാഹചര്യങ്ങളെ അതിജീവിച്ച് വിജയം കൈവരിക്കാനുള്ള നിശ്ചയദാർഢ്യത്തിന്റെയും കഠിനാദ്ധ്വാനത്വരയുടെയും ഫലമായാണ് 1846-ൽ മാന്നാനത്ത് കേരള കത്തോലിക്കരുടെ ആദ്യത്തെ പ്രസ്സ് അദ്ദേഹം ആരംഭിച്ചത്.

തിരുവിതാംകൂറിൽ അന്ന് രണ്ട് അച്ചുകൂടങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ; ആംഗ്ലിക്കൻ പണ്ഡിത മിഷനറി റവ.ബെയ്‌ലി കോട്ടയത്ത് സ്ഥാപിച്ച സി.എം.എസ്സ്. പ്രസ്സും സ്വാതിതിരുനാൾ മഹാരാജാവ് തിരുവനന്തപുരത്തു സ്ഥാപിച്ച സർക്കാർ അച്ചുകൂടവും. *(വൈപ്പിൻ കോട്ട സെമിനാരിയിലെ പ്രസ്സ് അപ്പോഴേക്കും നിലവിലില്ലാതായി കഴിഞ്ഞിരുന്നു. പ്രസ്സിരുന്ന സ്ഥാനത്ത് പണ്ടുണ്ടായിരുന്ന ചായ്പിന്റെ തറയുടെ ഒരു ഭാഗം ഇടിഞ്ഞമർന്ന രൂപത്തിൽ അവിടെ ബാക്കി ശേഷിപ്പായി ഉണ്ട് - എഡിറ്റർ)* അന്നോളം അച്ചുകൂടം കണ്ടിട്ടില്ലാത്ത ചാവറയച്ചൻ അതൊന്നു കാണാൻ കോട്ടയത്ത് സി.എം.എസ്സ്. പ്രസ്സിൽ പോയെങ്കിലും അധികൃതർ അതിന് അനുവദിച്ചില്ല. ഒടുവിൽ തിരുവനന്തപുരത്ത് ചില സർക്കാർ ജീവനക്കാരുടെ സഹായത്തോടെ അച്ചടിയന്ത്രം നേരിൽ കണ്ട് പ്രസ്സിന്റെ ഡയഗ്രം മനസ്സിൽ കുറിച്ചിട്ടിട്ടാണ് അദ്ദേഹം മടങ്ങിപ്പോന്നത്. തിരിച്ചെത്തിയ ഉടൻ വാഴപ്പിണ്ടിയിൽ പ്രസ്സിന്റെ ഒരു മാതൃക ഉണ്ടാക്കുകയും ഈ മാതൃകയിൽ നിന്ന് മരം കൊണ്ട് അച്ചുകൂടം നിർമ്മിക്കുകയും ചെയ്തു. അതിനിടയിൽ ചാവറയച്ചന്റെ ഈ സംരംഭത്തെ ഏതോ ഒരു രഹസ്യ വിധ്വംസക പ്രവർത്തനം എന്ന് ആരോപിച്ചുകൊണ്ടുള്ള ആക്ഷേപങ്ങളും എതിർപ്പുകളും ഉയർന്നപ്പോഴും ക്ഷമാപൂർവ്വം സർക്കാരിൽ നിന്നു തന്നെ ഒരു ഉത്തരവ് നേടിയെടുത്തു കൊണ്ടാണ് അദ്ദേഹം അതിനെ നേരിട്ടത്. 1846 ജൂലൈ മാസത്തിൽ കിട്ടിയ സർക്കാർ അനുവാദപ്രകാരം മാന്നാനത്തെ സെന്റ് ജോസഫ്സ് പ്രസ്സ് പ്രവർത്തിച്ചുതുടങ്ങിയപ്പോൾ ചാവറയച്ചന് അത് മറ്റൊരു ലക്ഷ്യസാഫല്യമായി;[19] ഇതു യാഥാർത്ഥ്യമാക്കാൻ സഹിച്ച യാതനകളുടെ കഥ അദ്ദേഹത്തിന്റെ ജീവിത കഥയിലെ മിഴിവാർന്ന ഒരു അദ്ധ്യായവുമായി.

ഇന്ത്യയിൽ ആദ്യത്തെ പ്രസ്സ് സ്ഥാപിതമായത് ഗോവയിലാണ്. ഈ പ്രസ്സ് ഗോവയിലെത്തിയതിനു പിന്നിൽ രസകരമായൊരു കഥയുണ്ട്. പോർട്ടുഗൽ രാജാവ് അബിസീനിയായിലെ രാജാവിന് സമ്മാനമായി കപ്പലിൽ അയച്ചുകൊടുത്ത പ്രസ്സ് കപ്പൽക്കമ്പനിക്കു പറ്റിയ അബദ്ധത്തിന്റെ ഫലമായി ഗോവയിലെത്തിച്ചേർന്നു. 1556 സെപ്റ്റംബർ 5-ന് ഗോവയിലെത്തിയ പ്രസ്സ് അബിസീനിയായിലേക്കുതന്നെ കൊണ്ടു പോകാൻ പ്രസ്സിന്റെയൊപ്പം യാത്ര

ചെയ്തിരുന്ന സ്പാനീഷ് മിഷനറി യത്നിച്ചുവെങ്കിലും അതിന് സമ്മതം നൽകാതെ ഗോവയിലെ പോർട്ടുഗീസ് ഗവർണർ ഇതിൽ ഇടപെട്ടതോടെ പ്രസ്സ് ഗോവയിൽത്തന്നെ ഉറച്ചു. അങ്ങനെയാണ് ഗോവയിലെ സെന്റ് പോൾ ജെസ്യൂട്ട് സെമിനാരിയിൽ ഇന്ത്യയിലെ ആദ്യത്തെ അച്ചുകൂടം സ്ഥാപിതമായത്.[20]

ഈ പ്രസ്സിനു പിന്നിലെ മുഖ്യ സാങ്കേതിക വിദഗ്ദ്ധരിലൊരാളായിരുന്ന ബ്രദർ ജോൺ ഗൊൺസാൽവസ് 1577 -ൽ വൈപ്പിൻക്കോട്ട സെമിനാരിയിൽ വന്ന് ആദ്യമായി മലബാർ ടൈപ്പുകൾ കൊത്തിയുണ്ടാക്കാൻ നേതൃത്വം നൽകിയതായി രേഖകളിൽ കാണുന്നു.

മൂന്നു പതിറ്റാണ്ടു കഴിഞ്ഞ് കൊല്ലത്ത് ഫാ.പ്രയർ ഒരു പ്രസ്സ് സ്ഥാപിച്ചു. വി.ഫ്രാൻസീസ് സേവ്യർ രൂപപ്പെടുത്തിയ *വേദോപദേശ സംഗ്രഹം* ഇവിടെയാണ് അച്ചടിച്ചത്.

അച്ചടി വിദ്യ ഇന്ത്യയിൽ പിന്നീടു വളർന്നത് വളരെ മന്ദഗതിയിലായിരുന്നു. 1778- ലാണ് ബംഗാളിൽ ആദ്യത്തെപ്രസ്സ് സ്ഥാപിതമായത്. മുംബൈയിൽ 1807 ലും. കോട്ടയത്ത് സി.എം.എസ്സ്. പ്രസ്സും, തിരുവനന്തപുരത്ത് സർക്കാർ അച്ചുകൂടവും പിന്നീടാണ് സ്ഥാപിതമായത്.[21]

മാന്നാനത്ത് മരം കൊണ്ടു പ്രസ്സ ഒരുവിധം ഉണ്ടാക്കി; അക്ഷര നിർമ്മിതിയായിരുന്നു അടുത്ത വെല്ലുവിളി. ടൈപ്പു കൊത്തുന്നവരാരും ചാവറയച്ചന്റെ ഉദ്യമത്തെ സഹായിക്കാതിരിക്കുവാൻ സി. എം.എസ്സ്. പ്രസ്സുകാർ ഉപരോധം ഏർപ്പെടുത്തി. ശിവരാമൻ എന്ന തമിഴ്നാട്ടുകാരനായ തട്ടാനെ തിരുവല്ലയിൽ നിന്നു സംഘടിപ്പിച്ച് ചാവറയച്ചൻ ബുദ്ധിപൂർവ്വം അതു തയ്യാറാക്കിയെടുത്തു. പ്രസ്സിനു ലൈസൻസ് കിട്ടേണ്ട സമയമായപ്പോൾ സർക്കാരിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി എതിർപ്പുകളുയർന്നു. വരാപ്പുഴമെത്രാപ്പോലീത്ത ലുദ്‌വിക്കോസിന്റെ സഹായത്തോടെയാണ് അക്കാര്യത്തിൽ അനുകൂല ഫലമുളവായത്. പ്രസ്സ് പ്രവർത്തിപ്പിക്കാൻ ഒരു പ്രിന്ററുടെ അഭാവമായി അടുത്തഘട്ടത്തിലെ പ്രതിസന്ധി. തിരുവനന്തപുരം അച്ചുകൂടത്തിൽ നിന്നും കുര്യൻ എന്ന പ്രിന്റർ ആ ദൗത്യം ഏറ്റെടുത്തതോടെ അതിനു പരിഹാരമായി. ബോംബെയിൽപ്പോയി ബൈൻഡിംഗ് പഠിച്ച കൊച്ചിക്കാരനായ ഒരു യഹൂദനെ വരുത്തി പ്രസ്സിലെ ബൈൻഡറാക്കിയതോടെ ആ കടമ്പയും കടന്ന് പ്രസ്സ് പ്രവർത്തനക്ഷമമായി.[22] മറ്റു ജോലിക്കാരെയും ഒരുക്കി. അപ്പോഴാണ് കടലാസിനും മഷിക്കും അനുഭവപ്പെട്ട കടുത്ത ക്ഷാമവും അവ സംഭരിക്കുവാൻ വേണ്ടി വരുന്ന ക്ലേശവും വ്യഥയും അടുത്ത വെല്ലുവിളിയായത്. വിദേശത്തുനിന്നും വരുത്തേണ്ടിയിരുന്നു കടലാസും മഷിയും. സാമ്പത്തികം തന്നെയായിരുന്നു അവിടെ മുഖ്യ പ്രശ്നം. എങ്ങനെയെല്ലാമോ മറ്റുള്ളവരുടെ സഹായത്താൽ അത് തരണം ചെയ്ത് ഒരു വിധത്തിൽ കടലാസും മഷിയും കൊച്ചിയിൽനിന്നും മാന്നാനത്തെത്തിച്ചു.തന്റെ

സ്നേഹിതർക്കും സഹപ്രവർത്തകർക്കുമായി ചാവറയച്ചൻ എഴുതിയ ഒരു *ഉപദേശ പത്രമാണ്* മാന്നാനം പ്രസ്സിൽ ആദ്യമായി അച്ചടിച്ചത്. ക്രാന്തദർശി യായ ആ കഠിനാദ്ധ്വാനിയുടെ നിസ്തന്ദ്രശ്രമം ഒടുവിൽ അച്ചടിത്താളുക ളായി പുറത്തിറങ്ങി സാക്ഷാത്കാര വിജയമായി ഭവിക്കുകയായിരുന്നു.

കേരള സഭയെ വിപദ്സന്ധിയിലുലച്ചുവന്ന റോക്കോസ് ശീശ്മക്കെതിരെ ചാവറയച്ചൻ തൂലിക പടവാളാക്കി ഉണർത്തിയ പ്രതിരോധനിരയിലെ ലേഖന ങ്ങളും പ്രബോധനങ്ങളുമെല്ലാം മാന്നാനം പ്രസ്സിലാണ് അച്ചടിക്കപ്പെട്ടത്. പ്രചരണത്തിനും പ്രകാശനത്തിനും പ്രതിരോധത്തിനും ശക്തിയുള്ള സമൂ ഹത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുവാൻ കഴിയുന്ന മാധ്യമ വഴി യുടെ മലയാളത്തിലെ ആദ്യ പ്രയുക്തി സാക്ഷ്യമായിരുന്നു ഇത്. പുളിങ്കുന്ന് തോപ്പിൽ കുര്യൻ തമിഴിൽ നിന്ന് വിവർത്തനം ചെയ്ത പല കൃതികളും ഇവിടെനിന്നും പ്രസിദ്ധീകരിച്ചു.[23] പുസ്തക പ്രസാധക രംഗത്തും അതോടെ ചാവറയച്ചൻ മലയാളക്കരയിൽ ആദ്യ പാദം കുറിക്കുകയായിരുന്നു.

അച്ചടികടലാസിന്റെ ദൗർലഭ്യം ചാവറയച്ചനെ വല്ലാതെ വിഷമിപ്പിച്ചി രുന്നു. രണ്ട് എഴുത്തുകടലാസ് കൂട്ടിയൊട്ടിച്ചാണ് ഒറ്റക്കടലാസായി അച്ചടി ക്കുപയോഗിച്ചിരുന്നത്. ഒടുവിൽ ഫ്രാൻസിൽ നിന്നും നല്ല കടലാസ് എത്തി ക്കാൻ വരാപ്പുഴ മെത്രാപ്പൊലീത്ത സഹായിച്ചു. മാന്നാനം പ്രസ്സിന്റെ അനു ബന്ധസ്ഥാപനമായി ഒരു ടെക്നിക്കൽ സ്കൂളും (അന്നങ്ങിനെയൊരു പേരതിനു നൽകിയിരുന്നില്ല എങ്കിലും) സ്ഥാപിതമായി എന്നു പറയാം. അച്ച ടിയുടെ വിവിധമേഖലകളിലും ബുക്ക് ബൈൻഡിങ്ങിലും അവിടെനിന്ന് പരി ശീലനം നൽകിയിരുന്നു. അത് പില്കാലത്ത് പലർക്കും ഉപജീവനമാർഗ്ഗമാവു കയും ചെയ്തു. തൊഴിൽശാലയോട് ചേർന്ന് തൊഴിൽ പരിശീലനസാധ്യത എന്നരീതിയുടെ തുടക്കമായിരുന്നു ഇത്. പിന്നീട് ഇതെല്ലാ മേഖലകളിലും വ്യാപകമായി സ്വീകരിക്കപ്പെട്ടുവല്ലോ.

മാന്നാനം പ്രസ്സിന്റെ ശാഖയായി കൂനമ്മാവിൽ മറ്റൊരു അച്ചുകൂടവും ചാവറയച്ചന്റെ സങ്കല്പപ്രകാരം സ്ഥാപിച്ചു. ധാരാളം പ്രാർത്ഥനാപുസ്ത കങ്ങളും ലഘുഗ്രന്ഥങ്ങളും ഇവിടെനിന്ന് പുറപ്പെട്ടു. *സത്യനാദകാഹളം* എന്ന പേരിൽ ആദ്യം കൂനമ്മാവിൽ നിന്നും പിന്നീട് വരാപ്പുഴയിൽ നിന്നും ഒടു വിൽ എറണാകുളത്തുനിന്നും പ്രസിദ്ധപ്പെടുത്തിയ മലയാളത്തിലെ ആദ്യ പ്രതിവാര പത്രികയുടെയും മാന്നാനത്തുനിന്നാരംഭിച്ച *നസ്രാണി ദീപിക* യുടെയും പ്രസാധനങ്ങൾക്ക് നിമിത്തമായത് ആദ്യം മാന്നാനത്തും തുടർച്ച യിൽ കൂനമ്മാവിലും ചാവറയച്ചന്റെ വിഭാവനഫലമായും തുടർച്ചയായും സ്ഥാപിതമായ മുദ്രണപ്രാസാധനാലയങ്ങളാണ്.[24] ആദ്യത്തെ മലയാള ദിന പത്രമായി *ദീപിക* അച്ചടി മഷി പുരണ്ട് വെളിച്ചം കണ്ടത് 1887-ൽ ആയിരു ന്നെങ്കിലും സാംസ്കാരിക കേരളത്തിന്റെ കണ്ണും കാതും നാവുമായി മാറാൻ ശേഷിയുള്ള ദിനപത്രത്തെക്കുറിച്ചുള്ള സ്വപ്നം അതിനുമുൻപുതന്നെ ചാവറ

യച്ചനിൽ ചിറകു വിരിച്ചിരുന്നു. ഈ സ്വപ്നത്തിന്റെ ചിറകായി കൂടിയാണല്ലോ മാന്നാനം പ്രസ്സ് സ്ഥാപിതമായത്.

മതപ്രചാരണത്തിനുമാത്രമായി പ്രസ്സ് നടത്തുകയായിരുന്നു വിദേശമിഷനറിമാരുടെ രീതിയെങ്കിൽ, നാടിന്റെയും സമൂഹത്തിന്റെയും വിശാല താല്പര്യങ്ങൾക്കാണ് ചാവറയച്ചൻ മുൻതൂക്കം നൽകിയത്. *ദീപികയെ* നയിച്ചവരായ അദ്ദേഹത്തിന്റെ പിൻഗാമികളും ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തി.

ബഹുഭാഷാപണ്ഡിതനായിരുന്ന നിധീരിയ്ക്കൽ മാണിക്കത്തനാരായിരുന്നു ദീപികയുടെ ആദ്യ പത്രാധിപർ; മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത അലങ്കാരശാസ്ത്രഗ്രന്ഥത്തിന്റെ രചയിതാവായ ഫാ. ജെറാർദ് കണ്ണമ്പിള്ളി സി.എം.ഐ. ആദ്യ മാനേജിംഗ് എഡിറ്റർ. ചാവറപിതാവിന്റെ ശിഷ്യൻ കൂടിയായിരുന്ന ജെറാർദച്ചനാണ് ശാസ്ത്രീയമായ ലിപി പരിഷ്ക്കരണ പര്യവേഷണത്തിനു മലയാളത്തിൽ തുടക്കം കുറിച്ചത്.

മഹാകവി ഉള്ളൂർ *ദീപികയിലെ* സ്ഥിരം എഴുത്തുകാരിൽ ഒരാളായിരുന്നു. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള കുറെക്കാലം ദീപികയുടെ മുഖപ്രസംഗരചന നിർവ്വഹിച്ചിരുന്നു. കമ്മനം ഗോവിന്ദപിള്ള, ചക്കനാട്ട് ശങ്കരപ്പിള്ള, പി.ആർ.നായർ എന്നിവർ ദീപികയുടെ എഡിറ്റർമാരായിരുന്നു.[25]

പ്രസ്സിന്റെ സുവർണ്ണ ജൂബിലി വേളയിലെ (1896 ജനുവരി 10) *ദീപിക*യുടെ മുഖപ്രസംഗത്തിൽ നിന്നൊരു ഭാഗം:

*അന്നത്തെ കാലാവസ്ഥക്ക് കേവലം അപൂർവ്വവും വിസ്മയകരവും ആയിരുന്ന ഈ കാര്യത്തിനായുള്ള പരിശ്രമവും ആലോചനയും അവർ, ഒരുവിധം ബുദ്ധിമത്തുക്കളായ ജനങ്ങൾ പോലും, പരിഛേദം ഒരു അസാധ്യമായ പരിശ്രമം ആണെന്നു നിർണ്ണയിച്ചു. എന്നാലും ചാവറയച്ചൻ അവരുടെ നിർണ്ണയങ്ങളെയും ആലോചനകളേയും അഗണ്യമാക്കി. അതു നിമിത്തം സാധാരണക്കാരായ ജനങ്ങൾ ബുദ്ധിഭ്രമത്തിന്റെ ആരംഭമാണെന്നു കൂടെ പറഞ്ഞു തുടങ്ങി. പക്ഷേ ഇതൊന്നും കൊണ്ട് സ്ഥിരോത്സാഹിയും കഠിനാദ്ധ്വാനിയുമായ ചാവറയച്ചന്റെ അഭിപ്രായത്തിനു യാതൊരു വ്യത്യാസവും ഉണ്ടായില്ല. ഇതു സംബന്ധമായ ഓരോ ജോലികളും ആരംഭിക്കുകയും ചെയ്തു.*[26]

അതിലൂടെ മലയാള മാധ്യമ കുടുംബത്തിന്റെ പൂർവ്വ പിതാവു കൂടിയായി മാറി ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ.

സന്യാസ സന്യാസിനീസഭാസ്ഥാപനങ്ങൾ ചാവറയച്ചനോടൊപ്പം മറ്റു പലരുടെയും സഹായത്തിന്റെ ഫലമായിരുന്നെങ്കിൽ വിദ്യാഭ്യാസപ്രവർത്തനങ്ങൾ ചാവറയച്ചന്റേതു മാത്രമായ ദർശനമായിരുന്നു. അദ്ദേഹത്തിന് വിദ്യയുടെ വിലയറിയാമായിരുന്നു. സമുദായത്തെ കൈപിടിച്ചുയർത്താൻ സമാരംഭിച്ച സന്യാസ സഭ ഏതു വേദിയിൽ ആദ്യം കാലെടുത്തുവയ്ക്കണമെന്ന് രണ്ടാമതൊരാവർത്തി അദ്ദേഹത്തിന് ചിന്തിക്കേണ്ടി വന്നില്ല. വിദ്യയുടെ വേദിയാണ് അദ്ദേഹത്തിന്റെ മനസ്സിൽ പ്രഥമ പ്രധാനമായി തെളിഞ്ഞത്.

ആശ്രമസ്ഥാപനം സഭയുടെ വളർച്ചയ്ക്ക് കാരണമായെങ്കിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സമുദായത്തിന്റെ, സമൂഹത്തിന്റെ തന്നെ, പുരോഗതിക്ക് അടിത്തറ പാകി.

നിർദ്ധനരായ കുട്ടികൾക്ക് പഠനസൗകര്യമൊരുക്കാൻ ഇടവകകളേയും സമ്പന്നരേയും ചുമതലപ്പെടുത്തി അദ്ദേഹം. താൻ സ്ഥാപിച്ച വിദ്യാലയങ്ങ ളുടെ നിലനില്പിനായി വരുമാനമാർഗ്ഗങ്ങളും അദ്ദേഹം കണ്ടെത്തി.[27] ചാവറ യച്ചന്റെ വിദ്യാഭ്യാസപ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ അദ്ദേഹം തുടക്കം കുറിച്ച സ്കൂളുകളുടെയോ നടത്തിക്കൊണ്ടു പോയിരുന്ന സ്ഥാപന ങ്ങളുടെയോ എണ്ണത്തെക്കാൾ പ്രധാനമായി വിദ്യാഭ്യാസം സമൂഹത്തിന് ആവശ്യമാണെന്നും അതുകൊണ്ടു മാത്രമേ മേൽഗതിയുണ്ടാകൂ എന്നും ഉള്ള ചിന്താഗതി സമൂഹമനസ്സിൽ പ്രസരിപ്പിക്കുകയും പൊതുവിദ്യാഭ്യാസം പൊതു സമൂഹത്തിന് പ്രാപ്യമാക്കി നൽകുന്നതിനുള്ള സൗകര്യങ്ങൾ ഒരു പാട് ത്യാഗം സഹിച്ചും ലഭ്യമാക്കുവാൻ അക്ഷീണം ശ്രമിക്കുകയും ചെയ്ത അദ്ദേഹത്തിന്റെ ദീർഘ വീക്ഷണത്തെയും അതിലുൾച്ചേർന്നിരുന്ന പ്രേഷിത ദർശനത്തെയും തന്നെയാണ് നാം അടിവരയിട്ട് അടയാളപ്പെടുത്തേണ്ടത്. ജാതിമതഭേദമന്യേ വിദ്യാഭ്യാസം വഴി എല്ലാവരും മാനസിക, ബൗദ്ധിക, ആദ്ധ്യാത്മിക, ശാരീരിക, തലങ്ങളിൽ വളർച്ച പ്രാപിക്കണമെന്നുള്ള അദ്ദേ ഹത്തിന്റെ കാഴ്ചവൃത്തത്തിന്റെ ഗരിമ വിദ്യാദാനശുശ്രൂഷയെ ഒരു തപസ്യ യായി കാണാൻ നമ്മെ പ്രേരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസത്തിലൂടെ ജാതിമതഭേദചിന്തകൾക്കതീതമായ ഒരു പൊതു സമൂഹത്തെ സൃഷ്ടിക്കുവാൻ ചാവറയച്ചൻ ചെയ്ത മഹനീയ സംഭാവനകളുടെ മഹത്വത്തെ കാലം സാക്ഷ്യപ്പെടുത്തുന്നു. നാടിന്റെ സാമൂ ഹിക, സാമ്പത്തിക മതാത്മക, സാംസ്കാരിക മേഖലകളിൽ ഇന്നൊരു കുതിപ്പ് അനുഭവപ്പെടുന്നുവെങ്കിൽ അതിന് ഭൂമികയായത് ആ നല്ല തുടക്ക മാണ്. ഈ നല്ല തുടക്കങ്ങളിലൂടെ ഇന്നും എന്നും ചാവറയച്ചൻ സജീവസാ ന്നിദ്ധ്യമായി, അനുഗ്രഹവർഷമായി നമ്മുടെ സാംസ്കാരികധാരയെ ചൈതന്യധന്യമാക്കുന്നു. ജാതിമത വർണ്ണഭേദവിചാരങ്ങളെ ഭഞ്ജിച്ച് വിപ്ല വാത്മകമായ സമത്വസങ്കൽപത്തിലേക്ക് സമൂഹത്തെ നയിച്ച ചാവറയച്ചന്റെ അക്ഷര തപസ്യയുടെ പിൻബലമായി വിശ്വാസികളുടെ പിതാവായ അബ്രഹാമിന്റെ കറയില്ലാത്ത വിശ്വാസവും, ഇസ്രായേൽ ജനത്തിന്റെ അച ഞ്ചലനേതൃസ്ഥാനത്ത് മരുവിയ മോശാ പ്രവാചകന്റെ ഭരണപാടവവും തച്ചുട ക്കാനും നട്ടുവളർത്താനുമായി നിലകൊണ്ട ജറമിയായുടെ ധീരതയും ക്രിസ്തു സ്നേഹത്താൽ ക്രൂശിലേറാനും ശിരഃഛേദനത്തിനിരയാകുവാനും സന്നദ്ധരായ പത്രോസ്- പൗലോസ് ശ്ലീഹന്മാരുടെ പ്രേഷിതതീക്ഷ്ണതയും നിറവാർന്ന് ആ വ്യക്തി പ്രഭവത്തിൽ ഉൾച്ചേർന്ന് നിൽക്കുന്നത് നാമിന്ന് അനുഭവിച്ചറിയുകയാണ്....

# പരാമർശ സൂചിക


1. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനുകൾ, session III, ഡിക്രി. 12
2. Ibid, ഡിക്രി II
3. *ചാൾസ് പൈങ്ങോട്ട്*, കേരളസഭ പത്തൊമ്പതാം നൂറ്റാണ്ടിൽ (ഇഗ്നേഷ്യസ് പേർസിക്കോയുടെ റിപ്പോർട്ട്) കോട്ടയം: QRSI, 41
4. Ibid, p. 70
5. Archives of Oriental Congregation, S.C. Malabaresi 1878-1889, 1224 V. ഉദ്ധരണി, ചാൾസ് പൈങ്ങോട്ട്, opcit, p. 103
6. *പാറപ്പുറം വർക്കിയച്ചൻ*, നാളാഗമം,വാല്യം 5, പേജ്.128–129 (Archieves CMC Generalate, Aluva)
7. *തൊണ്ടിപ്പുര*, "ചാവറയച്ചൻ: സാമുദായിക പരിഷ്കർത്താവ്", ചാവറശതാബ്ദിയിലെ ലേഖനം, പേജ്. 58
8. *പാറപ്പുറം വർക്കിയച്ചൻ*, നാളാഗമം, പേജ്. 128-129 (Archieves CMC Generalate, Aluva)
9. cf. *ഡോ.തോമസ് കാടൻകടവിൽ*, "അവതാരിക", വിത്സൻ കോക്കാട്ട്, വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ദളിത് ദർശനം, 8
10. *പ്രൊഫ. എ. ശ്രീധരമേനോൻ*, ഘോഷിക്കപ്പെടാതെ പോയ ചരിത്രപർവ്വം, സുകൃതംസ്മര, ബേസ്റൗമ, പേജ് 39.
11. *പാറപ്പുറം വർക്കിയച്ചൻ*, നാളാഗമം
12. *ഡോ.തോമസ് കാലായിൽ സി.എം.ഐ*, ചാവറകുരിയാക്കോസ് ഏലിയാസച്ചനും ദളിതരുടെ സമുദ്ധാരണവും, ദീപിക സ്പെഷ്യൽ, പേജ്.138
13. *ഫാ.വലേരിയൻ*, മലങ്കരസഭാ മാതാവിന്റെ ഒരു വീരസന്താനം , പേജ്. 138.

    *(ഇന്നായിരുന്നുവെങ്കിൽ അദ്ദേഹം സ്വപ്നം കണ്ടിരിക്കുക ഒരു കല്പിത സർവ്വകലാശാലയുടെ സ്ഥാപനമായിരിക്കും! -എഡിറ്റർ)*
14. Ibid, p.160
15. Ibid, p.137
16. *ഡോ.തോമസ് ചാത്തപറമ്പിൽ*, "ചാവറയച്ചനും വിദ്യാഭ്യാസരംഗവും", ചാവറ രണ്ടാം ജന്മശതാബ്ദിസ്മരണിക, പേജ് 113.
17. *ജോൺ റോമയോ പട്ടശ്ശേരി*, "വാഴ്ത്തപ്പെട്ട ചാവറയച്ചൻ : വ്യക്തിയും വീക്ഷണവും", വാല്യം 1, പേജ് 68.
18. *കിളിച്ചിമല*, "ക്രൈസ്തവവിദ്യാലയങ്ങളുടെ ആവശ്യകത", ചാവറശതാബ്ദി ലേഖനം, പേജ് 160.
19. *പി.ഗോവിന്ദപ്പിള്ള*, ചരിത്രത്തെ നയിച്ച ഒരാൾ, സുകൃതംസ്മര, ബേസ്റൗമ, പേജ് 54.
20. *ഡോ.സെബാസ്റ്റ്യൻ പോൾ*, "മലയാള മാധ്യമ കുടുംബത്തിന്റെ ആദ്യനാൾവഴികളിലൂടെ", സുകൃതംസ്മര, ബേസ്റൗമ, പേജ് 106.
21. Ibid
22. Ibid
23. Ibid, p.117
24. Ibid
25. *ഡോ.സെബാസ്റ്റ്യൻ പോൾ* , മലയാള മാധ്യമ കുടുംബത്തിന്റെ ആദ്യനാൾവഴികളിലൂടെ, സുകൃതംസ്മര, ബേസ്റൗമ, പേജ് 109.
26. Ibid, p.116
27. *വർഗ്ഗീസ് കാഞ്ഞിരത്തിങ്കൽ*, കേരളദീപം, പേജ്. 38

നാല്

## വിദ്യാവ്യാപനവഴിയെ സഭാധാര

ശാക്തീകരണം പ്രാർത്ഥന പോലെ ഒരനുഷ്ഠാനമായി കരുതിയ ചാവറയച്ചൻ ദുർബല വിഭാഗങ്ങളിൽ സത്വര ശ്രദ്ധയും കരുതലും ആവശ്യപ്പെടുന്നത് ദളിതർ മാത്രമല്ലെന്ന് തിരിച്ചറിഞ്ഞു. സ്ത്രീക്ക് ജാതിഭേദമെന്യേ സമൂഹത്തിൽ അന്നനുഭവിക്കേണ്ടി വന്ന അവഗണനകൾ അദ്ദേഹം കാണാതെ പോയില്ല. അവിടെയും ആ മനസ്സ് പരിഹാര വഴികൾക്കായി ഉഴറി. *സ്ത്രീ വിദ്യാഭ്യാസം, സ്ത്രീ സമുദ്ധാരണം, സ്ത്രീ ശാക്തീകരണം* എന്നീ പ്രയോഗങ്ങളൊക്കെ ഇന്ന് സാർവ്വത്രികമായി മാറിയിരിക്കുന്നു. എന്നാൽ 19-ാം നൂറ്റാണ്ടിൽ *സ്ത്രീ* എന്ന പദംതന്നെ അപൂർവ്വമായേ ഉച്ചത്തിൽ ഘോഷിച്ച് കേൾക്കുമായിരുന്നുള്ളു. സ്ത്രീയെ പിൻനിരയിൽ അബലയായും ദാസിയായും നിഴലായും മാത്രം വീക്ഷിച്ചിരുന്ന ഒരു കാലമായിരുന്നു അത്. പിതാവിന്റെ അടിമയായ മകൾ, ഭർത്താവിന്റെ അടിമയായ ഭാര്യ, മകന്റെ അടിമയായ അമ്മ... എന്നും കർട്ടനു പുറകിലെ വെറും നിഴൽ മാത്രമായിരുന്നു ഇവിടെ സ്ത്രീ. ഭാരം വഹിക്കുകയും ദാസ്യവൃത്തി നിർവ്വഹിക്കുകയും ചെയ്യുമ്പോഴും ഫലവിളവെടുപ്പിൽ പങ്ക് നിഷേധിക്കപ്പെട്ടവൾ; പാർശ്വവത്കരിക്കപ്പെടുകയല്ല, തമസ്കരിക്കപ്പെടുകതന്നെ ചെയ്തവൾ; അടുക്കളയിലും അകത്തളങ്ങളിലും മാത്രമായി തളച്ചിടപ്പെട്ടവൾ..... അതിൽ കവിഞ്ഞ സ്ഥാനവും അർഹതയുമൊന്നും അന്നത്തെ സ്ത്രീക്ക് സമൂഹത്തിന്റെ ഒരു ശ്രേണിയിലും അവകാശപ്പെടാനില്ലായിരുന്നു. കാലികളെപ്പോലെ വാങ്ങാനും വില്ക്കാനും കഴിയുന്ന ഒരു വസ്തുവായി സ്ത്രീയെ തരംതാഴ്ത്തിയിരുന്നു. അതിനെ എപ്പോഴെങ്കിലും അതിലംഘിച്ചിട്ടുണ്ടെങ്കിൽ അവയൊന്നും ആശാസ്യമായ സദാചാര ധാരകളുടെ ചിട്ടവൃത്തത്തിലൂടെ ആയിരുന്നുമില്ല. ഈ പശ്ചാത്തലത്തിൽ സ്ത്രീക്കുവേണ്ടി സംസാരിക്കുവാനും അവരുടെ രക്ഷയ്ക്കും പാലനത്തിനും വേണ്ടി പ്രവർത്തിക്കുവാനും ചാവറയച്ചൻ മുന്നിട്ടിറങ്ങുകയായിരുന്നു. ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ അത്ഭുതത്തോടുകൂടിയേ നമുക്ക് ഈ വസ്തുതയെ കാണാൻ കഴിയൂ.

സമൂഹത്തിന്റെ, രാജ്യത്തിന്റെ, എല്ലാറ്റിനുമുപരി കുടുംബത്തിന്റെ, സർവ്വതോന്മുഖമായ അഭ്യുന്നതിയിൽ സ്ത്രീകൾക്കുള്ള അനിഷേധ്യമായ പങ്ക് വിവേചിച്ചറിയുകയും അത് ഉറക്കെ ഘോഷിക്കുകയും ചെയ്ത ക്രാന്തദർശിയായിരുന്നു കർമ്മയോഗിയായ ചാവറയച്ചൻ. സ്ത്രീയുടെ മഹനീയതയേയും കുടുംബത്തിലും സമൂഹത്തിലുമുള്ള അവളുടെ സ്വാധീനശക്തിയേയും തിരിച്ചറിയാനുള്ള ആദ്യപാഠങ്ങൾ സ്വന്തം മാതാവിൽ നിന്നുതന്നെയാണ് അദ്ദേഹം ഗ്രഹിച്ചത്. അതായിരുന്നു മാതൃക. കുടുംബഭദ്രതയിൽ, തത്ഫലമായുള്ള സംസ്കൃതിയുടെ ശോഭാപാലനത്തിൽ, രാജ്യത്തിന്റെ വളർച്ചയിൽ, പുരുഷന്മാർക്കൊപ്പം, ഒരു പടികൂടി കടന്നാൽ അവരേക്കാൾ അധികമായിതന്നെ സംഭാവന ചെയ്യാൻ സ്ത്രീകൾക്കാവുമെന്ന് മനസ്സിലാക്കിയ ഈ ദൈവീകമനുഷ്യൻ അത് എങ്ങനെ സാധിതമാക്കാമെന്ന് ആഴത്തിൽ ചിന്തിച്ചു. കലാലയത്തിന്റെ വാതിൽ അവൾക്കു മുമ്പിൽ തുറക്കുകയാണ് അതിന്റെ ആദ്യപടിയെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. സ്ത്രീകൾക്ക് വിദ്യാഭ്യാസം നല്കുകയെന്നത് ചിന്തിക്കാൻ പോലും കഴിയാതെയിരുന്ന അന്നത്തെ സാഹചര്യത്തിൽ ചാവറയച്ചന്റെ മനസ്സ് സ്ത്രീ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തിന് ആദ്യമായിവിടെ അടിവരയിട്ടു. സ്ത്രീകൾക്ക് സമൂഹത്തിൽ അർഹമായ സ്ഥാനം ലഭിക്കുന്നതിന് വിദ്യാഭ്യാസം അനിവാര്യമാണെന്ന് അദ്ദേഹം മനസ്സിലാക്കി. ഒരു സ്ത്രീക്ക് വിദ്യാഭ്യാസം ലഭിച്ചാൽ ഒരു കുടുംബം മാത്രമല്ല, അയൽക്കാർ പോലും അവരിലൂടെ വിദ്യാഭ്യാസത്തിലേക്കുള്ള വഴി കണ്ടെത്തുമെന്നും അതിലൂടെ മെച്ചപ്പെട്ട ജീവിതത്തിലേക്കും സംസ്കാരത്തിലേക്കും എത്തിപ്പെടുമെന്നും ചാവറയച്ചൻ മനസ്സിലാക്കി. അതിന്റെ ബലത്തിലാണ് സ്ക്കൂളുകളിൽ പെൺകുട്ടികൾക്ക് പഠിക്കാനും, താമസിച്ച് പഠിക്കാനുമുള്ള പ്രത്യേക സൗകര്യങ്ങൾ അദ്ദേഹം ഏർപ്പെടുത്തിയത്. ഈ ലക്ഷ്യംവച്ച് 1868-ൽ ചാവറയച്ചൻ സ്ഥാപിച്ച പെൺകുട്ടികൾക്കായുള്ള ബോർഡിംഗ് സ്കൂൾ[1] ഈ രംഗത്ത് കേരളത്തിൽ നടന്ന ആദ്യ കാൽവയ്പായിരുന്നു.

## ഒരു യജ്ഞത്തിന്റെ തുടക്കം

സമൂഹത്തിന്റെ സമഗ്രമായ വളർച്ചയ്ക്ക് സ്ത്രീകളുടെ ഉന്നമനം അത്യന്താപേക്ഷിതമാണെന്ന് മനസ്സിലാക്കിയ ചാവറയച്ചൻ അതിന് സ്വീകരിച്ച ആദ്യപടി സ്ത്രീകൾക്കായി ഒരു സന്യാസിനീസമൂഹം സ്ഥാപിക്കുക എന്നതായിരുന്നു. സ്ത്രീകളിൽനിന്നുതന്നെ ഒരു സംഘത്തെ രൂപപ്പെടുത്തി, അവരുടെ ഉന്നമനത്തിനായി പ്രവർത്തിപ്പിക്കുകയായിരുന്നു ലക്ഷ്യം. അങ്ങനെയാണ് 1866-ൽ സി.എം.സി. എന്ന ചുരുക്കപേരിൽ അറിയപ്പെടുന്ന *കോൺഗ്രിഗേഷൻ ഓഫ് ദ മദർ ഓഫ് കാർമ്മൽ* എന്ന സന്യാസിനീസമൂഹം ജന്മമെടുത്തത്. ആദ്യം ഇത് റ്റി.ഒ.സി.ഡി. (*നിഷ്പാദുക കർമ്മലീത്ത മൂന്നാം സഭ*) എന്നറിയപ്പെട്ടിരുന്നു. പിന്നീട് സുറിയാനി - ലത്തീൻ ധാരകളിലായി സി.എം.സി. എന്ന പേരിലും സി.ടി.സി. എന്ന പേരിലും രണ്ടു സഭകളായി

വെവ്വേറെ തുടരുകയുമാണുണ്ടായത്. അപ്രകാരം ഇപ്പോഴും തുടരുന്നു. സി. ടി.സി. എന്നതിന്റെ പൂർണ്ണ രൂപം *കോൺഗ്രിഗേഷൻ ഓഫ് തെരേസ്യൻ കാർമലൈറ്റ്സ്* എന്നത്രെ. *മലയാളത്തിലെ പെൺപൈതങ്ങൾക്ക് ഒരു പുണ്യ സങ്കേതവും വേദകാര്യങ്ങൾ പഠിക്കുന്നതിനും നല്ല ക്രിസ്ത്യാനി പൈതങ്ങളായി വളരുന്നതിനും ഒരു കന്യാസ്ത്രീ മഠവും*[2] തത്ഫലമായി ഉണ്ടായി. ചാവറയച്ചന്റെ സമകാലികനും രണ്ടാം പ്രയോരുമായിരുന്ന പോരൂക്കര ഏലിയാസച്ചൻ 1874-ൽ കൂനമ്മാവ് മഠത്തിലെ അംഗങ്ങളായ സഹോദരിമാർക്ക് അയച്ച കത്തിൽ ഇപ്രകാരം പറയുന്നു: *ഉലക്ക പിടിക്കുകയും കലം തേയ്ക്കുകയും ചെയ്യുന്ന കൈ ഇതിൻ വണ്ണം എഴുതാനും, തന്നെയും തന്റെ സൃഷ്ടാവിനെയും അറിയാതെയും അക്ഷരം കൂട്ടി ഒരുമിച്ച് വേണ്ടും വണ്ണം പറയുവാൻ തിരിയാതെയും ഒരുപ്രകാരം മൃഗമെന്നപോലെ അടുക്കളജീവിത സ്ഥിതിക്കാരായ നിങ്ങളെ ഇത്ര ഏറ്റിക്കപ്പെട്ട ഭാഗ്യാവസ്ഥയിൽ ഉയർത്തി സ്ഥാപിച്ച സർവ്വേശ്വരൻ സ്തുതിക്കപ്പെടട്ടെ*[3] സ്ത്രീ സമുദ്ധാരണത്തിന്റെ *മഗ്നാകാർട്ട* കേരളത്തിൽ ഉയിരെടുക്കുന്നത് ഈ തുടക്കത്തിൽ നിന്നുമാണ്.

സ്ത്രീവിദ്യാഭ്യാസവും സ്ത്രീസ്വാതന്ത്ര്യവും യൂറോപ്പിൽ പോലും മരീചികയായിരുന്ന വേളയിൽ ആദ്ധ്യാത്മിക - വിദ്യാഭ്യാസ-സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ സ്ത്രീകൾക്ക് പുരോഗതി കൈവരുത്തുക എന്ന ലക്ഷ്യത്തോടെ ചാവറയച്ചൻ രൂപം കൊടുത്ത കർമ്മലീത്ത സന്യാസിനീ സഭ ആ രംഗത്ത് ഒരു വലിയ ചുവടുവയ്പായിരുന്നു. ചാവറയച്ചന്റെ കത്തുകളിൽ ഏറെയും ഈ സന്യാസിനീ സമൂഹത്തിന് യഥാകാലം വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും പിതൃ നിർവ്വിശേഷമായ വാത്സല്യത്തോടെ നിർബ്ബാധം കൊടുത്തു കൊണ്ട് എഴുതിയവയാണ് എന്നറിയുമ്പോഴാണ് എത്ര സ്നേഹത്തോടും ആർദ്രതയോടെയുമാണ് അദ്ദേഹം അവരെ നയിച്ചത് എന്ന് മനസ്സിലാവുക. സത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാനും അവരുടെ സംഭാവനകൾ ഈ സമൂഹനിർമ്മിതിക്ക് അവശ്യമാവശ്യമാണെന്ന് മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്തുവാനുമായി അദ്ദേഹം കഠിനാദ്ധ്വാനം ചെയ്യുകയായിരുന്നു.

പള്ളിയോട് ചേർന്ന് പള്ളിക്കൂടങ്ങൾ തുടങ്ങിയതുപോലെതന്നെ മഠങ്ങളോടു ചേർന്ന് സ്ക്കൂളുകൾ മാത്രമല്ല *എദുക്കന്താത്തുകളും* (ബോർഡിംഗ്) വേണമെന്ന് അദ്ദേഹത്തിന് നിർബ്ബന്ധമായിരുന്നു. 1870 ആഗസ്റ്റ് മാസത്തിൽ തയ്യാറാക്കിയ മരണപത്രികയിൽ ഇത് അദ്ദേഹം വ്യക്തമായി എഴുതി വച്ചു.[4] അടുത്തുനിന്നും അകലെനിന്നും എത്തുന്ന പെൺകുട്ടികളെ അക്ഷരലോകത്തിലേക്കും അതിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കും ഉയർത്തുന്നതിലും ദൈവത്തിനും മനുഷ്യർക്കും പ്രീതികരമായ നല്ല കുടുംബിനികളായി രൂപാന്തരപ്പെടുത്തുന്നതിലും ഈ സന്യാസിനീ സമൂഹം വഹിക്കുവാനിടയായതും വഹിച്ചുകൊണ്ടിരിക്കുന്നതുമായ പങ്കിനെക്കുറിച്ച് അന്നേ അദ്ദേഹത്തിന് വ്യക്തമായ ദർശനമുണ്ടായിരുന്നു. കന്യാസ്ത്രീമഠങ്ങൾ വഴി വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതോടൊപ്പം അന്തേവാസികൾക്കും, സഹായികൾക്കും,

വിദ്യാർത്ഥിനികൾക്കും തുന്നലും, ബയൻഡിങ്ങും കൊന്ത നിർമ്മാണവും പോലുള്ള കരകൗശലവേലകളും പഠിപ്പിക്കുവാൻ അദ്ദേഹം സംവിധാനമിണക്കി.[5] യൂറോപ്പിൽ പോലും കന്യകാമഠങ്ങൾ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുമുമ്പാണ് കർമ്മലീത്ത സന്ന്യാസിനീ സഭയിലൂടെ ചാവറയച്ചൻ ഈ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചത് എന്നോർക്കണം.

ഈ സന്യാസിനീ സമൂഹങ്ങളിലൂടെയും ഇവയിൽ നിന്നു പ്രചോദനം ഉൾക്കൊണ്ട് പിന്നീട് ഉയർന്നുവന്ന മറ്റു സന്യാസിനീസമൂഹങ്ങളിലൂടെയും സ്ത്രീ സമുദ്ധാരണം ഇന്ന് ധ്രുതഗതിയിൽ ഫലപ്രാപ്തിയിൽ എത്തുന്നുവെങ്കിൽ അതിനു തുടക്കം കുറിക്കുവാനും, ആ പ്രാപ്തിസിദ്ധിക്കായി ആദ്യം മുന്നിട്ടിറങ്ങുവാനും തയ്യാറായ ചാവറ പിതാവിലെ ദൈവീക മനുഷ്യനെ നന്ദിപൂർവ്വം നാം സ്മരിക്കുക. കേരളത്തിലെ സത്രീകളുടെ ഒട്ടാകെയുള്ള സമുദ്ധാരണത്തിന് വേദിയൊരുക്കുക ആയിരുന്നു 19-ാം നൂറ്റാണ്ടിൽ ആ ചെറിയ, വലിയ തുടക്കങ്ങളിലൂടെ അദ്ദേഹം. ആദ്ധ്യാത്മിക ഭൗതിക മേഖലകളിൽ സ്ത്രീസാന്നിധ്യത്തിന് അംഗീകാരവും ആദരവും അന്തസ്സും കൈവരിക്കുവാൻ പിൻ തലമുറകൾക്ക് കഴിഞ്ഞിട്ടുണ്ടെങ്കിൽ, കഴിയുന്നുണ്ടെങ്കിൽ, അതിന്റെയെല്ലാം തുടക്കം ചാവറ കുരിയാക്കോസ് അച്ചൻ നിവർത്തിച്ച ഈ യത്നത്തിൽനിന്നുമായിരുന്നു; നയിച്ച ഈ യജ്ഞമായിരുന്നു. ഭാവിനൂറ്റാണ്ടിനെ മുന്നിൽ കണ്ടുകൊണ്ട് 19-ാം നൂറ്റാണ്ടിലെ സാമൂഹിക, സാംസ്കാരിക, മതാത്മക തലങ്ങളിൽ തന്റെ വിശ്വാസ ദാർഢ്യബോദ്ധ്യങ്ങളിൽ നിന്നാർജ്ജിച്ച സമസ്ത ഊർജ്ജവും നിർല്ലോഭം ചെലവഴിക്കുകയായിരുന്നു അദ്ദേഹം. സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്ര വളർച്ചയ്ക്ക് എന്നും അദ്ദേഹം പ്രത്യേക ഊന്നൽ നൽകി. വിദ്യാഭ്യാസ യോഗ്യതയിൽ, മതാത്മക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിൽ സമൂഹത്തിലും കുടുംബത്തിലും ഇന്ന് സ്ത്രീകൾ മഹത്തായ മാർഗ്ഗ ദർശികളായിട്ടുണ്ടെങ്കിൽ അതിന് നിമിത്തമായത്, പ്രചോദനവും പ്രകോപനവുമായത്, ചാവറയച്ചന്റെ നിസ്തുലമായ ഈ സമർപ്പിത സേവനംതന്നെയായിരുന്നു.

അറിവ് പകർന്നുകൊടുക്കുന്ന വ്യക്തി സത്യത്തിൽ ഹൃദയങ്ങളിൽ വിളക്കുകൾ കൊളുത്തുകയാണ്. അതിന്റെ വെളിച്ചമാകട്ടെ ഒരാളിൽ നിന്ന് അടുത്തയാളിലേക്ക് കൈമാറപ്പെട്ടു കൊണ്ടേയിരിക്കും. കൂടുതൽ വിസ്തൃതമായ മേഖലകളിലേയ്ക്ക്, വിശാലമായ ഭൂമികയിലേയ്ക്ക്, വീണ്ടുമനേകമനേകം ഹൃദയങ്ങളിലേയ്ക്ക്.... അനുസ്യൂതവും നിരന്തരവുമാണ് വിദ്യാപ്രസരണത്തിന്റെ പ്രയാണം. ഏതാണ്ട് ഒന്നരനൂറ്റാണ്ടു മുൻപ് വിദ്യാഭ്യാസമേഖലയിൽ കാലെടുത്തുവച്ച നാൾ തൊട്ട് ഒരു കടുകുമണിപോലെയുള്ള എളിയതുടക്കത്തിൽ നിന്ന് സി.എം.സി. സഭ കാലഘട്ടത്തിന്റെ പരിവർത്തന പ്രവാഹങ്ങളിൽ ചുവടുറപ്പിച്ച് പടർന്നു പന്തലിച്ച് ഇന്ന് ദേശത്തിന്റ അതിർത്തികളും കടന്ന് അനേകം നാടുകളിലേയ്ക്കും വംശീയധാരകളിലേക്കും ജ്ഞാനത്തിന്റെ സങ്കീർത്തനവും സുവിശേഷവും പ്രസരിപ്പിച്ചു കൊണ്ടിരിക്കുന്നു.

അരുൺ തിവാരി എ.പി.ജെ. അബ്ദുൾ കലാമുമായി നടത്തിയ അഭിമുഖത്തെ ആധാരമാക്കി തയ്യാറാക്കിയ *വഴി വെളിച്ചങ്ങൾ* എന്ന ഗ്രന്ഥത്തിൽ ഉദ്ധരിക്കുന്ന ഒരു വാചകം ശ്രദ്ധേയമാണ്:

*ഈ പ്രപഞ്ചത്തിൽ ഞാനേറ്റവും വേവലാതികൊള്ളുന്നത് മനുഷ്യ ജീവിതത്തെക്കുറിച്ചാണ്. ഒരു മനുഷ്യൻ എങ്ങനെ ജീവിക്കുന്നു എന്നതാണ് എന്നെ സംബന്ധിച്ചിടത്തോളം ഒരു മനുഷ്യൻ എങ്ങനെ മരിക്കുന്നു എന്നതിനെക്കാൾ പ്രധാനം.*[6]

ശാസ്ത്രജ്നായിരുന്ന അബ്ദുൾ കലാം ശാസ്ത്ര സത്യത്തെക്കാൾ പ്രധാനമായികണ്ടത് മനുഷ്യ ജീവിതത്തെയായിരുന്നു. മറ്റെന്തിലുമുപരി മനുഷ്യനെയും മനുഷ്യജീവിതത്തിന്റെ വികാസത്തെയും സുഃസ്ഥിതിയേയും സ്വപ്നം കണ്ടതുകൊണ്ടാണ് ആത്മീയാന്വേഷണത്തിന്റെ ആശ്രമാന്തരീക്ഷത്തിൽത്തന്നെ ഭൗതിക വിജ്ഞാനത്തിന്റെ കുടീരങ്ങളുമൊരുക്കി മനുഷ്യ മഹത്വത്തിനായി അദ്ധ്വാനിക്കുവാൻ സി.എം.സി.സമൂഹത്തിന്റെ സ്ഥാപക പിതാവായിരുന്ന ചാവറയച്ചനും സഹജവൃന്ദവും തുനിഞ്ഞിറങ്ങിയത്. അന്നത്തെ സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ അവസരം നിഷേധിക്കപ്പെട്ട് കഴിഞ്ഞു കൂടിയ സ്ത്രീസമൂഹത്തെ അക്ഷരക്കൂട്ടുകളുടെയും പ്രായോഗികജീവിതപാഠങ്ങളുടെയും വിരുന്നൊരുക്കി ആ യതിവര്യന്മാർ പുരോഗതിയുടെയും പരിവർത്തനത്തിന്റെയും തിരുമുറ്റത്തേക്കു നയിച്ചു. ഏതാണ്ട് ഒന്നര നൂറ്റാണ്ടോളം പടർന്നു കിടക്കുന്ന നീണ്ട കാലയളവിനുള്ളിൽ അധഃസ്ഥിതിയുടെയും അപരിഷ്കൃതത്വത്തിന്റെയും നിലങ്ങളിൽനിന്ന് വിദ്യയുടെ തേരോടിച്ച് ഹൈടെക് യുഗത്തിന്റെ മാസ്മരികതയിൽ മുങ്ങിക്കുളിച്ചു നിൽക്കാവുന്ന തലത്തിലേയ്ക്ക് വിദ്യാഭ്യാസ പാത എത്തി നിൽക്കുമ്പോഴും പതറാത്ത, തളരാത്ത, വിശ്വസ്തതയോടെ കാലത്തിന്റെ ചുവരെഴുത്തുകൾക്കിണങ്ങിനിന്നു കൊണ്ടുതന്നെ പ്രേഷിതബദ്ധതയോടെ പ്രഥമ ഉത്തരവാദിത്വമായി വിദ്യാദാനപ്രവർത്തങ്ങളെ സി.എം.സി. സഭ ധ്യാനശുശ്രൂഷാ സമം നിവർത്തിച്ചു വരുന്നു.

ആദ്യ പാദം തൊട്ടുള്ള ആ വ്യാപന പർവ്വത്തിലേക്ക് ചുരുക്കത്തിൽ ഒന്നു കണ്ണോടിക്കാം.

*ജ്ഞാനം രത്നങ്ങളേക്കാൾ ശ്രേഷ്ഠമാണ് മറ്റൊന്നും അതിനു തുല്യമല്ല* (സുഭാ.8/11). ജീവിതത്തെയും പ്രവർത്തനങ്ങളെയും പ്രകാശ പൂർണ്ണമാക്കുന്ന ഉൾവെളിച്ചമാണ് ജ്ഞാനം. ജ്ഞാനസമ്പാദനത്തിൽ അറിവും അതിന് വഴിയൊരുക്കുന്ന അദ്ധ്യയനവും സുപ്രധാനമാണ്. ഈ സത്യം അതിന്റെ പരമമായ അർത്ഥത്തിൽ അറിഞ്ഞിരുന്ന ചാവറയച്ചൻ കൂനമ്മാവിൽ കേരളത്തിലെ പ്രഥമ കന്യകാമഠത്തിന് അടിത്തറയിട്ടപ്പോൾത്തന്നെ പെൺകുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിനുള്ള പദ്ധതികളും അക്കൂട്ടത്തിൽ വിഭാവനം ചെയ്തുതുടങ്ങി. മഠത്തോടനുബന്ധിച്ചുണ്ടായിരുന്ന *എദുക്കനാത്ത്* എന്നറിയപ്പെട്ടിരുന്ന ബോർഡിംഗ് സ്കൂളായിരുന്നു പ്രഥമ വിദ്യാ

ദാനവേദി. അതിന്റെ ആരംഭത്തെക്കുറിച്ച് നാളാഗമത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

*1867: 25-ന് പിറവിത്തിരുന്നാൾ കഴിഞ്ഞാലുടൻ ബോർഡിംഗ് തുടങ്ങണമെന്ന് അഭിവന്ദ്യ മെത്രാപ്പോലീത്ത അച്ചൻ കല്പിച്ചിരുന്നു എന്നും കുട്ടികൾ നാളെ വരുമെന്നും പറഞ്ഞു. അതിനാൽ മുമ്പ് ബോർഡിംഗിൽ മരത്തിന്റെ പട്ടികകൊണ്ട് തിരിച്ചിരുന്ന മുറികൾക്ക് മഞ്ഞത്തുണി കൊണ്ട് മൂന്നു വശവും മൂടി മുറി തിരിക്കാൻ ഞങ്ങളെ ഏല്പിച്ചു. ആറുമുറികൾ, ഗുരുത്തിയമ്മക്ക് ഒരുമുറി, ഒരു പൊതുമുറി, കപ്പേള എന്നിവയെല്ലാം മഞ്ഞത്തുണികൊണ്ട് മറച്ചു. അൾത്താരക്ക് മേൽക്കട്ടിയും ഉണ്ടാക്കി. തിരിക്കാലുകളും മറ്റും വച്ച് എല്ലാം സജ്ജമാക്കി.*[7]

ഗുരുനാഥയെ നിയോഗിക്കുന്നതിനെക്കുറിച്ചും അംഗങ്ങളെ സ്വീകരിക്കുന്നതിനെക്കുറിച്ചും നാളാഗമങ്ങളിൽ വീണ്ടും ഇപ്രകാരം കാണുന്നു:

*1868: പുതുവർഷത്തിന്റെ രണ്ടാം തീയതി ബോർഡിംഗ് തുടങ്ങണമെന്ന് നിർദ്ദേശിച്ചിരുന്നു. അതിന് ഗുരുനാഥയായി ആരെ നിയമിക്കണം എന്ന് പല അഭിപ്രായങ്ങൾ ഞങ്ങളോട് ചോദിച്ചു. എങ്കിലും സിസ്റ്റർ ക്ലാരയെ മൂപ്പച്ചൻ തന്നെ നിയോഗിച്ചു. അതിനുള്ള ചുരുങ്ങിയ ക്രമങ്ങൾ എഴുതിത്തന്നു. മഠത്തിൽ ചേരണമെന്ന ആഗ്രഹത്തോടെ നേരത്തെ വന്നുകണ്ട് പറഞ്ഞിരുന്ന മുട്ടത്ത് ഇടവകയിലെ ഒഴുവിൽ ത്രേസ്യ എന്ന പൈതലിനെയും കൊണ്ട് 1868 ജനുവരി 1-ാം തീയതി തന്നെ വന്നിരുന്നതിനാൽ അപ്പോൾത്തന്നെ ഇങ്ങോട്ടയച്ചു. ബോർഡിംഗും ഒരു സഹായക്കാരത്തിയും ഒരു അന്വേഷണക്കാരത്തിയും വേണമെന്ന് നിശ്ചയിച്ച് പറ്റിയ ആളെ അന്വേഷിച്ചിരുന്നു. കുട്ടികൾ എല്ലാവരും വന്നെത്തിയിരുന്നുമില്ല. അതുകൊണ്ട് തത്കാലം ഈ അന്വേഷണക്കാരിയും നമ്മുടെ സഹായക്കാരിയും ഇപ്പോൾ മതി എന്നു നിശ്ചയിച്ച് രണ്ടാം തീയതി തന്നെ ബോർഡിംഗ് തുടങ്ങി.*

*മഠത്തിൽ ചേരണമെന്ന് ആഗ്രഹിച്ചു മുൻപ് വന്നു കണ്ടുപോയിരുന്ന മനക്കോടത്തു കുന്നേൽ ബിബിയാന എന്ന പെൺകുട്ടി രണ്ടാം തീയതി വന്നു. അവളോടൊപ്പം അവളുടെ രണ്ടാം കരിന്തലക്കാരിയായ പതിനൊന്നു വയസ്സുള്ള മറിയം എന്ന പൈതൽ കാണുന്നതിനായും വന്നിരുന്നു. ബിബിയാനയോടു കൂടെ താമസിക്കാൻ മൂപ്പച്ചൻ അവളെയും അനുവദിച്ചു. അങ്ങനെ ബോർഡിംഗിൽ കുട്ടികളുടെ എണ്ണം മൂന്നായി.*[8]

ബോർഡിംഗിലെ അംഗസംഖ്യ തുടർന്ന് വർദ്ധിച്ചു കൊണ്ടിരുന്നു. ഫെബ്രുവരി 15-ന് പുളിങ്കുന്നേൽ തോപ്പിൽ നിന്നും ത്രേസ്യ, ഏലീശ്വ, ചിച്ചിലിയ എന്നീ മൂന്നു പൈതങ്ങളെ ബോർഡിംഗിൽ ചേർത്തു. മാർച്ച് 11-ന് പള്ളുരുത്തി ഇടവകയിലെ കുരിശുപറമ്പിൽ ലൂവീസ എന്ന പെൺകുട്ടി ബോർഡിംഗിൽ വന്നു ചേർന്നു. മാർച്ച് 21-ന് അർത്തുങ്കൽ പള്ളി ഇടവക ചാരക്കാട്ട് ദെസ്സെന്ത്യ എന്ന പെൺകുട്ടി ബോർഡിംഗിൽ അംഗമായി വന്നു.[9] ത്വരിതഗതിയിലുള്ള ഈ വർദ്ധനവ് ബോർഡിംഗിനെക്കുറിച്ച് അല്പ

നാളുകൾക്കുള്ളിൽ വ്യാപിച്ച മതിപ്പിനെയും തങ്ങളുടെ മക്കളെ സുരക്ഷിതമായി ബോർഡിംഗിൽ ചേർത്ത് പഠിപ്പിച്ച് പ്രബുദ്ധരാക്കുവാൻ മാതാപിതാക്കൾക്ക് തത്ഫലമായി ഉണ്ടായി വന്ന ആഗ്രഹത്തെയും വ്യക്തമാക്കുന്നു. വീണ്ടും കുട്ടികൾ വർദ്ധിക്കുന്നതിനെക്കുറിച്ചും അവധിക്ക് അവരെ വീട്ടിൽ അയക്കുന്നതിനെക്കുറിച്ചും *നാളാഗമത്തിൽ* വിവരണങ്ങളുണ്ട്:

*സെപ്റ്റംബർ 4-ന് ആലപ്പുഴപള്ളി ഇടവക ആറ്റവേലി ഏലീശ്വയെ ബോർഡിംഗിൽ ചേർത്തു. ഈ മാസം 7-ന് ആലപ്പുഴ ചെന്നക്കോട്ട ത്രേസ്യ, കാഞ്ഞിരത്തുങ്കൽ ഏലീശ്വ എന്നീ രണ്ട് പെൺകുട്ടികളെയും ബോർഡിംഗിൽ സ്വീകരിച്ചു. ബോർഡിംഗിലെ കുട്ടികൾ വർഷത്തിലൊരിക്കൽ 8 ദിവസം അവരുടെ വീട്ടിൽ പോയി താമസിച്ചു വരണമെന്ന നിയമം ഉണ്ടായിരുന്നു. ഈ വിവരം പെരിയ ബഹുമാനപ്പെട്ട ദലഗാത്തച്ചൻ അവരുടെ മാതാപിതാക്കളെ അറിയിച്ചു. സെപ്റ്റംബർ 10-ന് മൂന്നുകുട്ടികളുടെ മാതാപിതാക്കൾ വന്നു അവരുടെ സാധനങ്ങളോടുകൂടെ അവരെ വീട്ടിൽ വിട്ടു. ഈ മാസം 19-ന് അവരുടെ സാധനങ്ങളോടുകൂടെ വീണ്ടും വരികയും ചെയ്തു. മേൽപ്പറഞ്ഞ നിയമം പോലെ മറ്റു കുട്ടികളും പോവുകയും വരികയും ചെയ്തു.*[10]

മഠത്തിന്റെ തന്നെ ഒരു ഭാഗം എന്ന നിലയിലാണ് ബോർഡിംഗും പരിഗണിക്കപ്പെട്ടിരുന്നത്. ചാവറയച്ചനോ ലെയപ്പോൾദച്ചനോ മെത്രാന്മാരോ മഠം സന്ദർശിക്കുമ്പോഴൊക്കെ ബോർഡിംഗിൽ പോയി കുട്ടികൾക്ക് ഉപദേശങ്ങൾ നൽകുന്നതിനും അവരുടെ പഠനങ്ങൾ വിലയിരുത്തുന്നതിനും പ്രത്യേകം ശ്രദ്ധ വച്ചിരുന്നു. *നാളാഗമത്തിൽ* നിന്നും ഇതിനു സാക്ഷ്യമായ തെളിവുകൾ ലഭിക്കുന്നുണ്ട്:

*ബോർഡിംഗിൽ ചെന്നപ്പോൾ അവരും രണ്ടുനിരയായി മുട്ടുകുത്തി. എല്ലാറ്റിലും ചെറിയ പൈതൽ ഒരു പൂച്ചെണ്ടു സമ്മാനിച്ചു. അവരും കുനിഞ്ഞ് ആശീർവാദം യാചിച്ചു. അവിടെ പൈതങ്ങളുടെ എഴുത്തുകളും മറ്റും നോക്കിക്കണ്ടുകൊണ്ട് കുറേ സമയം ചെലവഴിച്ചിട്ടാണ് പോയത്.*[11]

അക്ഷരാഭ്യാസം മാത്രമല്ല, കൈവേലകളും ബോർഡിംഗിലെ കുട്ടികളെ പരിശീലിപ്പിച്ചിരുന്നു.

*പിന്നെ ബോർഡിംഗിൽ പോയി. കുട്ടികളുടെ കൈവേലകൾ കണ്ടതിനു ശേഷം പോവുകയും ചെയ്തു.*[12]

ഒട്ടേറെ കുട്ടികൾ ബോർഡിംഗിൽ പ്രവേശനത്തിന് അപേക്ഷിച്ചതിനാൽ സ്കൂളിലും ബോർഡിംഗിലെപ്പോലെ മുറിയുണ്ടാക്കി കുട്ടികളെ അവിടെ താമസിപ്പിക്കേണ്ടി വന്നു എന്നും *നാളാഗമവിവരണങ്ങളിൽ* കാണുന്നുണ്ട്. സ്കൂളുണ്ടായിരുന്നുവെങ്കിലും ഇക്കാലയളവിൽ കുട്ടികളെ പുറമെനിന്ന് സ്വീകരിച്ച് അവിടെ പഠിപ്പിച്ചിരുന്നതായി കാണുന്നില്ല. ബോർഡിംഗ് കുട്ടികൾക്കുള്ള ക്ലാസ്സുകളായിരുന്നിരിക്കണം അവിടെ നടത്തിയിരിക്കുക. ബോർഡിംഗിലുള്ള മുറികളിൽ കുട്ടികൾ തികഞ്ഞു. വീണ്ടും കുട്ടികളെ പ്രവേശിപ്പിക്കുന്നതിന് അപേക്ഷകൾ പ്രവഹിച്ചു കൊണ്ടിരിക്കുന്നതിനാൽ

വടക്കുവശത്ത് സ്കൂളിലും ബോർഡിംഗിലെ പോലെ തന്നെ മുറിയുണ്ടാക്കി. ജനുവരി 31 -ന് (1869) സ്ക്കൂളിലും, ബോർഡിംഗിലേതുപോലെ പഠനം തുടരുകയും ചെയ്തുവത്രെ.[13]

ബോർഡിംഗ് ആരംഭിച്ച് രണ്ടു മൂന്നു വർഷങ്ങൾ പിന്നിട്ടതിനു ശേഷമാണ് മഠത്തിനു പുറമെയുള്ള സ്കൂളിൽ സന്യാസിനിമാർ അദ്ധ്യാപനം ആരംഭിക്കുന്നത്. 1872 ഒക്ടോബർ 16 ന് മഠത്തിനു പുറമെയുള്ള സ്കൂളിൽ പഠനം തുടങ്ങി[14] എന്നും *നാളാഗമത്തിൽ* രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വിദ്യാലയ ശുശ്രൂഷക്ക് എത്ര ജാഗ്രതയോടും ഒരുക്കത്തോടും കൂടിയാണ് സന്യാസിനിമാർ ഇറങ്ങിപ്പുറപ്പെട്ടിരുന്നത് എന്ന് അവരെ അതിനായി ഒരുക്കിക്കൊണ്ട് ലെയോപ്പോൾദച്ചൻ നൽകിയ ഉപദേശങ്ങളുടെ വിവരണം വ്യക്തമാക്കുന്നു:

*എന്റെ കുഞ്ഞുങ്ങളേ, ഇപ്പോൾ സ്കൂൾ ആരംഭിക്കാൻ പോകുന്നു. ഇതിനായി ഈശോമിശിഹാ നിങ്ങളെ വിളിക്കുന്നു.... ഈ പ്രവർത്തനത്തിന് ഇറങ്ങുമ്പോൾ നിങ്ങൾക്ക് ശ്രദ്ധ വേണം. എന്തെന്നാൽ നിങ്ങൾ ലോകത്തിൽ നിന്ന് പോന്നിട്ട് ഏറെക്കാലമായി. ഇവിടെ വന്നതിനുശേഷവും ഇതുവരെ അന്മായരോടു കാര്യമായി ഇടപെടാതെ ഏകാന്തജീവിതം നയിക്കുന്നു. അതിനാൽ നിങ്ങൾ ഈ വേലയിൽ ഏർപ്പെടുമ്പോൾ ഈ ലോകത്തിന്റെ ചെളിപറ്റാതിരിക്കുവാൻ ശ്രദ്ധിക്കുവിൻ....... ഈശോമിശിഹായുടെ ഓർമ്മ നിരന്തരം നിങ്ങളുടെ ഹൃദയത്തിലുണ്ടാകണം........ദൈവത്തിനു സ്തുതിയും സന്തോഷവും നൽകുന്ന ഈ പ്രവർത്തി നിങ്ങൾ ചെയ്യണമെന്ന് ഈശോമിശിഹാ വളരെ ആഗ്രഹിക്കുന്നു. ........ മറ്റുള്ളവരുടെ ബലഹീനതകളും കുറ്റങ്ങളും കുറവുകളും കാണുമ്പോഴും കോപത്തോടെ കുറ്റപ്പെടുത്തുകയല്ല വേണ്ടത്. മറിച്ച് നിങ്ങളുടെ ശാലീനത കൈവെടിയാതെ മഹിമയുള്ള ഭാവത്തോടെ കുറവുകൾ മനസ്സിലാക്കിക്കൊടുക്കുകയും അവർക്ക് ചില പ്രായശ്ചിത്തങ്ങൾ കൊടുക്കുകയും ചെയ്യുക... സ്ക്കൂൾ തുടങ്ങുന്നതിനു മുമ്പ് എല്ലാവരും ഒരുമിച്ചുകൂടി മുറിയിൽ ചെന്ന് മുട്ടുകുത്തി ഈശോമിശിഹായോട് ദൈവീക ജ്ഞാനത്തിനായി അപേക്ഷിക്കണം. അതിനുശേഷം ശ്രേഷ്ഠത്തിയമ്മയുടെ പക്കൽചെന്ന് ആശീർവ്വാദം അപേക്ഷിച്ച് ദൈവതിരുമനസ്സിനെ കയ്യിൽ പിടിച്ചുകൊണ്ട് പോകണം.*[15]

ദൈവശുശ്രൂഷയുടെ ഒരു ഭാഗം എന്ന നിലയിലും ദൈവത്തിനു പ്രീതികരമായ പ്രവൃത്തി എന്ന നിലയിലുമാണ് സ്ക്കൂളിൽ പഠിപ്പിക്കുവാനായി കന്യാസ്ത്രീകൾ പോയിരുന്നത്. കുട്ടികളുടെ സ്വഭാവരൂപീകരണത്തിലും നല്ല ശീലങ്ങളുടെ പരിശീലനത്തിലും അതോടൊപ്പം കൈവേലകൾ അഭ്യസിപ്പിക്കുന്നതിലും അവർ ശ്രദ്ധിച്ചിരുന്നു. ഇതിന് സഹായകമായിരുന്നു അക്കാലത്തെ പാഠ്യപദ്ധതിയും പഠനരീതികളുമെല്ലാം. *എദുക്കന്താത്തിൽ* തുടക്കമിട്ട പഠനപരിപാടിയുടെ വികസിതരൂപമായിരുന്നു സ്ക്കൂളിലും നടപ്പിൽ വരുത്തിയത്. പാചകം, സംഗീതം, ഭാഷ, കണക്ക്, തയ്യൽ, കൈവേലകൾ, മതപഠനം എന്നിവയെല്ലാം അതിൽ ഉൾപ്പെട്ടിരുന്നു. ആദ്യകാലത്ത് കുട്ടികൾ വിരളമായേ സ്കൂളിലെത്തിയിരുന്നുള്ളു. ഇക്കാര്യത്തിൽ വീടുകൾ

തോറും കയറിയിറങ്ങി ബോധവത്കരണവും പ്രോത്സാഹനവും നല്കേണ്ടി വന്നിരുന്നു. എന്നാൽ 1882 ആയപ്പോഴേയ്ക്കും കുട്ടികളുടെ സംഖ്യ 150ൽപര മായി. സുപ്പീരിയർ ഒഴികെയുള്ള സിസ്റ്റർമാർക്കായിരുന്നു അധ്യയനത്തിന്റെ ചുമതല. എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്യാൻ വേണ്ട യോഗ്യത അവർ ക്കുണ്ടായിരുന്നില്ല. എങ്കിലും പുറമെനിന്ന് അധ്യാപകരെ നിയമിക്കുകയും ഏറെ ബുദ്ധിമുട്ടുകൾ സഹിച്ചാണെങ്കിലും അവർക്കുള്ള ശമ്പളം എവ്വിധവും സമാഹരിച്ച് നല്കിപ്പോരുകയും ചെയ്തുവന്നു സഹോദരിമാർ. നാളുകൾ കഴിയുന്തോറും വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ കൂടുതൽ പുരോഗതി ദൃശ്യ മായി. സ്ക്കൂൾ നടത്തിയിരുന്ന കെട്ടിടത്തിൽ സ്ഥലം തികയാത്ത അവസ്ഥ തന്നെ വന്നു. തന്മൂലം 1879-ൽ അന്ന് മഠത്തിന്റെ ഡയറക്ടറായിരുന്ന ഫിലി പ്പോസ് മിഷനറിയുടെ മേൽനോട്ടത്തിൽ മഠത്തിന്റെ കിഴക്കുഭാഗത്ത് പുതി യൊരു കെട്ടിടം പണികഴിപ്പിക്കുകയും അതിലേക്ക് ക്ലാസ്സുകൾ മാറ്റുകയും ചെയ്തു.[16] കൂനമ്മാവിൽ ആദ്യ കന്യകാമഠത്തോടനുബന്ധിച്ച് ആരംഭിച്ച പെൺകുട്ടികളുടെ വിദ്യാലയം പിൽക്കാലത്ത് അനേകം കുടുംബങ്ങൾക്ക് വിളക്കും വെളിച്ചവുമാകാനിരുന്ന സ്ത്രീജനങ്ങളെ ഉത്തമവഴിയിൽ പരിശീ ലിപ്പിച്ചുകൊണ്ട് അനുദിനം മുന്നേറി ശ്രേയസ്സു വരിക്കുകയായിരുന്നു.

## CMC യുടെ സുവർണ്ണ ജൂബിലി വർഷത്തിലെ (1866 -1916 ) കണക്കുപ്രകാരം വിദ്യാലയങ്ങൾ ഒറ്റനോട്ടത്തിൽ

| ക്രമനമ്പർ | സ്ഥാപന വർഷം | സ്ഥലം | വിദ്യാലയത്തിന്റെ പേര് |
|---|---|---|---|
| 1 | 1867 | കൂനമ്മാവ് | സെന്റ് ജോസഫ്സ് സ്കൂൾ |
| 2 | 1889 | മുത്തോലി | " |
| 3 | 1892 | വൈക്കം | " |
| 4 | 1893 | ചങ്ങനാശ്ശേരി | " |
| 5 | 1895 | ആരക്കുഴ | " |
| 6 | 1898 | പുളിങ്കുന്ന് | അമലോത്ഭവ സ്കൂൾ |
| 7 | 1899 | കറുകുറ്റി | സെന്റ് ജോസഫ്സ് സ്കൂൾ |
| 8 | 1900 | ഒല്ലൂർ | സെന്റ് മേരീസ് സ്കൂൾ |
| 9 | 1905 | മണലൂർ | സെന്റ് തെരേസാസ് സ്കൂൾ |
| 10 | 1909 | വൈന്തല | സെന്റ് ജോസഫ്സ് സ്കൂൾ |
| 11 | 1910 | പറവൂർ | സെന്റ് അലോഷ്യസ് സ്കൂൾ |
| 12 | 1911 | ചെങ്ങൽ | സെന്റ് ജോസഫ്സ് സ്കൂൾ |
| 13 | 1913 | എടത്തിരുത്തി | സെന്റ് ആൻസ് സ്കൂൾ |

## വ്യാപനത്തിന്റെ തുടർച്ചയിൽ

കൂനമ്മാവുമഠത്തിന്റെ ശാഖാഭവനങ്ങൾ വിവിധയിടങ്ങളിൽ സ്ഥാപിതമായപ്പോൾ അവയോടനുബന്ധിച്ച് പെൺകുട്ടികൾക്കുള്ള വിദ്യാലയങ്ങളും ആരംഭിച്ചു വന്നു. ഇവ പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലുമുള്ള കേരളവിദ്യാഭ്യാസചരിത്രത്തിൽ നിർണ്ണായക പങ്കു വഹിച്ചു.

സി.എം.സി. സന്യാസിനീ സമൂഹം സുവർണ്ണ ജൂബിലി ആഘോഷിച്ച അവസരത്തിൽ നിലനിന്നിരുന്ന വിദ്യാലയങ്ങളിലേക്ക് നമുക്കൊന്ന് കടന്നു ചെല്ലാം.

## സെന്റ് ജോസഫ്സ് ഗേൾസ് ഹൈസ്കൂൾ, മുത്തോലി

മുത്തോലിയിലെ മഠം സ്ഥാപിതമാകുന്നത് 1888ലാണ്. മുത്തോലിയിൽ ഒരു മഠം തുടങ്ങണമെന്ന ചാവറയച്ചന്റെ മരണ പത്രികയിലെ ആഗ്രഹമനുസരിച്ച്[17] മുത്തോലി കൊവേന്തയിലെ സുമനസ്സുകളുടെ അദ്ധ്വാനശ്രമഫലമായാണ് ഈ മഠം സ്ഥാപിതമാകുന്നത്. ആദ്യമഠാംഗങ്ങളിലൊരാളായി കൂനമ്മാവു മഠത്തിൽ പ്രവേശിച്ച പുത്തനങ്ങാടി ക്ലാരയായിരുന്നു മുത്തോലി മഠത്തിന്റെ ആദ്യ ശ്രേഷ്ഠ. സിസ്റ്റർ ക്ലാരയോടൊപ്പം കൂനമ്മാവിൽ നിന്നും വന്ന കോട്ടയം വികാരിയാത്തിൽ പെട്ട രണ്ടു സഹോദരിമാരും മഠം പ്രവേശനത്തിനായി ഒരുങ്ങി കാത്തിരുന്ന അഞ്ചു പെൺകുട്ടികളും ആ മഠത്തിലെ ആദ്യ അന്തേവാസികളായി.

മീനച്ചിൽ താലൂക്കിൽപ്പെട്ട പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള അവസരം പ്രദാനം ചെയ്യുന്നതിനായി 1889 ലാണ് മുത്തോലി സ്കൂൾ സ്ഥാപിതമാകുന്നത്. ആദ്യകാലത്ത് വിദ്യാർത്ഥിനികൾ കുറവായിരുന്നെങ്കിലും പിന്നീട് ധാരാളം പെൺകുട്ടികൾ ഈ സ്കൂളിൽ അദ്ധ്യയനം നടത്തുന്നതിനായി വന്നെത്തി. മതപഠനം, ജപമാല, ഭാഷ, കണക്ക്, തയ്യൽ, കൈയ്യെഴുത്ത്, വായന, കൈവേല തുടങ്ങി ആദ്ധ്യാത്മികവും ഭൗതികവുമായ എല്ലാ കാര്യങ്ങളും കുട്ടികളെ പഠിപ്പിച്ചിരുന്നു. കുട്ടികളുടെ എണ്ണം വർദ്ധിച്ചതിനാൽ കപ്ലോനും മാനേജരുമായിരുന്ന ബർണ്ണാർദച്ചന്റെ നേതൃത്വത്തിൽ 1903-ൽ പുതിയ സ്കൂൾ കെട്ടിടം പണിയുന്നതിന് പാല, ഭരണങ്ങാനം, ചേർപ്പുങ്കൽ എന്നീ പള്ളികളിൽ ധ്യാനത്തിനു കൂടിയ വൈദികരിൽനിന്ന് പണപ്പിരിവു നടത്തി.[18] ആ വർഷം തന്നെ ലൗരന്തിയോസച്ചൻ (മുത്തോലി സി.എം.ഐ. ആശ്രമം പ്രിയോർ) പുതിയ കെട്ടിടത്തിന് അടിസ്ഥാനമിടുകയും[19] 1904 മെയ് 16ന് സ്കൂൾ കെട്ടിടപണി പൂർത്തിയാക്കുകയും ചെയ്തു. ബർണ്ണാർദച്ചന്റെ നിരന്തര പരിശ്രമഫലമായി ഗവൺമെന്റ് അംഗീകാരമുള്ള നാലു ക്ലാസ്സുകൾ തുടങ്ങി. 1906-ൽ 22 രൂപാ പ്രൈമറി സ്കൂളിനും 1907-ൽ അഞ്ചും ആറും ക്ലാസ്സുകൾക്കും 1908 എല്ലാ ക്ലാസ്സിനും 40 രൂപയും ഗ്രാന്റായി കിട്ടി.[20]

1907 ഡിസംബർ 6-ാം തീയതി ഈ സ്കൂളിൽനിന്നും കല്ലറയ്ക്കൽ റോസ, പുഞ്ചക്കുന്നേൽ ഏലീശാ, തെങ്ങുംതോട്ടത്തിൽ റോസ, വല്ലയിൽ പ്ലമേന, കണ്ടത്തിൽ പറമ്പിൽ ബ്രിജീത്ത എന്നീ അഞ്ചുപേരെ പ്രാഥമിക പരീക്ഷയ്ക്ക് കോട്ടയത്തിന് അയച്ചു.[21] ഇതിൽ വല്ലയിൽ പ്ലമേന ആരാധനാ സന്യാസിനീ സമൂഹത്തിന്റെ സഹസ്ഥാപകയാണെന്നത് ചാരിതാർത്ഥ്യത്തോടെ സ്മരിക്കട്ടെ.

1907-ൽ മീനച്ചിൽ താലൂക്കിലെ ആദ്യ മിഡിൽ സ്കൂളായി ഉയർത്തപ്പെട്ടു. 1924-ൽ ഈ സ്കൂളിനോടനുബന്ധിച്ച് ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ കൂടി സ്ഥാപിതമാവുകയും 1940-ൽ ഹൈസ്കൂളായി ഉയർത്തപ്പെടുകയും ചെയ്തു. ഇന്നും പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് നിസ്തുലമായ സംഭാവനകൾ നല്കിക്കൊണ്ട് ഈ വിദ്യാലയ മുത്തശ്ശി മുന്നേറുന്നു.

## സെന്റ് ജോസഫ്സ് സ്കൂൾ, വൈക്കം

കേരളത്തിലെ പ്രഥമ സന്യാനിസിനീ സഭയായ കർമ്മലീത്താസഭയുടെ മൂന്നാമത്തെ ശാഖയായി 1892 ഏപ്രിൽ 6ന് വൈക്കത്ത് ഒരു മഠം സ്ഥാപിതമായി. വാഴ്ത്തപ്പെട്ട ചാവറപ്പിതാവിൽനിന്ന് ആത്മീയ ചൈതന്യം സ്വായത്തമാക്കിയ വൈക്കം കർമ്മലീത്താ സന്യാസിനീ സമൂഹം തികച്ചും ഗ്രാമീണമായിരുന്ന വൈക്കം പ്രദേശത്തെ സമുദ്ധരിക്കാൻ ജ്ഞാനവും സദാചാരമൂല്യങ്ങളും പകരുവാൻ മഠത്തോടനുബന്ധിച്ച് ഒരു സ്കൂൾ ആരംഭിച്ചു. മഠത്തിന്റെ വടക്കുവശത്ത് അടിത്തറ കല്ലുകെട്ടിയും പുറമെ പറമ്പു കുത്തിമറച്ചും ഒരു സ്കൂൾ കെട്ടിയുണ്ടാക്കി, അന്നത്തെ വികാരി വാഴത്തറ തോമ്മാച്ചൻ സ്കൂൾ വെഞ്ചിരിച്ച് വിശുദ്ധ യൗസേഫ് പിതാവിന്റെ നാമത്തിൽ പ്രതിഷ്ഠിച്ച് പഠനം ആരംഭിച്ചു.[22] 1901-ൽ ഇത് ഒരു ലോവർ പ്രൈമറി സ്കൂളായി ഗവൺമെന്റ് അംഗീകരിച്ചു. 1925-ൽ പുതിയ കെട്ടിടത്തിന് അടിസ്ഥാനമിടുകയും ഇപ്പോഴത്തെ കെട്ടിടം നിർമ്മിക്കുകയും ചെയ്തു. 1957 മുതൽ ഇത് സെന്റ് ജോസഫ്സ് എൽ.പി. സ്കൂൾ എന്ന പേരിൽ അറിയപ്പെടുന്നു. 1992-ൽ ഈ വിദ്യാലയത്തിന്റെ ശതാബ്ദി വളരെ ആഘോഷപൂർവ്വം നടത്തുകയുണ്ടായി. ഇത് ഒരു mixed school ആണ്. കുട്ടികളുടെ ആധ്യാത്മികവും ബുദ്ധിപരവും, കലാപരവുമായ വളർച്ചയ്ക്കുവേണ്ടി സ്കൂൾ പ്രത്യേകം ശ്രദ്ധിക്കുന്നു. 2008-ൽ വിദ്യാലയത്തിന് ആവശ്യമായ ഭേദഗതികൾ വരുത്തുകയും പുതിയ രൂപവും ഭാവവും നൽകുകയും ചെയ്തു. ഈ പ്രദേശത്ത് വിദ്യാവെളിച്ചം പകർന്നുകൊണ്ട് സേവനപാതയിൽ മുന്നേറുന്ന വിദ്യാലയം നാടിന് ഒരു തിലകക്കുറിയായി പ്രശോഭിക്കുന്നു.

## സെന്റ് ജോസഫ്സ് ഗേൾസ് ഹൈസ്കൂൾ, ചങ്ങനാശ്ശേരി

മതമൈത്രിയുടെ അചഞ്ചല പ്രതീകമായി തലയുയർത്തി നിൽക്കുന്ന അഞ്ചുവിളക്കിന്റെ നാടായ ചങ്ങനാശ്ശേരി നഗരമധ്യത്തിൽ മെത്രാപ്പോലീത്തൻ

പള്ളിയോട് തോളുരുമ്മി നിൽക്കുകയാണ് മൗണ്ട് കാർമ്മൽ കോൺവെന്റ്. ദൈവവിശ്വാസത്തിനും സഭാസ്നേഹത്തിനും മുൻപന്തിയിൽ നിന്നിരുന്ന ചങ്ങനാശ്ശേരി കത്തീഡ്രൽ ഇടവകജനം തങ്ങളുടെ നാടിനുവേണ്ടി പ്രാർത്ഥിക്കുവാൻ, നല്ല മാതൃക കണ്ടുപഠിക്കുവാൻ, എല്ലാറ്റിനുമുപരിയായി തങ്ങളുടെ മക്കളേയും കൊച്ചുമക്കളേയും വിശ്വാസജീവിതത്തിലൂടെ വഴിനടത്തുവാൻ ഒരു കർമ്മലമഠം ഇവിടെ വേണമെന്ന് തീവ്രമായി അഭിലഷിച്ചു. ആ കാലഘട്ടത്തിൽ കോട്ടയം വികാരിയാത്തിന്റെ വികാരി അപ്പസ്തോലിക്കയായിരുന്ന ചാൾസ് ലെവീഞ്ഞ് മെത്രാൻ കൂനമ്മാവ്, മുത്തോലി മഠങ്ങളിലെ സന്യാസിനികളുടെ ജീവിതവും പ്രവർത്തനവും കണ്ടറിഞ്ഞ് പ്രാർത്ഥനയും പ്രവർത്തനവും സമ്യക്കായി സമ്മേളിച്ച ഒരു കർമ്മലമഠം ഇവിടെ സ്ഥാപിക്കാൻ ആഗ്രഹിച്ചു.[23] അതോടൊപ്പം ചങ്ങനാശ്ശേരിയിൽ ഒരു കർമ്മലമഠം സ്ഥാപിക്കണമെന്ന് വളരെ നാളായി ആഗ്രഹിച്ചിരുന്ന കത്തീഡ്രൽ പള്ളി വികാരി സിറിയക് കണ്ടങ്കരി അച്ചൻ കാലഘട്ടത്തിന്റെ സ്പന്ദനങ്ങളും ദൈവജനത്തിന്റ ആവശ്യവും പരിഗണിച്ച് മെത്രാനച്ചന്റെ ആലോചനയോടെ 1889-ൽ മഠം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങി.[24] 1893 ഏപ്രിൽ 12-ാം തീയതി മഠാംഗങ്ങൾ പുതിയ ഭവനത്തിൽ താമസമാക്കി.

1894-ൽ റവ. ചാൾസ് ലവീഞ്ഞ് തിരുമനസ്സിന്റെ ആഗ്രഹപ്രകാരം ഫാ. സിറിയക് കണ്ടങ്കരിയുടെ വിദഗ്ധ നേതൃത്വത്തിൽ ആരംഭിച്ചതാണ് സെന്റ് ജോസഫ്സ് സ്കൂൾ. പ്രഥമ ഹെഡ്മിസ്ട്രസ് സി. ബ്രിജിറ്റ് തോപ്പിലും പ്രഥമ മാനേജർ ഫാ. സിറിയക് കണ്ടങ്കരിയും ആണ്. ആരംഭത്തിൽ നൂറോളം പെൺകുട്ടികളാണ് ഉണ്ടായിരുന്നത്. 1898-ൽ ഇതൊരു ഗ്രാന്റഡ് സ്കൂളായി. എല്ലാ ബുദ്ധിമുട്ടുകളും തരണം ചെയ്ത് അവർ മുന്നേറി. 1896-ൽ ലോവർഗ്രെയ്ഡ് എലിമെന്ററി സ്കൂളായി അംഗീകരിക്കപ്പെടുകയും 1899-ൽ ലോവർഗ്രെയ്ഡ് ഇംഗ്ലീഷ് സ്കൂളായിത്തീരുകയും ചെയ്തു. പുതിയകെട്ടിടം പണികഴിപ്പിച്ച് (1901) വേണ്ട സൗകര്യങ്ങളൊരുക്കി 1903-ൽ ഈ സ്കൂളിനെ ലോവർഗ്രെയ്ഡ് സെക്കന്ററി സ്കൂൾ ആക്കി മാറ്റി. 1917-ൽ ഹയർഗ്രെയ്ഡ് സെക്കന്ററി സ്കൂളാവുകയും 1919-ൽ പൂർണ്ണ ഹൈസ്കൂളാവുകയും ചെയ്തു. ഇടക്കാലത്ത് ഗവൺമെന്റിൽ നിന്നുള്ള ഗ്രാന്റ് ലഭിക്കാതെ വന്നപ്പോൾ ഏറെ ബുദ്ധിമുട്ടേണ്ടി വന്നെങ്കിലും സമൂഹത്തിനുളവാകേണ്ട നന്മയെക്കരുതി പിടിച്ചു നിന്നു. 1994-ൽ ശതാബ്ദി ആഘോഷം നടത്തിയപ്പോൾ രണ്ടായിരം പെൺകുട്ടികൾ ഈ സ്കൂളിൽ വിദ്യാർത്ഥിനികളായുണ്ടായിരുന്നു. എത്രയോ ആയിരം പെൺകുട്ടികൾ ഇവിടെ അദ്ധ്യയനം നടത്തി ഭാരതത്തിന്റെയും ലോകത്തിന്റെയും വിവിധ ഭാഗങ്ങളിൽ പ്രൗഢമായി ജീവിക്കുന്നുണ്ട്! നിസ്തുല സേവനം തുടരുന്ന ഈ സ്കൂൾ സി.എം.സി. സമൂഹത്തിന്റെ വിദ്യാഭ്യാസ പ്രേഷിതധാരയിലെ ഒരു സുപ്രധാന ശാഖയാണ്.

## സെന്റ് ജോസഫ്സ് ഗേൾസ് ഹൈസ്ക്കൂൾ, ആരക്കുഴ

1895-ൽ ആരക്കുഴ കോൺവെന്റ് സ്ഥാപിതമായ ദിവസം തന്നെ മഠത്തിന്റെ ആശീർവാദകർമ്മത്തിനു വന്ന ബഹുമാനപ്പെട്ട ചാൾസ് ലെവിഞ്ഞ് പിതാവ് ജനങ്ങൾ പിരിഞ്ഞു പോകുന്നതിനു മുമ്പായി, കുട്ടികളെ മഠത്തിൽ വിട്ട് പഠിപ്പിക്കണമെന്ന് കല്പിച്ചിരുന്നു. സ്ഥലം ഉണ്ടാകുന്നതുവരെ മഠത്തിന്റെ ഒരറ്റത്തിരുത്തി പഠിപ്പിക്കണമെന്നായിരുന്നു നിർദ്ദേശം. അതനുസരിച്ച് മഠാംഗങ്ങൾ അടുത്ത ദിവസം തന്നെ പെൺകുട്ടികളെ പഠിപ്പിച്ചു തുടങ്ങി.[25] താമസിയാതെ മാതേയ്ക്കൽ മാത്തുണ്ണി ചാക്കോ സ്ക്കൂളിനായി ഒരു താല്ക്കാലിക ഷെഡ് പണിയിച്ചു. 1895 ഏപ്രിൽ 24ന് വികാരി മാതേയ്ക്കൽ മത്തായി അച്ചന്റേയും കപ്ലോൻ ചക്കുംകുളത്ത് മത്തായി അച്ചന്റേയും നേതൃത്വത്തിൽ വെഞ്ചിരിപ്പു കർമ്മവും ഔപചാരികമായ ഉദ്ഘാടനവും നടന്നു.[26]

ഈ നാട്ടിലെങ്ങും യാതൊരു സ്കൂളും ഇല്ലാതിരിക്കയും പെൺകുട്ടികളെ വീടിനു പുറത്തയയ്ക്കാൻ മാതാപിതാക്കൾ ധൈര്യപ്പെടാതിരിക്കുകയും ചെയ്തിരുന്ന അക്കാലത്ത് കന്യാസ്ത്രീകൾ സ്കൂളിൽ പഠിപ്പിക്കുന്നു എന്നറിഞ്ഞ ജനങ്ങൾ അത്യധികം സന്തോഷിക്കയും കുട്ടികളെ സ്കൂളിൽ അയയ്ക്കുകയും ചെയ്തു. 1915-ൽ ആരക്കുഴ മഠം സുപ്പീരിയർ ത്രേസ്യാമ്മയുടെ ശ്രമഫലമായാണ് ഇതിന് ഗവണ്മെന്റ് അംഗീകാരം ലഭിക്കുന്നത്.[27] ആ കാലഘട്ടത്തിൽ ഈ സ്കൂൾ അറിയപ്പെട്ടിരുന്നത് സെന്റ് ജോസഫ്സ് വി.എം. ജി. സ്കൂൾ എന്നാണ്; അതായത് വെർണാക്കുലർ ഗേൾസ് മിഡിൽ സ്കൂൾ എന്ന്. കുട്ടികളുടെ എണ്ണം വർദ്ധിച്ചതിനാൽ 1930-ൽ പുതിയ കെട്ടിടം അന്നത്തെ വികാരി മാഞ്ഞാലി തോമ്മാച്ചന്റെ നേതൃത്വത്തിൽ പണിതു. 1938-ൽ ഈ സ്കൂൾ ഒരു ഹൈസ്കൂളായി ഉയർത്തപ്പെട്ടു.

സുവർണ്ണ ജൂബിലി പിന്നിട്ട ഈ വിദ്യാലയം നല്കിയിട്ടുള്ള സംഭാവനകൾ നിസ്തുലങ്ങളാണ്. ഈ നൂറ്റാണ്ടിന്റെ ആരംഭകാലത്ത് സി.എം.സി. തുടങ്ങിവെച്ച ഈ വിദ്യാലയം സാക്ഷരതയുടെ ആരംഭമിടൽ ആയിരുന്നു. മറ്റൊരു വിദ്യാലയവും ഇല്ലാതിരുന്ന അക്കാലത്ത് ഇവിടെനിന്ന് പകർന്നേകിയ വിദ്യാവെളിച്ചം അനേകായിരങ്ങളുടെ ജീവിതത്തെ പ്രകാശപൂർണ്ണമാക്കി. *മലമുകളിലെ പ്രകാശ ഗോപുരമായി* ഇന്നും ഈ വിദ്യാലയം പ്രശോഭിക്കുന്നു.

## അമലോത്ഭവ എൽ.പി.എസ്. പുളിങ്കുന്ന്

പുളിങ്കുന്ന് ഇടവക വെളിയനാട് തോപ്പിൽ പുത്തൻ പറമ്പിൽ കത്രീനാമ്മയുടെ ചിരകാലാഭിലാഷമായിരുന്ന പുളിങ്കുന്നിലെ കർമ്മലമഠം അന്നത്തെ ചങ്ങനാശ്ശേരി മെത്രാനായിരുന്ന അഭിവന്ദ്യ മാർ മാക്കീൽ മത്തായി മെത്രാനച്ചന്റെ ആശീർവാദത്തോടെ 1898 ജനുവരി 5ന് ആരംഭിക്കുവാൻ ദൈവം ഇടയാക്കി. ആൺകുട്ടികൾക്കായി CMI ആശ്രമത്തോടനുബന്ധിച്ച് സ്കൂൾ ഉള്ളതുപോലെ പെൺകുട്ടികൾക്കുവേണ്ടിയും ഒരു സ്കൂൾ വേണമെന്ന

നാട്ടുകാരുടെ ആഗ്രഹം മഠം സ്ഥാപനത്തോടെ സഫലമാവുകയായിരുന്നു. *മഠത്തിന്റെ ആദ്യത്തെ താൽക്കാലിക വസതിയായിരുന്ന മാളേയ്ക്കൽ വീടിന്റെ മുമ്പിലുള്ള പന്തലിൽ 1898 മാർച്ച് 19ന് അമലോത്ഭവ മാതാവിന്റെ നാമധേയത്തിലുള്ള സ്കൂൾ തുടങ്ങി.*[28] ഇവിടെ ആരംഭം മുതൽ വിദ്യയോടൊപ്പം ദൈവഭക്തിയിലും, സന്മാർഗചര്യയിലും ബാലികമാരെ അഭ്യസിപ്പിക്കാൻ സന്യാസിനീ സഹോദരിമാർ പരിശ്രമിച്ചിരുന്നു.

1901ൽ സന്യാസിനിമാർ മാളേയ്ക്കൽ മഠത്തിൽനിന്നും പുതിയതായി പണിത മഠത്തിലേയ്ക്കു മാറിയപ്പോൾ സ്കൂളും മഠത്തിന്റെ വരാന്തയിലേയ്ക്കു പറിച്ചു നടപ്പെട്ടു. പിന്നീട് കല്ലുകെട്ടി മേൽക്കൂരയിട്ട മഠത്തിനകംതന്നെ ക്ലാസ് മുറികളായി മാറി. ഈ കാലയളവിൽ വാച്ചാപറമ്പിൽ സക്കറിയാസച്ചൻ സ്കൂൾ മാനേജരായി നിയമിതനായി. സ്കൂൾ വളരെ വേഗം പുരോഗമിച്ചുതുടങ്ങി. കുട്ടികളുടെ എണ്ണം വർദ്ധിച്ചതോടെ സ്ഥലപരിമിതി പ്രശ്നമായി. അതിനാൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ഒരുക്കി ഒരുമാസംകൊണ്ട് പണി പൂർത്തിയാക്കി. 1909 ജനുവരി 7ന് പുതിയ കെട്ടിടത്തിൽ പഠനം ആരംഭിച്ചു. സ്കൂൾ സ്ഥാപകയും, പ്രഥമ സാരഥിയുമായിരുന്ന മേരി കത്രീനാമ്മയുടെ നേതൃത്വത്തിൽ വിദ്യാലയം കൂടുതൽ പ്രശസ്തമായി. 1927ൽ മിഡിൽ സ്കൂളിനുള്ള അംഗീകാരം കിട്ടി. 1938ൽ ഇത് ഹൈസ്കൂളായി ഉയർത്തപ്പെട്ടു. പിന്നീട്, ഹൈസ്കൂൾ വിശുദ്ധ കൊച്ചുത്രേസ്യാ പുണ്യവതിയുടെ നാമധേയത്തിൽ പണിത കെട്ടിടത്തിലേക്ക് മാറ്റി. 1948ൽ മഠത്തിന്റെ സുവർണ്ണ ജൂബിലിയുടെ കൂടെ അമലോത്ഭവ സ്കൂളും ജൂബിലി ആഘോഷിച്ചു.

പെൺകുട്ടികൾക്കു മാത്രമായി തുടങ്ങിയതാണെങ്കിലും കാലഘട്ടത്തിന്റെ ആവശ്യാനുസരണം ഇത് ആൺകുട്ടികൾക്കുകൂടി പ്രവേശനം നൽകുന്നതാക്കി മാറിയിരുന്നു. ചങ്ങനാശ്ശേരി രൂപതയിലെ സ്കൂളുകൾ corporate managementന്റെ കീഴിലാക്കിയകൂട്ടത്തിൽ ഈ സ്കൂളും ചങ്ങനാശ്ശേരി കോർപ്പറേറ്റ് മാനേജ്മെന്റിൽ ചേർന്നു.

## സെന്റ് ജോസഫ്സ് ഹൈസ്കൂൾ, കറുകുറ്റി

കളരിവിദ്യാഭ്യാസത്തോടെ, സ്ത്രീകളുടെ വിദ്യാഭ്യാസം അവസാനിച്ചിരുന്ന കാലഘട്ടത്തിൽ എറണാകുളം അതിരൂപതാദ്ധ്യക്ഷനായ മാർ അഗസ്തീനോസ് കണ്ടത്തിൽ തിരുമേനിയുടെ കല്പന പ്രകാരം 1899-ൽ കറുകുറ്റിയിൽ ഒരു ബോർഡിംഗ് സ്കൂൾ ആരംഭിച്ചു.[29] സമീപപ്രദേശങ്ങളിലെങ്ങും വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇല്ലാതിരുന്ന ആ കാലഘട്ടത്തിൽ ധാരാളം കുട്ടികൾക്ക് പഠിക്കാനുള്ള സുവർണ്ണാവസരമാണ് ഇതിലൂടെ കരഗതമായത്. അംഗീകൃതമായ പാഠ്യ പദ്ധതികൾ ഇല്ലാതിരുന്ന അക്കാലത്ത് മലയാളവും തമിഴും എഴുത്തും വായനയും, റേന്ത, വെന്തിങ്ങ, എന്നിവയുടെ നിർമ്മാണവും ഇതര കൈവേലകളും അഭ്യസിപ്പിച്ചുപോന്നു. പ്രാർത്ഥന,

കൃത്യനിഷ്ഠ, അച്ചടക്കം, ലളിതജീവിതം, അദ്ധ്വാനശീലം, സഹകരണം, സഹവർത്തിത്വം, തുടങ്ങിയ മൂല്യങ്ങൾ കുട്ടികളിൽ രൂഢമൂലമാക്കി ഭാവിയിൽ വിവിധ ജീവിത മണ്ഡലങ്ങളിലേക്ക് ആവശ്യമായ പരിശീലനം നൽകാൻ ഇവിടെ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മഠാധിപയായിരുന്ന മേരി എവുപ്രാസ്യാമ്മ 1906-ൽ ഇവിടെ ഒരു പ്രൈമറി സ്കൂൾ ആരംഭിക്കുകയും[30] അതിന് 1910-ൽ ഗവൺമെന്റ് അംഗീകാരവും ഗ്രാന്റും ലഭിക്കുകയും ചെയ്തു.[31] പ്രൈമറി വിദ്യാഭ്യാസത്തിനുശേഷം കുട്ടികൾക്ക് വിദൂരസ്ഥലങ്ങളിലേക്ക് തുടർപഠനത്തിന് പോകേണ്ടിവരുന്ന ദുരവസ്ഥ കണക്കിലെടുത്ത് 1921-ൽ മിഡിൽ ക്ലാസ്സിന് ഇവിടെ ആരംഭമിട്ടു.[32] ഇതിനോടൊന്നിച്ച് പാവപ്പെട്ട പെൺകുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി ഒരു ഇൻഡസ്ട്രിയൽ സ്കൂൾ തുടങ്ങിയെങ്കിലും കുറച്ചുകൊല്ലങ്ങൾക്കു ശേഷം നിർത്തേണ്ടതായി വന്നു.[33] 1944-ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. ഇതിനോടു ബന്ധപ്പെട്ട് ഇന്ന് പാരലൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളും നടന്നു വരുന്നു.

## സെന്റ് മേരീസ് ഹൈസ്കൂൾ, ഒല്ലൂർ

നല്ല സംരഭങ്ങൾക്ക് തുടക്കം കുറിക്കാൻ എന്നും സന്നദ്ധരും പ്രബുദ്ധരും ആണ് ഒല്ലൂർ നാട്ടുകാർ എന്നതിനു തെളിമയാർന്ന സാക്ഷ്യമാണ് ഒല്ലൂർ പരിശുദ്ധ അമലോത്ഭവ മാതാവിന്റെ കന്യകാമഠം. മക്കളുടെ വിദ്യാഭ്യാസവും സ്വഭാവ സംസ്ക്കരണവും ലക്ഷ്യം വച്ചുകൊണ്ട് ഒരു വിധവാശ്രമം നാട്ടിൽ സ്ഥാപിക്കാനുള്ള അനുവാദത്തിനായി ഒല്ലൂർ നാട്ടുകാർ മാർ യോഹന്നാൻ മേനാച്ചേരി പിതാവിനെ സമീപിച്ചു. വിധവാശ്രമത്തിനു പകരം കന്യകാശ്രമം സ്ഥാപിക്കുന്നതിന്റെ പ്രസക്തി അദ്ദേഹം അവരെ ബോധ്യപ്പെടുത്തി. അതിനുള്ള പ്രേരക കാരണം ഒല്ലൂർ മഠം *നാളാഗമ*ത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്:

*വിദ്യാഭ്യാസ വിഷയത്തിൽ അതീവ തല്പരനായിരുന്ന മേനാച്ചേരി പിതാവ് തന്റെ മിസത്തിൽപെട്ട വിശ്വാസികളുടെ കൂട്ടത്തിൽ സ്ത്രീ വിദ്യാഭ്യാസവും പ്രചാരണത്തിൽ വരുത്തണമെന്നുള്ള അഭിവാഞ്ചയാൽ പ്രേരിതനായി കന്യാസ്ത്രീകളുടെ ആഭിമുഖ്യത്തിൽ സ്ത്രീജനങ്ങളുടെ വിദ്യാഭ്യാസവും വിശിഷ്യ ബാലികാ ഗണങ്ങളുടെ വേദകാര്യപഠനം, സൽസ്വഭാവം, തുന്നൽ, പാട്ട്, പഠനം ആദിയായവ എളുപ്പത്തിൽ അഭിവൃദ്ധിപ്പെടുവാൻ ഇടയുണ്ടെന്ന് വിശാല ബുദ്ധിമാനായ താൻ ആലോചിച്ചു.*[34]

പെൺപൈതങ്ങളുടെ വിദ്യാഭ്യാസം മുൻകൂട്ടി കണ്ടുകൊണ്ട് മേനാച്ചേരി പിതാവ് കന്യകാശ്രമ സ്ഥാപനത്തിന്റെ പ്രസക്തി അവരെ ബോധ്യപ്പെടുത്തി. വളരെ വേഗത്തിൽത്തന്നെ അതിനുള്ള സംവിധാനങ്ങൾ ചെയ്തു; 1900 മെയ് 24-ന് അമ്പഴക്കാട് മഠത്തിൽനിന്നും സന്യാസിനീ സഹോദരിമാരെ ഒല്ലൂർ പുതിയ മഠത്തിലേക്ക് കൊണ്ടുവന്നു. ഇവരിൽ ഒരാളാണ് പുണ്യചരിതയായ എവുപ്രാസ്യമ്മ.

മഠം ആരംഭിച്ചതോടൊപ്പം അക്കര ആഗസ്തിയുടെ വീടും പറമ്പും വാങ്ങി മഠത്തോട് ചേർത്ത് ഒരു വിദ്യാലയം പണിയാൻ പാകത്തിന് മേനാച്ചേരി പിതാവ് ഒരുക്കിയിട്ടിരുന്നു. 36 കുട്ടികൾ മഠസ്ഥാപനദിവസംതന്നെ സ്കൂളിൽ പഠിക്കാൻ ബോർഡിംഗിൽ എത്തി.[35] ഭാഷാ പഠനത്തിനു പുറമേ, കൈവേലകളുടെ പരിശീലനവും പ്രാരംഭത്തിൽ കുട്ടികൾക്ക് നല്കി. സന്യാസിനിമാരെയും കുട്ടികളെയും ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നതിനായി കൊച്ചി, കോയമ്പത്തൂർ എന്നിവിടങ്ങളിൽനിന്നും മിസ്ട്രസ്സുമാരെ വരുത്തുകയും വിദ്യാഭ്യാസ കാര്യങ്ങളിൽ വളരെയധികം ശ്രദ്ധിക്കുകയും ചെയ്തു.[36] വിദ്യാലയത്തിലെ ആദ്യകാല അധ്യാപകർ സി. ആഗ്നസ്, സി. ബെർണർദീത്ത, സി. അന്ന സഖറിയ എന്നിവരും അഭിവന്ദ്യ യോഹന്നാൻ മേനാച്ചേരി പിതാവ് കൊച്ചിയിൽനിന്ന് വരുത്തിയ മിസ്സ് ഫിലോ ഫെർണാണ്ടസ്, മിസ്സ് ബെറ്റി ഡിക്രൂസ്, മിസ്സ് പെട്രോനിയ പെരേര എന്നിവരുമാണ്. 1901 മീനമാസത്തിൽ പഠനം ക്രമമായി ആരംഭിച്ചു. പ്രഥമ മാനേജർ ആലപ്പാട്ട് കുഞ്ഞിപ്പാലു അച്ചൻ ആയിരുന്നു.[37]

1903-ൽ പുതിയ സ്കൂൾ കെട്ടിടത്തിന്റെ പണി പൂർത്തിയായി. 1906-ൽ ഗ്രാന്റ് സ്കൂളായി ഉയർത്തപ്പെട്ടു. കൊച്ചി സംസ്ഥാനത്തിന്റെ ദിവാൻജിയായിരുന്ന എൻ. പട്ടാഭിരാമറാവു അവർകൾ മാസത്തിൽ 25 രൂപ ഗ്രാന്റ് അനുവദിച്ചു. പ്രഥമ ഹെഡ്മാസ്റ്റർ പൂങ്കുഴി രാമവാര്യർ ആയിരുന്നു. ശ്രീ. കോങ്ങോട്ട് അച്ചുതൻ നായർ, ശ്രീ പി.സി. വൈദ്യനാഥയ്യർ എന്നിവരും ഇവിടെ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1920-ൽ സഹോദരി ലുദ്‌വിക്ക മദ്രാസിൽ പോയി ബി.എ. പാസ്സായി വന്നതോടുകൂടി അമ്മായ നേതൃത്വത്തിലായിരുന്ന സ്കൂളിന്റെ ഭരണസാരഥ്യം മഠാംഗങ്ങൾ ഏറ്റെടുത്തു. 1920 ലാണ് ഹൈസ്കൂൾ സ്ഥാപിതമാകുന്നത്. ഒല്ലൂർ സെന്റ് മേരീസ് സ്കൂളിനും തൃശൂർ സേക്രഡ് ഹാർട്ട് സ്കൂളിനും ഗ്രാന്റ് അനുവദിക്കാൻ ഗവണ്മെന്റ് സമ്മതിക്കയില്ലെന്ന് അറിഞ്ഞതോടെ ഒല്ലൂരിലെ ഹൈസ്കൂൾ 1926-ൽ സെക്രഡ് ഹാർട്ടിലേക്ക് മാറ്റി. 1944 വരെ ഇത് യു.പി. സ്കൂളായി നിലനിന്നു. ഹൈസ്കൂൾ നടത്തുവാനുള്ള അനുവാദം ലഭിച്ചത് 1944-ൽ ആണ്.

പുണ്യചരിതയായ എവുപ്രാസ്യമ്മയുടെ പാദസ്പർശനത്താൽ പവിത്രമായ ഒല്ലൂരിൽ സെന്റ് മേരീസ് വിദ്യാലയം തൃശൂർ നഗരത്തിന് അഭിമാനമായി നിലകൊള്ളുന്നു. അധ്യാപകർക്കുള്ള നാഷണൽ അവാർഡ് (2003) ഹെഡ്മിസ്ട്രസ്സ് ശ്രീമതി എം.പി. ആനിയ്ക്കും സംസ്ഥാന അവാർഡ് (1990-91) സി. ദീപ്തിക്കും ലഭിക്കുകയുണ്ടായി. 2000 ഫെബ്രുവരിയിൽ ശതാബ്ദി ആഘോഷിച്ച ഈ വിദ്യാലയം വിദ്യാർത്ഥിനികളുടെ പരിശീലനത്തിൽ നിതാന്ത ജാഗ്രത പുലർത്തിക്കൊണ്ട് കർമ്മ നിരതമായി മുന്നേറുന്നു.

## സെന്റ് തെരേസാസ് യു.പി. സ്കൂൾ, മണലൂർ

മണലൂർ താണിക്കൽ ഉക്രു എന്ന ധനികന്റെ അത്ഭുത സൗഖ്യപ്രാപ്തിയുടെ നന്ദി സ്മാരകമാണ് മണലൂർ മഠം. അത്ഭുതകരമായി തനിക്ക് സൗഖ്യം

ലഭിക്കുകയാണെങ്കിൽ വീടിനരികെ പതിനായിരം രൂപ ഒരു കൊവേന്തയോ കന്യാസ്ത്രീ മഠമോ പണിയാൻ ദാനം ചെയ്യാമെന്ന് ഉക്രു കർത്താവിനോട് വാഗ്ദാനം ചെയ്തിരുന്നു.[38] തൃശൂർ ബിഷപ്പ് മാർ ജോണി മേനാച്ചേരി പിതാവാണ് അദ്ദേഹത്തിന് ഒരു കന്യാസ്ത്രീ മഠം പണിയാനുള്ള പിന്തുണയും പ്രേരണയും നല്കിയത്. 1904 നവംബർ 24-ാം തീയതിയാണ് മഠസ്ഥാപനം. നാട്ടുകാരുടെ പിന്തുണയും സഹായവും വിദ്യാലയം ആരംഭിക്കുന്നതിന് പ്രേരകമായി. മണലൂർ മഠം *നാളാഗമ*ത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

*എത്രയും പെരിയ ബഹുമാനപ്പെട്ട മെത്രാനച്ചന്റെ താല്പര്യത്തിൻമേൽ ഈ ദിക്കുകാരായ ജനങ്ങൾ വരിയിട്ട് അവരുടെ വകയായി ഈ മഠത്തിന്റെ കപ്പേളയോടു ചേർന്ന് ഒരു സ്ഥലത്തിൽ പെൺകുട്ടികൾക്ക് പഠിക്കുന്നതിനായി 1905 മേടം 15ന് ഒരു സ്കൂൾ പണിയാരംഭിച്ചു.*[39]

ആരംഭത്തിൽതന്നെ 1, 2, 3 ക്ലാസ്സുകൾ ഒരുമിച്ചു തുടങ്ങി. ഓല ഷെഡ്ഡിലാണ് ക്ലാസ്സുകൾ ആരംഭിച്ചതെങ്കിലും 1905 തുലാം 15-ാം തീയതി വിശുദ്ധ അമ്മത്രേസ്യായുടെ നാമധേയത്തിലുള്ള പുതിയ കെട്ടിടത്തിന്റെ വെഞ്ചിരിപ്പുകർമ്മം നടന്നു.[40]

ദ്രുതഗതിയിലായിരുന്നു സെന്റ് തെരേസാസ് സ്കൂളിന്റെ വളർച്ച. എൽ. പി. വിഭാഗം തന്നെ 10 ഡിവിഷനായി ഉയർന്നു. 1948 ൽ Preparatory ക്ലാസ്സുകൾ ആരംഭിച്ചു. 1950-ൽ യു.പി. സ്കൂളിനുള്ള അംഗീകാരം ലഭിച്ചു. ആൺ-പെൺ ഭേദമന്യേ എല്ലാവർക്കുമായി തുറന്ന സ്കൂളിൽ കാലക്രമത്തിൽ ആൺ കുട്ടികൾ ഇല്ലാതായി. വീണ്ടും ആൺകുട്ടികൾക്ക് പ്രവേശനം കൊടുത്തത് 1993 ലാണ്. ഇപ്പോൾ 14 ഡിവിഷനുള്ള ഒരു യു.പി. സ്കൂളായി ഇത് നിലനിൽക്കുന്നു. ഒരു ഡിവിഷൻ ഇംഗ്ലീഷ് മീഡിയമായി ഉയർത്തിയിട്ടുണ്ട്.

വിദ്യാലയത്തിന്റെ ആരംഭം മുതൽ ഇന്നുവരെ മത്സരങ്ങളിൽ സമ്മാനങ്ങൾ വാരിക്കൂട്ടുന്നത് വിദ്യാർത്ഥികൾക്കും നാട്ടുകാർക്കും ഒരു ഹരം തന്നെയാണ്. തൃശൂർ വെസറ്റ് സബ് ജില്ലയിൽ ഈ വിദ്യാലയം 1988-89, 1991-92, 2000-2001 എന്നീ വർഷങ്ങളിൽ ബെസ്റ്റ് സ്കൂൾ ട്രോഫി നേടി. 2002-2003ൽ സംസ്ഥാനത്തെ മികച്ച ഡി.സി.എൽ. ശാഖയായി ഈ വിദ്യാലയം തിരഞ്ഞെടുക്കപ്പെട്ടു. കാലോചിതമായി കമ്പ്യൂട്ടർ ക്ലാസുകളും തുടങ്ങി. മണലൂരിന്റെ മാണിക്യമായി ഈ വിദ്യാലയം നിലനിൽക്കുന്നു.

## സെന്റ് ജോസഫ്സ് കോൺവെന്റ് എൽ.പി. സ്കൂൾ വൈന്തല

തൃശ്ശൂരിന്റെ ചിരകാല സ്വപ്നം പൂവണിഞ്ഞ ദിനമാണ് 1897 മെയ് 9. അന്നാണ് തൃശൂർ വികാരിയാത്തിൽപ്പെട്ട അമ്പഴക്കാട് ഇടവകയിലെ വൈന്തല ഭാഗത്ത് യോഹന്നാൻ മേനാച്ചേരി പിതാവിനാൽ തൃശ്ശൂർ വികാരിയാത്തിൽ ആദ്യമായി സന്യാസിനീ സമൂഹത്തിന്റെ ഒരു ശാഖ സ്ഥാപിക്കപ്പെട്ടത്. കേരള കർമ്മലീത്താ സന്യാസിനീ സമൂഹത്തിന്റെ വിശുദ്ധ യൗസേഫ്

പിതാവിന്റെ നാമധേയത്തിലുള്ള ഈ ആദ്യ ശാഖ വഴി ഇന്നാട്ടിലെ ജനങ്ങളെ ആത്മീയതയിലും വിജ്ഞാനത്തിലും പ്രബുദ്ധരാക്കാൻ അക്ഷീണം പരിശ്രമമാരംഭിച്ചു. വൈന്തല സെന്റ് ജോസഫ്സ് മഠം ആരംഭിച്ചിട്ട് ഒരു വ്യാഴവട്ടം പൂർത്തിയാകുന്നതിനു മുമ്പുതന്നെ *1909 ഫെബ്രുവരി 11-ാം തീയതി അഭിവന്ദ്യ യോഹന്നാൻ മേനാച്ചേരി പിതാവ് മഠത്തിനടുത്ത് ബംഗ്ലാവിന്റെ തെക്കുഭാഗത്ത് പ്രേഗുണ്ണിയുടെ നാമധേയത്തിൽ ഒരു സ്കൂൾ കെട്ടിടത്തിന് ശിലാസ്ഥാപനം നടത്തി.*[41]

1910 ഒക്ടോബർ 5-ാം തീയതി സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായി വെഞ്ചിരിപ്പ് നടത്തി. മഠം കപ്ലോൻ ഞാറയ്ക്കൽ മാമ്പിള്ളി കൊച്ചുവറീതച്ചനും കാച്ചപ്പിള്ളി അന്തോണി അച്ചനും മറ്റ് 13 വൈദികരും അനേകം കന്യാസ്ത്രീകളും ധാരാളം ദൈവജനങ്ങളും ഈ മംഗളകർമ്മത്തിന് സാക്ഷികളായി എത്തിച്ചേർന്നിരുന്നു. സിസ്റ്റർ ഫ്രാൻസിസ്ക ഈ സരസ്വതീ ക്ഷേത്രത്തിന്റെ പ്രഥമ സാരഥിയായി. അന്നുമുതൽ സന്യാസിനീ സഹോദരിമാർ പിഞ്ചുപൈതങ്ങൾക്ക് അക്ഷരജ്ഞാനം പകർന്നു നൽകി വരുന്നു. 1911 ജനുവരി 21-ാം തീയതി ഗവൺമെന്റ് സൂപ്രണ്ട് വന്ന് സ്കൂൾ ഔദ്യോഗികമായി പരിശോധിക്കുകയും അംഗീകാരം നൽകുകയും ചെയ്തു. 1920 ജൂൺ 7-ാം തിയതി നാലാംക്ലാസ്സിന് ഔദ്യോഗിക അംഗീകാരം ലഭിച്ചു.

മഠത്തിന്റെ ഗോൾഡൻ ജൂബിലി വർഷമായ 1947 ഈ വിദ്യാലയ ചരിത്രത്തിലെ ഒരു സുവർണ്ണ മുഹൂർത്തമായി നിലകൊള്ളുന്നു. ഗോൾഡൻ ജൂബിലി സ്മാരകമായി പുതുതായി സ്കൂൾ കെട്ടിടം നിർമ്മിക്കുകയും അഭിവന്ദ്യപിതാവ് മാർ ജോർജ്ജ് ആലപ്പാട്ട് അതിന്റെ ആശീർവ്വാദ കർമ്മം നിർവ്വഹിക്കുകയും ചെയ്തു.[42] രക്ഷിതാക്കളുടെ സഹകരണത്തോടെ നിർമ്മിച്ച സ്റ്റേജ് 1999 ജനുവരി 23-ാം തീയതി ഉദ്ഘാടനം ചെയ്തു.

ആധുനിക വിദ്യാഭ്യാസ സൗകര്യങ്ങൾ വൈന്തല ഗ്രാമത്തിലെ കൊച്ചുമക്കൾക്ക് പകർന്നു നൽകുവാനുള്ള സ്കൂൾ അധികൃതരുടെയും രക്ഷിതാക്കളുടെയും ആഗ്രഹത്തിന്റെ ഫലമായി സ്കൂളിൽ 2001-02 അധ്യയന വർഷത്തിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം ആരംഭിച്ചു. ഈ വിദ്യാലയ ചരിത്രത്തിൽ തങ്കലിപികളാൽ ആലേഖനം ചെയ്യപ്പെട്ട വർഷമാണ് 2003-04. ആദ്യമായി ഇംഗ്ലീഷ് മീഡിയം ക്ലാസ്സ് ആരംഭിച്ചു. ഒരു വർഷം നീണ്ടു നിന്ന ശതാബ്ദി ആഘോഷത്തിന് 2009 ജനുവരി 9ന് തിരിതെളിഞ്ഞു. പുതുക്കി പണിത വിദ്യാലയത്തിന്റെ ആശീർവ്വാദകർമ്മവും ശതാബ്ദി ആഘോഷത്തിന്റെ ഉദ്ഘാടനവും ഇരിഞ്ഞാലക്കുട മെത്രാൻ അഭിവന്ദ്യ പിതാവ് മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിച്ചു. 2010 ഏപ്രിൽ 5 മുതൽ 9 വരെയുള്ള ദിവസങ്ങളിൽ വിവിധ പരിപാടികളോടെ ശതാബ്ദി പ്രൗഢഗംഭീരമായി ആഘോഷിച്ചു.

അധ്യാപകരുടെയും മാനേജുമെന്റിന്റെയും പി.ടി.എ.യുടെയും നല്ലവരായ നാട്ടുകാരുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും സഹകരണത്തോടെ

ഈ വിദ്യാലയം ഉന്നതിയിൽ നിന്ന് ഉന്നതിയിലേക്ക് ഉയർന്നുകൊണ്ട് നാടിന് ഒരു അനുഗ്രഹമായി നിലകൊള്ളുന്നു.

## സെന്റ് അലോഷ്യസ് സ്കൂൾ പറവൂർ

ബഹുമാനപ്പെട്ട ലൂയിസ് മെത്രാന്റെ ആഹ്വാന പ്രകാരമാണ് പറവൂർ ഇൻഫന്റ് ജീസസ് കോൺവെന്റ് രൂപം കൊണ്ടത്. 1910 മകരം 14-ാം തീയതിയാണ് ഈ ഭവനത്തിന്റെ സ്ഥാപനവും വെഞ്ചിരിപ്പും നടന്നത്. പറവൂർ പള്ളി വികാരി എളങ്കുന്നപ്പുഴ പൗലോസച്ചനും ദൈവജനവും നിസ്തുല സേവനമാണ് ഈ ഭവനത്തിന്റെ വളർച്ചയ്ക്കായി അർപ്പിച്ചിട്ടുള്ളത്. 1910 മിഥുനം 6-ാം തീയതി ഇവിടെ ഒരു പാഠശാല സെന്റ് അലോഷ്യസ് എന്ന പേരിൽ ആരംഭിച്ചു. പുറമേ നിന്നും ധാരാളം കുട്ടികൾ ഇവിടെ പഠിക്കുവാൻ വന്നിരുന്നു. പിന്നീട് ഈ സ്കൂൾ പള്ളിക്ക് വിട്ടുകൊടുത്തു. പറവൂർ മഠം *നാളാഗമ*ത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

*ഈ 1914 ചിങ്ങത്തിൽ ഈ മഠത്തിന്റെ സ്കൂൾ മേല്പടി മഠത്തിന്റെ ബഹുമാന കപ്ലോനും കോട്ടക്കാവ് പള്ളിയുടെ വികാരിയുമായ എളങ്കുന്നപ്പുഴ ബ. പൗലോസച്ചൻ ഈ സ്കൂൾ ഇടവക പള്ളിക്ക് വിട്ടുകൊടുക്കണമെന്ന് എഴുതി കൊടുത്ത് അയയ്ക്കുകയും എഴുത്തിൽ പ്രകാരം അന്ന് മഠത്തിന്റെ ശ്രേഷ്ഠയായിരുന്ന ബ. അന്നമ്മയും ശേഷം പേർ ഒരുമിച്ചു സമ്മതിച്ചു എത്രയും പെരിയ ബഹുമാന മെത്രാനച്ചന്റെ അനുവാദത്തോടുകൂടെ ഈ സ്കൂൾ പള്ളിക്കാർക്ക് ആ മാസത്തിൽ തന്നെ വിട്ടുകൊടുക്കുകയും ചെയ്തു.*[43]

## സെന്റ് ജോസഫ്സ് സ്കൂൾ, ചെങ്ങൽ

ഇവിടെ, മഠത്തോടുചേർന്ന് അതേവർഷം തന്നെ (1906 ജൂൺ 1) ശ്രീയേശു തിരുഹൃദയത്തിന്റെ നാമത്തിൽ ഒരു ബോർഡിംഗും സ്ഥാപിതമായി.[44] വിദ്യാലയവും യാത്രാ സൗകര്യങ്ങളും നന്നേ കുറവായിരുന്ന ആ കാലത്ത് പെൺകുട്ടികളെ താമസിപ്പിച്ച് അക്ഷരജ്ഞാനവും ആത്മീയ പരിശീലനവും നൽകുക എന്നതായിരുന്നു ലക്ഷ്യം. താമസിയാതെ കൊച്ചി വിദ്യാഭ്യാസ ഡയറക്ടർ എഫ്.എസ്.ഡേവീസ് സായിപ്പ് സ്ഥാപനം സന്ദർശിക്കുകയും ഇതിന്റെ ഉദ്ദേശശുദ്ധിക്കും, ഫലദായകത്വത്തിനുമുള്ള അംഗീകാരമെന്നവണ്ണം ഒരു സ്കൂൾ ആരംഭിക്കുന്നതിന് പ്രോത്സാഹിപ്പിക്കുകയും അതിന് ഗ്രാന്റ് വാഗ്ദാനം ചെയ്യുകയും ചെയ്തു.[45]

സ്കൂൾ നടത്തുന്നതിന് സ്ഥലസൗകര്യം ഇവിടെ ഇല്ല എന്ന് അറിയിച്ചതിനാൽ ലൂയീസ് പഴയപറമ്പിൽ മെത്രാനച്ചന്റെ വിശ്രമ മന്ദിരത്തിൽ (അച്ചൻമാരുടെ ബംഗ്ലാവ്) വച്ച് സ്കൂൾ നടത്തുന്നതിന് അനുമതി ചോദിക്കുകയും തിരുമേനി സന്തോഷത്തോടെ അനുവദിക്കുകയും ചെയ്തു. കുട്ടികളെ 4 ക്ലാസ്സായി തിരിച്ച് L.P. സ്കൂൾ മലയാളം സ്കൂൾ ആയി ആരംഭിച്ചു.

അതേവർഷം തന്നെ മഠത്തിന്റെ മുൻവശത്തുണ്ടായിരുന്ന ഒരു ഷെഡ് സ്കൂൾ കെട്ടിടമായി ഉപയോഗിച്ചുതുടങ്ങി. അങ്ങനെ' 1910–11 അധ്യയന വർഷം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി വിശുദ്ധ യൗസേഫ് പിതാവിന്റെ നാമത്തിൽ ഒരു വിദ്യാലയം സ്ഥാപിതമായി.

ദൈവത്തിന്റെ അനന്തപരിപാലനയാൽ 1911 ഡിസംബറിൽ സ്കൂളിന് ഗ്രാന്റ് അനുവദിച്ചു കിട്ടി. തുടർന്നുള്ള വളർച്ച വളരെ പെട്ടെന്നായിരുന്നു. 1915ൽ ഇതൊരു യു.പി സ്കൂളായി ഉയർത്തി. ഇംഗ്ലീഷ് സ്കൂളിന് (യു.പി. വിഭാഗം) 1915 ഒക്ടോബർ 12 ന് ഗ്രാന്റ് അനുവദിച്ചു. കേരളത്തിന്റെ നാനാ ഭാഗത്തുനിന്നും ധാരാളം കുട്ടികൾ വന്നു പഠിക്കാൻ ഇവിടെ ഉണ്ടായിരുന്ന ബോർഡിംഗ് സൗകര്യപ്രദമായി. യു.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തുന്ന കാര്യം ആലോചിച്ചപ്പോൾ കൂടുതൽ അനുയോജ്യമായ കേന്ദ്രം കാഞ്ഞൂരാണെന്ന് കണ്ട് 1940 ൽ യു.പി. സ്കൂൾ അവിടേക്ക് മാറ്റുകയും അവിടെ ഒരു ഹൈസ്കൂളായി ഉയർത്തുകയും ചെയ്തു. 1946ൽ വീണ്ടും യു.പി. സ്കൂൾ ഇവിടെ ആരംഭിച്ചു. പിന്നീട് 1963ൽ ഒരു അംഗീകൃത ഹൈസ്കൂളും തുടങ്ങി. തുടക്കം മുതലേ ആൺകുട്ടികളും പെൺകുട്ടികളും ഒരുപോലെ വിദ്യാഭ്യാസം തേടി വന്ന ഈ സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിൽ പെൺകുട്ടികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോഴും യു.പി. വിഭാഗം മാത്രമേ mixed school ആയി പ്രവർത്തിക്കുന്നുള്ളൂ. പാരലൽ ഇംഗ്ലീഷ് മീഡിയം 1992 മുതൽ ആരംഭിച്ചു. 2003 മുതൽ അംഗീകൃത ഹയർസെക്കൻഡറി വിഭാഗം ഇവിടെ പ്രവർത്തിക്കുന്നു. Aided High School ഉം Unaided H.S.S. വിഭാഗവും ഇവിടെ ഉണ്ട്.

## സെന്റ് ആൻസ് ഹൈസ്കൂൾ, എടത്തിരുത്തി

ഇരിഞ്ഞാലക്കുട നഗരത്തിൽനിന്ന് ഉദ്ദേശം 12 കി.മീ വടക്ക് പടിഞ്ഞാറ് സ്ഥിതി ചെയ്യുന്ന പ്രകൃതി രമണീയമായ ഗ്രാമമാണ് എടത്തിരുത്തി. ഇടവകക്കാർക്ക് ഒരു സുറിയാനി കർമ്മലീത്താ കന്യാസ്ത്രീമഠം വേണമെന്നുള്ള അതിയായ ആഗ്രഹത്തിന്റെ സാക്ഷാത്ക്കാരമാണ് സെന്റ് ആൻസ് കോൺവെന്റും അതിനോടനുബന്ധിച്ചുള്ള വിദ്യാലയവും. ഇടവക വികാരിയായിരുന്ന ചൊവ്വര പുതുശ്ശേരി തോട്ടുങ്ങൽ മത്തായിച്ചനും ഇടവകയിലെ പ്രമുഖ വ്യക്തികളും തൃശൂർ മെത്രാൻ അഭിവന്ദ്യ മേനാച്ചേരി യോഹന്നാൻ പിതാവിന്റെ മുമ്പിൽ തങ്ങൾക്കൊരു കന്യാസ്ത്രീമഠം വേണമെന്ന് നിവേദനം സമർപ്പിച്ചു.[46] 1902 ഒക്ടോബർ 15-ാം തീയതി കോൺവെന്റിന്റെ ശിലാസ്ഥാപനകർമ്മം നടന്നു.[47] 1906 ലാണ് വിശുദ്ധ അന്നായുടെ നാമധേയത്തിലുള്ള വിദ്യാലയം സ്ഥാപിതമാകുന്നത്. വളരെയധികം സാമ്പത്തിക പ്രതിസന്ധി നേരിട്ടിരുന്ന സ്കൂൾ നിർമ്മാണത്തിന്റെ പണിപൂർത്തിയാകുന്നത് 1913ലാണ്. പ്രഥമ ഹെഡ്മിസ്ട്രസ് സി. ക്ലാരയാണ്. 1913 ൽ ഗവണ്മെന്റ് അംഗീകാരം ഇതിനു ലഭിച്ചു; അംഗീകാരം ലഭിക്കുന്നത് തെക്കേക്കര കൊച്ചു

വർക്കിച്ചന്റെ അശ്രാന്ത പരിശ്രമ ഫലമായാണ്.[48] പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനാണ് ആദ്യകാലം മുതൽ ഈ വിദ്യാലയം ഊന്നൽ നൽകുന്നത്.

വലപ്പാട് റെയ്ഞ്ചിൽ കലാകായിക വിദ്യാഭ്യാസ മേഖലയിൽ മികച്ച നിലവാരം പുലർത്തിയിരുന്ന ഈ സ്ഥാപനം ഉയർന്ന നിലയിൽ എത്തണമെന്ന് പരിസരവാസികൾ ആഗ്രഹിച്ചു. നാട്ടുകാരുടെ അഭ്യർത്ഥന പ്രകാരം ഒരു ഹൈസ്കൂൾ തുടങ്ങുന്നതിനായി ഒരു ഹർജി സർക്കാരിലേക്ക് അയയ്ക്കുകയും ചീഫ് ഇൻസ്പെക്ടർ കമലാഭായി സ്ഥലം സന്ദർശിച്ച് അനുമതി നല്കുകയും ചെയ്തു.[49] 1955-ൽ ഹൈസ്കൂൾ കെട്ടിടത്തിന്റെ പണി ആരംഭിച്ചു. പ്രഥമ ഹെഡ്മിസ്ട്രസ്സായ സി. ബനിഗ്നയും സഹപ്രവർത്തകരും ഗവണ്മെന്റ് അംഗീകാരത്തിനായി അഹോരാത്രം ശ്രമിച്ചു. 1955 ആഗസ്റ്റ് 19-ാം തീയതി മദ്രാസിൽ പോയി ഡയറക്ടറെ കണ്ടു രേഖകളെല്ലാം സമർപ്പിച്ചതിന്റെ ഫലമായി ആഗസ്റ്റ് 24ന് ഹൈസ്കൂളിന് ഗവണ്മെന്റ് അംഗീകാരം ലഭിക്കുകയുണ്ടായി.[50] 2009-10 അദ്ധ്യയന വർഷം സെന്റ് ആൻസ് വിദ്യാലയ ചരിത്രത്തിലെ ഒരു തിലകക്കുറിയായി. ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ കെട്ടിടം കുട്ടികളുടെ സമഗ്ര വളർച്ചയ്ക്കായി നിർമ്മിച്ചു. 2004-ൽ സെന്റ് ആൻസ് അങ്കണത്തിൽ പ്ലസ് ടു കെട്ടിടം പണിയുകയും ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തു. നേഴ്സറി മുതൽ പ്ലസ് ടു വരെയുള്ള വിദ്യാഭ്യാസം ചുറ്റുപാടും ഉള്ളവർക്ക് നൽകുവാൻ കഴിയുന്നു. എടത്തിരുത്തി ഗ്രാമപ്രദേശത്ത് പെൺ കുഞ്ഞുങ്ങൾക്ക് അക്ഷര വെളിച്ചം പ്രദാനം ചെയ്യുന്നതിനോടൊപ്പം അവരുടെ ജീവിതയാത്രയിൽ താങ്ങും തണലും ഏകി കുടുംബങ്ങൾക്ക് പ്രത്യാശയായി സെന്റ് ആൻസ് എന്നും നിലകൊള്ളുന്നു.

മഠങ്ങളോടനുബന്ധിച്ച് വിദ്യാലയങ്ങൾ തുടങ്ങുന്നത് പ്രേഷിതവൃത്തിയുടെ സുപ്രധാനഭാഗമായി സ്വീകരിച്ച സി.എം.സി. ഏറെക്കാലം കേരളത്തിലെ സ്ത്രീവിദ്യാഭ്യാസ മേഖലയിൽ നെടുനായകത്വം വഹിച്ചു. ഇന്നും അനേകം വിദ്യാലയങ്ങളിലൂടെ അദ്ധ്യയന ശുശ്രൂഷ തുടർന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു. ആ സേവനവർഷത്തിന്റെ ആദ്യ പാദത്തിൽ സ്ഥാപിതമായ വിദ്യാലയങ്ങൾ സഭയുടെയും വിദ്യാഭ്യാസകേരളത്തിന്റെയും ചരിത്രഗതിയിൽ പ്രധാനപ്പെട്ടവയായതുകൊണ്ട് അവയെ പ്രത്യേകം പ്രതിപാദിച്ചുവെന്നുമാത്രം.

അർപ്പണബോധവും സേവനനിഷ്ഠയുമുള്ള സ്ത്രീകൾക്കേ സമൂഹത്തെ വാർത്തെടുക്കാനാവൂ എന്ന സത്യം മനസ്സിലാക്കുന്നതുകൊണ്ട് അധ്യാപന രംഗത്ത് സ്ത്രീകളുടെ ദൗത്യവും പ്രാധാന്യവും സി.എം.സി. ധാരയ്ക്ക് കണ്ടറിയുവാൻ കഴിഞ്ഞു. അധ്യാപക പരിശീലനത്തിനായി കേന്ദ്രങ്ങൾ ആരംഭിക്കുന്നത് ഈ പരിവൃത്തത്തിലാണ്. സ്ത്രീകൾക്കു ലഭിക്കുന്ന വിദ്യാഭ്യാസം നാടിന്റെ ശ്രേയസ്സിൽ നിർണ്ണായകസ്വാധീനം ചെലുത്തുന്നു എന്നതുകൊണ്ടും സ്ത്രീസമൂഹത്തെ പ്രബുദ്ധരാക്കിയാൽ ധാർമ്മിക മൂല്യങ്ങളിലും

ജീവിത നിലവാരത്തിലും നാടുതന്നെ പുരോഗതി പ്രാപിക്കും എന്നതു കൊണ്ടുമാണ് പ്രഗത്ഭരായ അദ്ധ്യപകരെ വാർത്തെടുക്കുന്നതിനുവേണ്ടി അധ്യാപക പരിശീലന രംഗത്തേക്ക് സി.എം.സി. ചുവടുവച്ചത്. 1934-ൽ മുത്തോലിയിലാണ് ആദ്യ ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആയി സെന്റ്. ജോസഫ്സ് ട്രെയിനിംഗ് സ്കൂൾ സ്ഥാപിതമായത്. 1940-ൽ പാവറട്ടി ക്രൈസ്റ്റ് കിംഗ് TTIയും 1946-ൽ എറണാകുളം സെന്റ്. ജോസഫ്സ് ട്രെയിനിംഗ് കോളേജും 1952-ൽ കറുകുറ്റി സെന്റ് ജോസഫ്സ് TTIയും സ്ഥാപിതമായി. ഇന്ന് ആറു ട്രെയിനിംഗ് സ്കൂളുകളും രണ്ട് ട്രെയിനിംഗ് കോളേജുകളും സി.എം.സി.യുടെ സാരഥ്യത്തിൽ സേവനനിരതമാണ്. കേരളത്തിനകത്തും പുറത്തും അദ്ധ്യാപന മേഖലയിൽ നക്ഷത്രതിളക്കം വരിച്ച നിരവധി അദ്ധ്യാപകർ ഈ വിദ്യാലയങ്ങളിൽ നിന്നും പരിശീലനം നേടി പുറത്തു വന്നവർക്കിടയിലുണ്ട്.

ഇന്ത്യയിൽ സ്ത്രീകൾക്കുവേണ്ടി സ്ഥാപിതമായ പ്രഥമ ഉന്നത വിദ്യാകേന്ദ്രമായ സെന്റ് മേരീസ് കോളേജ് തൃശ്ശൂരിൽ 1946-ൽ സ്ഥാപിച്ചുകൊണ്ട് യൂണിവേഴ്സിറ്റി തലത്തിലുള്ള വിദ്യാഭ്യാസ പ്രവർത്തങ്ങളിലേക്ക് കൂടി സി.എം.സി. പ്രവേശിച്ചു. മദ്രാസ് യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തുകൊണ്ടാണ് കോളേജ് ആരംഭിച്ചത്. കണക്ക്, ഭൗതികശാസ്ത്രം, കെമിസ്ട്രി എന്നീ വിഷയങ്ങളിൽ ഇന്റർ മീഡിയറ്റ് തലത്തിലും കണക്ക്, സാമ്പത്തിക ശാസ്ത്രം, ചരിത്രം എന്നീ വിഷയങ്ങളിൽ ബിരുദതലത്തിലുമായിരുന്നു ആദ്യ കോഴ്സുകൾ. 1956-ൽ പ്രീയൂണിവേഴ്സിറ്റി കോഴ്സ് ആരംഭിച്ചു. പിറ്റേ വർഷം കോളേജ് കേരള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റു ചെയ്തു. പല വിഷയങ്ങളിലും ബിരുദതലത്തിലും ബിരുദാനന്തര തലത്തിലുമുള്ള കോഴ്സുകൾ ആരംഭിച്ചതോടെ സെന്റ് മേരീസ് കോളേജിന്റെ ഒരു ശാഖയായി വിമല കോളേജ് ആരംഭിക്കുകയും പല കോഴ്സുകളും അങ്ങോട്ടു മാറ്റുകയും ചെയ്തു. 1968-ൽ കാലിക്കട്ട് യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തു സ്തുത്യർഹമായ സേവനപർവ്വം തുടരുന്നു.

1964-ൽ പാലക്കാടു ജില്ലയിൽ പ്രഥമ വനിതാ കോളേജായി മേഴ്സി കോളേജ് സ്ഥാപിതമായി; 1981-ൽ മാളയിൽ കാർമ്മൽ കോളേജും. ഈ നാലു കോളേജുകളും ഇന്ന് കേരളത്തിൽ വനിതകളുടെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ശ്രേഷ്ഠമായ സംഭാവനകൾ നല്കുന്ന പ്രൗഢമായ വിദ്യാക്ഷേത്രങ്ങളാണ്.[51]

## തൊഴിൽ പരിശീലന കേന്ദ്രങ്ങൾ

പനമ്പുമഠത്തിൽ ബീജാവാപം ചെയ്തനാൾ മുതൽ കൈവേലയിൽ പരിശീലനം നല്കി വനിതകൾക്ക് കരകൗശല വേലയിൽ അറിവുപകരാൻ ജാഗ്രത പുലർത്തിയ ചാവറയച്ചന്റെയും ലെയോപ്പോൾദച്ചന്റെയും ആഗ്രഹാനുസരണം കരകൗശലശാലകൾ തുടങ്ങുവാൻ സി.എം.സി. ഭവനങ്ങൾ എക്കാലവും ശ്രദ്ധിച്ചിരുന്നു. സമൂഹത്തിന്റെ സ്ഥാപനലക്ഷ്യത്തിൽത്തന്നെ പറഞ്ഞിരുന്ന ഒരു കാര്യവുമായിരുന്നു അത്....

*അവരുടെ ആത്മകാര്യങ്ങൾ വെടിപ്പായി നടക്കുകയും പെൺപൈതങ്ങളെ നമസ്ക്കാരം മുതലായ പുണ്യങ്ങളും തുന്നൽപ്പണി മുതലായ കൈവേലകളും പഠിപ്പിക്കുകയും ചെയ്യുന്ന ഒരു വേലയിൽ അവരെ ഏർപ്പെടുത്താമെന്നും നിശ്ചയിച്ചു.*[52]

കൂനമ്മാവിൽ തുടങ്ങിയ ആദ്യത്തെ കൈവേലപരിശീലനകേന്ദ്രം ഇന്നും ആ നാടിന്റെ ജീവിതശൈലിയിലും സാമ്പത്തിക അടിത്തറയിലും നിർണ്ണായകഘടകമാണെന്നു തിരിച്ചറിയുമ്പോഴാണ് നിസ്സാരമായി തോന്നാവുന്ന ഈ സംരംഭങ്ങളുടെ മൂല്യമറിയുന്നത്. ഇന്നും കൂനമ്മാവിൽ കൊന്തകെട്ട് ഉപജീവനമാക്കിയിട്ടുള്ള അനേകം കുടുംബങ്ങളുണ്ട് എന്നും ലോകത്തിൽ ത്തന്നെ ഏറ്റവും ഉയർന്ന നിലവാരമുള്ള കൊന്തകൾ നിർമ്മിക്കുന്നത് കൂനമ്മാവിലെ ഗാർഹിക കൊന്തനിർമ്മാണ യൂണിറ്റുകളാണ് എന്നും അതിനുള്ള പരിശീലനം അവരുടെ മുൻതലമുറകൾ ഏറ്റുവാങ്ങിയത് കൂനമ്മാവിലെ കന്യകാമഠാംഗങ്ങളിൽ നിന്നുമായിരുന്നു എന്നും ഈ സഭയുടെയും സഭാ സ്ഥാപകരുടെയും ദീർഘദർശനത്തിന് മകുടോദാഹരണമായി മുൻപേ പരാമർശിച്ചിരുന്നതോർക്കുക.

സ്ഥാപനകാലത്തുതന്നെ കൂനമ്മാവിൽ ആരംഭിച്ച സെന്റ് ജോസഫ്സ് ടെക്നിക്കൽ സ്കൂൾ കൊന്തകെട്ട്, വെന്തിങ്ങ തയ്യൽ, അലങ്കാരതയ്യലുകൾ, പള്ളിസാമാനങ്ങൾ, പ്ലാസ്റ്റിക്ബാസ്കറ്റ് ഉണ്ടാക്കൽ എന്നീ കലകളിൽ പെൺകുട്ടികൾക്ക് പരിശീലനം നല്കുകയും അത് അവർക്ക് ജീവിതോപജീവനത്തിനുതകുന്ന വരുമാനം നേടിക്കൊടുക്കുകയും ചെയ്തുപോന്നു. 1922 മുതൽ ഗവൺമെന്റ് അംഗീകാരത്തോടെ ഉന്നതനിലവാരം പുലർത്തുന്ന ഒരു സ്ഥാപനമായി ഇത് വളർന്നു. 1922-ൽ കറുകുറ്റിയിലും ഇതേ മാതൃകയിൽ ഒരു സാങ്കേതികപാഠശാല ആരംഭിച്ചിരുന്നു.1926-ൽ ഒല്ലൂരിൽ സെന്റ് മേരീസ് ഇൻഡസ്ട്രിയൽ സ്ക്കൂളും അനുബന്ധമായി പട്ടുനൂൽവ്യവസായവും ആരംഭിച്ചു. 1962 -ൽ പാലായിൽ സാധുജനസംരക്ഷണാർത്ഥം Holy Family Technical Training Centre for Textile Technology പ്രവർത്തനമാരംഭിച്ചു. സി.എം.സി. സമൂഹങ്ങളോടനുബന്ധിച്ച് സമാനങ്ങളായ നിരവധി അനുബന്ധ കേന്ദ്രങ്ങൾ പലപ്പോഴായി ആരംഭിക്കുകയും സ്ത്രീ സമുദായത്തിന്റെ ഉന്നമനത്തിന് ശ്രേഷ്ഠമായ സംഭാവനകൾ നല്കുകയും ചെയ്തുപോന്നിട്ടുണ്ട്.[53]

## സി.എം.സി.യുടെ വിദ്യാഭ്യാസധാര ഇന്ന്

ആരംഭകാലം മുതൽ സി.എം.സി. സഹോദരിമാർ കൂടുതൽ ശ്രദ്ധപതിപ്പിച്ചിട്ടുള്ള പ്രവർത്തന മേഖല വിദ്യാഭ്യാസരംഗമാണെന്ന് വ്യക്തമാണല്ലോ. കന്യാസ്ത്രീമാരിൽ ഭൂരിഭാഗവും വിദ്യാഭ്യാസമേഖലയിൽ പ്രവർത്തിക്കുന്നവരോ പ്രവർത്തിച്ചവരോ ആണ്. സി.എം.സി.യുടെ വിദ്യാഭ്യാസധാരയുടെ ഒരു സംക്ഷിപ്തസൂചകചിത്രമാണ് താഴെകൊടുക്കുന്നത്:

**ഉന്നതവിദ്യാകേന്ദ്രങ്ങൾ**

| സ്ഥാപനം | എണ്ണം | പഠിപ്പിക്കുന്ന സിസ്റ്റേഴ്സ് | വിദ്യാർത്ഥികൾ |
|---|---|---|---|
| കോളേജുകൾ | 4 | 72 | 4435 |
| ട്രെയ്നിംഗ് കോളേജുകൾ | 2 | 16 | 300 |
| യൂണിവേഴ്സിറ്റി ഓഫ് കാമ്പസ് സെന്റർ | 1 | 2 | 200 |
| പാരലൽ കോളേജുകൾ | 11 | 19 | 3435 |
| ട്രെയിനിംഗ് സ്കൂളുകൾ | 6 | 19 | 419 |

**എയ്ഡഡ് സ്കൂളുകൾ**

| സ്ഥാപനം | എണ്ണം | പഠിപ്പിക്കുന്ന സിസ്റ്റേഴ്സ് | വിദ്യാർത്ഥികൾ |
|---|---|---|---|
| ഹയർസെക്കന്ററിസ്കൂളുകൾ | 8 | 71 | 2984 |
| ഹൈസ്കൂളുകൾ | 32 | 272 | 24620 |
| യു.പി. സ്കൂളുകൾ | 31 | 245 | 19635 |
| എൽ.പി. സ്കൂളുകൾ | 53 | 225 | 21765 |
| ടെക്നിക്കൽ സ്കൂളുകൾ | 2 | 2 | 47 |

**അൺ എയ്ഡഡ് സ്കൂളുകൾ**

| വിഭാഗം | എണ്ണം | പഠിപ്പിക്കുന്ന സിസ്റ്റേഴ്സ് | വിദ്യാർത്ഥികൾ |
|---|---|---|---|
| H.S.S. CBSE | 9 | 40 | 8687 |
| H.S.S. ICSE | 1 | 5 | 700 |
| H.S.S. State | 19 | 45 | 8820 |
| High School CBSE | 12 | 45 | 3686 |
| High School ICSE | 9 | 19 | 1538 |
| High School State | 38 | 171 | 20191 |
| U.P. School CBSE | 14 | 30 | 3777 |
| U.P. School ICSE | 13 | 27 | 2770 |

| | | | |
|---|---|---|---|
| U.P. School State | 33 | 78 | 11352 |
| L.P.School CBSE | 22 | 37 | 5783 |
| L.P.School ICSE | 16 | 21 | 6628 |
| L.P.School State | 60 | 88 | 18715 |
| Special Schools | 30 | 110 | 1809 |
| Special training Schools | 1 | 2 | 68 |
| Nursery Schools CBSE | 30 | 47 | 5539 |
| Nursery Schools ICSE | 19 | 18 | 3662 |
| Nursery Schools State | 201 | 243 | 21439 |
| Un-aided open Schools | 2 | 3 | 472 |
| Technical Schools | 18 | 18 | 668 |

**Total Teaching Staff (Sisters) : 1988**

**Total Students : 2,03,892**

അധ്യാപകരായി 1988 കന്യാസ്ത്രീകൾ സേവനമനുഷ്ഠിക്കുന്നു; 2,03,892 വിദ്യാർത്ഥികൾക്ക് വിദ്യാദാനശുശ്രൂഷ നിവർത്തിക്കുന്നു. രൂപതയുടെ സ്കൂളുകളിലും ഇതിനുപുറമെ സി.എം.സി. സഹോദരിമാർ സേവനം അനുഷ്ഠിക്കുന്നുണ്ട്.

## സി.എം.ഐ. ധാരയിൽ

സന്യാസവൈദികരിൽ ഒരു നല്ല വിഭാഗം വിദ്യാദാന ശുശ്രൂഷയിൽ വ്യാപൃതരാണ്. ഇതിനു പുറമെ സഭയുടെ ഇതര വിദ്യാഭ്യാസകേന്ദ്രങ്ങളിലും ഒരു നല്ല സംഖ്യ സന്യാസവൈദികർ സേവനമനുഷ്ഠിക്കുന്നുണ്ട്.

1846ൽ മാന്നാനത്ത് ആരംഭിച്ച സംസ്കൃത സ്കൂളിന് ചാവറപിതാവിന്റെ ജീവിതകാലത്തുതന്നെ തുടർച്ചകളുണ്ടായി. സഭ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചു. വികാരി ജനറാൾ എന്ന നിലയിൽ 1864ൽ പുറപ്പെടുവിച്ച വിഖ്യാതമായ *പള്ളിയ്ക്കൊരു പള്ളിക്കൂടം* നിർദ്ദേശത്തോടെ വിദ്യാലയ സ്ഥാപനം കൂടുതൽ വ്യാപകമായി. സ്വാഭാവികമായും സി.എം.ഐ. ധാരയാണ് അതിനു വഴി നയിച്ചതും. 1866ൽ സന്യാസിനീസഭ സ്ഥാപിതമായപ്പോൾ സ്ഥാപകപിതാവിന്റെ ദർശന വിഭാവനത്തോടു ചേർന്നു സി.എം.സി. മഠങ്ങളും സി.എം.ഐ. ധാരയ്ക്കു തുടർച്ചയും അനുബന്ധവും പൂരകവുമായി വിദ്യാദാനശുശ്രൂഷാരംഗത്ത് സജീവമായി. സി.എം.ഐ., സി.എം.സി. ധാരകൾ ഇന്നു സമാന്തരമായെങ്കിലും പരസ്പര

ഐക്യത്തോടെ വിദ്യാഭ്യാസരംഗത്ത് നേടിയിട്ടുള്ള വളർച്ചയും പ്രാമാണ്യവും നിസ്തുലമത്രെ.

ഒരു താരതമ്യചിത്രത്തിനുവേണ്ടി സി.എം.ഐ. വിദ്യാഭ്യാസ ധാരയുടെ 2011-12ലെ ഒരു സ്ഥിതിവിവരസൂചിക താഴെ ചേർക്കുന്നു.[54]

| Educational Institutions Under C.M.I. as on 2011-2012 | | |
|---|---|---|
| **A.** | **Schools & Boarding Houses** | **No.** |
| 1. | Kindergarten | 151 |
| 2. | Lower Primary | 170 |
| 3. | Upper Primary | 150 |
| 4. | High School | 136 |
| 5. | Higher Secondary | 77 |
| 6. | I.T.I. LO | 6 |
| 7. | Boarding Houses | 27 |
| | Catholic Students (around) | 54000 |
| | Non-Catholic Students (around) | 161000 |
| | Total Students | 215000 |
| | Teaching and Non-Teaching Catholic Staff | 3815 |
| | Non-Catholic Staff | 4472 |
| | Teaching and Non-Teaching Total Staff | 8287 |
| **B.** | **Colleges** | **No.** |
| 1. | Arts, Science & Commerce | 21 |
| 2. | B.Ed. Colleges | 9 |
| 3. | Nursing Colleges | 6 |
| 4. | Polytechnic | 1 |
| 5. | Engineering Colleges | 2 |
| 6. | Medical Colleges | 2 |
| 7. | University | 1 |
| 8. | Hostels | 14 |

| | | |
|---|---|---|
| | Catholic Students (around) | 11500 |
| | Non-Catholic Students (around) | 27500 |
| | Total Students | 39000 |
| | Catholic Teaching and Non-Teaching Staff | 1554 |
| | Non-Catholic Teaching & Non-Teaching Staff | 1763 |
| | Total Staff | 3317 |
| | *Grand Total* Students | 2,54,000 |
| | Teaching & Non-Teaching Staff | 11,604 |

സി.എം.ഐ., സി.എം.സി. ധാരകൾ ഒന്നായി ചേർത്തു കാണുമ്പോൾ നമ്മുടെ വിദ്യാഭ്യാസ ഭൂപടത്തിൽ ഈ സന്യാസമൂഹങ്ങൾ നേതൃത്വം നൽകുന്ന ശുശ്രൂഷാതലങ്ങളുടെ വ്യാപ്തിപ്രാപ്തി എത്ര വലുതെന്നു നോക്കുക.

സി.എം.സി. സഭ ഇന്ന് ഇന്ത്യയിൽമാത്രമല്ല, മദ്ധ്യ ആഫ്രിക്ക, ദക്ഷിണാഫ്രിക്ക, സുഡാൻ, മലാവി, ടാൻസാനിയ, കൊറിയ, ജർമ്മനി, ഇറ്റലി, അമേരിക്ക എന്നിങ്ങനെ വിവിധരാജ്യങ്ങളിൽ വരെ പ്രേഷിതവൃത്തിക്കൊപ്പം വിദ്യാഭ്യാസശുശ്രൂഷയും അനുഷ്ഠിക്കുന്നു. പ്രീ-പ്രൈമറി മുതൽ ഉന്നത വിദ്യാഭ്യാസം വരെയുള്ള എല്ലാ സൗകര്യങ്ങളും ജാതിമതഭേദമന്യേ പുതുതലമുറക്കായി സഭ തുറന്നിട്ടിരിക്കുന്നു. കേരളത്തിനകത്തും പുറത്തുമായി ഏകദേശം 700-ഓളം വിദ്യാഭ്യാസകേന്ദ്രങ്ങൾ ഇന്ന് ഈ പരിവൃത്തത്തിലുണ്ട്. യുവഹൃദയങ്ങളിൽ വിജ്ഞാനത്തിന്റെ വിത്തുവിതച്ച് അതിന്റെ പാരമ്യമായ ദൈവാനുഭവത്തിലേക്ക് അവരെ കൈപിടിച്ചുയർത്തുന്നതിൽ ഈ വിദ്യാക്ഷേത്രങ്ങൾ പ്രതിജ്ഞാബദ്ധമാണ്. 6300-ൽപരം വരുന്ന സി.എം.സി. സഹോദരിമാരിൽ ഭൂരിഭാഗവും പള്ളിക്കൂടങ്ങളിലൂടെ സർവ്വർക്കും വിദ്യാഭ്യാസവും ഈശ്വരാനുഭവവും നൽകുക എന്ന ദൗത്യം തുടരുന്നു; ചാവറപിതാവ് സഭാസംസ്ഥാപനത്തിലൂടെ ലക്ഷ്യമാക്കിയ ശുശ്രൂഷക്കായി അവർ സ്വയം സമർപ്പിക്കുന്നു.

നാലോ അഞ്ചോ വയസ്സ് പ്രായമുള്ളപ്പോൾ വിദ്യാലയമുറ്റത്ത് കാലെടുത്തുവയ്ക്കുന്ന കുഞ്ഞ് ബാല്യവും കൗമാരവും പിന്നിട്ട് യുവത്വത്തിന്റെ പടിവാതിലിലെത്തുമ്പോഴാണ് വിദ്യാലയത്തോട് വിടപറയുന്നത്. അവന്റെ/അവളുടെ ജീവിതവഴികളെ രൂപപ്പെടുത്തുന്ന സുപ്രധാന ഘടകം വിദ്യാലയാന്തരീക്ഷമാണ്. നാളത്തെ രാഷ്ട്രത്തിന്റെയും ലോകത്തിന്റെയും ഭാവിയുടെ വിധാതാക്കളാണ് ഇന്നത്തെ വിദ്യാർത്ഥികൾ. ആ ആദരവോടെ തന്നെ അവരെ ഇന്ന് പരിശീലിപ്പിക്കേണ്ടതുണ്ട്. ലോകത്തിനന്യമാകുന്ന മൂല്യങ്ങൾ

വിദ്യാലയങ്ങളിൽ നിന്നവർക്ക് വീണ്ടെടുക്കുവാൻ കഴിയണം. വീടുകളിൽ നഷ്ടമായികൊണ്ടിരിക്കുന്ന ഊഷ്മളത വിദ്യാലയസമൂഹത്തിന്റെ സാഹോദര്യത്തിൽ നിന്നും അവർക്ക് അനുഭവിക്കാനാകണം. അതു പ്രാപ്യമാക്കേണ്ട കടമയും അതിനായുള്ള കരുതൽ ജാഗ്രതയും ഇന്നിന്റെ അധ്യാപകരുടെ ചുമതലയാണ്.

ചതിക്കുഴികളാണ് കുട്ടികൾക്കു ചുറ്റുമെവിടെയും. അറിയാതെ തന്നെ അവർ ഇരകളായി തീരുകയാണ്. ഉള്ളിലെ സ്നേഹത്തിന്റെ ചിരാതുകൾ അണയാതെ സൂക്ഷിക്കാനും സമത്വത്തിന്റെയും വിശ്വമാനവികതയുടെയും ചിന്തകൾ അവരുടെ ഉള്ളിൽ അന്യമാകാതിരിക്കാനും അദ്ധ്യാപകർ ശ്രദ്ധാപൂർവ്വം ഉണർന്നിരിക്കണം. കുഞ്ഞുങ്ങൾ പരിപാലനത്തിനായി കൈയ്യേൽക്കുന്ന അമൂല്യനിക്ഷേപങ്ങളാണ്. കൈവിട്ടാൽ പിന്നെ ഒന്നുകൊണ്ടും അവരെ വീണ്ടെടുക്കാനാവില്ല. അതു തിരിച്ചറിയേണ്ട ഉത്തരവാദിത്വം വിദ്യാദാനശുശ്രൂഷ ഏറ്റെടുക്കുന്നവർക്കുണ്ട്. അത് തിരിച്ചറിഞ്ഞുകൊണ്ട്പൂർണ്ണ സമർപ്പണത്തോടെ ആ മേഖലയിൽ വ്യാപരിക്കുവാൻ പ്രതിജ്ഞാബദ്ധമാണ് സി.എം.സി. ധാര.

പ്രതീക്ഷകളുടെയും ആഗ്രഹങ്ങളുടെയും ആഴത്തിൽ അനന്തതയെക്കുറിച്ച് അവബോധമുള്ളവരാകാൻ, മഞ്ഞുപാളിക്കിടയിൽ സ്വപ്നം കണ്ടു കിടക്കുന്ന വിത്തിനെപ്പോലെ ഹൃദയത്തിൽ നന്മ കരുതിവയ്ക്കുവാൻ, നമ്മുടെ കുഞ്ഞുങ്ങൾ പഠിക്കണമെന്നും, കാലാതീതമായ സ്വത്വത്തെ തങ്ങളിൽ തന്നെ കണ്ടെടുത്ത് ജീവിതത്തെ കാലാതീതമാക്കുന്ന മഹത്ജന്മങ്ങളായി ഓരോ കുഞ്ഞും മാറണമെന്നും, അതിനുവേണ്ടി അവരെയൊരുക്കുവാൻ കഴിയും വിധത്തിൽ ഓരോ വിദ്യാലയവും സജ്ജമാകണമെന്നും ആണ് ഈ സന്യാസിനീ സമൂഹത്തിന്റെ പ്രാർത്ഥന; അതിനായാണ് സർവ്വശ്രമവും; അതിലാണ് സർവ്വശ്രദ്ധയും.

■

## പരാമർശ സൂചിക


1. കൂനമ്മാവ് മഠം നാളാഗമം, സി.എം.സി. പബ്ലിക്കേഷൻസ്, 2009, പേജ്.84-85
2. ഫാ. ലെയോപോൾദ് ഒ.സി.ഡി., 'മുഖവുര', ആത്മാനുതാപം, മാന്നാനം, 1959 പേജ്. XVI-XVII.
3. പോരൂക്കര ഏലിയാച്ചൻ സിസ്റ്റേഴ്സിന് അയച്ച കത്ത്, 1874 ഒക്ടോബർ 23, മാന്നാനം, കൂനമ്മാവ് ദേവാലയത്തിൽ സൂക്ഷിച്ചിരിക്കുന്നു.
4. ചാ. സ. കൃ. കത്തുകൾ vi/4, പേജ് 101.
5. സി.എം.സി. നാളാഗമം വാല്യം 1, സി.എം.സി. പബ്ലിക്കേഷൻസ്, 2008, പേജ് 38.
6. *എ.പി.ജെ. അബ്ദുൾ കലാം, അരുൺ തിവാരി*, വഴി വെളിച്ചങ്ങൾ, 2007, പേജ്.100
7. നാളാഗമങ്ങൾ, കൂനമ്മാവ് മഠം (1866-1870), ഒന്നാം പുസ്തകം, മൗണ്ട് കാർമ്മൽ ജനറലേറ്റ് ആലുവ, 2008, പേജ്.93
8. Ibid., p. 94-96
9. cf.Ibid., p. 96
10. Ibid., p. 111-112
11. Ibid., p. 117
12. Ibid., p. 124
13. cf.Ibid., p. 126
14. Ibid., p. 1250
15. Ibid., p. 47-50
16. cf. വജ്ര ജൂബിലി സ്മാരകം, പേജ്. 40
17. ച.സ.കൃ., vol iv, p.101
18. മുത്തോലി മഠം നാളാഗമം വാല്യം ഒന്ന്, പേജ്.22
19. Ibid., p. 84
20. Ibid., p. 97
21. Ibid., p. 96
22. വൈക്കം മഠം നാളാഗമം, വാല്യം ഒന്ന്, പേജ് 21
23. ചങ്ങനാശ്ശേരി മഠം നാളാഗമം, വാല്യം ഒന്ന്, പേജ് 1
24. Ibid., p. 4
25. ആരക്കുഴ മഠം നാളാഗമം, വാല്യം ഒന്ന്, പേജ് 7
26. Ibid., p. 10

27. Ibid., p. 27

28. പുളിങ്കുന്ന് മഠം നാളാഗമം, വാല്യം ഒന്ന്, പേജ് 10

29. എസ്.എച്ച്. കോൺവെന്റ് ,കറുകുറ്റി, നാളാഗമം,വാല്യം ഒന്ന്, പേജ്.5

30. Ibid, p.17

31. Ibid, p.22

32. കറുകുറ്റി ശതാബ്ദി സ്മരണിക, പേജ്. 72

33. Ibid, p.68

34. ഒല്ലൂർ മഠം നാളാഗമം, വാല്യം ഒന്ന്, പേജ് 4.

35. Ibid, p.8

36. Ibid, p.19

37. Ibid, p.11

38. cf. നിർമ്മല, നാൾവഴിയിലെ നാഴികക്കല്ലുകൾ, സി.എം.സി. നിർമ്മലപ്രോവിൻസ്, തൃശ്ശൂർ, 2003, പേജ്. 103

39. മണലൂർ മഠം നാളാഗമം വാല്യം ഒന്ന്, പേജ്.10

40. Ibid

41. അമ്പഴക്കാട് മഠം നാളാഗമം വാല്യം ഒന്ന്, പേജ്.22

42. Ibid, p.90

43. പറവൂർ മഠം നാളാഗമം വാല്യം ഒന്ന്, പേജ്.43

44. ചെങ്ങൽ മഠം നാളാഗമം വാല്യം ഒന്ന്, പേജ്.6

45. ചെങ്ങൽ സ്കൂൾ നാളാഗമം വാല്യം ഒന്ന്, പേജ്.2-3

46. എടത്തിരുത്തി മഠം നാളാഗമം വാല്യം ഒന്ന്, പേജ്.5

47. Ibid, p.6

48. Ibid, p.9

49. Ibid, p.30

50. Ibid, p.36

51. cf.Mary C.J., The education of CMC and its impact on society and culture, pp.229-234

52. നാളാഗമങ്ങൾ, കൂനമ്മാവ് മഠം (1866-1870),പേജ്.4

53. *സി.ജോസി സി.എം.സി.*(എഡി.), സി.എം.സി. അത്യുന്നതന്റെ തണലിൽ, മൗണ്ട് കാർമ്മൽ ജനറലേറ്റ് ആലുവ, 1991, പേജ് 186-188

54. *അവലംബം ചാവറ സെൻട്രൽ സെക്രട്ടറിയേറ്റിൽ നിന്നും ഡയറക്ടർ ഫാ. തോമസ് പന്തപ്ലാക്കൽ ലഭ്യമാക്കിയ രേഖ.*

അഞ്ച്

# ഹൈടെക് യുഗത്തിന്റെ കാവൽക്കാരാവുക

നമ്മുടെ ദൈനംദിനജീവിതം ഇൻഫർമേഷൻ ടെക്നോളജിയുമായി ഏറെ ഇടകലർന്നാണ് ഇന്ന് നിവർത്തിക്കപ്പെടുന്നത്. ദൃശ്യശ്രാവ്യ മാധ്യമങ്ങളുടെ സഹായത്തോടെയുള്ള വിദ്യാഭ്യാസം, എല്ലാ മേഖലകളിലും തന്നെ വ്യാപകമായ ഓൺലൈൻ സംവിധാനം, വിദഗ്ദ്ധ പരിശോധനയ്ക്കും ചികിത്സയ്ക്കും കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള സംവിധാനങ്ങൾ, പണമിടപാടുകൾക്ക് A.T.M. കൗണ്ടർ, ....ജീവിതത്തിന്റെ സമസ്ത മേഖലകളിലും വ്യാപരിച്ചു നിൽക്കുന്ന പ്രതിഭാസമായിരിക്കുന്നു ഇൻഫർമേഷൻ ടെക്നോളജി. കൃത്യത, വിശ്വാസ്യത, സമയലാഭം, സൗകര്യപ്രാപ്തി എന്നിവയാണ് ഈ സാങ്കേതിക വിദ്യയുടെ സവിശേഷതകൾ. ഏത് പ്രവർത്തനവും ഫലപ്രദവും ആകർഷകവുമാക്കാൻ ഈ സമ്പ്രദായം പ്രയോജനപ്പെടുന്നു.

## വിവരസാങ്കേതികത എന്ന പദം അർത്ഥമാക്കുന്നതെന്താണ്?

വിവരങ്ങളെ വിവിധ രൂപത്തിൽ, അക്ഷരങ്ങൾ, ശബ്ദങ്ങൾ, നിശ്ചല ചിത്രങ്ങൾ, ചലനദൃശ്യങ്ങൾ, പൊതു മാധ്യമ ആവിഷ്കാരങ്ങൾ എന്നിങ്ങനെ ഏത് രൂപത്തിലും സൃഷ്ടിക്കാനും രൂപഭേദം വരുത്താനും ശേഖരിക്കാനും അപഗ്രഥിക്കാനും വിനിമയം ചെയ്യാനും സഹായിക്കുന്ന സമസ്ത സാങ്കേതിക വിദ്യകളെയും *ഇൻഫർമേഷൻ ടെക്നോളജി* എന്ന പദം ഉൾക്കൊള്ളുന്നു.[1] ഡിജിറ്റൽ സാങ്കേതികവിദ്യകൂടി പ്രചാരത്തിൽ വന്നതോടെ ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കാൻ കഴിയുന്നു. വിദ്യാഭ്യാസരംഗത്തിന് ഇൻഫർമേഷൻ ടെക്നോളജിയുടെ പ്രയോഗത്താൽ കൂടുതൽ മികവ് കൈവന്നിരിക്കുന്നു.

സ്മാർട്ട് ക്ലാസ്സ് മുറികൾ കുട്ടികളുടെ ഹൃദയം കവർന്നെടുക്കുവാൻ പര്യാപ്തമാണ്; അതോടൊപ്പം സഗൗരവം ചിന്തിക്കേണ്ട ഒരു വിഷയമുണ്ട്. സ്മാർട്ട് ക്ലാസ്സ് മുറികളും ഓൺ ലൈൻ പഠന സംവിധാനങ്ങളും വരെ

വളർന്ന ഈ ഹൈടെക് യുഗത്തിലും വിദ്യാഭ്യാസം കൊണ്ട് ആത്യന്തികമായി ലക്ഷ്യമാക്കുന്നത് എന്താണ് എന്നതാണത്. അങ്ങനെയൊരു അവലോകനചിന്ത സർവ്വ പ്രധാനവുമാണ്. ലക്ഷ്യവിധേയമായേ ആ വഴിക്കുള്ള പ്രയോഗസാധ്യതകളെയും സംവിധാനങ്ങളെയും അപഗ്രഥിക്കുവാനും വിലയിരുത്തുവാനും കഴിയൂ.

എഡ്യൂക്കേഷൻ എന്ന പദം ലാറ്റിൻ ഭാഷയിലെ *educare* എന്ന മൂല പദത്തിൽ നിന്നാണ് ഉത്ഭവിച്ചത്. വളർത്തിക്കൊണ്ടുവരിക (to bring up) എന്നതാണ് ഇതിന്റെ അർത്ഥം. ലാറ്റിൻ ഭാഷയിൽ '*e*' 'out of' (പുറത്തേയ്ക്ക്) എന്നും '*duco*', 'to lead' (നയിക്കുക) എന്നുമാണ് അർത്ഥമാക്കുന്നത്.[2] e+duco = to lead or bring out from within; വിദ്യാഭ്യാസമെന്നത് പുറത്തുനിന്ന് അടിച്ചേല്പിക്കുന്നതല്ലെന്നും ഉള്ളിൽ നിന്ന് പുറത്തേയ്ക്ക് തെളിച്ച് എടുക്കുന്ന ഒന്നാണെന്നുമാണർത്ഥം. അത് ഒരേ സമയം വിജ്ഞാന സമ്പാദനവും ഉൾലീനമായ ശീലങ്ങളുടെയും മനോഭാവങ്ങളുടെയും നൈപുണികളുടെയും വികസനവും കൂടിച്ചേർന്നതാണ്. ഇതു രണ്ടും സാക്ഷാത്ക്കരിക്കുമ്പോഴാണ് ഒരു വ്യക്തിക്ക് പൂർണ്ണവും അർത്ഥവത്തുമായ ജീവിതം പ്രാപ്യമാകുന്നത്. വൈവിധ്യമാർന്ന ജീവിതാനുഭവങ്ങളിലൂടെ തന്റെ ഉള്ളിലുള്ളതെല്ലാം പരമാവധി പുറത്തേയ്ക്കു തെളിച്ചെടുത്ത് മാനസികവും ബൗദ്ധികവുമായ വികാസം കൈവരിക്കാൻ വ്യക്തിയെ പരിശീലിപ്പിക്കുന്ന പ്രക്രിയയാകുന്നു വിദ്യാഭ്യാസം.[3]

*വിദ്യാഭ്യാസമെന്നതുകൊണ്ട് കായികവും മാനസികവും ആത്മീയവുമായി ശിശുവിൽ അന്തർഭവിച്ചിട്ടുള്ള മഹത്തരമായതിനെ എല്ലാം പുറത്തു കൊണ്ടു വരികയെന്നാണ്* അർത്ഥമാക്കുന്നതെന്നാണ് മഹാത്മഗാന്ധി പറഞ്ഞിട്ടുള്ളത്.[4]

*മനുഷ്യനും പ്രകൃതിയുമായുള്ള സാമഞ്ജസ്യം (harmony)* ചിന്തിക്കാനും *പ്രവർത്തിക്കാനുമുള്ള സ്വാതന്ത്ര്യം, സൃഷ്ട്യോന്മുഖമായ ആത്മപ്രകാശനം എന്നിവ നേടുന്നതാണ് വിദ്യാഭ്യാസം* എന്നത്രെ ടാഗോറിന്റെ മതം.[5]

സ്വാമി വിവേകാനന്ദൻ ഇപ്രകാരം രേഖപ്പെടുത്തുന്നു:

*മനുഷ്യനിലുള്ള സമ്പൂർണ്ണതയുടെ ആവിഷ്ക്കാരമാണ് വിദ്യാഭ്യാസം. അനന്തമായ ജ്ഞാനത്തിന്റെയും വിജ്ഞാനത്തിന്റെയും ഭണ്ഡാഗാരമാണ് മനുഷ്യമനസ്സ്. പക്ഷേ അത് ഉരകല്ലിൽ അഗ്നിയെന്നപോലെ ആവരണം ചെയ്യപ്പെട്ടിരിക്കുകയാണ്. പ്രസ്തുത ആവരണം നീക്കം ചെയ്യുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം.*[6]

രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖയിൽ വിദ്യാഭ്യാസത്തെ സമീപിക്കുന്നത് ഈ വിധമാണ്:

*മറ്റു മനുഷ്യരോട് സൗഹൃദബന്ധം സ്ഥാപിക്കാനും അങ്ങനെ യഥാർത്ഥമായ ഐക്യവും സമാധാനവും ലോകത്തിൽ വർദ്ധിപ്പിക്കാനും വിദ്യാഭ്യാസം വഴി തെളിക്കണം.*[7]

ഈ ഭൂമികയിൽ നിന്നുകൊണ്ടുവേണം നാം Information and Communication Technology (ICT)യുടെ പ്രയോഗസാധ്യതകളെ സമീപിക്കുവാൻ. ICTയുടെ ഉപയോഗം വിദ്യാഭ്യാസമേഖലയെ സമ്പന്നമാക്കുന്നു എന്ന് നമുക്കറിയാം. നെറ്റ് ശൃംഖലകളുടെ ആധുനിക യുഗത്തിൽ വിദ്യാഭ്യാസമെന്നതിന്റെ ലക്ഷ്യം ആഗോളവ്യാപകമായ നന്മയായിരിക്കണം. വിദ്യാഭ്യാസ മേഖലയിൽ ICT പഠനത്തിലൂടെ താഴെ പറയുന്ന കാര്യങ്ങളിൽ പഠിതാക്കൾ കാര്യക്ഷമത ആർജ്ജിക്കുന്നുവെന്നാണ് ചൂണ്ടിക്കാട്ടപ്പെട്ടിട്ടുള്ളത്.[8]

1. *ഡിജിറ്റൽ സാക്ഷരത*
2. *മൾട്ടി കൾച്ചറൽ സാക്ഷരത*
3. *ദൃശ്യ ശ്രാവ്യ സാങ്കേതികവിദ്യകൾ*
4. *ക്രിയാത്മക ചിന്ത*
5. *ഫലപ്രദമായ ആശയവിനിമയം*
6. *ടീം വർക്ക്*
7. *പ്രശ്ന പരിഹാരശേഷി*
8. *നൈപുണികളുടെ മെച്ചപ്പെടുത്തൽ*

വിവര വിനിമയ സാങ്കേതികവിദ്യയുടെ ഉപയോഗം വ്യക്തികളുടെ സർഗ്ഗശേഷി വികസനത്തിന് കളമൊരുക്കുന്നു; അധ്യാപനപഠനപ്രക്രിയ ഫലദായകവും രസപ്രദവുമാക്കുന്നു. ICTയുടെ വരവോടുകൂടി നൂതനമായ കോഴ്സുകൾ വിദ്യാഭ്യാസ രംഗത്ത് ഉദയം ചെയ്തു. എല്ലാ പഠിതാക്കൾക്കും തുല്യ അവസരം ICTയിലൂടെ ലഭിക്കുമെന്നതിനാൽ സമഭാവനാദർശനം കുട്ടികളിൽ രൂപപ്പെടുന്നതിനും ഇത് സഹായകമായി.

വിദ്യാഭ്യാസമേഖലയിൽ ICTയിലൂടെ കരഗതമാകുന്ന സാധ്യതകളെ ഒന്നൊന്നായി നമുക്ക് വിശകലനം ചെയ്യാം.[9]

**ആകർഷകമാകുന്ന അധ്യാപനപ്രക്രിയ**

ക്ലാസ്സ് മുറികളിലൂടെ കൈമാറപ്പെടേണ്ടത് പാഠപുസ്തകത്തിലെ ആശയങ്ങൾ മാത്രമല്ല, യഥാർത്ഥ ജീവിതത്തിനുള്ള മാർഗ്ഗരേഖകൾ കൂടിയാണ്. ശ്രവിക്കലും മനസ്സിലാക്കലും സ്വാംശീകരണവും നടക്കുന്നതോടൊപ്പം ഓരോ വിദ്യാർത്ഥിയിലും പ്രകാശിതമാകേണ്ട ഒരു ആന്തരികചോദനത്തിന്റെ തലം കൂടിയുണ്ട്. അതിന് പാഠഭാഗങ്ങളുടെ വ്യക്തവും കൃത്യവും ആകർഷകവുമായ ഒരു അവതരണരീതി കൂടിയേ തീരൂ. ബുദ്ധിയേയും ചിന്താശക്തിയേയും ഭാവനയേയും പ്രചോദിപ്പിക്കുവാൻ തക്കവിധം പഠനപ്രക്രിയയെ ആകർഷകവും സാർത്ഥകവുമാക്കാൻ വിവര വിനിമയ സാങ്കേതികതയ്ക്ക് കഴിയുന്നു. പവർപോയിന്റ് പ്രസന്റേഷൻ, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയുള്ള അവതരണം, കുട്ടികളുടെ ശ്രദ്ധയെ ആകർഷിക്കാനും ബൗദ്ധിക

മാനസിക അന്വേഷണ തലങ്ങളെ ഉദ്ദീപിപ്പിക്കാനും കൂടുതൽ പ്രാപ്തമാകുന്നു.

## പാഠ്യോൽപന്നങ്ങളുടെ മെച്ചപ്പെട്ട സംലഭ്യത

പരമ്പരാഗത പഠനപ്രക്രിയയിൽ പാഠ്യ ഉല്പന്നങ്ങൾ ലഭ്യമായിരുന്നത് പുസ്തകങ്ങളിലൂടെയും അധ്യാപകന്റെ വാക്കുകളിലൂടെയും മാത്രമായിരുന്നുവെങ്കിൽ ഇന്ന് അനവധി സാധ്യതകളാണ് വിവര സാങ്കേതിക വിദ്യയുടെ മാസ്മരികലോകം നമുക്കു മുമ്പിൽ തുറന്നു തരുന്നത്. പ്രീ-പ്രൈമറി തലം മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള പാഠഭാഗങ്ങൾ മുഴുവനും ശബ്ദത്തിന്റെയും ദൃശ്യത്തിന്റെയും പശ്ചാത്തലത്തിൽ ക്രമീകരിച്ചിട്ടുള്ള മോഡ്യൂളുകളായി ശേഖരിക്കുന്ന കോംപാക്ട് ഡിസ്ക്കുകളും അതുപോലുള്ള സംവിധാനങ്ങളും ഇന്ന് സുലഭമാണ്. സ്വന്തം മുറിയിൽ വച്ചിരിക്കുന്ന പേഴ്സണൽ കമ്പ്യൂട്ടറിൽ പാഠഭാഗങ്ങളും അനുബന്ധവിവരങ്ങളും ഇന്റർനെറ്റിന്റെ സഹായത്തോടെ ലഭ്യമാക്കുന്ന കൂടുതൽ വിശാലവും വിപുലവുമായ അറിവിന്റെ ശ്രേണികൾ ഇന്നത്തെ വിദ്യാർത്ഥിക്കു പ്രാപ്യമാകുന്ന അനുഗ്രഹ സാധ്യതയാണ്. പൂർണ്ണവും വിശാലവുമായ അറിവ് ലഭിക്കുന്നു എന്നതാണിതിന്റെ നേട്ടം.

അതേസമയം ഇതിനൊരു വിപരീത ഫലവുമുണ്ട്. ഈ വിധത്തിലുള്ള യന്ത്രവത്കൃത ഏകദിശാ വിവര വിനിമയരീതി മാനുഷികബന്ധങ്ങളിൽ നിന്നും മൂല്യങ്ങളിൽ നിന്നും സർവ്വതോന്മുഖമായ വികസനത്തിൽ നിന്നും വിദ്യാർത്ഥിയെ അകറ്റി നിർത്തുന്നു എന്നതാണത്. അതും നാം കാണാതിരുന്നുകൂടാ.

## സംവിധാനത്തിൽ വന്ന മാറ്റം

പഠനപ്രക്രിയയോടൊപ്പം പ്രാരംഭാനുബന്ധഘടകങ്ങളായ അഡ്മിഷൻ, അപേക്ഷ സമർപ്പിക്കൽ, പ്രവേശന പരീക്ഷകൾ, മൂല്യമറിയൽ തുടങ്ങിയ കാര്യങ്ങളും ഇന്ന് ഓൺലൈൻ വഴി നിർവ്വഹിക്കപ്പെടുന്നു. വിവരാന്വേഷണങ്ങളും, കോഴ്സുകളുടെ തിരഞ്ഞെടുക്കലുകളുമെല്ലാം കൂടുതൽ എളുപ്പമായിത്തീർന്നിരിക്കുന്നു. പരമ്പരാഗത രീതിയിലുള്ള ഈതല നടപടികൾക്കായി വേണ്ടിയിരുന്ന സമയതാമസം ഇനിമേൽ ഇവിടെ ആവശ്യമില്ല. ഭൂമിശാസ്ത്രപരമായ അകലങ്ങൾ വരെ ഈ സമ്പ്രദായത്തിലൂടെ ഇല്ലാതാകുന്നുണ്ട്. മക്കൾ പഠിക്കുന്ന സ്ക്കൂളിൽ നടക്കുന്ന ഒരു പരിപാടിയെക്കുറിച്ചോ മീറ്റിംഗിനെക്കുറിച്ചോ ഉള്ള സന്ദേശം മൊബൈൽ SMS ലൂടെ മാതാപിതാക്കൾക്കു അക്ഷണം ലഭിക്കുന്നു. അല്ലെങ്കിൽ സ്ക്കൂളിന്റെ വെബ്സൈറ്റിൽ നിന്ന് അന്വേഷിച്ചറിയാൻ സാധിക്കുന്നു. ഓൺലൈൻ വഴി കുട്ടികളുടെ പഠനപുരോഗതി അറിയാനുള്ള സാധ്യതയും ഇന്ന് മാതാപിതാക്കൾക്കുണ്ട്. കാലദേശാദികളെ ചെറിയ പരിവട്ടത്തിലൊതുക്കി കൂടുതൽ സൗകര്യപ്രദമാക്കി

ത്തീർക്കുന്നത് വിവര സാങ്കേതികവിദ്യയുടെ ഏറ്റവും നിർമ്മാണപരവും സ്വീകാര്യവുമായ ഒരു പ്രയുക്തി തന്നെയാണ്. ആഗോളഗ്രാമം എന്ന പദപ്രയോഗം ഈ പ്രാപ്തി പരിവൃത്തത്തിലാണ് അർത്ഥപൂർണ്ണമാകുന്നത്.

**ഗവേഷണസഹായി**

ഏതെങ്കിലും വിഷയത്തെക്കുറിച്ചുള്ള അന്വേഷണാത്മകവും ആഴത്തിലുള്ളതുമായ പഠനത്തെയാണല്ലോ ഗവേഷണം എന്ന് വിശേഷിപ്പിക്കുന്നത്. ഈ ഗവേഷണപ്രക്രിയയിൽ വിവര സാങ്കേതികവിദ്യ വഴി പ്രാപ്യമാകുന്ന സൗകര്യങ്ങളും സാധ്യതകളും അനന്തമാണ്. വിപുലമായ തോതിലുള്ള വിവര ശേഖരണം, വിലയിരുത്തൽ, സാധ്യതകളന്വേഷിക്കൽ, റിപ്പോർട്ടിംഗ് തുടങ്ങിയ തലങ്ങളിൽ ഇന്ന് ഒരു ഗവേഷകന് ഈ സംവിധാനത്തെ മാറ്റി നിർത്താനാവാത്തവിധം ഈ സാങ്കേതിക പ്രയോഗം അധികപ്രയോജന പ്രാപ്തി വരിച്ചിരിക്കുന്നു. ഓൺലൈൻ വഴിയുള്ള ലൈബ്രറികളുടെ ഉപയോഗവും മുൻ ഗവേഷണങ്ങളെക്കുറിച്ചുള്ള അന്വേഷണവും അടങ്ങിയ പ്രക്രിയകൾ ഗവേഷണത്തെ കൂടുതൽ എളുപ്പമാക്കിതീർന്നിരിക്കുന്നു.

വിവര വിനിമയ സാങ്കേതിക വിദ്യയുടെ ഉപയോഗം അധ്യാപനപഠന പ്രക്രിയയിൽ സമൂലമായ പരിവർത്തനമുളവാക്കി. ഓൺലൈൻ കോഴ്സുകളും യൂണിറ്റുകളും അതോടെ പഠനത്തെ സുഗമമാക്കി: വിദ്യാഭ്യാസ മേഖല ICT കേന്ദ്രിതമായി മാറുകയും ചെയ്തു.

**റിഥം നല്കുന്നവർ അധ്യാപകർ**

ലോകഗതി നിയന്ത്രിച്ച മഹാന്മാരുടെ വരെ ജീവിതത്തെ കരുപിടിപ്പിച്ച ദേവസ്ഥാനീയരാണല്ലോ അധ്യാപകർ. ആർഷഭാരത പാരമ്പര്യമനുസരിച്ച് സർവ്വചരാചര നിയന്താവായ ജഗദാത്മാവിന് തുല്യരാണ് ഗുരുഭൂതർ. ഒ.വി. വിജയന്റെ *ഗുരുസാഗരം* എന്ന വിഖ്യാത നോവലിന്റെ പുറംചട്ടയിലെ വാക്യങ്ങൾ ഗുരുമാഹാത്മ്യത്തിന് കൃത്യനിദർശനമാണ്.

*സനാതനമായ ഊർജ്ജം ജൈവരൂപങ്ങളിലൂടെ സഫലീകരിക്കുന്ന പ്രയാണവും പരിണാമവുമാണ് ഗുരു. മനുഷ്യനും മനുഷ്യനുമായുള്ള സമസ്ത സമ്പർക്കങ്ങളിലും, എന്തിന്, മനുഷ്യനും പ്രകൃതിയും മൃഗവും ചരിത്രസംഭവങ്ങളുമായുള്ള കൂട്ടായ്മകളിൽ പോലും, ഗുരു അന്തർലീനമാണ്.*[10]

വിദ്യാഭ്യസചിന്തകനായ ജോൺ ഡ്യൂയിയുടെ അഭിപ്രായത്തിൽ *പാഠാവഗാഹം ഉണ്ടായതുകൊണ്ട് ഒരാൾ നല്ല അധ്യാപകനാകണമെന്നില്ല. ദീർഘവീക്ഷണവും ആത്മവിശ്വാസവും സംഘടനാശേഷിയും, സാമൂഹിക കാര്യക്ഷമതയും അയാൾക്ക് കൂടിയേ തീരൂ. കുട്ടികൾക്ക് ഉല്ലാസമായി ജീവിക്കാനും അനുഭവങ്ങൾ പങ്കിടാനും പ്രവർത്തിച്ചു പഠിക്കാനുമുള്ള സാഹചര്യം ഇണക്കിക്കൊടുക്കുകയാണ് അധ്യാപകന്റെ പ്രധാന ജോലി. വീട്ടിൽ*

*നിന്നകന്ന ഒരു വീടായി (Home away from home) വിദ്യാലയത്തെ ദർശിക്കാൻ അധ്യാപകനും വിദ്യാർത്ഥിക്കും കഴിയണം.*[11]

കിരൺ ബേദി നവസമൂഹസൃഷ്ടിയിലുള്ള അധ്യാപകരുടെ പങ്കിനെക്കുറിച്ച് പ്രതിപാദിക്കുന്നത് ഇപ്രകാരമാണ്:

*ഇന്ത്യൻ സമൂഹത്തിന്റെ ഗതി നിശ്ചയിക്കേണ്ടത് നമ്മുടെ അധ്യാപകരാണ്. അവർ എങ്ങനെ നയിക്കുന്നു എന്നതിനെ ആശ്രയിച്ചാവും നമ്മുടെ ഭാവി.*[12]

നന്മയുടെ വാഗ്ദാനമായ നല്ല സമൂഹത്തെ രൂപപ്പെടുത്തുന്ന ശില്പികളായി അധ്യാപകർ മാറണമെങ്കിൽ *അധ്യാപകരുടെ ദൈവവിളി മഹത്തരവും അതേസമയം ഗൗരവതരവുമാണ്*[13] എന്ന യാഥാർത്ഥ്യം അധ്യാപകർ തിരിച്ചറിയേണ്ടതുണ്ട് എന്നതിലേക്കാണ് എല്ലാ നിരീക്ഷണങ്ങളും ആത്യന്തികമായി വിരൽചൂണ്ടുന്നത്.

ഗുരുദേവ രവീന്ദ്രനാഥടാഗോറിന്റെ വാക്കുകൾ ഇന്നും പ്രസക്തമാണ്:

*ഒരു ദീപം ജ്വലിക്കുന്നില്ലെങ്കിൽ അതിന് എങ്ങനെ മറ്റൊരു ദീപം കൊളുത്താൻ സാധിക്കും? അധ്യാപകൻ സ്വയം പഠിച്ചുകൊണ്ടിരിക്കുന്നില്ലെങ്കിൽ അദ്ദേഹത്തിന് എങ്ങനെ പഠിപ്പിക്കാൻ സാധിക്കും?*[14]

സ്വയം പ്രകാശമുള്ള വ്യക്തിയായി ഗുരു രൂപാന്തരപ്പെടുമ്പോൾ കുട്ടികളുടെ മനസ്സുകളിൽ പ്രകാശം ചൊരിയാൻ അവർക്കു കഴിയുന്നു. ജീവിത പഠന വഴികളിൽ ശ്രേഷ്ഠവും മനോഹരവുമായിത്തീരും ആ സാന്നിധ്യം. അങ്ങനെയാണവർ ജീവിതത്തിന് റിഥമേകുന്നവരായും, വഴികാട്ടികളായും മാറുന്നത് .

ICT പ്രവർത്തനങ്ങളിലും റിഥം നല്കുന്നവരെന്നനിലയിലുള്ള അവരുടെ നിവർത്തനം സർവ്വപ്രധാനമാകുന്നു. പഠിതാക്കളുടെ സാങ്കേതിക വളർച്ചയിൽ അധ്യാപകരുടെ പങ്ക് താഴെ പറയും വിധം അടയാളപ്പെടുത്താം.[15]

1. *പ്രക്രിയ സുഗമമാക്കുന്നവർ :* ഓൺലൈൻ പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളുടെ പഠനം അധ്യാപകർ സുഗമമാക്കുന്നു.
2. *ഉപദേഷ്ടാവ്, കൗൺസിലർ എന്നനിലയിൽ:* പഠിതാക്കൾ ചെയ്യുന്ന കോഴ്സ് ഏറ്റവും ഫലദായകമാക്കാൻ ആവശ്യാനുസരണം മാർഗ്ഗനിർദ്ദേശങ്ങളും കൗൺസിലിംഗും അധ്യാപകർ നല്കുന്നു.
3. *മൂല്യം നിർണ്ണയിക്കുന്നവർ:* പഠന പ്രവർത്തനങ്ങൾക്ക് യഥാസമയം ഫീഡ് ബാക്ക് (feed back) നല്കിക്കൊണ്ട് അധ്യാപകർ വിദ്യാർത്ഥികളുടെ പ്രവർത്തനത്തെ മെച്ചപ്പെടുത്തുകയും അതിന് അർഹമായ ഗ്രേഡ് നല്കുകയും ചെയ്യുന്നു.
4. *ഗവേഷകർ:* പഠിപ്പിക്കുന്ന വിഷയങ്ങളുടെ പ്രാധാന്യം അനുസരിച്ച് അറിവിന്റെ പുതിയ മേഖലകളിൽ ഗവേഷണം ചെയ്യാൻ അധ്യാപകർ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നു.

5. *സാങ്കേതികവിദ്യാനിപുണർ:* സാങ്കേതികവിദ്യയിൽ വിദ്യാർത്ഥികളുടെ സംശയങ്ങളെ നിവാരണം ചെയ്യുന്നവരും പ്രവർത്തനരംഗത്ത് സ്വയം മികവോടെ തിളങ്ങുന്ന പ്രഗത്ഭരുമാണ് അധ്യാപകർ.
6. *ഡിസൈനർ (Designer):* കാര്യങ്ങൾ ഡിസൈൻ ചെയ്യാനും കൃത്യതയോടെ വിഭാവനം ചെയ്യുവാനും കുട്ടികളെ പ്രാപ്തരാക്കുകയും സഹായിക്കുകയും ചെയ്യുന്നവരായി അധ്യാപകർ വർത്തിക്കുന്നു.

ടെക്നോളജിയുടെ ഉപയോഗം അധ്യാപകരുടെ സ്ഥാനം കുറയ്ക്കുകയല്ല; വർദ്ധിപ്പിക്കുകയാണ്. വ്യക്തമായ ലക്ഷ്യപ്രാപ്തിക്ക് ടെക്നോളജി കൂടുതൽ സഹായകവുമാണ്. കുട്ടികളിൽ ലക്ഷ്യബോധം ഉളവാക്കാനും ക്ലാസ്സുകളിൽ ചലനാത്മകത സൃഷ്ടിക്കാനും ആവേശം ഉണർത്തുവാനും പുതിയ ടെക്നോളജി സഹായകമാണ്.[16] ICT ഉപയോഗിച്ചുള്ള അവതരണം സചേതനവും യാഥാർത്ഥ്യവുമായി കുട്ടികൾക്ക് അനുഭവപ്പെടുന്നു. സങ്കീർണ്ണമായവയ്ക്ക് കൂടുതൽ വ്യക്തത ഇതിലൂടെ ലഭ്യമാകുന്നു. ടെക്നോളജി ഉപയോഗിച്ചുള്ള പഠനപ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്ക് ആവേശമാകുന്നതോടെ മൾട്ടി മീഡിയ ഉല്പന്നങ്ങൾ അവരുടെ ഉറ്റ സ്നേഹിതരായിക്കൂടിമാറുന്നു. അവർ techno friendly ആവുകയും ക്രമേണ ആ സാങ്കേതികതയിൽ അധീശത്വം നേടി അതിന്റെ പ്രയുക്താക്കളായി വിദ്യാസമ്പാദനം അർത്ഥപൂർണ്ണമാക്കുകയും ചെയ്യുന്നു.

## മൾട്ടി മീഡിയ

ആശയവിനിമയ രംഗത്തുള്ള നേട്ടങ്ങളിൽ ഏറ്റവും നൂതനമായ ഒന്നാണ് മൾട്ടി മീഡിയ. ലിഖിതം, ശബ്ദം, ചിത്രം, ചലച്ചിത്രം, ശബ്ദത്തോടുകൂടിയുള്ള ചലച്ചിത്രം എന്നിങ്ങനെ നിരവധി രൂപങ്ങളിൽ ഈ വഴിയിൽ ആശയവിനിമയം സാധ്യമാണ്. എന്നാൽ ഇതിൽ പലതും സംയോജിപ്പിച്ച് പ്രയോഗിക്കുമ്പോഴാണ് വിജ്ഞാനാദ്ധ്യാപനം കൂടുതൽ കാര്യക്ഷമമായി തീരുന്നത്. ലിഖിതവും ശബ്ദവും ചിത്രവും ചലച്ചിത്രവും സമന്വയിപ്പിച്ചു കൊണ്ടുള്ള വിജ്ഞാനവ്യാപന പ്രയോഗങ്ങളാണ് മൾട്ടി മീഡിയ.[17] ദൃശ്യശ്രാവ്യമാധ്യമങ്ങളുടെയും കമ്പ്യൂട്ടർ പ്രവർത്തനങ്ങളുടെയും ഒത്തുചേരലാണ് മൾട്ടി മീഡിയായുടെ അടിസ്ഥാനം. ലിഖിതങ്ങൾ, സ്ഥിതിവിവര കണക്കുകൾ, ഫോട്ടോകൾ, ചിത്രങ്ങൾ, ചലനങ്ങൾ എന്നിവയിൽ ഏതെങ്കിലും മൂന്നെണ്ണമെങ്കിലും പ്രതിപ്രവർത്തനക്ഷമമായി ഇതിൽ സമന്വയിപ്പിച്ചവതരിപ്പിച്ചിരിക്കും. രാഷ്ട്രപിതാവായ ഗാന്ധിജിയെക്കുറിച്ച് പരാമർശിക്കുന്നതിനോടൊപ്പം ചിത്രങ്ങളിലൂടെ അദ്ദേഹത്തെയും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെയും ദൃശ്യവല്ക്കരിക്കുക, സുനാമി പ്രതിപാദ്യവിഷയമാക്കുമ്പോൾ സുനാമിയുടെ ഭീകരത സ്ക്രീനിൽ ദൃശ്യമാക്കുക തുടങ്ങിയവ ഉദാഹരണങ്ങളാണ്. വിവരണങ്ങളെ ദൃശ്യവല്ക്കരണങ്ങൾകൊണ്ട് അടിവരയിട്ട് കൂടുതൽ സംവേദനക്ഷമമാക്കുകയാണ് ഫലത്തിൽ മൾട്ടി മീഡിയ ചെയ്യുന്നത്.

നവോത്ഥാനാചാര്യനായിരുന്ന ലെയോനാർദോ ഡാവിഞ്ചിയിൽ കലാകാരനും വാസ്തുശില്പിയും കവിയും നിർമ്മാതാവും സമഞ്ജസമായി പ്രവർത്തിച്ചതിന്റെ ഫലമായാണ് ലോകത്തിന് താരതമ്യങ്ങളില്ലാത്ത അനശ്വരസംഭാവനകൾ നല്കുവാൻ അദ്ദേഹത്തിനു സാധിച്ചത്.[18] മൾട്ടി മീഡിയ പ്രവർത്തകരിൽ വിവിധ കഴിവുകൾ ഏതാണ്ട് സമാനമെന്ന് പറയാവുന്നവിധം ഒന്നുചേർന്ന് പ്രവർത്തിക്കുകയാണ്. അതിൻഫലമായി ക്രിയാത്മകമായി കൂടുതൽ മികച്ച ഉല്പന്നങ്ങൾ സൃഷ്ടിക്കപ്പെടുന്നു. കമ്പ്യൂട്ടർ, വീഡിയോ, ലിഖിതം, ചിത്രം, ശബ്ദം തുടങ്ങിയ ആശയവിനിമയ രൂപങ്ങളെ സംബന്ധിച്ച ആഴത്തിലുള്ള അറിവും കഴിവും മൾട്ടി മീഡിയ പ്രവർത്തകർ ആർജ്ജിക്കുന്നുവെങ്കിലേ ഈ ഫലവിളവിന് അവർ പ്രാപ്തരാകൂ.

സമഗ്രമായ മാറ്റങ്ങൾക്ക് വിധേയമാണ് വിദ്യാഭ്യാസരംഗം. പരമ്പരാഗതമായ അധ്യാപനരീതിക്കു പകരം ICT സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുക എന്നതാണ് ഇന്നത്തെ രീതി. വിനോദവും പ്രതിപ്രവർത്തനവും വഴി കൂടുതൽ ആസ്വാദ്യകരവും അനുഭവവേദ്യവുമായ രീതിയിൽ വിദ്യ അഭ്യസിപ്പിക്കാനുള്ള ശക്തമായ ഉപാധിയായി മൾട്ടി മീഡിയ സ്ഥാനം നേടിയിരിക്കുന്നു. നഴ്സറി തലം മുതൽ ബിരുദാനന്തരബിരുദ തുടർഗവേഷണ തലങ്ങൾ വരെ മൾട്ടി മീഡിയ വ്യാപകമായി പ്രയോഗ സ്വീകാര്യത കൈവരിച്ച് അനിവാര്യ സാങ്കേതികതയായി സ്ഥാനമുറപ്പിച്ചിരിക്കുന്നു.

മൾട്ടി മീഡിയയുടെ പ്രധാന സവിശേഷതകൾ സംക്ഷിപ്തമായി അവലോകനം ചെയ്യാം:

1. പ്രതിപ്രവർത്തനം അനുവദിക്കുമെന്നതാണ് മൾട്ടി മീഡിയായുടെ പ്രധാന പ്രസക്തി. ലിഖിതത്തോടൊപ്പം തന്നെ ചിത്രം കാണണമെങ്കിൽ അത് യഥോചിതം തിരഞ്ഞെടുക്കുവാനും ചലനം ലഭ്യമാകണമെങ്കിൽ അത് യഥാവിധം പ്രവർത്തിപ്പിക്കാനും പ്രയുക്താവിന് സ്വാതന്ത്ര്യമുണ്ട്.[19] ഇപ്രകാരമുള്ള പ്രതിപ്രവർത്തനം വഴി ക്ലാസ്സ്മുറികൾ സജീവമാകുന്നു. പങ്കാളിത്തത്തിന്റെ അനുഭൂതി വിദ്യാർത്ഥികളിൽ സംജാതമാകുന്നു.

2. കാര്യക്ഷമവും ആകർഷകവുമായി സെമിനാറുകൾ അവതരിപ്പിക്കുവാൻ മൾട്ടി മീഡിയ ശക്തമായ പിൻബലസ്രോതസ്സായി വർത്തിക്കുന്നു. കാണികളുടെ ശ്രദ്ധ പിടിച്ചെടുക്കാൻ സഹായിക്കുന്നതിലൂടെ ആശയവിനിമയം കാര്യക്ഷമമായ രീതിയിൽ നടത്തുവാൻ മൾട്ടിമീഡിയ ഉപകരിക്കുന്നു.

3. വിദൂര ചർച്ചയ്ക്കും പഠനത്തിനും ഏറ്റവും ഫലപ്രദമായ ഉപാധിയാണ് മൾട്ടി മീഡിയ. വൈഡ് ഏരിയാ നെറ്റ് വർക്കുകളും ലോക്കൽ ഏരിയാ നെറ്റ്വർക്കുകളും ഇതിനായി ഉപയോഗിക്കപ്പെടുന്നു.[20]

4. മൾട്ടി മീഡിയായുടെ ഉപയോഗം സാർവ്വത്രികമാണ്; വഴിയോരത്തു പോലും പ്രദർശിപ്പിക്കുവാൻ സാധിക്കുംവിധം അതിന്റെ പ്രയോഗ സൗകര്യങ്ങൾ വിപുലവും ലഭ്യവുമാണ്.
5. കുറഞ്ഞ ചെലവിൽ മൾട്ടി മീഡിയ ഉപകരണങ്ങൾ ലഭ്യമായതോടെ കൂടുതൽപേർക്ക് ഈ സാങ്കേതികത പ്രാപ്യമായിരിക്കുന്നു.
6. മൾട്ടി മീഡിയ ഇന്ന് ഇ-കൊമേഴ്സിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ്. ഓരോ ഉല്പന്നത്തെയും കമ്പ്യൂട്ടർ നെറ്റ്‌വർക്കിലൂടെ ഉപഭോക്താവിന് പരിചയപ്പെടുത്തുവാൻ കഴിയുക വഴി വിപണിയെ വിരൽത്തുമ്പിലെത്തിക്കുവാൻ ശക്തമായ മാധ്യമമായി മൾട്ടി മീഡിയ മാറിയിരിക്കുന്നു.[21]

ഒരു മഹാസാഗരത്തിന്റെ അളന്നുപരിമിതപ്പെടുത്താനാവാത്ത ആഴം പോലെ അനന്ത സാധ്യതകളുമായി മൾട്ടി മീഡിയ നമുക്കു മുമ്പിൽ വർത്തിക്കുന്നു. സാങ്കേതികവിദ്യയിൽ സാമാന്യ നൈപുണ്യം ആർജ്ജിക്കുന്നവർക്ക് ഒരു കളിക്കോപ്പുപോലെ മൾട്ടി മീഡിയ അനായാസം കൈകാര്യം ചെയ്യുവാൻ കഴിയുന്നു. വിദ്യാലയങ്ങളിലാണ് മൾട്ടി മീഡിയായുടെ പ്രസക്തി കൂടുതലായി നിലവിലുള്ളത്. പഠിപ്പിക്കുന്ന രീതിയിലും പഠനരീതിയിലും സമഗ്രമായ മാറ്റങ്ങൾ വരുത്തുവാൻ മൾട്ടി മീഡിയായ്ക്കു കഴിഞ്ഞുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസവഴിയിൽ മൾട്ടി മീഡിയ സാങ്കേതികതയുടെ പ്രയോഗസാധ്യതകൾകൂടി പരിശോധിക്കാം:[22]

1. വിദ്യാലയങ്ങളിൽ മൾട്ടി മീഡിയ ഉപയോഗിക്കുന്നതു വഴി പാഠ്യ വിഷയങ്ങളുടെ ഉള്ളടക്കം കൂടുതൽ സമ്പന്നമാകുന്നു. വളരെ കുറച്ചു മാത്രം പഠിക്കാനുണ്ടായിരുന്ന ലാഘവസ്ഥിതിയിൽനിന്ന് ഘനമായവ പഠിക്കാനുള്ള സ്ഥിതിയിലേയ്ക്ക് ഒരു മാറ്റം സംഭവിക്കുന്നു; അതിന്റെ ഭാരം അനുഭവപ്പെടാതെ തന്നെ.
2. മൾട്ടി മീഡിയായിൽ ഉപയോഗിക്കുന്ന ചിത്രങ്ങളും ബിംബങ്ങളും ആശയ വിനിമയം കൂടുതൽ വ്യക്തവും എളുപ്പവുമാക്കുന്നു. നവമായ ആശയങ്ങൾ ദൃശ്യാവിഷ്ക്കാരത്തിലൂടെ വളരെ വേഗത്തിൽ ഗ്രഹിക്കാനാവുന്നു.
3 ഒരു ആശയം ആനിമേഷനിലൂടെ അവതരിപ്പിക്കുമ്പോൾ സജീവമായ ഒരു സാന്നിദ്ധ്യാനുഭൂതി പഠിതാക്കൾക്ക് അനുഭവവേദ്യമാകുന്നു.
4 വീഡിയോ ക്ലിപ്പുകളുടെ ഉപയോഗം ക്ലാസ്സുകളിലെ വിരസത നീക്കുന്നതിനോടൊപ്പം സജീവവും ആഹ്ളാദപ്രദവുമായ അന്തരീക്ഷം സംജാതമാക്കുന്നു. സ്ക്രീനിൽ തെളിയുന്ന വ്യക്തികളെ തിരിച്ചറിയാനും അവരുമായി വളരെ പെട്ടെന്ന് താദാത്മ്യപ്പെടാനും ഇത് സഹായകമാണ്.
5 മൾട്ടി മീഡിയായിലൂടെയുള്ള അധ്യാപനം ശാസ്ത്രപഠനത്തിൽ പ്രത്യേകിച്ചും കൂടുതൽ സഹായകമാണ്. പഠനപ്രക്രിയ, ആശയങ്ങൾ,

പരീക്ഷണങ്ങൾ എന്നിവ പഠിതാക്കളുടെ ആവശ്യാനുസരണം പുനരാവിഷ്ക്കരിക്കാൻ മൾട്ടിമീഡിയ ഉപകരിക്കുന്നു.

6 വിദൂരസ്ഥലങ്ങൾ കാണുന്നതിനും വിവരണം ശ്രവിക്കുന്നതിനും വ്യത്യസ്ത സ്ഥലങ്ങളുടെ വൈവിധ്യം മനസ്സിലാക്കുന്നതിനും മൾട്ടി മീഡിയ അവസരമേകുന്നു.

7 വ്യത്യസ്ത വിദേശഭാഷകളിൽ പ്രാവീണ്യം നേടാനുള്ള ശക്തമായ ഉപാധിയായി കൂടി മൾട്ടി മീഡിയ വർത്തിക്കുന്നു. ഇത്തരത്തിലുള്ള CD Roms ഇന്ന് വേണ്ടത്ര ലഭ്യമാണ്.

പരമ്പരാഗതരീതിയിൽ നിന്ന് വ്യത്യസ്തമായി മൾട്ടി മീഡിയ ഉപയോഗിച്ചുള്ള അധ്യാപനം അധ്യാപകരെ അമിതമായ അധികജോലികളിൽ നിന്ന് സ്വതന്ത്രരാക്കുന്നു. ഇതു വഴി കുട്ടികളുമായുള്ള പരസ്പര പ്രവർത്തനത്തിനു കൂടുതൽ സമയം അധ്യാപകർക്കു ലഭിക്കുന്നു. മൾട്ടി മീഡിയായിലൂടെയുള്ള അവതരണത്തിനുശേഷം വിഷയാനുബന്ധമായി ചർച്ച ചെയ്യുന്നതിനും വിശകലനം ചെയ്യുന്നതിനും കൂടുതൽ സാധ്യതകൾ അധ്യാപകർക്കു ലഭിക്കുന്നു.

മൾട്ടി മീഡിയ ഉപയോഗത്തിൽ അധ്യാപകന്റെ പങ്ക് ഒരൽപ്പംകൂടി വിശദമായ ചർച്ച ആവശ്യപ്പെടുന്നു.

മൾട്ടി മീഡിയ പഠനം ഏറ്റവും സുഗമമാക്കുന്നതിൽ അധ്യാപകരുടെ പങ്ക് വളരെ വിലപ്പെട്ടതാണ്. അതിൽ പ്രഥമവും പ്രധാനവുമായത് മൾട്ടി മീഡിയ ഉല്പന്നങ്ങൾ കുട്ടികൾക്ക് യഥാവശ്യം ലഭ്യമാക്കുകയും ധാരാളം സമയബന്ധിത പ്രോജക്ടുകൾ ചെയ്യാൻ കുട്ടികൾക്ക് അവസരം നല്കുകയും ചെയ്യുകയാണ്. മൾട്ടി മീഡിയ ഉല്പന്നങ്ങൾ സ്വയം തയ്യാറാക്കാൻ പരിശീലനം നേടുന്നതിലൂടെ കുട്ടികളിൽ ആത്മവിശ്വാസവും കഴിവുകളും ക്രമാനുക്രമമായി വർദ്ധിക്കും. എല്ലാ പഠിതാക്കൾക്കും സാങ്കേതികവിദ്യയിൽ തുല്യമായ അവസരങ്ങൾ നല്കുക, മൾട്ടി മീഡിയ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ വ്യത്യസ്ത സോഫ്റ്റ് വെയറുകളിൽ അവർക്ക് പരിശീലനം നല്കുക, പഠനാഭിവൃദ്ധിക്ക് സഹായകമായ ഈടുറ്റ പുസ്തകങ്ങൾ ലഭ്യമാക്കുക, ഗ്രൂപ്പടിസ്ഥാനത്തിൽ പഠനത്തിൽ മുന്നേറാൻ കൂടുതൽ പരിശീലനം നല്കുക, അതിൽത്തന്നെ മികച്ച സഹകരണം കാഴ്ച വയ്ക്കുന്ന ഗ്രൂപ്പുകൾക്ക് പ്രത്യേക പ്രോത്സാഹനം നല്കുക എന്നീ വഴിയേയെല്ലാം അധ്യാപകർ ചരിക്കേണ്ടതുണ്ട്. പ്രോജക്ട് അധിഷ്ഠിത പാഠങ്ങൾ കുട്ടികളിൽ ക്രിയാത്മകമായ സഹകരണപാരസ്പര്യം വളർത്തുകയും പോസിറ്റീവും ലക്ഷ്യാധിഷ്ഠിതവുമായ ഒരു സാമൂഹ്യദർശനത്തിലേയ്ക്ക് അവരെ നയിക്കുകയും ചെയ്യും. പഠനമെന്നത് മത്സരവേദി എന്നതിനേക്കാളുപരി സാമൂഹ്യനന്മയ്ക്കുപകരിക്കുന്ന ക്രിയാത്മകവും ഫലദായകവുമായ ഒരു പരിശീലന പ്രകാശനവേദിയായി മാറുകയും ചെയ്യും.[23] ഇത്തരത്തിലുള്ള

ഒരു അന്തരീക്ഷം സംജാതമാകുന്ന രീതിയിൽ ക്ലാസ്സ് മുറികൾ തന്മയത്വത്തോടെ പുനഃക്രമീകരിക്കുവാൻ അധ്യാപകർക്ക് കഴിയണം.

വിജ്ഞാനപ്രദവും വിനോദപ്രദവും ആയതിനാൽ മൾട്ടി മീഡിയ കുട്ടികൾക്കും അധ്യാപകർക്കും ഒരുപോലെ ആവേശവും ഉണർവും നല്കുന്നു. നമ്മുടെ വിവരഗ്രാഹ്യശേഷി വളരെയേറെ വർദ്ധിപ്പിക്കാൻ മൾട്ടി മീഡിയായ്ക്ക് കഴിയുമെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ശ്രവണത്തിൽ നിന്ന് 20% മാത്രം കാര്യങ്ങൾ ഗ്രഹിക്കുമ്പോൾ ദൃശ്യശ്രാവ്യമാധ്യമങ്ങളിൽ കൂടി അത് 30% വരെ ഉയർത്താൻ കഴിയും. എന്നാൽ മൾട്ടി മീഡിയായ്ക്ക് 60% വരെ ഗ്രാഹ്യശേഷി ഉയർത്താൻ സാധിക്കും എന്നാണ് പഠനങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്.[24]

## ഇന്റർനെറ്റ്

വിജ്ഞാനത്തിന്റെ വിസ്മയജാലകം തുറന്നു തരുന്ന നൂതന സാങ്കേതിക വിദ്യയാണ് ഇന്റർനെറ്റ്. വിജ്ഞാനത്തിന്റെ അക്ഷയ ഖനിയിലേയ്ക്കാണ് അതിലൂടെ പ്രവേശിക്കുക. വിജ്ഞാനം കൂടുതൽ കാര്യക്ഷമമായി ശേഖരിക്കാനും വിന്യസിക്കാനും ചികഞ്ഞെടുക്കാനുമുള്ള ഒരു സ്രോതസ്സെന്നതിനോടൊപ്പം പ്രസിദ്ധീകരണത്തിനുള്ള ആകർഷണീയവും ചെലവ് കുറഞ്ഞതുമായ ഒരു വേദിയും കൂടിയാണ് ഇന്റർനെറ്റ്. അറിവ് നേടാനും പ്രദാനം ചെയ്യാനും മാത്രമല്ല, കലാകായിക പ്രദർശനത്തിനും വിനോദത്തിനുമുള്ള ഒരു മാധ്യമമായി കൂടി ഇന്റർനെറ്റ് ഇന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്നു.[25]

ആശയവിനിമയത്തിന്റെ സുപ്രധാനവേദിയായി മാറിയിരിക്കുന്നു ഇന്റർനെറ്റ്. വിജ്ഞാനവും വിനോദവും വാർത്താവിനിമയവും സമന്വയിപ്പിക്കുന്ന വേദി കൂടിയാണിത്. ലോകത്തിന്റെ ഏതു കോണിലുമുള്ള വ്യക്തികളുമായി ഇന്റർനെറ്റിലൂടെ ആശയവിനിമയം സാധിക്കുന്നു. ഇന്റർനെറ്റ് തത്സമയപരവും നേരിട്ടുള്ളതും ലോകവ്യാപകപ്രാപ്തവും എന്നാൽ വികേന്ദ്രീകൃതവും പാരസ്പര്യ പ്രവർത്തനക്ഷമവും ഉള്ളടക്കത്തെയും ദൂരത്തെയും വ്യാപനത്തെയും സംബന്ധിച്ച് അനന്തവുമാണ് എന്നതാണതിന്റെ ശ്രദ്ധേയമായ സവിശേഷതകൾ.[26] വർത്തമാനകാലജീവിതത്തെ ഇന്റർനെറ്റിൽ നിന്നു വേർതിരിച്ചെടുക്കുക എന്നത് അസാധ്യമായിരിക്കുന്നു എന്ന അവസ്ഥയിലാണ് നാമിപ്പോൾ. ഇ-മെയിൽ, വാർത്താവായന, വിവര ശേഖരണം, പാട്ടുകേൾക്കൽ, സിനിമ കാണൽ, അവ ഡൗൺലോഡ് ചെയ്യൽ, ബാങ്ക് ഇടപാടുകൾ നടത്തൽ, ടിക്കറ്റുകളുടെ ബുക്കിംഗ്, ബില്ലുകൾ അടയ്ക്കൽ, സർക്കാർ കാര്യങ്ങൾ നടത്തൽ, കൂട്ടുകാരെ കണ്ടെത്തൽ, ബ്ലോഗ് എഴുത്ത്, വസ്ത്രം, ഭക്ഷണം എന്നിവ ഓർഡർ ചെയ്യൽ..... എന്നുവേണ്ട എന്തിനും ഇന്റർനെറ്റ് മതി എന്നു പറയുന്ന കാലമാണിത്.

വിജ്ഞാനയുഗത്തിന്റെ മായികലോകത്തിലേയ്ക്ക് കൂടി നമ്മെ നയിക്കുന്ന ഇന്റർനെറ്റ് വിദ്യാഭ്യാസമേഖലയിൽ ചെലുത്തുന്ന സ്വാധീനം

വലുതാണ്. വൈജ്ഞാനികമേഖലയുടെ അനന്ത സാധ്യതകളിലേയ്ക്ക് വിജ്ഞാനദാഹികളെ ഇന്റർനെറ്റ് ആനയിക്കുന്നു.

ഇന്റർനെറ്റിലൂടെ നമുക്കു ലഭ്യമാക്കാനിടയുള്ള സാധ്യതകളെക്കൂടി വിശകലനം ചെയ്യാം:

*വിവരശേഖരണം:* എല്ലാ മേഖലകളെയും ഉൾപ്പെടുത്തുന്ന വിവരശേഖരണമാണ് ഇന്റർനെറ്റിന്റെ വലിയ ഗുണമേന്മ. മാഗസിനുകൾ, പുസ്തകങ്ങൾ, വർത്തമാന പത്രങ്ങൾ, ജേർണൽ മാസികകൾ എല്ലാം ഇതിലുൾപ്പെടും. ആനുകാലിക വിഷയങ്ങളെ സംബന്ധിച്ച വിശദവിവരങ്ങൾ ഇന്റർനെറ്റിലൂടെ ലഭ്യമാണ്. അതിനാൽ പഠിതാക്കൾ കൂടുതൽ പഠനമികവ് കൈവരിക്കുന്നു.[27] ഇന്റർനെറ്റ് ഒരു ലൈബ്രറിപോലെ പ്രവർത്തനക്ഷമമാണ്. സെർച്ച് എഞ്ചിനുകൾ (തിരച്ചിൽ യന്ത്രം) ഉപഭോക്താവിന്റെ ആവശ്യാനുസരണം വളരെ വേഗതയിൽ വിവരശേഖരണം നടത്താൻ സഹായിക്കുന്നു; സെർച്ച് എഞ്ചിൻ വിവരശേഖരണ ഉപാധിയായി വർത്തിക്കുന്നു.

*പ്രോജക്ടുകൾക്ക് സഹായി:* ഇന്റർനെറ്റിന്റെ വലിയൊരു പ്രവർത്തന സാധ്യതയാണിത്. ലൈബ്രറികളിൽ പോയി പുസ്തകമെടുക്കാൻ സൗകര്യപ്പെടാത്തവർക്കും അംഗവൈകല്യമുള്ളവർക്കും ഒക്കെ ഇന്റർനെറ്റ് ഇവ്വിധത്തിൽ വലിയ അനുഗ്രഹമാണ്. വിജ്ഞാനസാഗരമായ ഇന്റർനെറ്റ് ഉപയോഗപ്പെടുത്തുന്നതിലൂടെ പ്രോജക്ട് മികവാർന്ന രീതിയിൽ പൂർത്തീകരിക്കാനാകുന്നു.

*ഓൺലൈൻ വിദ്യാഭ്യാസം:* ഇന്റർനെറ്റിന്റെ വിവരവിനിമയ ശേഷി പ്രയോജനപ്പെടുത്തിയുള്ള പഠനരീതിയാണ് ഓൺലൈൻ വിദ്യാഭ്യാസം. ഓൺലൈൻ പഠനത്തിന് അധ്യാപകർ തയ്യാറാക്കുന്ന പാഠഭാഗങ്ങൾ ഇന്റർനെറ്റിലൂടെ പ്രസിദ്ധപ്പെടുത്തുന്നു. ചിത്രങ്ങളും വീഡിയോ ക്ലിപ്പുകളും ഉൾപ്പെടുത്തി സുഗ്രാഹ്യമായ രീതിയിൽ പാഠങ്ങൾ തയ്യാറാക്കി നല്കാനാകും. നിശ്ചിത ഫീസ് നല്കുന്നവർക്ക് ഇന്റർനെറ്റിലൂടെ സ്വന്തം കമ്പ്യൂട്ടറിൽ അതു വായിക്കാം.[28] പഠിതാക്കളുടെ സൗകര്യമനുസരിച്ച് എവിടെയിരുന്നും പഠിക്കാമെന്നതാണ് ഇ-ലേണിംഗിന്റെ പ്രധാന സവിശേഷത. വിദേശരാജ്യങ്ങളിലെ പ്രശസ്ത സർവ്വകലാശാലകളിൽ നിന്നും ഏതു രാജ്യക്കാരനും ബിരുദമെടുക്കാമെന്നതാണ് ഇതിന്റെ ആകർഷണീയത. ഓൺലൈൻ വിദ്യാഭ്യാസ പദ്ധതികൾ ഉന്നതപഠനം സുഗമമാക്കുന്നു.

*വാർത്താപഠനം:* പാഠ്യവിഷയങ്ങളോടനുബന്ധിച്ച ആനുകാലിക വാർത്തകൾ ഇന്റർനെറ്റിലൂടെ അറിയുവാൻ സാധിക്കും. ഉദാഹരണത്തിന് അമേരിക്കയെക്കുറിച്ച് പഠിക്കുന്ന അവസരത്തിൽ അമേരിക്കയുടെ വർത്തമാന സ്ഥിതിഗതികൾ അറിയാൻ ഇന്റർനെറ്റ് ഉപയോഗപ്പെടുത്താം. പാഠ്യവിഷയത്തെ യഥാർത്ഥ ലോകവുമായി ബന്ധപ്പെടുത്താൻ സാധിക്കുമെന്നതിനാൽ പ്രസ്തുത വിഷയം കുട്ടികൾക്ക് കൗതുകവും താല്പര്യവും വളർത്തുന്നു.

*ആശയവിനിമയം:* ആശയവിനിമയ കലയിൽ വളരുവാൻ ഇന്റർനെറ്റ് കുട്ടികളെ സഹായിക്കുന്നു. കമ്പ്യൂട്ടർ ഉപയോഗിക്കുന്നതു വഴി അവയുടെ ഉപയോഗത്തിൽ കുട്ടികൾ വൈദഗ്ദ്ധ്യം നേടുന്നു. എഴുതുവാനുള്ള ശേഷിയും ഇന്റർനെറ്റ് ഉപയോഗം വഴി മെച്ചപ്പെടുന്നു. ഇന്റർനെറ്റിലൂടെ കൂടുതൽ വിവരങ്ങൾ സംഭരിക്കുന്നതിനാൽ പ്രധാനപ്പെട്ടതും കാര്യപ്രസക്തവുമായവ തരം തിരിക്കാനുള്ള ശേഷിയും അവർ ആർജ്ജിച്ചെടുക്കുന്നു.[29] കൊടുക്കുകയും വാങ്ങുകയും ചെയ്യുന്ന ആശയവിനിമയം ഇന്റർനെറ്റിലൂടെ പ്രാപ്യമാണല്ലോ. ഇ-മെയിൽ, ചാറ്റ്, ഇന്റർനെറ്റ് ഫോൺ, ബ്ലോഗ്, ഫോറംസ്, കോഴ്സ്ബുക്ക് തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്.

*ഭാവനാശക്തിയും സർഗ്ഗശക്തിയും:* സർഗ്ഗാത്മക സൃഷ്ടികളാൽ സമ്പന്നമാണ് ഇന്റർനെറ്റിന്റെ ലോകം. ഇന്റർനെറ്റിന്റെ നിരന്തരമായ ഉപയോഗത്തിലൂടെ നമ്മുടെ ഭാവനാശക്തി വികസിക്കുകയും കൂടുതൽ സൃഷ്ടിപരമായ പ്രവർത്തനങ്ങളിൽ ആത്മവിശ്വാസം ലഭിക്കുകയും ചെയ്യുന്നു.

*വിമർശനാത്മകചിന്ത:* വിമർശനാത്മകചിന്തയാണ് വിദ്യാഭ്യാസത്തിന്റെ നട്ടെല്ല്. കാരണം അത് മുൻ ധാരണകളെ പാടേ മാറ്റി പുതിയ വിചാരധാരകളെ പ്രാപ്യമാക്കുന്നു. വിമർശനാത്മകചിന്ത യാഥാർത്ഥ്യങ്ങളെയും മൂല്യങ്ങളെയും കുറിച്ചുള്ളതാകുമ്പോഴേ ഫലപ്രദമാകുന്നുള്ളൂ. ഫലപ്രദമായ രീതിയിലുള്ള വിമർശനാത്മക ചിന്തയ്ക്ക് തീർച്ചയായും ഇന്റർനെറ്റ് വഴിയുള്ള അടിസ്ഥാനപരമായ അറിവ് അത്യാവശ്യമാണ്. അങ്ങനെ, വിമർശനാത്മകചിന്തയെ കൂടുതൽ ഫലപ്രദമായ രീതിയിൽ എളുപ്പമാക്കുക എന്ന വിദ്യാഭ്യാസധാരയുടെ പ്രാഥമികവും സുപ്രധാനവുമായ ആവശ്യം കൂടി ഇന്റർനെറ്റ് നിർവ്വഹിക്കുന്നു.[30]

*വെർച്ച്വൽ ഫീൽഡ് ട്രിപ്പ്സ്* (***Virtual field trips***): ഇന്റർനെറ്റിലൂടെ വെർച്ച്വൽ ഫീൽഡ് ട്രിപ്പ്സിന് അവസരം ലഭിക്കുന്നുവെന്നത് വ്യക്തികൾക്ക് ഹൃദ്യമായ അനുഭവമേകുന്നു. ആഫ്രിക്കയിലെ മൃഗങ്ങൾ, ഈജിപ്തിലെ പിരമിഡുകൾ..... ഇവയെക്കുറിച്ച് പഠിക്കുന്ന അവസരത്തിൽ ഓൺലൈൻ മ്യൂസിയത്തിലൂടെ ഇവ ആസ്വാദ്യകരമായ രീതിയിൽ കാണുവാൻ കൂടി കഴിയുകയെന്നത് ഒരു അധികാനുഭവ സാധ്യതയാണ്[31] ഒരുപാട് പണച്ചെലവും ക്ലേശകരമായ ദീർഘയാത്രകളും വഴി മാത്രം പ്രാപ്യമാകുമായിരുന്ന നേരറിവുകളെയാണ് ഈ സാങ്കേതികത വിരൽത്തുമ്പിൽ കൺവെട്ടത്ത് പ്രാപ്യമാക്കിത്തരുന്നത്.

*വിദ്യാർത്ഥികളുടെ ഭാവി നിർണ്ണയം:* ക്ലാസ്സുകളിൽ ഇന്റർനെറ്റ് ഉപയോഗിക്കാൻ പഠിക്കുന്നതിലൂടെ തുടർവിദ്യാഭ്യാസം, ജോലി, ജീവിതത്തിലാവശ്യമായ മറ്റു കാര്യങ്ങൾ എന്നിവ സംബന്ധിച്ച് കുട്ടികൾക്ക് ഇന്റർനെറ്റിലൂടെ അന്വേഷണം നടത്താനും തങ്ങൾക്കിണങ്ങുന്ന സാധ്യതകൾ കണ്ടെത്തുവാനും കഴിയുന്നു. ഇത് കുട്ടികൾക്ക് പ്രായോഗിക അറിവും അതിലൂടെ കൂടുതൽ ആത്മവിശ്വാസവും പ്രദാനം ചെയ്യുന്നു.

*അധ്യാപകർക്ക് വഴികാട്ടി:* തങ്ങളുടെ പാഠ്യവിഷയങ്ങളിൽ ആഴമായ പരിജ്ഞാനം നേടുന്നതിന് അധ്യാപകർക്ക് ഇന്റർനെറ്റ് വഴികാട്ടിയും പിൻബലവുമായി വർത്തിക്കുന്നു. രക്ഷകർത്താക്കളും അധ്യാപകരും തമ്മിലുള്ള കാര്യക്ഷമമായ ആശയവിനിമയത്തിന് ഇ-മെയിൽ സഹായിക്കുന്നു.

മനുഷ്യജീവിതത്തെ സമഗ്രമായി മാറ്റിമറിക്കുന്ന വലിയൊരു സാങ്കേതിക മുന്നേറ്റമായിരിക്കുന്നു ഫലത്തിൽ ഇന്റർനെറ്റ്. വിവരശേഖരണത്തിലും ആശയവിനിമയത്തിലും ഇന്റർനെറ്റ് കൊണ്ടുവന്ന മുന്നേറ്റങ്ങൾ നമ്മുടെ ജീവിതത്തിന്റെ ഭാഗമായി കഴിഞ്ഞു. അനന്ത സാധ്യതകളും സേവനങ്ങളും വാഗ്ദാനം ചെയ്യുന്ന ഇന്റർനെറ്റ് ഇന്ന് വലിയ ഒരു സഹായമാണ്. ഏതൊരു വിഷയത്തെക്കുറിച്ചും അറിയണമെങ്കിൽ ഇന്ന് ഇന്റർനെറ്റ് ഒന്നു ചികഞ്ഞാൽ മതി. ആശയപ്രകാശനങ്ങളുടെ ആഗോളവ്യാപകവും സ്വതന്ത്രവുമായ ഒഴുക്ക് ജനതകളെ പരസ്പരം ബന്ധിപ്പിക്കുന്നു. ആശയവിനിമയം കാര്യക്ഷമവും ഫലദായകവുമാക്കുന്നു.

## ബ്ലോഗ്

ഇന്റർനെറ്റിലെ സൗജന്യസേവനമാണ് ബ്ലോഗ്; ആശയ പ്രേഷണത്തിന് ഇത് ഒരു എളുപ്പമാർഗ്ഗം. ഇന്റർനെറ്റിൽ സൗജന്യമായി ലഭ്യമാകുന്ന വെബ് പേജിലൂടെ വ്യക്തികൾക്ക് ഏറെ താല്പര്യമുള്ള വിഷയത്തിൽ മൗലികവും സ്വതന്ത്രവുമായ ആശയപ്രകടനങ്ങൾ നടത്തുവാൻ കഴിയുന്ന മാധ്യമ രീതിയാണ് ബ്ലോഗിംഗ്.[32] ബ്ലോഗിന് അങ്ങനെ ഒരു പ്രത്യേക ഘടനയില്ല. തനിക്കു ചുറ്റുമുള്ള എന്തിനെപ്പറ്റിയും ആശയങ്ങൾ പങ്കുവയ്ക്കാം. വെബ് ബ്ലോഗുകൾ എന്ന ഓൺലൈൻ മാധ്യമ സാധ്യതയുടെ വരവോടെ ഒരു സാധാരണ വ്യക്തിക്കുപോലും ലോകത്തിന്റെ തന്നെ ചിന്തയെ സ്വാധീനിക്കാവുന്ന രീതിയിൽ ഒട്ടും പണച്ചെലവില്ലാതെ ഈ വിധം മാധ്യമപ്രവർത്തനം നടത്താമെന്നത് ഇന്റർനെറ്റ് സാങ്കേതികവിദ്യ പകർന്നു തരുന്ന അനവധി സാധ്യതകളിൽ ഒന്നായിമാറി.

ആശയപ്രകാശനത്തിന്റെ ഒരു പുത്തൻ വഴിയായിരിക്കുന്നു ബ്ലോഗ്. ഇന്ന് അധ്യാപകരും വിദ്യാർത്ഥികളും ബ്ലോഗ് പ്രസിദ്ധീകരിക്കുന്നതിൽ ഒരുപോലെ വിദഗ്ദ്ധരാണ്. ബ്ലോഗ് നല്കുന്ന ആവിഷ്ക്കാരസ്വാതന്ത്ര്യം അതിന് ആകർഷണീയത പകരുന്നു. വിദ്യാഭ്യാസമേഖലയിൽ അധ്യാപകരുടെ കൂട്ടായ്മകൾ (cluster) വിഷയാനുബന്ധിയായി നിർമ്മിക്കുന്ന ബ്ലോഗുകൾ സംശയ നിവാരണത്തിനും ആനുകാലികപ്രസക്തമായ വിചാരവിഷയങ്ങൾ അവതരിപ്പിക്കുന്നതിനും ഉപയോഗിക്കുന്നു; അതിലൂടെ ബ്ലോഗുകൾ പഠനമാധ്യമമായി കൂടി ഭവിച്ചിരിക്കുന്നു. അഭിപ്രായരൂപീകരണത്തിനുള്ള വേദിയായി ബ്ലോഗ് തീർന്നിരിക്കുന്നു. ബ്ലോഗിൽ പ്രകാശനം ചെയ്യുന്ന ആശയങ്ങളോട് വായനക്കാരുടെ പ്രതികരണത്തിലൂടെ (comments) യോജിപ്പോ വിയോജിപ്പോ പ്രകടിപ്പിക്കുവാനാകും. അതിനാൽ വിവരസമ്പുഷ്ടവും വിപുലവുമായ

ആശയങ്ങൾ ബ്ലോഗിൽ പ്രത്യക്ഷപ്പെടാറുണ്ട്. ആദ്യ പോസ്റ്റിനേക്കാൾ മികവ് പുലർത്തുന്നതാകാം അതിനെ തുടർന്നു വരുന്ന നിരവധി കമന്റുകൾ. ചിന്താ ശക്തിയുടെ അഗ്നിയെ ജ്വലിപ്പിക്കുന്ന ആദ്യ സ്ഫുലിംഗമാകുന്നു ഈ പോസ്റ്റുകൾ.

ഓരോ വിദ്യാലയത്തിനും തനതായ ബ്ലോഗ് ഇന്ന് നിലവിലുണ്ട്. കുട്ടികളുടെയും അധ്യാപകരുടെയും സൃഷ്ടിപരത പ്രകടിപ്പിക്കാനുള്ള സുവർണ്ണ വേദി കൂടിയാണത്. വിദ്യാലയ പ്രവർത്തനങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിലൂടെ വിദ്യാലയങ്ങളുടെ പ്രശസ്തി ചുറ്റുപാടും പ്രസരിക്കുന്നു. അവനവന്റെ സർഗ്ഗചേതനയെ വളർത്താനും തക്കസമയത്ത് ചുറ്റുവൃത്തങ്ങളോടും വിചാരങ്ങളോടും പ്രതികരിക്കാനും മറ്റുള്ളവരുടെ സൃഷ്ടികളെ നിരൂപണം ചെയ്യാനും ബ്ലോഗ്, വ്യക്തികൾക്ക് അവസരം നല്കുന്നു. സൗഹൃദം പരിപോഷിപ്പിക്കുന്ന ഒരു ഉപാധികൂടിയാണ് ബ്ലോഗ്. സൗഹൃദക്കൂട്ടായ്മകൾക്ക് ബ്ലോഗ് കളമൊരുക്കുന്നുണ്ട്. ഒരു ബ്ലോഗിൽ നിന്ന് മറ്റൊരു ബ്ലോഗിലേക്കുള്ള ലിങ്കുകൾ (links) നിഷ്പ്രയാസം അവയിലെത്തിച്ചേരാനുള്ള ലിഫ്റ്റുകളായി വർത്തിക്കുന്നു.

2011 മെയ് 2-ന് വത്തിക്കാനിൽ ബ്ലോഗർമാരുടെ ആദ്യസമ്മേളനം നടക്കുകയുണ്ടായി. *കാലാനുസൃതമായ ഭാഷയിൽ തങ്ങളെത്തന്നെ സ്വതന്ത്രമായി പ്രകാശിപ്പിക്കുന്ന രീതി*[33] എന്നാണ് ബ്ലോഗിനെ സാമൂഹിക സമ്പർക്ക മാധ്യമങ്ങൾക്കായുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ അധ്യക്ഷൻ ആർച്ച് ബിഷപ്പ് ക്ലാദിയോവ് മരിയ സെല്ലി വിശേഷിപ്പിച്ചത്. പുതിയ ആശയ വിനിമയ സാങ്കേതിക വിദ്യകളുടെ ഏറ്റവും സവിശേഷമായ നല്ല കാര്യങ്ങളിലൊന്നു കൂടിയാണത്. ഈ പരസ്പര പ്രതിപ്രവർത്തനം, അങ്ങേയറ്റത്തെ തുറവിയുടെയും വിനിമയത്തിന്റെയും തലവും വിദ്യാഭ്യാസ മേഖലയിൽ നമുക്ക് പരമാവധി പ്രയോജനപ്പെടുത്താവുന്ന സാധ്യതയുമാണ്.

ആധുനിക സാങ്കേതികയുഗത്തിൽ ഇ-ബാങ്കിങ്ങ്, ഇ-ഗവേണൻസ്, ഇ-കൊമേഴ്സ്, എം-കൊമേഴ്സ്, വി-കൊമേഴ്സ് എന്നിവ ലോകത്തെ നമ്മുടെ വിരൽത്തുമ്പിൽ എത്തിച്ചു തരുന്ന സാങ്കേതികവിദ്യകളായി മാറിയിരിക്കുന്നു.

ഇലക്ട്രോണിക് സംവിധാനങ്ങളുടെ സഹായത്തോടെ നടത്തപ്പെടുന്ന ബാങ്ക് പ്രവർത്തനത്തെയാണ് ഇ-ബാങ്കിങ്ങ് എന്നു പറയുന്നത്.[34] ബാങ്കിന്റെ എല്ലാബ്രാഞ്ചുകളും കമ്പ്യൂട്ടർവത്കരിക്കപ്പെട്ടവ ആയി മാറിത്തുടങ്ങിയിരിക്കുന്നു. അവയെ തമ്മിൽത്തമ്മിൽ കാര്യക്ഷമതയുള്ള ഒരു നെറ്റ്‌വർക്കു വഴി ബന്ധിപ്പിച്ചു കൊണ്ടാണ് ഏകോപിത പ്രവർത്തനം. ഒരു ബ്രാഞ്ചിൽ അക്കൗണ്ട് ഉള്ളവർക്ക് മറ്റ് ഏതു ബ്രാഞ്ചുമായും അതേ അക്കൗണ്ട് ഉപയോഗിച്ച് ഇന്ന് ഇടപാടുകൾ നടത്താം. ഇത്തരം ബാങ്കുകളുടെ ഒരു പ്രത്യേകതയാണ് എനി ടൈം ബാങ്കിങ്ങ് സൗകര്യങ്ങളും.[35] ബാങ്ക് തുറന്നിരിക്കുന്ന സമയം നോക്കി തിടുക്കപ്പെട്ട് ഇന്ന് ബാങ്കിൽ പോകേണ്ടതില്ല. എ.ടി.എം.

വഴി മിക്കവാറും ഇടപാടുകൾ നടത്താൻ സാധിക്കുന്നു. ബാങ്കുകാർക്കും ഇടപാടുകാർക്കും ഒരുപോലെ ഇ-ബാങ്കിങ്ങ് വളരെ സൗകര്യപ്രദമായിരിക്കുന്നു.

കംപ്യൂട്ടർ ശൃഖലകളുടെ വിവര വിനിയോഗശേഷി പ്രയോജനപ്പെടുത്തിക്കൊണ്ട് ഭരണം കാര്യക്ഷമമാക്കുന്ന സംവിധാനമാണ് ഇ-ഗവേണൻസ്. ഭരണത്തിന്റെ സിരാകേന്ദ്രങ്ങളിൽ നിന്നും അവയ്ക്കു കീഴിൽ വിവിധതലങ്ങളിലുള്ള ഓഫീസുകളിലേക്കും അവിടെനിന്നു തിരിച്ചും വിവരങ്ങൾ തൽക്ഷണാടിസ്ഥാനത്തിൽ എത്തിക്കാനുള്ള കമ്പ്യൂട്ടർ ശൃഖലാ സംവിധാനം ഇ-ഗവേണൻസിന്റെ പ്രധാന ഘടകമാണ്. സർക്കാരിന്റെ വിവിധ സേവനങ്ങൾ ആവശ്യക്കാർക്ക് തക്കസമയത്ത് ലഭ്യമാക്കുക എന്നതാണ് ഇ-ഗവേണൻസ് കൊണ്ടുദ്ദേശിക്കുന്നത്. പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവും അഴിമതിരഹിതവുമാകാൻ ഇ-ഗവേണൻസ് സഹായിക്കുന്നു.[36] സർക്കാരിലേക്ക് അടയ്ക്കേണ്ട വിവിധ നികുതികളും ബില്ലുകളും ഇ-ഗവേണൻസിലൂടെ വീട്ടിലിരുന്നു കൊണ്ട് തന്നെ അടയ്ക്കുവാനും ഇതു സഹായിക്കുന്നു.

മൊബൈൽ ഫോൺ, കൈ കമ്പ്യൂട്ടറുകൾ തുടങ്ങിയ ഉപകരണങ്ങളെ വയർലെസ് സാങ്കേതികവിദ്യയിൽ ഇന്റർനെറ്റുമായി ബന്ധപ്പെടുത്തി നടത്തുന്ന വ്യാപാരരീതിയാണ് എം. കൊമേഴ്സ്.[37] മൊബൈൽ കൊമേഴ്സിന്റെ ചുരുക്കപ്പേരാണ് എം. കൊമേഴ്സ്. സ്ഥലകാല പരിമിതികളില്ല എന്നതാണ് ഇതിന്റെ പ്രത്യേകത. മൊബൈൽ ഉപകരണങ്ങൾ എളുപ്പത്തിൽ അനായാസമായി കൊണ്ടു നടക്കാവുന്നവയാണെന്നതിനാൽ എം. കൊമേഴ്സിലൂടെയുള്ള ഇടപാടുകൾക്ക് ഭാവിയിൽ അനന്ത സാധ്യതകളുണ്ട്.

നൂതന സാങ്കേതികവിദ്യയുടെ അച്ചുതണ്ടിലാണ് ലോകമിന്ന് കറങ്ങിക്കൊണ്ടിരിക്കുന്നത്. ജീവിതത്തിന് ഒരു *ഐ.ടി.ടച്ച്* അനിവാര്യമായിരിക്കുന്നു. വന്ദ്യരായ വയോധികർ വരെ ഇന്ന് കമ്പ്യൂട്ടർ പഠനത്തിന് പോകുന്ന കാഴ്ച നിത്യസംഭവമാണ്. കമ്പ്യൂട്ടർ നിരക്ഷരർക്കിനി ജീവിതം മുമ്പോട്ടു കൊണ്ടു പോകാനാവില്ല എന്നുപോലും ആയിരിക്കുന്നു! കമ്പ്യൂട്ടർ സാക്ഷരതയില്ലെങ്കിൽ ആശയവിനിമയം പോലും അസാധ്യമാകുന്ന അവസ്ഥയിലേയ്ക്ക് നാം എത്തി വന്നിരിക്കുന്നു. ഐ.ടി.യുടെ വിസ്മയജാലകത്തിലേയ്ക്ക് കണ്ണും കരളുമെല്ലാം തുറക്കാതെ വയ്യ. എല്ലാ മേഖലകളും ഐ.ടി.യിൽ അധിഷ്ഠിതമാക്കിക്കൊണ്ട് സമൂഹം വികസനത്തിലേയ്ക്ക് കുതിച്ചു പായുകയാണ്. വിദ്യാഭ്യാസരംഗമാണ് വികസന മുന്നേറ്റത്തിന്റെ ചുക്കാൻ പിടിക്കുന്നത് എന്നതുകൊണ്ടും വിദ്യാഭ്യാസപുരോഗതി നേടിയ രാഷ്ട്രമാണ് സാമ്പത്തിക രംഗങ്ങളിൽ കുതിപ്പോടെ മുന്നേറുക എന്നതുകൊണ്ടും ഈ സാങ്കേതികതയുടെ പ്രാപ്തി വ്യാപ്തികളും പ്രസക്തിയും പ്രാമുഖ്യവും അനിഷേധ്യമാം വിധം അനുനിമിഷം വർദ്ധിച്ചു വരികയാണ്.

ഡോ. എ.പി.ജെ അബ്ദുൾ കലാം ഐ.ടി.യുടെ അനന്ത സാധ്യതകളെക്കുറിച്ച് യൂറോപ്യൻ പാർലമെന്റിനെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞ വാക്കുകൾ ഇവിടെ സ്മരണീയമാണ്:

*ബയോ ടെക്നോളജി, നാനോ ടോക്നോളജി, ഐ. ടി. വിജ്ഞാനശാഖകളെ സമന്വയിപ്പിച്ച് മനുഷ്യരാശിയെ ബാധിക്കുന്ന സമസ്തമേഖലകളെയും സ്പർശിക്കുന്നതായിരിക്കണം ലോക വിജ്ഞാനവേദി. ബഹിരാകാശ വ്യവസായ വിപ്ലവമാണ് അടുത്ത വ്യാവസായിക വിപ്ലവം. ഊർജ്ജസ്രോതസ്സുകൾ ചൂഷണം ചെയ്യുക, ഗ്രഹങ്ങളിൽ നിന്നും ഛിന്നഗ്രഹങ്ങളിൽ നിന്നും ധാതുദ്രവ്യങ്ങൾ ലഭ്യമാക്കുക തുടങ്ങിയവ ഈ വിപ്ലവത്തിന്റെ ഫലങ്ങളായിരിക്കും. ചന്ദ്രനെ ഗോളാന്തര ടെലികോം ഹബ് ആയും ഉപയോഗപ്പെടുത്താം. ചൊവ്വയിൽ മറ്റൊരു മനുഷ്യാവാസ വ്യവസ്ഥയ്ക്ക് രൂപം നല്കാനുമാകും.*[38]

ഐ.ടി.യുടെ അനന്ത സാധ്യതയിലേയ്ക്ക് വെളിച്ചം വീശുന്നവയാണ് അദ്ദേഹത്തിന്റെ ഈ വാക്കുകൾ. ഭാവിയിൽ ഏറ്റവും കൂടുതൽ വളർച്ചാസാധ്യതയുള്ള ഒരു ഐ.ടി.മേഖലയാണ് *ഐ.ടി. എനേബിൾഡ് സർവ്വീസസ്.* ഈ സൗകര്യം പ്രയോജനപ്പെടുത്തി പുതിയ പുതിയ തൊഴിൽ മേഖലകൾ ഇന്ന് കൂടുതലായി തുറക്കപ്പെട്ടുവരികയാണ്. അതിനാൽത്തന്നെ പ്രായഭേദമെന്യേ എല്ലാവരും ഹൈടെക് ആകർഷണവലയത്തിലായിക്കഴിഞ്ഞുമിരിക്കുന്നു.

സാങ്കേതികവിദ്യയുടെ വിസ്മയപാതയിലൂടെ നാം അതിവേഗം സഞ്ചരിച്ചുകൊണ്ടിരിക്കുകയാണെന്നും ഹൈടെക് റിഥമാണ് നമ്മുടെ കുതിപ്പുകളെ നിയന്ത്രിക്കുന്നതെന്നും ഊറ്റം കൊള്ളുമ്പോൾത്തന്നെ അച്ചടി മാധ്യമ പരിവൃത്തത്തിൽ മുൻപ് സൂചനാതലത്തിൽ പരാമർശിച്ചതുപോലെ ഈ സാങ്കേതികവിദ്യ മനുഷ്യന്റെ ബോധമണ്ഡലത്തെ വികസ്വരമാക്കുന്നുണ്ടോ എന്നും മാനസികവും സാമൂഹികവും ആയ വളർച്ചയെ സഹായിക്കുക തന്നെയാണോ ചെയ്യുന്നതെന്നും ആശങ്കപ്പെടാതെയും വയ്യ.

മാധ്യമചിന്തകനായ മാർഷൽ മക്ലൂഹന്റെ വാക്കുകൾ ഇവിടെ സ്മരണീയമാണ്:

*വാക്കുകളും അക്ഷരങ്ങളുമായി വന്ന സാക്ഷരതയെ അഭിമുഖീകരിച്ചപ്പോൾ വനാന്തരത്തിലെ ആദിവാസികളുടെ അതേ വിഭ്രമാത്മകതയാണ് പുതിയ മാധ്യമങ്ങളെയും അവയുടെ സാങ്കേതിക വിദ്യയെയും നേരിടേണ്ടിവന്നപ്പോൾ ആധുനിക മനുഷ്യനും ഉണ്ടായത്. പുതിയ വിവരങ്ങളും ആശയവിനിമയ സാങ്കേതികവിദ്യകളും വിവരവിനിമയത്തിന്റെ പാറ്റേണും മനുഷ്യനെ അവൻ ജനിച്ചു വളർന്ന സാമൂഹികാന്തരീക്ഷത്തിന്റെ പുറത്താക്കുന്നു.*[39]

കൂടുതൽ നല്ല ആശയവിനിമയത്തിലേയ്ക്ക് നയിക്കാൻ കഴിയുന്ന ഈ ശക്തികൾക്കുതന്നെ വർദ്ധമാനമായ സ്വാർത്ഥതയിലേയ്ക്കും ഒറ്റപ്പെട

ലിലേയ്ക്കും നമ്മെ നിപതിപ്പിക്കുവാനും കഴിയും; ഒപ്പം അറിയരുതാത്ത അനഭിലഷണീയമായ തെറ്ററിവുകളിലേക്കും.

ജനങ്ങളെ ഐക്യപ്പെടുത്താൻ കഴിയും; അതേസമയം വിഭജിക്കാനും കഴിയും എന്നതാണ് ഇന്റർനെറ്റിന്റെ ആപൽക്കരമായ വിരുദ്ധസങ്കീർണ്ണത. വ്യക്തികൾ എന്ന നിലയിലും പ്രത്യയശാസ്ത്രം, രാഷ്ട്രീയം, സമ്പത്ത്, വംശം, ജാതി, തലമുറകൾ തമ്മിലുള്ള വ്യത്യാസങ്ങൾ എന്നിവയാലും മാത്രമല്ല, മതത്താൽ പോലും, വിഭജിക്കപ്പെട്ട സംശയാലുക്കളായ ഗ്രൂപ്പുകൾ എന്ന നിലയിലും, നമ്മെ വിഭജിക്കാൻ ഇന്റർനെറ്റിന് കഴിയും.[40] ഇന്റർനെറ്റിന്റെ വിരുദ്ധതലത്തിലുള്ള പ്രയോഗവഴിയ്ക്ക് സൈബർ ഭീകരവാദങ്ങളും അക്രമപ്രവർത്തനങ്ങളും അനുദിനം വർദ്ധിച്ചുവരുന്നതിൽ പ്രതിക്കൂട്ടിൽ നിൽക്കാതെ വയ്യ. അറിവരുതായ്കകൾ പ്രാപ്തിവരുതിയിൽ വിലക്കുകൾക്കതീതമാക്കി എത്തിച്ചുതരുന്ന ഈ സാങ്കേതികതയ്ക്ക് ഇത്തരം അപകടങ്ങൾ സാർവ്വത്രികമാക്കുന്നതിൽ വലിയൊരു പങ്കുണ്ട്.

ഇന്റർനെറ്റ് കഫേകളുടെ എണ്ണം ക്രമാതീതമായി നമ്മുടെ രാജ്യത്ത് വർദ്ധിച്ചു വരികയാണ്. തികഞ്ഞ സ്വകാര്യത നല്കുന്ന ഈ കഫേകളിൽ പോകുന്ന ഭൂരിഭാഗം പേരും അശ്ലീല സൈറ്റുകളിൽ മുഴുകി സ്വയം നശിച്ചുകൊണ്ടിരിക്കുന്നു. സമയം കൊല്ലിയായ ചാറ്റിംഗിന് സമയം ധൂർത്തടിക്കുന്നു. വ്യക്തി ബന്ധങ്ങളോട് വിട പറഞ്ഞ് ഇന്റർനെറ്റിന് അടിമകളായി മാറുന്നവർക്ക് മാനസിക പക്വതയോടെ വ്യാപരിക്കാൻ സാധിക്കാതെ വരുന്നു. പരസ്പരമുള്ള ജൈവതലആശയവിനിമയം കുറയുന്നതോടെ അനുദിന വ്യാപാരങ്ങളിൽ സ്വാഭാവികമായ ഊർജ്ജസ്വലത നഷ്ടപ്പെട്ടവരായി മാറുകയും യാഥാർത്ഥ്യങ്ങളിൽ നിന്ന് അകന്നു ജീവിക്കുവാൻ ഇടയാവുകയും ചെയ്യുന്നുണ്ട് അവരിൽ ചിലരെങ്കിലും. ഊർജ്ജസ്വലതയും പ്രതികരണശേഷിയും യാഥാർത്ഥ്യബോധവും നഷ്ടപ്പെട്ട ഒരു തലമുറയെ സൃഷ്ടിക്കുക എന്ന പാപം കൂടി അതിരുകവിഞ്ഞ ഇന്റർനെറ്റ് ആസക്തി എന്ന മഹാവ്യാധിയുടെ പാർശ്വഫലമായി സംഭവിക്കുന്നുണ്ട്. ഇതുണർത്തുന്ന മന:ശാസ്ത്രപരവും സാമൂഹ്യശാസ്ത്രപരവുമായ പ്രത്യാഘാതങ്ങൾ ഇന്ന് വർത്തമാന കാലത്തിന്റെ വലിയ ഉത്കണ്ഠകളിൽ ഒന്നാണ്. വിവാഹമോചനങ്ങളും വാർദ്ധക്യങ്ങളെ അശരണമാക്കുന്ന അനാഥത്വങ്ങളുടെ അടിച്ചേൽപിക്കലുകളും കൊലപാതകങ്ങളും ആത്മഹത്യകളും മാനസികമായ അസന്തുലിതകളും ഈ ദുഷ്യവിപത്തുകളിൽ ചിലതുമാത്രം.

ഇതിനെല്ലാമപ്പുറം മർമ്മപ്രധാനമായ മറ്റൊരു യാഥാർത്ഥ്യം കൂടി നമ്മെ ഉത്കണ്ഠപ്പെടുത്തുന്നു. ഇന്റർനെറ്റ് നിശ്ചയമായും അറിവിന്റെ കവാടം നമുക്കു തുറന്നു തരുന്നു; എന്നാൽ അത് മൂല്യങ്ങൾ പകർന്നു തരുന്നില്ല; അതു തീർക്കുന്ന ചതിക്കുഴികളാണ് യഥാർത്ഥത്തിൽ കൂടുതൽ ആപൽക്കരം. മൂല്യങ്ങൾക്ക് മുൻഗണന നല്കാതെവരുമ്പോൾ നാം മാനുഷികമായി

അധഃപതിക്കുകയും അനന്തതയിലേയ്ക്കുള്ള നമ്മുടെ പ്രയാണം ലക്ഷ്യവേപമില്ലാതെ ദിശാഭ്രംശത്താൽ വികലമാവുകയും ചെയ്യും. അതിനാൽ മഹത്തായ ഈ നവീന സാങ്കേതികവിദ്യ പൊതു നന്മയ്ക്കുതകും വിധം, ആർക്കും ഉപദ്രവമാകാത്തവിധം ഉപയോഗിക്കാൻ നാം ബാദ്ധ്യസ്ഥരാണ്.[41] അത് നമ്മുടെ സാമൂഹ്യ വ്യവസ്ഥിതിയുടെ ഭദ്രതയ്ക്കായി ജാഗരൂകരായി നാം അനുഷ്ഠിക്കേണ്ട പ്രതിബദ്ധതയായിത്തന്നെ കരുതേണ്ടിയുമിരിക്കുന്നു.

ഹൈടെക് ഉപയോഗം ജീവിതത്തിൽ ഒരുപാടൊരുപാട് ഗുണഫലങ്ങൾ പകുത്തു തരുന്നതോടൊപ്പം അപശ്രുതികളെയും ഇടകലർത്തുന്നുണ്ട്. ഹൈടെക് യുഗത്തിന്റെ അമിതവേഗത്തിൽ എല്ലാ കാര്യങ്ങളും നടത്തുവാനുള്ള വ്യഗ്രത ജീവിതത്തിലെ ഊഷ്മളഭാവങ്ങൾ ചോർത്തിക്കളയുന്നു എന്നതാണ് പാർശ്വവിപത്തുകളിൽ മുഖ്യം. ഒരു യാന്ത്രിക മനോഭാവം ഇതിലൂടെ ജീവിതത്തിൽ കടന്നുകൂടുന്നു. പ്രത്യക്ഷഫലസാധ്യതയുള്ള കാര്യങ്ങൾക്ക് മാത്രമാകുന്നു മുൻഗണന. അതോടെ മൂല്യശ്രേണി കീഴ്മേൽ മറിയുന്നു. അപരനു വേണ്ടിയുള്ള സ്നേഹപൂർവ്വമുള്ള കാത്തിരിപ്പും കരുതലും അതിലെ സഹിഷ്ണുതയും പരോന്മുഖതയും അന്യമാകുന്നു. സ്നേഹത്തിന്റെ മേച്ചിലിടങ്ങളാകേണ്ട കുടുംബവും തൊഴിൽശാലകളും അരക്ഷിതാവസ്ഥയുടെ കനൽ ഭൂമികളായി മാറുന്നു. വ്യക്തിപരമായ നേട്ടത്തിനു വേണ്ടി മാത്രം കുതിക്കുമ്പോൾ അതിനിടയിൽ നെഞ്ചോടു ചേർത്തുവയ്ക്കേണ്ട പലരെയും, പലതിനെയും പുറംമ്പോക്കിലേക്ക് വലിച്ചെറിഞ്ഞുപോകുന്നു.

*മാതൃഭൂമി* ദിനപ്പത്രം ഇക്കാര്യത്തിലുള്ള ഉത്കണ്ഠ ഇങ്ങനെ രേഖപ്പെടുത്തി കണ്ടു:

*പുതിയ തലമുറ കരിയറിസ്റ്റുകളാണ്. വ്യക്തിപരമായ നേട്ടം ആഗ്രഹിക്കുന്നവരും അതിൽ അഭിമാനിക്കുന്നവരുമാണവർ. അവരുടെ മുൻഗണന തൊഴിലിനും മറ്റുമാകുമ്പോൾ മാതാപിതാക്കളുടെ ആവശ്യങ്ങൾ പാർശ്വവത്കരിക്കപ്പെടുന്നു.*[42]

സാങ്കേതിക വിദ്യയുടെ അതിപ്രസരണത്തിൽ, മാനുഷിക ബന്ധങ്ങൾ ശിഥിലീകരിക്കപ്പെടുകയും ചുറ്റുപാടിനെക്കുറിച്ച് ജൈവതലത്തിലും ആത്മീയ തലത്തിലും മനുഷ്യർ ഒരുപോലെ അജ്ഞരായിത്തീരുകയും ചെയ്യുന്നു. ഐ. ടി. യുടെ ലോകത്ത് വ്യാപരിക്കുന്ന വിദ്യാർത്ഥികളും ജോലിക്കാരും തങ്ങളുടേതായ ഒരു കൊച്ചു ലോകത്തിൽ മാത്രമാണ് വ്യാപരിക്കുന്നത്. ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്നവർക്കിടയിൽ വിവാഹ മോചനങ്ങൾ വർദ്ധിച്ചു വരുന്നതിൽ സർക്കാർ നടത്തിയ ഒരു പഠനത്തിന്റെ വെളിച്ചത്തിൽ കേന്ദ്രമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ ആശങ്കപ്പെടുകയുണ്ടായി.[43] മാനവ മൂല്യങ്ങൾ പാടെ മറന്നു പോകുമ്പോൾ ജീവിതത്തിൽ താളപ്പിഴകൾ ഉണ്ടാകുക സ്വാഭാവികം; അനിവാര്യം എന്നാണ് പഠനത്തിലെ കണ്ടെത്തൽ.

ഐ.ടി. രംഗത്ത് ജോലിചെയ്യുന്ന പെൺകുട്ടികളെ വിവാഹം ചെയ്യുന്നതിന് താത്പര്യമില്ലെന്ന് സൂചനകൾ ഇക്കാലത്ത് വിവാഹ പരസ്യങ്ങളിൽ വരെ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരിക്കുന്നു. അത്രത്തോളമെത്തിയിരിക്കുന്ന ദുരവസ്ഥ!

മൊബൈലും ഇന്റർനെറ്റും ആണല്ലോ കുഞ്ഞുങ്ങളെ ആകർഷിക്കുന്ന ഘടകങ്ങൾ. പക്ഷേ ഇതിലൂടെ *നമ്മളിൽ* നിന്നും *എന്നിലേക്ക്* ഉള്ള ഒരു ചുരുങ്ങൽ കൂടി പ്രകടമാകുന്നുണ്ട്. ലാന്റ് ഫോൺ കുടുംബാംഗങ്ങളുമായി ബന്ധപ്പെടാനുള്ള മാധ്യമമായി വർത്തിക്കുകയും ഒരു സ്ഥാപനത്തിലെയോ കുടുംബത്തിലെയോ എല്ലാവരുമായുള്ള സമ്പർക്കത്തിന് സഹായകമാവുകയും ചെയ്യുമ്പോൾ മൊബൈൽ ഫോണുകൾ മനുഷ്യരെ അന്യോന്യം ബന്ധിപ്പിക്കാനുള്ളതാണെങ്കിലും പ്രായോഗിക തലത്തിൽ അത് മനുഷ്യരെ ഒറ്റക്കിരുത്തുകയാണ് ചെയ്യുന്നത്; സജീവമായ ബാഹ്യലോകത്തിൽനിന്ന കന്ന് സാങ്കേതികത ഒരുക്കുന്ന ഒറ്റതുരുത്തുകളിലേക്ക് പിൻവാങ്ങുവാനാണ് അത് പ്രേരിപ്പിക്കുന്നത്. താൽക്കാലികമായി വൈകാരിക ബന്ധങ്ങൾ കുറയുകയും ലോകം ശിഥിലമാവുകയും ചെയ്യുന്നു. സ്വയം നിർമ്മിക്കുന്ന സ്വത്വങ്ങളിൽ ധാർമ്മിക-നൈതിക നിയന്ത്രണമില്ലാതെ പൂർണ്ണ സ്വതന്ത്രരായി നിൽക്കുന്നുവെന്ന തോന്നൽ ഉപഭോക്താക്കൾക്ക് നൽകാൻ കമ്പ്യൂട്ടറിന്റെ വിർച്വൽ സങ്കേതങ്ങൾക്ക് കഴിയുന്നു. നിലനിൽപിന്റെ ഈ മിഥ്യാബോധത്തിനപ്പുറം, മനുഷ്യസത്തയെ തിരിച്ചറിയാനോ, ചുറ്റുപാടുമുള്ള സാമൂഹ്യ സാമ്പത്തിക അരക്ഷിതാവസ്ഥയെ മനസ്സിലാക്കാനോ,അതിൽ ഇടപെടാനുള്ള പ്രതികരണശേഷി പ്രകടിപ്പിക്കാനോ ഇന്നത്തെ തലമുറക്കാവാത്തത്[44] സാങ്കേതികതക്കപ്പുറത്ത് ഹൃദയത്തെ ആത്മീയ ചൈതന്യത്താൽ ദീപ്തമാക്കുന്ന ചോദനയെ അതിൽ ഉൾചേർക്കുന്നതിൽ ഈ സാങ്കേതികത പരാജയപ്പെടുന്നു; അശക്തമാകുന്നു എന്നതുകൊണ്ടാണ്. മൂല്യാധിഷ്ഠിതമായ ഒരു ദർശനത്തിന്റെ പ്രസരണം പ്രാപ്തിവഴികളെ നയിക്കാത്തതാണ് ഈ ദുരവസ്ഥക്കു കാരണം. ഇവിടെയാണ് ചാവറപിതാവിനെപ്പോലൊരു യുഗപുരുഷന്റെ കുറവ് പൊള്ളുന്ന തിരിച്ചറിവായി നീറിത്തെളിയുന്നതും.

## അറിവരുതുകളിലൂടെ...... വഴിയിടർച്ചകളിലൂടെ.....

വിദ്യാർത്ഥികളുടെ ഇടയിൽ സൈബർ കുറ്റകൃത്യങ്ങൾ ഇന്ന് പെരുകി വരുന്നു. പുതിയ സാങ്കേതിക വിദ്യയിലെ വൈദഗ്ദ്യം സൃഷ്ടിപരമായി ഉപയോഗിക്കുന്നതിനു പകരം വിനാശാത്മകമായി ഉപയോഗിക്കാനുള്ള പ്രവണത ഏറി വരുന്നു. അതിന്റെ ഏറ്റവും പ്രത്യക്ഷമായ ഉദാഹരണം ഭീഷണി നിറഞ്ഞ SMS സന്ദേശങ്ങളാണ്. മുഖ്യമന്ത്രിയെ വധിക്കുമെന്ന് SMS അയച്ച വിദ്യാർത്ഥി വെറും കൗതുകത്തിനു വേണ്ടി മാത്രമാണോ അത് ചെയ്തത്? സമൂഹത്തിൽ ഭീതി വിതയ്ക്കുന്നതും സംഭീതമായ ചുറ്റുപാടുകൾ സൃഷ്ടിച്ചു രസിക്കുന്നതും ഏതുതരം മനോഭാവത്തിന്റെ പ്രകടനമാണ്?

നാമാലോചിക്കണം; ആലോചിച്ച് ഉത്കണ്ഠപ്പെടണം.

സൈബർ മീഡിയ നൽകുന്ന സൗകര്യങ്ങൾ അനാശാസ്യമായി ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് ധാരാളം കഥകൾ കാമ്പസുകളിൽ നിന്ന് പുറത്തു വരുന്നു. നഗരത്തിലെ വലിയ കലാലയത്തിലെ ഹോസ്റ്റൽ മുറിയിൽ നിന്നും പെൺകുട്ടികളുടെ നഗ്നചിത്രങ്ങളെടുക്കുകയും ആ മൊബൈൽ ചിത്രങ്ങൾ ഇന്റർനെറ്റിലൂടെ പ്രചരിപ്പിക്കുകയും ചെയ്ത വാർത്ത ഞടുക്കമുണർത്തുന്നു. ആരും എപ്പോഴും കുടുങ്ങിപ്പോകത്തക്കവിധം ടെക്നോളജി വലവിരിച്ചിരിക്കുന്നു എന്ന ഭീതിയാണിത് ജനിപ്പിക്കുന്നത്. മോർഫിങ്ങ് മുതലായ സാങ്കേതിക വിദ്യകളുപയോഗിച്ച് മനസ്സറിയാതെ പല നിഷ്കളങ്കരും അപകടങ്ങളിലേക്ക് വലിച്ചിഴക്കപ്പെടുന്നു. ബ്ലാക്ക് മെയിലിംഗ് നടത്തി പണം തട്ടുന്ന കാമ്പസ് കുറ്റവാളികൾ വരെ ഉണ്ടത്രെ![45] ആധുനിക സാങ്കേതിക സൗകര്യങ്ങൾ ആത്മശിക്ഷണമില്ലാത്ത മനസ്സുകളെ ക്രിമിനൽ ചായ്‌വിലേക്ക് ആകർഷിച്ച് കുറ്റവാളികളായി വളർത്തിയെടുക്കുന്നു. ഓൺലൈൻ വഴി ഒരു തൃശ്ശൂർ സ്വദേശിയുടെ 1,17,000 രൂപ തട്ടിയെടുത്തതായി *ദീപിക* റിപ്പോർട്ട് ചെയ്തത്[46] സൈബർ സാമ്പത്തിക കുറ്റകൃത്യമേഖല കേരളത്തിലേക്കും സജീവമായി കടന്നുവെന്ന് തെളിയിക്കുന്നു.

സംസ്ഥാനത്ത് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന കുട്ടികളുടെ എണ്ണത്തിൽ വൻവർദ്ധനയാണുണ്ടായിട്ടുള്ളത്. ദിവസവും കുട്ടികളുടെ കുറ്റകൃത്യവുമായി ബന്ധപ്പെട്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. കുട്ടികളുടെ വർദ്ധിച്ച ആവശ്യങ്ങളും കുടുംബബന്ധങ്ങളിലെ താളപ്പിഴകളുമാണ് കുറ്റകൃത്യങ്ങൾ വർദ്ധിക്കാൻ പശ്ചാത്തല കാരണമാകുന്നത്. കുടുംബവും കുട്ടികളുമായുള്ള ബന്ധം വഷളാകുന്നതും കുറ്റകൃത്യങ്ങളിൽ ഏർപ്പെടാൻ നിമിത്തമാകുന്നുണ്ട്. പലപ്പോഴും വീട്ടുകാരും കുട്ടികളുമായി നല്ലരീതിയിൽ ആശയ വിനിമയം നടക്കുന്നില്ല. വീട്ടിലെത്തിയാൽ ടി.വി. യുടെയും കമ്പ്യൂട്ടറിന്റെയും മുന്നിലാണ് കൂടുതലും സമയം. പ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹരിക്കാനുള്ള സാഹചര്യങ്ങളില്ല. ഒത്തൊരുമിച്ച് കുശലഭാഷണങ്ങളില്ല. ഹൃദയം പങ്കിടലില്ല. ഇന്റർനെറ്റ്, മൊബൈൽ ഇവയുടെ അമിതോപയോഗം കുട്ടികളെ വഴിതെറ്റിക്കുകയാണ്. വിനോദോപാധികളായ സിനിമയും കമ്പ്യൂട്ടറും കുട്ടികളെ തെറ്റായരീതിയിൽ സ്വാധീനിച്ച് കുറ്റകൃത്യങ്ങളെ അതിലാഘവത്തോടെ കാണാൻ പ്രേരിപ്പിക്കുന്നതായും മനഃശാസ്ത്രജ്ഞന്മാർ പറയുന്നു. പത്തു വർഷത്തിനിടെ വിവിധ തലങ്ങളിലുണ്ടായ സാങ്കേതിക വളർച്ചയാണ് കുറ്റകൃത്യങ്ങൾ വർദ്ധിക്കാൻ ഒരു കാരണമെന്ന് തൃശ്ശൂരിലെ ക്രിമിനോളജിസ്റ്റ് ആയ ആർ.കെ. ആശ ചൂണ്ടികാട്ടുന്നു.[47]

ഹൈടെക് യുഗം നമുക്കു നൽകുന്നത് ക്രിയാത്കമായ അനന്ത സാധ്യതകളാണ്. എന്നാൽ എന്തും ദുരുപയോഗപ്പെടുത്തുന്ന ദുഷിച്ച വാസനമൂലം നന്മയുടെ വഴിത്താരകളേക്കാൾ തിന്മയുടെ ദൂഷ്യ ഫലങ്ങൾ കൂടി ഇന്ന് വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ധാർമ്മികമായി അതിന്റെ പേരിൽ നമ്മുടെ യുവതലമുറ ക്ഷയിച്ചുകൊണ്ടിരിക്കുകയുമാണ്. ഒറ്റപ്പെട്ട തുരുത്തുകളായി

തീരുന്ന അവർ തെറ്റായ മാർഗ്ഗങ്ങളിലൂടെയാണ് സ്വയം സൃഷ്ടമായ ഏകാന്തതക്ക് പരിഹാരം കണ്ടെത്തിക്കൊണ്ടിരിക്കുന്നത്. ഇതാണ് ഏറ്റവും ശോചനീയവും ആപൽക്കരവുമായ അവസ്ഥ. മുൻപരിചയമില്ലാത്ത വ്യക്തികളുമായി ഇന്റർനെറ്റിലൂടെയും മൊബൈലിലൂടെയും ആരംഭിക്കുന്ന ചാറ്റിംഗും തുടർന്നുള്ള പ്രണയ ബന്ധങ്ങളും ചതിക്കുഴികളിൽ ചെന്നവസാനിക്കുന്നു. *ദീപിക* പത്രത്തിൽ വന്ന ഒരു വാർത്ത ഇതിന് തെളിവാണ് *മൊബൈൽ പ്രണയം; പ്ലസ്ടുക്കാരിയെ പീഡിപ്പിച്ച് കാമുകൻ മുങ്ങി.*[48] മൊബൈൽ പ്രണയം മൂത്ത് കാമുകനോടൊപ്പം ഒളിച്ചോടിയ പ്ലസ്ടു വിദ്യാർത്ഥിനിയെ തന്റെ ഇംഗിതങ്ങൾക്കു വിധേയയാക്കി നാലുദിവസം പീഡിപ്പിച്ചശേഷം കാമുകൻ നിർദ്ദയം ഉപേക്ഷിക്കിക്കുകയാണത്രെ ചെയ്തത്! ആലപ്പുഴ വച്ചാണ് ഈ സംഭവം നടക്കുന്നത്. കംപ്യൂട്ടർ സോഫ്റ്റ്വെയർ ജോലികൾ ചെയ്യുന്ന ഇയാൾ കൊല്ലത്തുനിന്നും എറണാകുളത്തേക്കു പോകുന്നതിനിടയിലാണ് പെൺകുട്ടിയുടെ സുഹൃത്തിൽ നിന്നും മൊബൈൽ നമ്പർ സംഘടിപ്പിച്ചത്. തുടർന്ന് പെൺകുട്ടിയുടെ മൊബൈലിലേക്ക് ആദ്യം മിസ്സ്ഡ്കോളും പിന്നീട് മെസ്സേജുകളും അയക്കുകയായിരുന്നു. പെൺകുട്ടി പ്രതികരിക്കാൻ തുടങ്ങിയതോടെ ഇയാൾ കടുത്ത പ്രണയം ഭാവിക്കുകയും പെൺകുട്ടിയെ പ്രലോഭിപ്പിച്ച് തട്ടിക്കൊണ്ടു പോവുകയുമാണ് ചെയ്തത്. ഇപ്രകാരമുള്ള സംഭവങ്ങൾ അനുദിനം കൂടി വരുന്നു എന്നത് അമ്പരിപ്പിക്കുന്ന ഒരു നഗ്നസത്യമായിരിക്കുന്നു.

മൊബൈൽ ഉപയോഗം വിദ്യാലയങ്ങളിൽ നിരോധിച്ചിട്ടുണ്ടെങ്കിലും *വിലക്കപ്പെട്ട കനിയുടെ* മാധുര്യം നുകരാൻ ശ്രമിക്കുന്ന വിദ്യാർത്ഥികൾ കുറച്ചൊന്നുമല്ല. മാതാപിതാക്കളെയും അദ്ധ്യാപകരെയും കബളിപ്പിച്ച് പ്രണേതാക്കൾ കൊടുത്ത മൊബൈലുമായി സ്വൈര്യവിഹാരം നടത്തുന്നവർ നാശത്തിന്റെ പടുകുഴിയിലേക്കാണ് തങ്ങളുടെ പോക്ക് എന്ന് തിരിച്ചറിയുന്നത് ഏറെ വൈകി മാത്രമാകുന്നു! ഇന്റർനെറ്റ് ചാറ്റിംഗും, ഓർക്കുട്ടും, ഫേസ്ബുക്ക് സൗഹൃദങ്ങളും ജീവിത വീഥിയിൽ നമ്മെ കുടുക്കാൻ വലവിരിക്കുന്നുണ്ടോ എന്ന് വിവേചിച്ചറിയേണ്ടതുണ്ട്. കാലം അതിനായുള്ള ജാഗരൂകമായ കരുതൽ നമ്മോടാവശ്യപ്പെടുന്നു.

അത്യാധുനിക സംവിധാനങ്ങളാണല്ലോ ഹൈടെക് യുഗം നമുക്ക് പ്രദാനം ചെയ്തിട്ടുള്ളത്. വലുപ്പം പരമാവധി കുറച്ചുകൊണ്ട് ഏറ്റവും എളുപ്പം കൊണ്ടു നടക്കാവുന്ന ഇലക്ട്രോണിക് ഉപകരണങ്ങൾ ആണ് വിപണിയിൽ ഇന്ന് ലഭ്യം. ഗാനങ്ങളും സിനിമകളും വീഡിയോ എന്റർടെയിന്റ്മെന്റ്സുമെല്ലാം പെൻഡ്രൈവിൽ സൗകര്യപ്രദമായി കൊണ്ടു നടക്കാനാകുന്നു. ജീവിതത്തെ നശിപ്പിക്കുന്ന വൈറസുകൾ കൂടി ഇതിലൂടെ വ്യാപകമായിക്കൊണ്ടിരിക്കുന്നു എന്നത് നാമവഗണിച്ചു കൂടാ. കമ്പ്യൂട്ടറുകളുമായി കുട്ടികൾ സ്വകാര്യതയുടെ ഇടം തേടുമ്പോൾ മാതാപിതാക്കളും മുതിർന്നവരും ജാഗ്രത പാലിക്കേണ്ടതുണ്ട്. അലോസരപ്പെടുത്താതെ നയപരമായും മനഃശാസ്ത്ര

പരമായുമുള്ള ഫലപ്രദമായ ഇടപെടൽ ഇന്ന് ആവശ്യങ്ങളിൽ ആവശ്യമായി വന്നിരിക്കുന്നു.

നൂതന സംവിധാനങ്ങളോടെ ഹൈടെക്കിന്റെ പച്ചപ്പരവതാനി പുതച്ചു നിൽക്കുന്ന വിദ്യാലയങ്ങളിൽ കുട്ടികൾക്ക് പ്രവേശനം ലഭിക്കണമെന്നതിനായിരിക്കുന്നു ഇന്നത്തെ രക്ഷകർത്താക്കളുടെ താല്പര്യവും ആഗ്രഹവും മുൻഗണനയും ശ്രമവും. മാത്സര്യമാർന്ന വർത്തമാനകാല ജീവിതാവസ്ഥകളിൽ അതു സ്വാഭാവികവുമാണ്. ആധുനിക സാങ്കേതികതയുടെ ഗുണഭോക്താക്കളും ആ മേഖലയിൽ പ്രാവീണ്യം നേടിയവരുമാകണം വരും തലമുറകൾ എന്നാഗ്രഹിക്കുമ്പോൾ തന്നെ ആ ധാരയിൽ പതിഞ്ഞിരിക്കുന്ന ആപത്സാദ്ധ്യതകൾ മാനസികമായും വൈകാരികമായും സാമൂഹികമായും സാംസ്കാരികമായും അവരിൽ ഏല്പിക്കാവുന്ന ക്ഷതങ്ങളെക്കുറിച്ചും അവ ആത്യന്തികമായി നമ്മുടെ നാളെകളുടെ സമഗ്രതയിൽ ഏല്പിക്കാവുന്ന പരിക്കുകളെക്കുറിച്ചും തിരിച്ചറിയുവാനുള്ള ഉത്തരവാദിത്വവും രക്ഷകർത്താക്കളും അദ്ധ്യാപകരും അടങ്ങുന്ന മുതിർന്നവരുടെ തലമുറയ്ക്കുണ്ട്. ഹൈടെക്ക് യുഗത്തിന്റെ പ്രഘോഷകരായിരിക്കേതന്നെ നാമതു മറക്കാതെയുമിരിക്കുക.

ടെലിവിഷന്റെയും മൊബൈൽഫോണിന്റെയും ഇന്റർനെറ്റിന്റെയും അതിപ്രസരത്തിൽ നമ്മുടെ ഭവനങ്ങളിൽ നിന്ന് വായന പടിയിറങ്ങിയെങ്കിൽ നാം ഭയപ്പെടേണ്ടിയിരിക്കുന്നു.

*ദയവായി ഞാൻ യാചിക്കുകയാണ് നിങ്ങളുടെ ടി.വി. സെറ്റ് വലിച്ചെറിയൂ. പകരം ഭിത്തിയിൽ സുന്ദരമായ ബുക്ക് ഷെൽഫ് ഉണ്ടാക്കൂ!*[14]

റാൽഡ് ഡാൽ എന്ന ചിന്തകന്റെ ഈ നിലവിളി പുസ്തകങ്ങളോട് വിടപറഞ്ഞുകൊണ്ടിരിക്കുന്ന ആധുനിക മനുഷ്യന്റെ ഹൃദയശ്രവണങ്ങളിലാണ് വന്നലക്കുന്നത്. ഒരു വ്യക്തിയുടെ ലോകം വിശാലമാക്കാൻ വായനയോളം വരം നിറഞ്ഞ മറ്റൊരു വഴിയുമില്ല. ജീവിതപ്രയാണത്തിൽ മാർഗ്ഗദീപങ്ങളായി ഉദാത്തപുസ്തകങ്ങളെ തിരഞ്ഞെടുത്തവരാണ് പൂർവ്വസൂരികൾ. ഇലക്ട്രോണിക് യുഗത്തെ വരിക്കുന്നതോടെ പുസ്തകങ്ങളെ ഉപേക്ഷിക്കുന്ന ഒരു യുവതലമുറ വലിയൊരു സുരക്ഷാസ്രോതസ്സിനെയാണ് നഷ്ടപ്പെടുത്തുന്നത്. മുതിർന്നവരെങ്കിലും അതു തിരിച്ചറിയാണം.

കൈവരിക്കാനിരിക്കുന്ന എത്രയോ നേട്ടങ്ങൾ ഈ സരണിയിൽ ഇനിയുമുണ്ട്. അവയെ ഉൾക്കൊള്ളുവാനും പ്രയുക്തമാക്കുവാനുമുള്ള പ്രാപ്തി ഇന്ന് നമ്മുടെ സമൂഹത്തിന് ഉണ്ടായതും നാം ആ ഘട്ടം വരെ വന്നെത്തിയതും ചാവറ പിതാവിനെപ്പോലുള്ള പൂർവ്വസ്മരികൾ സമർപ്പിത യജ്ഞങ്ങളുടെ അടിത്തറയിൽ നിന്നുകൊണ്ട് അക്ഷീണം നടത്തിയ പ്രാപ്തമായ കുതിപ്പുകളിൽ നിന്നാണ്. നന്ദിപൂർവ്വം അതു സ്മരിക്കുമ്പോൾ വ്യംഗ്യങ്ങളിലൂടെ ആ ധന്യാത്മാവ് ജാഗരൂകരായി കരുതലിന്റെ കവചമണിയുക കൂടി നമ്മുടെ ധർമ്മവും കർമ്മവുമാണെന്ന് നിശ്ശബ്ദമായി നമ്മെ ഓർമ്മിപ്പിക്കുന്നതിനു നാം ചെവി കൊടുക്കുക.

■

# പരാമർശ സൂചിക


1. cf. *ടി.വി സാജു*, കമ്പ്യൂട്ടർ കുട്ടികൾക്ക്, ജനറൽ എഡിറ്റർ, ഡി.സി ബുക്ക്സ്, കോട്ടയം, 2006, പേജ്. 60
2. cf .*Prof. S. Madhavan Nair*, Education: its Philosophy, Psychology and Technology, Breeze Publications, Palakkad, 2006, p. 13
3. cf. *ഡോ. കെ. ശിവരാജൻ*, വിദ്യാഭ്യാസം വികസ്വരഭാരതത്തിൽ, കാലിക്കറ്റ് യൂണിവേഴ്സിറ്റി, സെൻട്രൽ കോ- ഓപ്പറേറ്റീവ് സ്റ്റോഴ്സ്, 2007, പേജ്.4
4. Ibid., p.311
5. *പ്രൊഫ. എസ് മാധവൻ നായർ*, വിദ്യാഭ്യാസം ചരിത്രവും ശാസ്ത്രവും, ബ്രീസ് പബ്ലിക്കേഷൻസ്, പാലക്കാട്, 2006, പേജ്.75
6. Ibid., p.72
7. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, ക്രിസ്തീയ വിദ്യാഭ്യാസത്തെ സംബന്ധിച്ച പ്രഖ്യാപനം (GE), No.1
8. cf. *Ali Akdemyr*, Transformation of Higher Education System within the Context of Information and Communication Technology , University News, Vol. 48, No. 46, Nov. 15-21, 2010, p. 3
9. cf. *Muthu Chamy and K. Thiyagu*, Role of ICT in Governance of Higher Education , University News, Vol. 48, Nov. 29 - Dec. 25, 2010, pp. 1-4
10. *ഡോ. പി.ഡി. ജോർജ്ജ്*, "അധ്യാപകർ: ക്ഷേമ രാഷ്ട്ര ശില്പികൾ", ഡോൺ ബോസ്ക്കോ, മാർച്ച് 2008, പേജ്. 39.
11. *പ്രൊഫ. എസ്. മാധവൻ നായർ*, op.cit, p.96
12. *ഡോ. പി.ഡി. ജോർജ്ജ്*, op.cit, p.40.
13. GE. No. 5
14. *പ്രൊഫ. എസ്. മാധവൻ നായർ*, op.cit, p.77
15. cf. *N.L. N. Jayanthy and T.Padmanaban*, "Education Through e- learning", Edutracks, October 2007, p.6
16. cf. *Vijayakumar K.*, Technology A Catalyst of Teaching-Learning Process'', University News, Vol. 38, No. 32, Aug 9-15, 2010, p.19
17. *ഡോ. ബി. ഇക്ബാൽ(എഡി.)*, ഇന്റർനെറ്റും ഇൻഫർമേഷൻ വിപ്ലവവും, ഡി.സി. ബുക്ക്സ്, കോട്ടയം, 2006, പേജ്. 76
18. cf. *Tay Vaughan*, Multimedia Making it Work, Osborne Mcgraw Hill, USA, 1993, p.10

19. *ഡോ.ബി. ഇക്ബാൽ*, op.cit, p.76

20. Ibid., p.76

21. Ibid.

22. *Satheesh Kumar. J.*, Rozene Habtemariam, Learning with Multimedia: A Constructive Co-operative Approach in Education , Edutracks, Vol. 9, No. 8, April 2010, p.16

23. Ibid., p.18

24. *ഡോ.ബി.ഇക്ബാൽ*, op.cit, p.76

25. Ibid., pp. 43-44

26. *ജോർജ്ജ് കുരുക്കൂർ* (വിവ.), സാമൂഹ്യസമ്പർക്ക മാധ്യമങ്ങൾക്കു വേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ രണ്ടു രേഖകൾ, ഇന്റർനെറ്റ് ഉപയോഗവും ധാർമ്മികതയും, പി.ഒ.സി. പബ്ലിക്കേഷൻ, 2002, പേജ്. 23

27. cf. *Alex Barski*, "Advantages and Disadvantages of the Internet in Education", http://www. ehow.com

28. cf. *വർക്കി പട്ടമറ്റം V*, കംപ്ലീറ്റ് കമ്പ്യൂട്ടർ ബുക്ക്, ഡി.സി.ബുക്ക്സ്, കോട്ടയം, 2008, പേജ്. 420

29. cf. *Sue Turner*, The Advantages of Internet in Education, http:// www. ehow.com

30. cf. *Michael J Motta*, Educational Benefits of the Internet, http:// www. ehow.com

31. cf.*Alex Barski*, Advantages and Disadvantages of Internet in Education, http:// www. ehow.com

32. *വി.കെ. ആദർശ്*, എന്താണ് ബ്ലോഗ്? ബ്ലോഗിംഗ് എങ്ങനെ തുടങ്ങാം, കറന്റ് ബുക്സ്, തൃശ്ശൂർ, 2010, പേജ്.13

33. L 'Osservatore Romano, ഓൺലൈൻ ആയി ആഗോള ആശയവിനിമയം, 23 June 2011, പേജ്. 20

34. *വർക്കി പട്ടമറ്റം*, കംപ്ലീറ്റ് കമ്പ്യൂട്ടർ ബുക്ക്, ഡി.സി. ബുക്ക്സ്, 2008, പേജ്.313

35. Ibid.

36. Ibid., p.314

37. Ibid., p.315

38. മലയാള മനോരമ, 2007, ഏപ്രിൽ 26, പേജ്. 5

39. *ജി. സാജൻ*, ദൂരങ്ങളില്ലാത്ത ലോകം, ചിന്താ പബ്ലീഷേഴ്സ്, തിരുവനന്തപുരം, പേജ്. 89

40. ഇന്റർനെറ്റ് ഉപയോഗവും ധാർമ്മികതയും, പേജ്. 25

41. *ഫ്രാൻസീസ് കാരയ്ക്കാട്ട് SDB,* മാധ്യമതലമുറയുടെ മാർഗദർശി, കെ.സി. എസ്.എൽ പബ്ലിക്കേഷൻസ്, പാലാരിവട്ടം, 2009, പേജ്. 105.

42. കുടുംബാന്തരീക്ഷത്തിലെ അരക്ഷിതാവസ്ഥ, മാതൃഭൂമി, ഒക്ടോബർ 2, 2011, പേജ്.4

43. മലയാള മനോരമ, 2011, ജൂലൈ 10, പേജ്.15

44. *ബി.ഉദയകുമാർ,* ഇ-ലോകത്തിലെ അവനവനിസ തലമുറ, ഡോൺ ബോസ്കോ, ഫെബ്രുവരി 2008, പേജ്. 27

45. *പ്രൊഫ.ടി.ഡി.മാത്യു,* കാമ്പസിലെ അടിപൊളി തലമുറ, ഡോൺ ബോസ്കോ, ഡിസംബർ 2008, പേജ്.14-15

46. ദീപിക, ഓഗസ്റ്റ് 24, 2011, പേജ്. 12

47. ദീപിക, ജൂലൈ 30, 2011, പേജ്.6

48. ദീപിക, ജൂലൈ 5, 2011, പേജ്. 11

ആറ്

# ദാനം ധ്യാനപൂർണ്ണം

കൂരിരുട്ടിൽ ഉദയം ചെയ്യുന്ന പ്രകാശം മനതാരിലെപ്പോഴും ഉത്സവത്തിമിർപ്പ് പകരുന്നു; പ്രകാശരേണുക്കൾ പ്രസരിപ്പിക്കുന്നു. ജ്ഞാനപ്രകാശം ഹൃദയത്തിൽ പ്രശോഭിച്ചപ്പോൾ ജാതിയുടെയും മതത്തിന്റെയും കൂറ്റൻ മതിലുകൾ തകർന്നു വീണേ മതിയാകുമായിരുന്നുള്ളൂ. ജാതിസ്പർദ്ധയുടെ സങ്കുചിത മനഃസ്ഥിതിയിൽ നിന്ന് സമൂഹത്തെ മോചിപ്പിച്ച് ആത്മീയ നന്മയിലേയ്ക്ക് ആനയിക്കുവാൻ ചാവറ പിതാവ് കണ്ടെത്തിയ യജ്ഞവഴിയായിരുന്നു വിദ്യാദാന ശുശ്രൂഷ. വിഘടിച്ചും കലഹിച്ചും വേറിട്ടു കഴിഞ്ഞിരുന്ന മനുഷ്യപ്പറ്റങ്ങളെ ഒരു പൊതു സമൂഹധാരയായി ഉണർത്തി ഏകോപിപ്പിക്കുന്നതിൽ അദ്ദേഹത്തിന്റെ വിദ്യാഭ്യാസ ദർശനവും അതിൽ ഉൾച്ചേർന്ന സമത്വ സങ്കല്പവും വഹിച്ച നിസ്തുലമായ പങ്ക് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

നാനാമതഃസ്ഥരായ കുഞ്ഞുങ്ങൾ സമഭാവനയോടെയും സാഹോദര്യത്തോടെയും പാഠങ്ങൾ പാടി തത്തിമരുവുന്ന മനോഹരമായ ഒരുദ്യാനമായാണ് വിദ്യാലയങ്ങളെ ചാവറയച്ചൻ കണ്ടത്. നിഷ്ഠാപൂർവ്വം അദ്ദേഹം നടപ്പിലാക്കിയ *പള്ളിക്ക് ഒരു പള്ളിക്കൂടം* എന്ന ആശയമാണ് ഏകോദര സഹോദരങ്ങളെ പോലെ ഒരുമിച്ചിരുന്ന് വിദ്യ അഭ്യസിക്കാൻ മലയാളിക്ക് വ്യാപകമായ അവസരങ്ങൾ ഒരുക്കിയത്. പൊതു വിദ്യാലയം എന്ന സങ്കൽപം തുലോം അന്യമായിരുന്ന ഒരു കാലഘട്ടത്തിൽ ആ ക്രാന്തദർശി അതിന് വിപ്ലവാത്മകമായ നേതൃത്വം നല്കി. ഒന്നരനൂറ്റാണ്ടുകൾക്കു മുൻപ് അറിവിന്റെ ദീപ്തപ്രഭയിൽ അവനവന്റെ ഉള്ള് സ്വയം തിരിച്ചറിയുവാനും അതുപോലൊരകം അപരനുമുണ്ടെന്ന അറിവിൽ അവനെ തനിക്കൊപ്പം കണ്ട് സമത്വഭാവേന സ്നേഹിക്കുവാനും അവനും താനും പിന്നുള്ളവരുമടങ്ങുന്ന കൂട്ടവുമായി ആ സ്നേഹാവബോധത്തോടെ ഇടപഴകുവാനും പ്രകൃതിയും പ്രപഞ്ചവും താനും തനിക്കൊപ്പമുള്ളവരും ഒരുപോലെ ഒരതീതശക്തിയുടെ ആത്മപ്രസരണമുള്ളവരാണെന്ന് ബോധ്യപ്പെടുവാനും ഇന്നാട്ടിലെ

സർവ്വ സാധാരണക്കാരന് കഴിഞ്ഞുവെങ്കിൽ അതിന് പ്രേരകമായത് ചാവറ പിതാവിന്റെ വിശ്വാസദാർഢ്യത്തോടെയുള്ള അർപ്പിതയത്നങ്ങൾ തന്നെ യാണ്.

അകലങ്ങളുടെ കാലഘട്ടത്തിൽ ജീവിച്ച വ്യക്തിയാണ് ചാവറയച്ചൻ. *ജാതി മതത്തിന്റെ പേരിൽ പരസ്പരം വികർഷിച്ച് അകന്നു കഴിഞ്ഞിരുന്ന ഒരു ആൾക്കൂട്ടമെന്നാണ്*[1] അന്നത്തെ കേരളസമൂഹത്തെ ഡോ. കെ.എസ് രാധാകൃഷ്ണൻ വിശേഷിപ്പിച്ചിട്ടുള്ളത്. ജാതിമതഭേദങ്ങൾക്ക് അതീതമായി ചിന്തിക്കുക എന്നത് അവർക്ക് അന്യമായിരുന്നു. മനുഷ്യന്റെ മഹത്വം മനുഷ്യൻ തിരിച്ചറിയാതെ പകരം പരസ്പരം സ്പർദ്ധയോടെ അകലങ്ങൾ തീർത്ത് കഴിഞ്ഞതിന്റെ കാരണം ബൗദ്ധികവും ആത്മീയവും സാമൂഹിക വുമായ അജ്ഞതയാണെന്ന് ചാവറയച്ചൻ തിരിച്ചറിഞ്ഞു. സാഹസികത യോടെ പൊതുവിദ്യാലയങ്ങൾക്ക് ആരംഭംകുറിച്ച അദ്ദേഹം അതിലൂടെ മനുഷ്യർക്കിടയിൽ പാരസ്പര്യത്തിന്റെ കവാടമാണ് തുറന്നത്. പൊതു വിദ്യാലയങ്ങളിലൂടെ ജാതിമതത്തിന്റെ അതിർവരമ്പുകൾ ദുർബ്ബലങ്ങളാവു കയും *ബന്ധങ്ങളുടെ ഒരു പുൽമേട്* വരമ്പുകൾക്കതീതമായി ഉയർന്നു വരി കയും ചെയ്തു.

...അന്നൊരു മധ്യാഹ്നനേരം... വിദ്യാലയ പൂമുറ്റത്ത് കുട്ടികൾ വിവിധ കളികളിൽ വ്യാപൃതരാണ്; അതിന്റെ കലപിലാരവം ചുറ്റിലും. അങ്കണത്തിൽ ശീതളഛായ നല്കി പന്തലിച്ചു നില്ക്കുന്ന വടവൃക്ഷച്ചുവട്ടിൽ ഒരു യുവാവ് ഇരിക്കുന്നു. സുസ്മേരവദനനാണ് അയാൾ. മുഖത്ത് ഓർമ്മകളുടെ തരം ഗങ്ങൾ തത്തിക്കളിക്കും പോലെ.

ആ വഴിയിലൂടെ ഒരു അധ്യാപിക നടന്നു വന്നു. ചോദ്യഭാവത്തിൽ അപ രിചിതനെ നോക്കി.

അയാൾ പറഞ്ഞു:

*ഞാൻ ഇവിടുത്തെ ഒരു പൂർവ്വ വിദ്യാർത്ഥിയാണ്. ഇപ്പോൾ വിദേശ ത്താണ് ജോലി. അവധിക്ക് നാട്ടിൽ വന്നപ്പോൾ പഴയ ഓർമ്മകൾ ഒന്ന് അയവിറക്കണമെന്ന് തോന്നി. എന്നെ വളർത്തിയത് ഈ വിദ്യാലയമാണ്.*

അതു പറയുമ്പോൾ ആ ഓർമ്മയിൽ അയാളുടെ കണ്ണുകൾ നിറവാർന്നി രുന്നു; ശബ്ദത്തിൽ അതിന്റെ നേർമ്മയേറിയ ഈർപ്പം വിറവാർന്നിരുന്നു...

അയാൾ ഒരൊറ്റപ്പെട്ട വ്യക്തിയല്ല. ഓരോ വിദ്യാലയമുറ്റത്തും മനസ്സു കൊണ്ടെങ്കിലും ഇതുപോലെ ഇടവേളകളിൽ ഓടിയെത്തി ഓർമ്മകളുടെ മരച്ചുവട്ടിൽ ഗൃഹാതുരത്വം അയവിറക്കുന്ന എത്രയെത്ര പേരുണ്ടാകും!

വിദ്യാലയം ബന്ധങ്ങളുടെ ഒരു പുൽമേടാണ്; ഓർമ്മകളുടെയും..... അറി വിന്റെ അക്ഷയഖനി തേടി വരുന്ന കുട്ടികളാണ് ഹരിതാഭമാർന്ന ഈ പുൽമേട്ടിലുള്ളവർ. ബന്ധങ്ങളുടെ ശൃംഖല പണിയുന്നവരാണവർ.

അവരിലൂടെ മാതാപിതാക്കളും അധ്യാപകരും ഉൾച്ചേർന്നുണ്ടാകുന്ന ബന്ധങ്ങളുടെ പാരസ്പര്യമാണ് നമ്മുടെ സമൂഹത്തിന് അടിത്തറയാകുന്നത്. ബന്ധങ്ങളുടെ അഗാധവിശാലമായ ആ വിഹായസ്സിൽ നിന്നും അറിവിന്റെ നൂതനാനുഭൂതികൾ നുകരുന്ന കുട്ടികൾ അതിലൂടെ കർമ്മോത്സുകരാവുക യാണ്. ബന്ധങ്ങൾക്ക് വിള്ളൽ നേരിടുമ്പോൾ കുട്ടികളുടെ സർഗ്ഗാത്മക തയ്ക്കാണ് കോട്ടം തട്ടുന്നത്. ജീവിതത്തിലെ ഉന്മേഷവും പ്രസരിപ്പും നഷ്ടപ്പെട്ട് അവർ തെറ്റായ മാർഗ്ഗങ്ങളിലേയ്ക്ക് ചരിക്കുവാൻ അതിടയാ ക്കുന്നു. ചാവറയച്ചൻ അത് മുൻകൂട്ടി കണ്ടിരുന്നു:

*കുട്ടികളെ സ്ക്കൂളിൽ അയച്ചാൽ മാത്രം പോരാ, അവർ പഠിക്കുന്നുണ്ടോ എന്നും എങ്ങനെയുള്ള കൂട്ടുകാരുമായി നടക്കുന്നുവെന്നും അന്വേഷിക്കണം.*[2]

മാതാപിതാക്കളും അധ്യാപകരും കുട്ടികളും തമ്മിലുള്ള സൗഹൃദ കൂട്ടായ്മകൾ കുട്ടികളെ ഉദാത്തമായ വളർച്ചയിലേയ്ക്ക് നയിക്കും. അങ്ങനെ വിദ്യാലയം ശീതളഛായ പകരുന്ന തണൽ മരങ്ങളായി കുട്ടികളുടെ മനസ്സുകളിൽ ചൈതന്യമാർന്ന ഓർമ്മകളായി എന്നെന്നും വിടർന്നു വിരാജിക്കും.

**ചങ്ങാത്തങ്ങളുടെ കുടക്കീഴിൽ**

മക്കളുടെ പഠനനിലവാരവും അവരുടെ സുഹൃത്തുക്കൾ ആരൊക്കെ യെന്നും മാതാപിതാക്കൾ അന്വേഷിച്ചറിയണമെന്ന ചാവറയച്ചന്റെ സ്നേഹമൊഴി ഒരു പുനർവ്യാഖ്യാനത്തിന് വിഷയമാണ്. മാതാപിതാക്കൾ ഇടവിട്ടു നടത്തുന്ന വിദ്യാലയ സന്ദർശനവും അധ്യാപകരുമായുള്ള ഇടപഴകലും കുട്ടികളിൽ വലിയ സ്വാധീനം ചെലുത്തും. അങ്ങനെ കരുത ലോടെ പുറകെതേടിയെത്തപ്പെടുവാനും ക്ഷേമപുരോഗികൾ ആരാഞ്ഞും ഉറപ്പുവരുത്തപ്പെടുവാനും മാത്രം തങ്ങൾ വിലപ്പെട്ടവരാണെന്ന തോന്നൽ ലക്ഷ്യബോധത്തിലേയ്ക്ക് അവരെ നയിക്കും. ജീവിതപ്രയാണത്തിൽ പലവിധ അസ്വസ്ഥതകളിൽ കുടുങ്ങി കിടക്കുന്നവരാണ് എല്ലാവരും. അവർ ക്കാവശ്യം അവയിൽ നിന്നുള്ള മോചനമാണ്. എങ്കിലേ തുടർപ്രയാണം സുഗമമാകൂ. ഇക്കാര്യത്തിൽ അധ്യാപകരുടെ പങ്ക് ഏറെ സഹായകമാണ്. ജീവിത വ്യഗ്രതയ്ക്കിടയിൽ തകർന്നുപോകുന്ന കുടുംബബന്ധങ്ങൾ പുനഃ സ്ഥാപിക്കാൻ, അധ്യാപകരും മാതാപിതാക്കളും തമ്മിലുള്ള പാരസ്പര്യം അനുകൂല അന്തരീക്ഷം സൃഷ്ടിക്കും. കുട്ടികൾക്ക് സുരക്ഷിതത്വം നല്കാനു മതെ മാതാപിതാക്കളും അധ്യാപകരും ഒരുമിച്ചുള്ള പ്രവർത്തനം ശക്തി പകരും. ഇത്തരത്തിലുള്ള സഹവർത്തിത്വം കുടുംബബന്ധങ്ങളെ മാത്രമല്ല അതിലൂടെ സമൂഹബന്ധങ്ങളെക്കൂടി ഊട്ടിയുറപ്പിക്കുന്നു. കുട്ടികളുടെ കഴിവുകൾ വളർത്താൻ അവശ്യസഹായകമായ പരസ്പരവിശ്വാസ ത്തിന്റെയും സ്നേഹത്തിന്റെയും അന്തരീക്ഷം സംസൃഷ്ടമാക്കാൻ

അധ്യാപകരും മാതാപിതാക്കളും ഒരുപോലെയും ഒരുമിച്ചും ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ഇപ്രകാരം ഏകോപിതമായി മുന്നോട്ടു പോകുമ്പോൾ വിദ്യാലയങ്ങൾ പരസ്പര സമ്പർക്കത്തിന്റെയും സംസർഗ്ഗത്തിന്റെയും സംഗമവേദികളായി പരിണമിക്കുകയും അധ്യാപകർ സ്നേഹപ്രകാശമായി ജീവിതവീഥിയിൽ വഴിവെളിച്ചമായി പ്രശോഭിക്കുകയും ചെയ്യുന്നു

ജീവിതയാത്രയിൽ എന്നും ശക്തിയും ഓജസ്സും നല്കുന്ന ഒന്നാണ് സൗഹൃദം.

*വിശ്വസ്തനായ സ്നേഹിതൻ ബലിഷ്ഠമായ സങ്കേതമാണ്. അവനെ കണ്ടെത്തിയവൻ നിധി കണ്ടെത്തിയിരിക്കുന്നു. വിശ്വസ്തനായ സ്നേഹിതനെപോലെ അമൂല്യമായി ഒന്നുമില്ല. അവന്റെ മാഹാത്മ്യം അളവറ്റതാണ്. വിശ്വസ്തനായ സ്നേഹിതൻ ജീവാമൃതമാണ്* (പ്രഭാ.6: 14-16).

നല്ല സുഹൃത്ത് ജീവിത പ്രതിസന്ധികളിൽ ആശ്വാസവും പ്രത്യാശയും നല്കുന്ന അനുഗ്രഹമായി ഭവിക്കുന്നു. സുഹൃത്തിന് അങ്ങോട്ട് എപ്രകാരം എന്ത് നന്മ ചെയ്യാം എന്ന കരുതലാണ് സൗഹൃദത്തിന് എവിടെയും ജീവധാര.

സുഹൃത്തുക്കൾ ചെലുത്തുന്ന സ്വാധീനശക്തി വലുതാണ്. നന്മയിലേയ്ക്കോ തിന്മയിലേയ്ക്കോ ആകർഷിക്കപ്പെടുന്നതിൽ, നയിക്കുന്നതിൽ സുഹൃത്തുക്കൾ വലിയ പങ്കുവഹിക്കുന്നു. സ്നേഹിതരെ തിരഞ്ഞെടുക്കുന്നത് വിവേകപൂർവ്വമായിരിക്കണമെന്ന് ചാവറപിതാവ് ഓർമ്മിപ്പിക്കുന്നു:

*നിനക്ക് സ്നേഹിതന്മാർ അധികം വേണ്ട. പിന്നെയോ ആയിരം പേരിൽ നിന്ന് സൂക്ഷിച്ചു ഒരാളെ തിരഞ്ഞെടുക്കുക. തമ്പുരാനെ സ്നേഹിക്കാത്തവൻ സത്യമായും നിന്നെയും സ്നേഹിക്കയില്ല.*[3]

ദൈവസ്നേഹികളെയാണ് സുഹൃത്തുക്കളായി തിരഞ്ഞെടുക്കേണ്ടത്. അവർ മനുഷ്യസ്നേഹികളുമായിരിക്കും. മക്കളുടെ സുഹൃത്തുക്കളുമായി ഹൃദ്യമായ ഒരു ബന്ധം മാതാപിതാക്കന്മാർ പുലർത്തുന്നത് അവരുടെ ആരോഗ്യപൂർണ്ണവും സമഗ്രവുമായ വ്യക്തിത്വവളർച്ചയ്ക്കും മക്കളുമായുള്ള ഊഷ്മളമായ ബന്ധത്തിനും ഏറെ സഹായകമാണ്.

തണൽമരങ്ങൾ എവിടെയും ശരീരത്തിനും മനസ്സിനും ഹൃദയത്തിനും കുളിർമ പകരുന്നു. യാത്രയ്ക്കിടയിലെ ആശ്വാസ കേന്ദ്രങ്ങളാണവ. പഠനവീഥിയിൽ അധ്യാപകരും മാതാപിതാക്കളും സുഹൃത്തുക്കളും ശീതളഛായ പകരുന്ന തണൽ മരങ്ങളാണ്. വിദ്യാഭ്യാസസമൂഹത്തിലെ ഓരോ അംഗവും ഈ തണൽ മരത്തിലെ ശാഖയാണ്. കൂട്ടായ്മയുടെ ശീതളഛായയാണ് വിദ്യാഭ്യാസസമൂഹത്തിന് ചലനാത്മകതയും ജീവനും നല്കുന്നത്. വിദ്യാർത്ഥികൾ, മാതാപിതാക്കൾ, അധ്യാപകേതരവ്യക്തികൾ, സ്കൂൾ മാനേജ്മെന്റ്..... എല്ലാം ഉൾച്ചേർന്നതാണ് വിദ്യാഭ്യാസസമൂഹം. ഇവരുടെ ഉത്തമമായ കൂട്ടായ്മയുടെ നൽഫലമാണ് വിദ്യാഭ്യാസപരമായ ദൗത്യസഫലീകരണം.

കുട്ടികൾക്ക് സ്വതന്ത്രമായി വളരാനും വികസിക്കാനും അനവധി അവസരങ്ങൾ വിദ്യാലയങ്ങളിൽ ലഭിക്കുന്നുണ്ട്. രക്ഷിതാക്കളുടെ സ്വാർത്ഥതയും അമിത മത്സരബുദ്ധിയും പലപ്പോഴും കുട്ടികളെ നിഷ്ക്രിയരാക്കുന്നു. കേവലം ഭൗതികസാഹചര്യ കേന്ദ്രീകൃതമായ ഒരു അടിത്തറയല്ല കുട്ടികൾക്കാവശ്യം എന്ന് മുതിർന്നവർ തിരിച്ചറിയണം. ജീവിതസാഹചര്യങ്ങൾക്കനുസൃതമായ വളർച്ചയാണ് അഭികാമ്യം; ആവശ്യവും. ഈ വളർച്ചയിൽ രക്ഷിതാക്കളും പൊതുസമൂഹവും അധ്യാപകരും ഒരുപോലെ താങ്ങും തണലുമായി വർത്തിക്കണം. ജീവിതത്തിൽ വിജയിച്ച ഏത് വ്യക്തിയുടെയും വിജയത്തിന്റെ പിന്നാമ്പുറ അടിത്തറ മാതാപിതാക്കൾ, അധ്യാപകർ, മാർഗ്ഗദർശികൾ എന്നിവരുടെ ഏകോപിത പിൻബലമാണെന്നു കാണാം.

2010–11 അധ്യയനവർഷത്തിലെ S.S.L.C. പരീക്ഷയിലെ A+ ജേതാക്കളെ അനുമോദിച്ച ഒരു സന്ദർഭം ഓർമ്മ വരുന്നു. അധ്യാപകരുടെ വ്യക്തിപരമായ ശ്രദ്ധയും മാതാപിതാക്കളുടെ കരുതലോടെയുള്ള പ്രോത്സാഹനവും പ്രാർത്ഥനയും ആണ് തങ്ങളുടെ വിജയരഹസ്യമെന്ന് കുട്ടികൾ ഒന്നടങ്കം ഏറ്റുപറയുകയായിരുന്നു അവിടെ അന്ന്. അവർ പറഞ്ഞത് സത്യവുമായിരുന്നു. കുട്ടികളുടെ ആരോഗ്യകരമായ വ്യക്തിത്വരൂപീകരണത്തിന് മാതാപിതാക്കളും അധ്യാപകരും ഒന്നുചേർന്നുള്ള പ്രവർത്തനം അത്യന്താപേക്ഷിതമാണ്.

*കുടുംബങ്ങളുടെയും അധ്യാപകരുടെയും ഉൾപ്പെടൽ പരസ്പരവിശ്വാസത്തിന്റെയും ആദരവിന്റെയും അന്തരീക്ഷം സൃഷ്ടിക്കും. പൊതുനന്മയ്ക്ക് ഉതകുന്ന ഏതൊന്നിന്റെയും അന്വേഷണത്തിൽ സംവാദത്തിനും സമാധാനപൂർണ്ണമായ സഹവർത്തിത്വത്തിനുമുള്ള കഴിവിന്റെ വികസനത്തെ അതു വർദ്ധിപ്പിക്കും.*[4]

നമ്മുടെ വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന അധ്യാപക രക്ഷാകർതൃ സംഘടനകളും അവരുടെ പ്രവർത്തനങ്ങളും കുട്ടികൾക്ക് വളർച്ചയിലേയ്ക്കുള്ള നാഴികക്കല്ലുകളാണ്. അത് കുട്ടികളെക്കാൾ മുൻപേ തിരിച്ചറിഞ്ഞ് കരുതലോടെ ജാഗരൂകരായി സ്വയം ഏകോപിക്കുവാൻ മുതിർന്നവർ ഒരുമിക്കേണ്ടതുണ്ട്.

### അന്നേ മനസ്സിൽ കണ്ടു!

ക്രാന്തദർശിയായിരുന്നു ചാവറയച്ചൻ എന്ന് നാം കണ്ടു. ആ ദീർഘവീക്ഷണത്തിന്റെ ഫലമായി ആധുനിക സാങ്കേതികതയുടെ ഏറ്റവും പുതിയ വിളഫലങ്ങൾ വരെ ഇന്ന് സാധാരണക്കാർക്കു ലഭ്യമാണ്. വിദ്യാഭ്യാസ വിപ്ലവങ്ങളിലൂടെയും അതിനനുബന്ധമായുള്ള അച്ചടി പ്രസാധന മാധ്യമരംഗത്തെ പ്രവർത്തനങ്ങളിലൂടെയും അന്നേ അതിനായുള്ള കരുക്കൾ

ഇണക്കി നൽകുകയായിരുന്നു അദ്ദേഹം. ആശയവിനിമയരംഗത്ത് ഒരു പുതിയ യുഗത്തിൽ നാമിത്ര അനായാസമായി എത്തിപ്പെടുവാനിടയായത് ആ സുമനസ്സിന്റെ കരുതലാൽ തന്നെയത്രെ!

ജീവിതത്തിന് ചലനാത്മകത കൈവരുന്നത് ആശയവിനിമയത്തിലൂടെയാണ്. ബന്ധങ്ങൾ പടുത്തുയർത്താനും മറ്റുള്ളവരെ ലക്ഷ്യപ്രാപ്തിയിലേക്ക് നയിക്കാനും പ്രശ്നങ്ങളെ തരണം ചെയ്യാനും ആശയവിനിമയം അനിവാര്യം. ഫലപ്രദമായ ആശയവിനിമയമില്ലാതെ വ്യക്തി, കുടുംബം, രാഷ്ട്രം ഒന്നിനും നിലനിൽക്കാനാവില്ല. പരസ്പരം ബന്ധിപ്പിക്കുന്ന കണ്ണിയായി ആശയവിനിമയം വർത്തിക്കുന്നു. പ്രസാദാത്മകവും അനുഗ്രഹപൂർണ്ണവും ആയ രീതിയിൽ സമൂഹത്തിലെ വ്യക്തികളെ പരസ്പരം കോർത്തിണക്കാൻ അന്നേ ചാവറയച്ചൻ യത്നിച്ചിരുന്നു. പൊതുജനത്തെ സഹകരിപ്പിച്ചുകൊണ്ട് ജാതിയുടെയും മതത്തിന്റെയും അതിർവരമ്പുകൾ മറികടന്ന് നാടിന്റെ സാമൂഹ്യസ്ഥിതി മെച്ചപ്പെടുത്തുവാൻ ഉതകുന്ന പദ്ധതികളാണ് അദ്ദേഹം ആവിഷ്കരിച്ചത്. ജനങ്ങളിലേക്കെത്തുക; അവരുടെ ഹൃദയത്തിൽ അനുരണനങ്ങൾ ഉണർത്തുക, അതായിരുന്നു ലക്ഷ്യം; അതിനായി പ്രാപ്യമായ എല്ലാ വഴികളും അദ്ദേഹം അവലംബിച്ചു.

ജനഹൃദയങ്ങളെ കീഴടക്കിയ വ്യക്തിയായാണ് അദ്ദേഹം വാഴ്ത്തപ്പെടുന്നത്. പ്രസംഗം, ധ്യാനം, വ്യക്തിപരമായ ഉപദേശം, എന്നിവയിലൂടെ ആയിരുന്നു അദ്ദേഹത്തിന്റെ ആശയവിനിമയം. ഞായറാഴ്ചപ്രസംഗങ്ങൾ പതിവില്ലാതിരുന്ന ഒരു കാലഘട്ടത്തിലാണ് അദ്ദേഹം തന്റെ പ്രസംഗങ്ങളിലൂടെ ആത്മീയഘോഷണങ്ങൾ നടത്തി അജവൃന്ദത്തെ പ്രബുദ്ധമാക്കിയത്. മുന്നൊരുക്കത്തോടെയല്ലാതെ അദ്ദേഹം പ്രസംഗങ്ങൾ നടത്തിയിട്ടേയില്ല. പ്രാർത്ഥനയിലും ധ്യാനത്തിലും ധാരാളം സമയം ചെലവഴിച്ചതിനുശേഷമാണ് ജനത്തോട് പ്രസംഗിച്ചിരുന്നത്.[5] അധരങ്ങളിൽ നിന്നല്ല ഹൃദയത്തിൽ നിന്നാണ് ആ വചസ്സുകൾ ഉതിർന്നു വീണത്. *പ്രസംഗപീഠത്തിലെ സിംഹം* എന്നാണ് സമകാലികർ അദ്ദേഹത്തെ വിശേഷിപ്പിച്ചിരുന്നത്. വശ്യതയാർന്ന പ്രസംഗത്തിലൂടെ ജനമനസ്സുകളിൽ ശക്തമായ സ്വാധീനം ചെലുത്തുവാൻ കഴിഞ്ഞ അദ്ദേഹം വാഗ്മികലയെ പ്രകാശനമാധ്യമമാക്കി പ്രയുക്തിഫലത്തിലെത്തിക്കുകയായിരുന്നു.

മലബാറിലുടനീളം ധ്യാനം നടത്തി അവരെ ആത്മീയ ഉണർവ്വിലേക്ക് കൊണ്ടുവരാൻ ചാവറയച്ചനു സാധിച്ചു. ശത്രുതയിലായിരുന്ന വ്യക്തികളെ രമ്യതപ്പെടുത്തുവാൻ പ്രത്യേക സമ്മേളനം വിളിച്ചു കൂട്ടുക എന്നത് അദ്ദേഹത്തിന്റെ രീതി ആയിരുന്നു. ഒരു വർഷത്തിൽ അൻപതുവരെ ധ്യാനങ്ങൾ നടത്തിയിരുന്നതായി പറയപ്പെടുന്നു.[6]

മാതൃഭാഷയിൽ അച്ചടിച്ച ഒരു പ്രാർത്ഥനാ പുസ്തകവും ചാവറയച്ചന്റെ കാലഘട്ടത്തിൽ ഉണ്ടായിരുന്നില്ല. ചാവറയച്ചന്റെ കഠിനാദ്ധ്വാനത്തിന്റെ

ഫലമാണ് 1846-ൽ മാന്നാനത്ത് സ്ഥാപിതമായ സെന്റ് ജോസഫ്സ് പ്രസ്സ് എന്ന് നാം കണ്ടു. ആത്മീയ ഉണർവ്വും പ്രകാശവും നൽകാൻ മുദ്രണാലയങ്ങൾ സഹായകമാകുമെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. *ജ്ഞാനപീയൂഷം* എന്ന പ്രാർത്ഥനാ പുസ്തകമാണല്ലോ പ്രസ്സിൽ നിന്ന് ഇറങ്ങിയ പ്രഥമ പുസ്തകം. *ദിവ്യമാതൃക, ജ്ഞാനപ്രജാഗരം, ഗൃഹസ്ഥ ധർമ്മോദ്യാനം, വൃത്താന്തനവരത്നം* എന്നിവയാണ് തുടർന്നുവന്ന മറ്റു പുസ്തകങ്ങൾ.[7]

ചാവറയച്ചൻ തുടങ്ങിവച്ച അച്ചടിമാധ്യമവ്യാപനം കൂടുതൽ കാര്യക്ഷമതയോടെ ഇന്നും തുടർന്നു പ്രവർത്തിക്കുന്നു. പത്രങ്ങളുടെയും വാരികകളുടെയും മാസികകളുടെയും എണ്ണം അനുദിനം കൂടിക്കൂടി വരുന്നു. *വൈവിധ്യമാർന്നതും വിവിധതലങ്ങളിലുള്ളതുമായ വാർത്തകൾ നല്കികൊണ്ട് സമകാലിക സംസ്കാരത്തിന്റെ ലിഖിതരൂപമായി*[8] പത്രങ്ങൾ വർത്തിക്കുന്നു. എന്നാൽ, വാർത്താമാധ്യമങ്ങൾ വിഭാവനഘട്ടത്തിൽ സങ്കൽപിക്കപ്പെട്ടിരുന്ന സോദ്ദേശപ്രകാശനലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിക്കുന്നു എന്ന വർത്തമാനകാലദുരന്തവും ഇക്കൂട്ടത്തിൽ നാം കാണാതിരുന്നുകൂടാ..... ഏതൊരു പ്രസ്ഥാനവും ലാഭമാത്രമോഹികളാൽ വ്യവസ്ഥിതീവത്കരിക്കപ്പെടുമ്പോൾ സംഭവിക്കാവുന്ന മൂല്യച്യുതിയുടെ ജീർണ്ണതക്കെതിരെ ഇന്നിവിടെ പ്രതിരോധമുറകൾ ആവിഷ്കരിക്കുവാൻ ദൈവഹിതത്തിനും മനുഷ്യനന്മക്കുമപ്പുറം മറ്റൊന്നിനോടും വിധേയത്വമില്ലാത്ത ചാവറയച്ചനെപ്പോലെ കരുത്തനായ ഒരു പോരാളിയുടെ സമർപ്പിത നേതൃത്വം ഇല്ലാതെ പോകുന്നു എന്നത് ഇന്നിന്റെ നിർഭാഗ്യം. അദ്ദേഹം ഇന്ന് നമുക്കൊപ്പം ഉണ്ടായിരുന്നുവെങ്കിൽ ഈ അധമ വ്യാപനങ്ങളെ സമർത്ഥമായി തടയുകയും ഇനിയുമൊരു രണ്ടു നൂറ്റാണ്ടുകൾ മുൻകൂട്ടി കണ്ടുകൊണ്ട് മാധ്യമധാരയെ ആ വഴിയെ ക്രിയാത്മകമായി നയിക്കുകയും ചെയ്യുമായിരുന്നു; ഉറപ്പായും.

ജനങ്ങളുടെ ആദ്ധ്യാത്മിക പുരോഗതി ലക്ഷ്യം വച്ചുകൊണ്ടാണ്, എന്നും ചാവറയച്ചൻ തന്റെ തൂലിക ചലിപ്പിച്ചത്. *ആത്മാനുതാപം, അനസ്താസ്യയുടെ രക്തസാക്ഷ്യം, മരണവീട്ടിൽ പാടാനുള്ള പാന, നല്ല അപ്പന്റെ ചാവരുൾ, ധ്യാനസല്ലാപം* എന്നിവയാണല്ലോ ചാവറയച്ചന്റെ മുഖ്യ രചനകൾ. സഹജീവി സ്നേഹം കൊണ്ടും സർവ്വജനക്ഷേമകാംക്ഷകൊണ്ടും തുടിക്കുന്ന വിശ്വാസ തീക്ഷ്ണമായ ഒരു ഹൃദയത്തിന്റെ സാന്നിധ്യം ഇവയിലെല്ലാം തൊട്ടറിയാൻ നമുക്കു സാധിക്കും. കഥകളും ഉപകഥകളും സന്ദർഭോചിതമായി വിന്യസിക്കുന്നതിൽ പ്രസംഗഭാഷയിലും എഴുത്തുഭാഷയിലും അസാമാന്യ വിരുത് അദ്ദേഹത്തിനുണ്ടായിരുന്നു. ക്രിസ്തുവിന്റെ മാതൃക തന്നെയാണ് അദ്ദേഹം അക്കാര്യത്തിൽ പിന്തുടർന്നത്.

ജനങ്ങളുടെ ആവശ്യങ്ങളെ മുൻകൂട്ടികാണുകയും കാലത്തിന്റെ സാധ്യതകളെ അവർക്കായി കരുതലോടെ ഒരുക്കി വിന്യസിക്കുകയും ചെയ്തു ആ കർമ്മയോഗി. പരസ്പരം അകന്നു കഴിഞ്ഞവരെ ആശയ

വിനിമയ മാർഗ്ഗങ്ങളിലൂടെ കോർത്തിണക്കാൻ കഴിയുമെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ഇന്ന് നൂതന സാങ്കേതിക വിദ്യകളാൽ അനുഗൃഹീതമാണ് ആശയ വിനിമയരംഗം എങ്കിൽ നാമതിന്റെ അനുകൂല ഭൂമികയുടെ പേരിൽ കടപ്പെട്ടിരിക്കുന്നത് ചാവറയച്ചനോടാണ്. എത്ര വിദൂരത്തിലുള്ളവരോടും നിഷ്പ്രയാസം ബന്ധപ്പെടാൻ സാധിക്കത്തക്കവിധം ഇന്ന് നമ്മുടെ ആശയ വിനിമയ രംഗം വളർന്നിരിക്കുന്നുവെങ്കിൽ നന്ദിയോടെ നാം ആ ധന്യസ്മൃതിയെ പ്രണമിക്കാതെ വയ്യ.

കേരളക്കരയിൽ പൊതുവിദ്യാഭ്യാസം നടപ്പിലായതിനുശേഷമാണ് എല്ലാവരും സമഭാവനയോടെ പരസ്പരം ദർശിക്കാൻ തുടങ്ങിയതെന്ന് നാമറിയുന്നു. ഒരേ ബെഞ്ചിലിരിക്കുന്ന കുട്ടികൾ തോളോട് തോൾ ചേർന്ന് സ്കൂൾ അങ്കണത്തിലും  വേദികളിലും ഒരേ പോലെ വ്യാപരിക്കുന്ന കാഴ്ച ഇന്ന് നമുക്ക് സുപരിചിതമാണ്. അത് സങ്കൽപിക്കുക കൂടി അസാധ്യമായിരുന്ന ഒരു കാലഘട്ടത്തിൽ അതിനായി തന്റേടത്തോടെ ആദ്യ ചുവടു വച്ച കർമ്മധീരനായിരുന്നു ചാവറയച്ചൻ. ജാതിവ്യവസ്ഥയുടെ പേരിലുള്ള സങ്കുചിത മനഃസ്ഥിതിയും വേർതിരിവും വിദ്യ സാർവ്വത്രികമായി പ്രാപ്യമായതോടെ താനേ നിർമ്മാർജ്ജനം ചെയ്യപ്പെട്ടു. വിദ്യാലയ പടിവാതിൽ സർവ്വർക്കുമായി ചാവറയച്ചൻ ഹൃദയപൂർവ്വം തുറന്നിട്ടത് 1865 ലാണ്.

*അന്ന് ശ്രീ നാരായണഗുരു കേവലം 9 വയസ്സുള്ള ബാലൻ മാത്രമായിരുന്നു. മതമോ ജാതിയോ നോക്കാതെ വിദ്യാഭ്യാസത്തിലൂടെ ഒരു സമൂഹത്തെ പാരതന്ത്ര്യത്തിന്റെ ചങ്ങലകളിൽ നിന്നും മോചിപ്പിക്കുവാൻ കഠിനമായും സാഹസികമായും പ്രയത്നിച്ച ചാവറയച്ചനു നമ്മുടെ നവോത്ഥാന നായകരിൽ സുപ്രധാന സ്ഥാനമുണ്ട്.*[9]

വീടുകളിൽ നിന്നും വിദ്യാലയത്തിലേക്ക് കുട്ടികൾ ചുവടു വയ്ക്കുന്നതോടെ വീടും നാടും വിദ്യാലയവും ഉൾക്കൊള്ളുന്ന പാരസ്പര്യത്തിന്റെ ഒരു ഹൃദയതാളം  കുട്ടികളിൽ ഉണരുവാൻ മനസ്സുകൾ സജ്ജമാവുകയാണ്. *സ്വാർത്ഥഭാവത്തിന്റെ* സങ്കുചിതത്ത്വത്തിൽ നിന്ന് *പരോന്മുഖതയുടെ* ഒരു പുത്തൻ സംസ്കാരം രൂപപ്പെടുകയാണ് അതിലൂടെ. ചാവറയച്ചൻ സ്വപ്നം കണ്ടതുപോലെ *ജ്ഞാനകുരുടത്വത്തിൽ* നിന്നുള്ള മോചനം തന്നെയാണ് അതിനാൽ വിദ്യാഭ്യാസം. അക്ഷരവെളിച്ചത്തിലൂടെ അടിമപ്പെടുത്തിയിരുന്നതിനോടെല്ലാം വിടപറയാനുള്ള ആത്മധൈര്യം വ്യക്തിക്കു ലഭിക്കുന്നു. സ്വയം അറിയാൻ  അവൻ പ്രാപ്തനാകുന്നു. അറിയുക എന്നാൽ തന്റെ കഴിവുകളും സിദ്ധികളും പരിമിതികളും സ്വയം അംഗീകരിച്ചുകൊണ്ട് കുടുംബത്തിന്റെയും സമൂഹത്തിന്റെയും നാടിന്റെയും നന്മയ്ക്കായി അത് വ്യയം ചെയ്യാനുള്ള വിശാല മനോഭാവത്തിലേക്ക് രൂപാന്തരപ്പെടുന്നു എന്നാണ്, ആവണം അർത്ഥം. മുൻ സ്പീക്കർ കെ. രാധാകൃഷ്ണന്റെ *വിദ്യാഭ്യാസം മനസ്സിനെ സ്വതന്ത്രമാക്കും*[10] എന്ന നിരീക്ഷണം ഇതോടു ചേർത്തു വായിക്കണം.

വിദ്യ ഒരു ചാലകശക്തിയാണ്. 19-ാം നൂറ്റാണ്ടിൽ അവഗണിക്കപ്പെട്ട് കഴിഞ്ഞിരുന്ന സ്ത്രീജനതയെ ഉയർത്തിക്കൊണ്ടു വരാൻ ശ്രമിച്ച കർമ്മയോഗിയാണല്ലോ ചാവറയച്ചൻ. അകത്തളങ്ങളിൽ അടയ്ക്കപ്പെട്ട സ്ത്രീകൾക്ക് പ്രത്യാശയുടെ കെടാവിളക്ക് വിദ്യാഭ്യാസത്തിലൂടെ അദ്ദേഹം കൊളുത്തി നല്കി. ആ പ്രകാശ വീഥിയിലൂടെ കുടുംബങ്ങളിലും ചുറ്റുപാടുകളിലും സ്ത്രീ നന്മയുടെ തേജസ്സായി വിളങ്ങുവാൻ പ്രാപ്തയായി. ഓരോ വ്യക്തിയും ആയുഷ്ക്കാലം മുഴുവൻ സമൂഹവുമായി ബന്ധപ്പെടുന്നത് തന്റെ കുടുംബത്തിൽ നിന്നു ലഭിച്ച പരിശീലനം അനുസരിച്ചാണല്ലോ. *കുടുംബം പ്രഥമ വിദ്യാലയം* എന്നാണ് ആപ്തവാക്യം. കുടുംബത്തെ മൂല്യങ്ങളുടെ കേദാരഭൂമിയാക്കാൻ വിദ്യാഭ്യാസ പരിശീലന പദ്ധതി സഹായകമാണ്. *സ്ത്രീ ഉണർന്നാൽ നാട് ഉണരും* എന്ന് വിശ്വസിച്ച ചാവറയച്ചൻ തുടങ്ങി വച്ച സ്ത്രീ വിദ്യാഭ്യാസം പരിവർത്തനത്തിന്റെ വലിയഅലകൾ തന്നെ കേരള സമൂഹത്തിൽ സൃഷ്ടിച്ചു. 19-ാം നൂറ്റാണ്ടിൽ പൊതുരംഗത്ത് സ്ത്രീകൾ കടന്നു വരുന്നത് സങ്കല്പിക്കുവാനാകുമായിരുന്നില്ലല്ലോ. എന്നാൽ സ്ത്രീകൾ ഇന്ന് വിശിഷ്ട പദവികൾ അലങ്കരിക്കുന്നു. മിക്ക രംഗങ്ങളിലും നേതൃനിരയിൽ എത്തുന്നു. വിദ്യാഭ്യാസമേഖലയിലാണെങ്കിൽ സ്ത്രീജനങ്ങളാണ് അദ്ധ്യാപന രംഗത്ത് സേവനമനുഷ്ഠിക്കുന്നവരിൽ ഭൂരിഭാഗവും. *അമ്മ* എന്ന നിലയിൽ നിന്നുകൊണ്ട് കൂടി കുട്ടികളെ നല്ല ഒരു നാളെയിലേക്ക് നയിക്കാൻ സ്ത്രീക്ക് അധിക വൈഭവമുണ്ടല്ലോ.

ഉദാത്തമായ ദർശനത്തിന്റെ വ്യക്തികളായി തീരണം എല്ലാവരും എന്നാഗ്രഹിച്ചിരുന്ന ചാവറയച്ചൻ നൽകിയിരുന്ന മാർഗ്ഗ നിർദ്ദേശം ഓർമ്മിക്കുക: *പതിവായി സദ്ഗ്രന്ഥങ്ങൾ വായിച്ച് ധ്യാനിക്കുക. അത് ബുദ്ധിയെ പ്രകാശിപ്പിക്കും.*[11] നല്ല ഗ്രന്ഥങ്ങൾ ജീവിതത്തിൽ വഴിവെളിച്ചമായി വർത്തിക്കും. *നല്ല അപ്പന്റെ ചാവരുളിലൂടെ* ചാവറയച്ചൻ, പിതൃ വാത്സല്യത്തോടെ നമ്മെ വായിക്കുവാനും പൊരുളുകളെ ഉൾച്ചേർക്കുവാനും പ്രേരിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നു. *ഒരുഭിക്ഷക്കാരൻ വായന അറിയാത്തവൻ ആയിരുന്നുവെങ്കിലും യാചിച്ച് കിട്ടിയ പണം കൊണ്ട് പുസ്തകങ്ങൾ വാങ്ങി വായന അറിയാവുന്നവരെക്കൊണ്ട് വായിപ്പിച്ചു കേട്ട് അതിനൊത്തവണ്ണം നടക്കുകയും പുണ്യത്തിന്റെ മാതൃക മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുകയും ചെയ്തുവെന്ന്*[12] ചാവറയച്ചൻ വിവരിക്കുന്നത് വായനയുടെ അനിവാര്യത വ്യക്തമാക്കുവാൻവേണ്ടി തന്നെയാണ്. പ്രസാധന രംഗത്ത് ആദ്യ പാദങ്ങൾ തീർത്തു കൊണ്ട് ചാവറപിതാവ് കൂടുതൽ വായനക്ക് അവസരങ്ങളൊരുക്കി. നല്ല മാതാപിതാക്കൾ തങ്ങളുടെ മക്കൾക്ക് നല്ല പുസ്തകങ്ങൾ ലഭ്യമാക്കിക്കൊണ്ട് അവരുടെ വ്യക്തിത്വവികസനത്തിന് അവസരം നല്കുവാൻ സ്വയം മാതൃകയാകുന്നു. പുസ്തകങ്ങളുടെ തിരഞ്ഞെടുപ്പിനെക്കുറിച്ചും ചാവറയച്ചൻ മാതാപിതാക്കൾക്ക് നിർദ്ദേശം നല്കുന്നുണ്ട്: *ചീത്തപ്പുസ്തകങ്ങൾ സൂക്ഷിക്കുന്നത് വൈയ്ക്കോലിൽ തീ ഒളിച്ചുവയ്ക്കുന്നതു പോലെയാകുന്നു.*

*ഭക്തിയെ വർദ്ധിപ്പിക്കുന്ന ജ്ഞാനപ്പുസ്തകങ്ങളും തത്വശാസ്ത്രപ്പുസ്തകങ്ങളും മക്കൾക്ക് സമ്പാദിച്ചുവക്കേണ്ട നിക്ഷേപങ്ങളാകുന്നു. ഇപ്രകാരമുള്ള പുസ്തകങ്ങളെ ശക്തിപോലെ വാങ്ങിച്ചു ശേഖരിക്കുക.*[13] വായനശാലകളും വായനക്കൂട്ടങ്ങളും എന്നെന്നും നാടിന് തിലകക്കുറിയായി നിലനില്ക്കുന്നു. അവയുടെ തുടക്കത്തിനും ബീജാവാപം ആ സുമനസ്സിന്റെ സങ്കല്പവഴിയിൽ നിന്നു തന്നെ.

ഇവ്വിധം അനന്തസാധ്യതകൾ നമുക്കു മുമ്പിൽ പ്രകാശിപ്പിക്കുന്ന ഇന്റർനെറ്റിന് തിന്മയുടേതായ വലിയൊരു സാമ്രാജ്യം മറുപുറത്തുണ്ടെന്ന സത്യവും ഇക്കൂട്ടത്തിൽ വിസ്മരിക്കരുത്.

വിദ്യാഭ്യാസമാണ് എല്ലാ വികസനത്തിന്റെയും അടിത്തറ. സമൂഹത്തിൽ ഉത്തരവാദിത്വപൂർവ്വം ജീവിക്കുവാൻ വേണ്ട പരിശീലനം ലഭിക്കുന്ന ഉറവിടമാണത്. സാക്ഷരതയുടെ വിജയക്കൊടി പാറുന്നതിൽ അഭിമാനപൂർവ്വം അഭിരമിക്കുമ്പോഴും വളർന്നുവരുന്ന തലമുറയെ നോക്കി നാം ആത്മവിമർശനം ചെയ്യേണ്ടതുണ്ട്. കേരളത്തിൽ വിദ്യാലയങ്ങളുടെയും കലാലയങ്ങളുടെയും വിജയശതമാനത്തിന്റെ കണക്കുകളുടെ ഗ്രാഫുകൾ മുകളിലേക്ക് കുതിക്കുമ്പോഴും പരസ്പര ബന്ധത്തിന്റെയും പരസ്പര ബഹുമാനത്തിന്റെയും ഗ്രാഫ് എതിർ ദിശയിലേക്കാണ് നീങ്ങുന്നത് എന്നത് കാണാതിരുന്നു കൂടാ. സുദൃഢ സമൂഹ സൃഷ്ടിക്ക് നിദാനങ്ങളായ വിദ്യാലയങ്ങളിലെ പരിശീലനം ഫലദായകവും ഊഷ്മളവുമാക്കാൻ ബദ്ധപ്രതിജ്ഞരായേ മതിയാവൂ.

*മൂഢനു വിദ്യാഭ്യാസം കാലുകളിൽ ചങ്ങല പോലെയും വലത്തുകൈയിൽ വിലങ്ങു പോലെയും ആണ്. ബുദ്ധിമാനു വിദ്യ സ്വർണ്ണാഭരണം പോലെയും വലത്തുകൈയിൽ വളപോലെയുമാണ്* (പ്രഭാ.21/19-21).

വിദ്യാഭ്യാസത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ച് എം.പി. വീരേന്ദ്രകുമാർ പറയുന്നു,

*വിദ്യാഭ്യാസം ചെലവല്ലെന്നും മൂലധനമാണെന്നും കരുതുന്ന സമൂഹവും സർക്കാരും കാലഘട്ടത്തിന്റെ ആവശ്യമാണ്. ലോകത്ത് പ്രാണവായു ഇല്ലാതാകുമ്പോൾ എങ്ങനെ ബുദ്ധിമുട്ട് ഉണ്ടാകുമോ അതുപോലെയാണ് വിദ്യാഭ്യാസമില്ലാത്തതലമുറ ഉണ്ടായാലുള്ള അവസ്ഥ.*[15]

ദീപം തെളിച്ചു തരുവാനേ അവതാരങ്ങൾക്കു കഴിയൂ..... തെളിച്ചു തന്നു ചാവറയച്ചൻ. അണയാതെ കരുതലോടെ പരിപാലിക്കേണ്ടതും കൈമാറേണ്ടതും നമ്മുടെ ധർമ്മവും കടമയുമെന്ന് നാമറിയുക. ആ തിരിച്ചറിവും അതിനായുള്ള ജാഗ്രതയും തന്നെയാണ് കാലത്തിനു മുൻപേ നടന്ന യുഗശില്പിയ്ക്കായി അർപ്പിക്കാവുന്ന പ്രാർത്ഥനാസമമായ പ്രണാമം!

■

## പരാമർശ സൂചിക


1. *ഫാ. റോബി കണ്ണൻചിറ സി.എം.ഐ.* (എഡി.), പൊതുവിദ്യാഭ്യാസവും പ്രസക്തിയും പ്രശ്നങ്ങളും, ബേസ്റൗമ, 2011, പേജ്. 26
2. *ഡോ. ലൂക്കാസ് വിത്തുവട്ടിക്കൽ സി.എം.ഐ.* (എഡി.) ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ വാല്യം നാല്, സി.എം.ഐ. പ്രസാധക കമ്മിറ്റി, 1982, പേജ്.148
3. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, വാല്യം 4, p. 143
4. *ഡോ.ജോർജ്ജ് കുരുക്കൂർ* (വിവ.), 'സമർപ്പിതരും വിദ്യാലയങ്ങളിൽ അവരുടെ ദൗത്യവും', വത്തിക്കാൻ, No. 45
5. *കെ.പോരൂക്കര*, സ്ഥാപക പിതാക്കന്മാർ, 1905, പേജ്.20
6. *ചാക്കോ കെ.സി*, ഫാ.കുര്യാക്കോസ് ഏലിയാസ് ചാവറ, മാന്നാനം, 1959, പേജ്.107
7. cf. ഫാ. ജോൺ റോമിയോ പട്ടശ്ശേരി സി.എം.ഐ., വാ.ചാവറയച്ചൻ വ്യക്തിയും വീക്ഷണവും, ചാവറ ബുക്ക്സ്, ആലുവ, 1989, പേജ്. 90
8. NC Pant, Modern Journalism Principals and Practice, Krishna publishers, New Delhi, 2002, p.12
9. *പ്രൊഫ.എം.കെ സാനു*, നവോത്ഥാനത്തിലെ ശുക്രനക്ഷത്രം, സുകൃതം സ്മര, ബേസ്റൗമ, പേജ് 31.
10. മാധ്യമം, http://124.153.77.44/news,10/19/2-10
11. ചാവറയച്ചന്റെ കത്തുകൾ, ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ്, ചാവറ ഹിൽസ്, Kakkanad, 2011, p. 219
12. Ibid , p.129
13. Ibid
14. *റോയി കണ്ണൻചിറ സി.എം.ഐ*, അലമാരയിൽ അന്തിയുറങ്ങുന്ന അതികായന്മാർ, ചോക്ലേറ്റ് 2011, ജൂൺ 15, പേജ്.8
15. cf.http://www.mathrubhumi.com/online/malayalam/news-2010-02-07/Kerala

## പിന്നുര

# നദി സമുദ്രമാകുമ്പോൾ

സിസ്റ്റർ ആവില സി.എം.സി.,
സിസ്റ്റർ ധന്യ സി.എം.സി., സിസ്റ്റർ മെരീന സി.എം.സി.

**പ**ത്തൊമ്പതാം നൂറ്റാണ്ടിലെ കേരളത്തിന്റെ അവസ്ഥ ചുട്ടു പഴുത്ത മണലാരണ്യത്തിന് സമമായിരുന്നു. ജാതി സ്പർദ്ധയുടെയും, അജ്ഞാനത്തിന്റെയും ചുടുകാറ്റ് ആ മണലാരണ്യത്തിൽ ഭീകരതയോടെ താണ്ഡവമാടുകയായിരുന്നു. ആ കൊടിയ ഭീകരതയിൽ നിന്ന് കേരള ജനതയെ ഉണർത്താൻ, പുതിയ നാമ്പുകൾ ഉയിർപ്പിക്കുവാൻ, ദൈവം വർഷിച്ച ഹിമബിന്ദുവാണ് ചാവറപിതാവ്. ചൂടിന്റെ ശക്തിയാൽ എല്ലാം വറ്റിവരണ്ടുപോകുമ്പോൾ മഞ്ഞുതുള്ളികളുടെ വർഷം പുതുജീവൻ നാമ്പെടുക്കുവാൻ ഭൂമിക്ക് ഉണർവു പകരുന്നു; ഹരിതാഭമായ വരുംനാളുകളിലേയ്ക്കു ഭൂമിയെ ഉണർത്തുന്നു; ഭൂമിഹൃദയത്തെ കുളിർമ്മയാൽ സാന്ത്വനപ്പെടുത്തുന്നു. താൻ ജീവിച്ച കാലഘട്ടത്തിന്റെ ആവശ്യങ്ങൾ മനസ്സിലാക്കി പുതിയ യജ്ഞങ്ങൾക്ക് യോഗി വര്യനായ ചാവറയച്ചൻ തുടക്കം കുറിച്ചു; സാമൂഹിക- സാമുദായിക-സാംസ്ക്കാരിക തലങ്ങളിൽ നിറസാന്നിദ്ധ്യമായി നിലകൊണ്ടു. ആ ഹിമവർഷം ചുറ്റുപാടും സ്നേഹസേവനശുശ്രൂഷയുടെ ആശ്വാസകുളിർമ്മ പ്രസരിപ്പിച്ചു. അത് അനേകർക്ക് പുതുജീവൻ പ്രദാനം ചെയ്തു. *നദിയിൽ നിന്നുള്ള തോടു പോലെയും ഉദ്യാനത്തിലേക്കുള്ള നീർച്ചാലു പോലെയും ഞാൻ ഒഴുകി* എന്ന പ്രഭാഷക വചനം ആ പുണ്യപുരുഷനിൽ അന്വർത്ഥമായി. *തോട് നദിയായി... നദി സമുദ്രമായി..... ഞാൻ വീണ്ടും എന്റെ ഉപദേശത്തെ പ്രഭാതം പോലെ പ്രകാശമാനമാക്കും. അതിന്റെ കാന്തി വിദൂരങ്ങളിലും പ്രസരിപ്പിക്കും.** ചാവറപിതാവു പകർന്നു നൽകിയ ദൈവസ്നേഹകാന്തിയെ ഇഴതിരിച്ചു കാണുകയും അതിന്റെ ശോഭ വരുംതലമുറകളിൽ എത്തിക്കുകയുമാണ് *അറിവിന്റെ വഴിയെ താപസമനസ്സ്* എന്ന ഈ ഗ്രന്ഥത്തിന്റെ സമർപ്പിത ദൗത്യം.

രചനയുടെ സൃഷ്ടിവഴിയിൽ സഹായിച്ചവർ അനവധി പേരാണ്. പ്രോജ്ജ്വലമായ അവതാരിക എഴുതി ഞങ്ങളെ അനുഗ്രഹിച്ച പ്രൊഫ. എം. അച്യുതൻ മാസ്റ്റർക്ക് ഒരുപാട് നന്ദി. ഏറ്റവും വലിയ പ്രചോദനമായത് സുപ്പീരിയർ ജനറൽ സി. സാങ്റ്റയാണ്. ഓരോ ഘട്ടത്തിലും മാർഗ്ഗനിർദ്ദേശം നൽകി സി. സാങ്റ്റ രചനയെ പിൻതുണച്ചു; സംശോധനാനന്തരം പ്രൗഢമായൊരു പരിചായകസന്ദേശം എഴുതിത്തന്ന് ഈ രചനാശ്രമത്തെ അനുഗ്രഹിച്ചു. ജനറൽ കൗൺസിൽ അംഗങ്ങളെല്ലാവരും എന്നും പ്രോത്സാഹനപ്രേരകമായി നിലകൊണ്ടു. അക്കൂട്ടത്തിൽ സി. ലെയോണിലയോട് പ്രത്യേകം നന്ദി പറയാതെ വയ്യ. ഭാഷക്ക് ഭാവം പകർന്നു സഹായിച്ച സി. ചെറുപുഷ്പം (കോതമംഗലം); പ്രീപ്രിന്റ് സേവനം നിവർത്തിച്ചുകൊണ്ട് സി. നവീന(ഇടുക്കി)യും സി.നോയൽ(കാഞ്ഞിരപ്പള്ളി)യും. എല്ലാവർക്കും എല്ലാറ്റിനും നന്ദി.

വരൾച്ച ഗ്രസിച്ച നമ്മുടെ ജീവിതവഴിത്താരകളിൽ ഒരു മഞ്ഞുതുള്ളി പോലെ ഈ ചിന്താധാരകൾ വർഷിക്കുമെങ്കിൽ, അതു നമ്മുടെ ജീവിതത്തെ നിർമ്മലമാക്കുവാനും ഉന്മേഷഭരിതമാക്കുവാനും പ്രേരകമാകുമെങ്കിൽ, ഞങ്ങൾക്കു ചാരിതാർത്ഥ്യമായി. വിശുദ്ധിയുടെ വിശുദ്ധ തലങ്ങളിൽ ചാവറപിതാവിന്റെ മദ്ധ്യസ്ഥത അതിനു വഴിയൊരുക്കുമെന്ന് പ്രത്യാശിക്കുന്നു; അതിനായി പ്രാർത്ഥിക്കുന്നു. ■

* (പ്രഭാ 24/30)

# അനുബന്ധം ഒന്ന്

## പൊതുഗ്രന്ഥസൂചിക
## വിശുദ്ധ ചാവറയച്ചനെപ്പറ്റിയുള്ള കൃതികൾ
(കാലഗണനയനുസരിച്ച്)


### 1. ചാവറക്കൃതികൾ

1. *ഒരു നല്ല അപ്പന്റെ ചാവരുൾ*, മാന്നാനം, 1959.
2. *ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ വാല്യം നാല്, കത്തുകൾ*, സി.എം.ഐ. പ്രസാധക കമ്മിറ്റി, 1982.
3. *ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ വാല്യം2,സാഹിത്യകൃതികൾ*, സി.എം.ഐ. പ്രസാധക കമ്മിറ്റി, 1981.

### 2. ചാവറപ്പിതാവിനെപ്പറ്റിയുള്ള കൃതികൾ

1. *കൂനമ്മാവ് മഠം നാളാഗമങ്ങൾ, വാല്യം1, 2.*
2. *1864 മുതൽ 1871 വരെ മാന്നാനം ആശ്രമത്തിൽ നടന്ന ആലോചനകളും വിശേഷ സംഭവങ്ങളും.*
3. പാറപ്പുറം വർക്കിയച്ചൻ, *നാളാഗമം*
4. കുര്യാക്കോസ് ഏലീശാ പോരൂക്കര, *സ്ഥാപക പിതാക്കന്മാർ*, 1905.
5. ഫാ.വലേരിയൻ, *മലങ്കര മാതാവിന്റെ ഒരു വീരസന്താനം*, മാന്നാനം, 1939.
6. ഫാ. ലെയോപോൾഡ് ഒ.സി.ഡി., '*മുഖവുര*', *ആത്മാനുതാപം*, മാന്നാനം, 1959.
7. ഫാ. ജോൺ റോമിയോ പട്ടശ്ശേരി സി.എം.ഐ., *വാ.ചാവറയച്ചൻ വ്യക്തിയും വീക്ഷണവും*, ചാവറ ബുക്ക്സ്, ആലുവ, 1989.
8. സി. ജോസി സി.എം.സി.(എഡി.), *സി.എം.സി. അത്യുന്നതന്റെ തണലിൽ*, മൗണ്ട് കാർമ്മൽ ജനറലേറ്റ് ആലുവ, 1991.
9. *ഫാ.ജോസ് ചിറ്റിലപ്പിള്ളി സി.എം.ഐ*(എഡി.), ചാവറജീവിതദർശനം, സി.എം.ഐ. വിദ്യാഭ്യാസ വകുപ്പ്, കാക്കനാട്, 2007.

### 3. മറ്റു കൃതികൾ

1. *ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ.*
2. *മുത്തോലി മഠം നാളാഗമം* വാല്യം ഒന്ന്.
3. *വൈക്കം മഠം നാളാഗമം*, വാല്യം ഒന്ന്.
4. *ചങ്ങനാശ്ശേരി മഠം നാളാഗമം*, വാല്യം ഒന്ന.
5. *ആരക്കുഴ മഠം നാളാഗമം*, വാല്യം ഒന്ന്.

6. *പുളിങ്കുന്ന് മഠം നാളാഗമം*, വാല്യം ഒന്ന്.

7. *എസ്.എച്ച്. കോൺവെന്റ്, കറുകുറ്റി, നാളാഗമം*,വാല്യം ഒന്ന്.

8. *കറുകുറ്റി ശതാബ്ദി സ്മരണിക.*

9. *ഒല്ലൂർ മഠം നാളാഗമം*, വാല്യം ഒന്ന.

10. *മണലൂർ മഠം നാളാഗമം വാല്യം ഒന്ന്.*

11. *അമ്പഴക്കാട് മഠം നാളാഗമം വാല്യം ഒന്ന്.*

12. *പറവൂർ മഠം നാളാഗമം* വാല്യം ഒന്ന്.

13. *ചെങ്ങൽ മഠം നാളാഗമം* വാല്യം ഒന്ന്.

14. *ചെങ്ങൽ സ്കൂൾ നാളാഗമം* വാല്യം ഒന്ന്.

15. *എടത്തിരുത്തി മഠം നാളാഗമം* വാല്യം ഒന്ന്.

16. *വി. ത്രേസ്യായുടെ കന്യകാമഠം, കൂനമ്മാവ് വജ്രജൂബിലി സ്മാരകം*, 1943.

17. പി.ഭാസ്കരനുണ്ണി, *പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം*, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ 1988,

18. Tay Vaughan, *Multimedia Making it Work*, Osborne Mcgraw Hill, USA, 1993

19. ചാൾസ് പൈങ്ങോട്ട്, കേരളസഭ പത്തൊമ്പതാം നൂറ്റാണ്ടിൽ (ഇഗ്നേഷ്യസ് പേർസിക്കോയുടെ റിപ്പോർട്ട്), കോട്ടയം, 1997.

20. ഡോ. സേവ്യർ കൂടപ്പുഴ, *മാർത്തോമ്മാ നസ്രാണിസഭാവിജ്ഞാനകോശം*, വടവാതൂർ, 1999.

21. *ഖലീൽ ജിബ്രാൻ*, ഖലീൽ ജിബ്രാൻ കൃതികൾ, ഡി.സി. ബുക്ക്സ്, 2002.

22. *നിർമ്മല, നാൾവഴിയിലെ നാഴികക്കല്ലുകൾ*, സി.എം.സി. നിർമ്മലപ്രോവിൻസ്, തൃശ്ശൂർ, 2003 .

23. ജോർജ്ജ് കുരുക്കൂർ (വിവ.), *സാമൂഹ്യസമ്പർക്ക മാധ്യമങ്ങൾക്കു വേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ രണ്ടു രേഖകൾ, ഇന്റർനെറ്റ് ഉപയോഗവും ധാർമ്മികതയും*, പി.ഒ.സി. പബ്ലിക്കേഷൻ, 2002 ടി.വി സാജു, *കമ്പ്യൂട്ടർ കുട്ടികൾക്ക്*, ജനറൽ എഡിറ്റർ, ഡി.സി ബുക്ക്സ്, കോട്ടയം, 2006.

24. ഡോ. ബി. ഇക്ബാൽ(എഡി.), *ഇന്റർനെറ്റും ഇൻഫർമേഷൻ വിപ്ലവവും*, ഡി.സി. ബുക്ക്സ്, കോട്ടയം, 2006.

25. *എ.പി.ജെ. അബ്ദുൾ കലാം, അരുൺ തിവാരി*, വഴി വെളിച്ചങ്ങൾ, 2007.

26. ജി. സാജൻ, *ദൂരങ്ങളില്ലാത്ത ലോകം*, ചിന്താ പബ്ലീഷേഴ്സ്, തിരുവനന്തപുരം.

27. വർക്കി പട്ടിമറ്റം V, *കംപ്ലീറ്റ് കമ്പ്യൂട്ടർ ബുക്ക്*, ഡി.സി.ബുക്ക്സ്, കോട്ടയം, 2008.

28. സി.എം.സി. വിദ്യാഭ്യാസ പദ്ധതി, സി.എം.സി. പബ്ലിക്കേഷൻസ്, ആലുവ, 2009.

29. ഫ്രാൻസീസ് കാരയ്ക്കാട്ട് *SDB, മാധ്യമതലമുറയുടെ മാർഗദർശി*, കെ.സി.എസ്.എൽ പബ്ലിക്കേഷൻസ്, പാലാരിവട്ടം, 2009.

30. വി.കെ. ആദർശ്, *എന്താണ് ബ്ലോഗ്? ബ്ലോഗിംഗ് എങ്ങനെ തുടങ്ങാം*, കറന്റ് ബുക്സ്, തൃശ്ശൂർ, 2010.

31. *ഡോ.ജോർജ്ജ് തേറുകാട്ടിൽ*(എഡി.), കാരുണ്യ കിരണങ്ങൾ, കാരുണികൻ ബുക്സ്, 2011.

32. ഫാ. റോബി കണ്ണൻചിറ സി.എം.ഐ. (എഡി.), *പൊതുവിദ്യാഭ്യാസവും പ്രസക്തിയും പ്രശ്നങ്ങളും*, ബേസ്റൗമ, 2011.

33. *സുകൃതംസ്മര*, ബേസ്റൗമ, 2012.

# അനുബന്ധം രണ്ട്



## വി. ചാവറ കുര്യാക്കോസ് ഏലിയാസ്
## ജീവിതരേഖ

- 1805 ഫെബ്രുവരി 10
  ആലപ്പുഴയിലെ കൈനകരിയിൽ ജനിച്ചു.
- 1810
  കൈനകരിയിൽ ആശാൻ കളരിയിൽ പ്രാഥമിക വിദ്യാഭ്യാസം.
- 1818
  സെമിനാരിയിൽ വൈദികാർത്ഥി.
- 1829 നവംബർ 29

  അർത്തുങ്കൽ പള്ളിയിൽ പൗരോഹിത്യ സ്വീകരണം
- 1830
  പള്ളികളിൽ ഞായറാഴ്ച പ്രസംഗങ്ങളും അൽമായർക്കായുള്ള ധ്യാനങ്ങളും പ്രചാരത്തിലാക്കി.
- 1831 മെയ് 11
  ഭാരതത്തിലെ ആദ്യത്തെ തദ്ദേശീയ സന്യാസസഭ (സി.എം.ഐ.) പാലയ്ക്കൽ തോമസ് മല്പാനോടും പോരൂക്കര തോമസ് മല്പാനോടുമൊപ്പം സ്ഥാപിച്ചു. ആചാരങ്ങളിൽ പൗരസ്ത്യവും സംസ്ക്കാരത്തിൽ ഭാരതീയവും അനുഷ്ഠാനങ്ങളിൽ ക്രൈസ്തവവുമായ വിശ്വാസവഴിയാണ് ഈ കോൺഗ്രിഗേഷനു വേണ്ടി രൂപപ്പെടുത്തിയത്.
- 1833
  സുറിയാനി കത്തോലിക്കരുടെ ആദ്യ പൊതുസെമിനാരി

മാന്നാനത്ത് ആരംഭിക്കുവാൻ നേതൃത്വം നൽകി.

- 1833

  *കുരിശിന്റെ വഴി* ഉപാസിച്ചു.

- 1846

  മാന്നാനത്ത് അച്ചടിശാലയും പ്രസിദ്ധീകരണ കേന്ദ്രവും സ്ഥാപിച്ചു. സീറോ മലബാർ ധാരയിൽ ഇങ്ങിനെയൊരു ധാര ആദ്യമായിരുന്നു. മലയാളത്തിലെ പ്രസാധനശൃംഖലയുടെ തുടക്കം ഇതിൽ നിന്നായിരുന്നു. ആ തുടർച്ചയിലാണ് പിന്നീട് *നസ്രാണി ദീപിക* എന്ന പേരിൽ പ്രതിവാരമായും ക്രമേണ *ദീപിക* എന്ന പേരിൽ പ്രതിദിനമായും മലയാളത്തിലെ ആദ്യ ദിനപത്രം പ്രസിദ്ധപ്പെടുത്തുന്നത്. *ദീപിക* ഇന്നും അഭംഗുരം പ്രസിദ്ധീകരണം തുടരുന്നു. കേരളത്തിലെ മാധ്യമധാരയുടെ പിതാവായാണ് ചാവറപിതാവ് അറിയപ്പെടുന്നത്. പുസ്തകങ്ങൾ ശേഖരിച്ചുവയ്ക്കുകയും അവിടെനിന്നും ആളുകൾ പുസ്തകങ്ങൾ കൊണ്ടു പോയി വായിച്ചശേഷം മടക്കി കൊണ്ടുവരികയും ചെയ്യുന്ന കേന്ദ്രങ്ങൾ ഇതിന്റെ തുടർച്ചയിൽ രൂപമെടുത്തു. കേരളത്തിലെ വായനശാലാ പ്രസ്ഥാനത്തിന്റെ തുടക്കം ഇതിൽ നിന്നായിരുന്നു. അച്ചടിശാലയോടനുബന്ധിച്ചു മുദ്രണവിദ്യയിലും ബയന്റിംഗിലും പരിശീലനം നൽകുവാൻ ആരംഭിച്ചു. പിന്നീട് ഈ പരിശീലനം സി.എം.സി. സന്യാസിനീ സഹോദരിമാരുടെ കീഴിൽ തയ്യൽകലകളിലേയ്ക്കും കൊന്ത നിർമ്മാണ വിദ്യയിലേയ്ക്കും കൂടി വ്യാപിപ്പിച്ചു. തൊഴിൽ വിദ്യാഭ്യാസ മേഖല എന്ന പേരിൽ പ്രസിദ്ധമായി തീർന്ന പഠന പദ്ധതിയുടെ ആദ്യ പാദമായിരുന്നു ഇത്.

- 1846

  ആദ്യത്തെ സംസ്കൃത സ്കൂൾ മാന്നാനത്ത് ആരംഭിച്ചു. വർണ്ണാവർണ്ണ ഭേദമില്ലാതെ പ്രവേശനമനുവദിക്കുന്ന ആദ്യത്തെ വിദ്യാദാനകേന്ദ്രം കൂടിയായി ഇത്.

- 1853

  കത്തോലിക്കാസഭയുടെ പ്രഥമ വിശ്വാസ പരിശീലന കേന്ദ്രം മാന്നാനത്തു ആരംഭിച്ചു.

- 1855 ഡിസംബർ 8

  ഇന്ത്യൻ ജനതയിൽ നിന്നും ആദ്യമായി ക്രൈസ്തവ സന്യാസ വ്രതാർപ്പണം ചെയ്ത വ്യക്തിയായി.

- 1855-56

  പത്ത് ഇടയനാടകങ്ങൾ രചിച്ചു. Ecologueകളുടെ മാതൃകയിൽ എഴുതിയ ഈ ലഘു നാടകങ്ങൾ കൂനമ്മാവു നൊവീഷ്യേറ്റിൽ

ആണ് ആദ്യമായവതരിപ്പിച്ചത്. ക്രിസ്തുമസ്സ് ദിനം തൊട്ട് പൂജാരാജാക്കന്മാരുടെ തിരുന്നാൾ വരെയുള്ള ദിനങ്ങളിൽ നൊവിഷ്യേറ്റുകളിലും സെമിനാരികളിലും അവതരിപ്പിച്ചു പോന്ന ഈ നാടകങ്ങൾ മലയാള നാടകവഴിയിലെ ആദ്യ രചനകളും രംഗാവിഷ്കാരങ്ങളുമായി; ഒരുപക്ഷേ, ഇന്ത്യൻ ഭാഷാനാടകങ്ങളിൽത്തന്നെ ആദ്യ രചനകളായി.

- 1861
  കേരള സുറിയാനി കത്തോലിക്കാസഭയുടെ വികാരി ജനറാളായി.
- 1861
  *റോക്കോസ് ശീശ്മാ* തരംഗത്തിൽ നിന്നും കേരള കത്തോലിക്കാ സഭയെ രക്ഷിച്ചു.
- 1862
  മലയാളത്തിലെ ആദ്യ ഖണ്ഡകാവ്യമായ *അനസ്താസ്യയുടെ രക്തസാക്ഷ്യം* എഴുതി.
- 1862
  കേരള സുറിയാനി കത്തോലിക്കാ സഭയിലെ ആരാധനാക്രമങ്ങളെ നവീകരിച്ചു. വൈദികർക്കും അൽമായർക്കും ധ്യാനക്രമങ്ങൾ നിഷ്ഠപ്പെടുത്തിക്കൊണ്ട് സഭാ നവീകരണത്തിനു നേതൃത്വം നൽകി. പരിശുദ്ധാത്മാവിനോടും തിരുക്കുടുംബത്തോടും പരിശുദ്ധ മാതാവിനോടുമുള്ള പ്രത്യേക മദ്ധ്യസ്ഥ ആരാധനകൾ സാർവ്വത്രികമാക്കി; ദിവ്യകാരുണ്യഭക്തിയെ പ്രസരിപ്പിച്ചു.
- 1864
  *പള്ളിയ്ക്കൊരു പള്ളിക്കൂടം* എന്ന പേരിൽ ചരിത്ര പ്രസിദ്ധമായ നിർദ്ദേശോത്തരവു പുറപ്പെടുവിപ്പിച്ചു. ജാതിമത വർണ്ണവംശഭേദ പരിഗണന കൂടാതെ സർവ്വർക്കും വിദ്യാഭ്യാസത്തിന് അവസരം നൽകുവാൻ പള്ളികളോടനുബന്ധിച്ചു പാഠശാലകൾ ഉണ്ടാകുന്നത് ഇതോടെയാണ്. പൊതുവിദ്യാഭ്യാസം ഇതിലൂടെ യാഥാർത്ഥ്യമാവുകയും പൊതുസമൂഹ സൃഷ്ടിക്കു കേരളക്കരയിൽ അത് ഭൂമികയാവുകയും ചെയ്തു.
- 1865
  ആർപ്പൂക്കരയ്ക്കടുത്തു തുരുത്തിമാലിൽകുന്നേൽ ദളിതർക്കായി ഒരു സ്കൂൾ തുടങ്ങുവാൻ നിർദ്ദേശം നൽകി. ഇതാദ്യമായിട്ടാവണം ഇവ്വിധം രാജ്യത്ത് ഒരു സംരംഭ ശ്രമം.
- 1866 ഫെബ്രുവരി 13
  *നിഷ്പാദുക കർമ്മലീത്ത മൂന്നാംസഭ* എന്ന പേരിൽ ആദ്യത്തെ

തദ്ദേശീയ സന്യാസിനീസമൂഹം ലെയോപ്പോൾദ് മിഷനറിയുടെ സഹായത്തോടെ സ്ഥാപിച്ചു. ആദ്യ സന്ന്യാസിനികളിൽ രണ്ടു പേർ വിധവകളായിരുന്നു. വൈധവ്യം പാപമായി കരുതിയിരുന്ന ഒരു സമൂഹ പരിവൃത്തത്തോടു ചേർത്തുവേണം ഇതു കാണുവാൻ. കിരാതമെന്നു പിന്നീട് സംസ്ക്കാരം വിശേഷിപ്പിച്ച *സതി* ഉത്തരേന്ത്യയിൽ നിർബ്ബന്ധപൂർവ്വം അനുഷ്ഠിച്ചിരുന്ന നാളുകളായിരുന്നു അത്. കേരള സമൂഹത്തിൽ സ്ത്രീകൾക്കു വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകി അവരെ പ്രബുദ്ധരും സ്വയംപര്യാപ്തരുമായി ശക്തിപ്പെടുത്തിയെടുക്കുന്നതിനുള്ള ആദ്യ പാദമായിരുന്നു ഈ സന്യാസിനീ സഭാ സ്ഥാപനവും അനുബന്ധമായാരംഭിച്ച പ്രവർത്തനങ്ങളും. നാലംഗങ്ങളുമായി ആരംഭിച്ച ഈ സന്യാസിനീസഭ പിന്നീട് സി.എം.സി., സിറ്റി.സി. എന്നീ രണ്ടു സമൂഹങ്ങളായി സജീവമായ പ്രേഷിതസേവനം തുടരുന്നു.

- 1866
  കേരളസഭയിൽ *നാല്പതുമണി* ആരാധന ആരംഭിച്ചു.
- 1868 ജനുവരി 2
  കൂനമ്മാവിൽ കേരളത്തിൽ ആദ്യമായി പെൺകുട്ടികൾക്കു താമസിച്ചു പഠിക്കുവാനുള്ള ബോർഡിംഗ് സ്കൂൾ ആരംഭിക്കുവാൻ ലെയോപ്പോൾദ് മിഷനറിയോടൊപ്പം നേതൃത്വം നൽകി.
- 1868 ഫെബ്രുവരി 13
  *ഒരു നല്ല അപ്പന്റെ ചാവരുൾ* എന്ന പേരിൽ കേരളത്തിലെ ക്രൈസ്തവ കുടുംബങ്ങൾക്കായി *കുടുംബ ചട്ടം* എഴുതി നൽകി.
- 1869
  അനാഥർക്കും രോഗികൾക്കും വൃദ്ധർക്കും മരണാസന്നർക്കുമായി ആദ്യത്തെ ക്രൈസ്തവ അഗതിമന്ദിരങ്ങൾ *ഉപവിശാല*യും *വിശുദ്ധ യൗസേഫ് പിതാവിന്റെ നന്മരണസഖ്യ*വും കൈനകരിയിൽ ആരംഭിച്ചു. ഇവയുടെ സാമ്പത്തികവും ഭരണപരവുമായ പൂർണ്ണചുമതല തന്നാട്ടുകാരെ ഭരമേൽപ്പിച്ചു. സഹകരണാടിസ്ഥാനത്തിൽ അവർ ആ ചുമതല നിർവ്വഹിച്ചു പോന്നു. സഹകരണ പ്രസ്ഥാനത്തിലെ കേരളക്കരയിലെ ആദ്യ പാദമായിരുന്നു അത്.
- 1869
  19-ാം നൂറ്റാണ്ടിലെ കത്തോലിക്കാസഭയിലേയ്ക്കുള്ള പുനഃരൈക്യ പ്രസ്ഥാനത്തിനു പ്രേരണ നൽകി.
- 1871 ജനുവരി 3
  ആത്മത്തിനു വേണ്ട കൂദാശകൾ കൈക്കൊണ്ട് നല്ല ഒരുക്കത്തോടെ പ്രാർത്ഥനാനിരതനായി കർത്താവിൽ നിദ്ര

പ്രാപിച്ചു. കൂനമ്മാവിൽ വിശുദ്ധ ഫിലോമിനയുടെ ആശ്രമത്തിൽ സംസ്ക്കരിച്ചു.

- 1889 മെയ് 24
  പൂജ്യാവശിഷ്ടങ്ങൾ മാന്നാനം ആശ്രമ ദേവാലയത്തിൽ പ്രതിഷ്ഠിച്ചു.
- 1984 ഏപ്രിൽ 7
  റോമിൽ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ *ധന്യ*നായി പ്രഖ്യാപിച്ചു.
- 1986 ഫെബ്രുവരി 8
  കോട്ടയത്തു വച്ച് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ *വാഴ്ത്തപ്പെട്ടവനായി* പ്രഖ്യാപിച്ചു; പുരുഷന്മാരിൽ *വാഴ്ത്തപ്പെട്ടവൻ* എന്നു നാമകരണം ചെയ്യപ്പെടുന്ന ആദ്യഭാരതീയനായി.
- 1987 ഡിസംബർ 20
  രാഷ്ട്രപതി ആർ. വെങ്കിട്ടരാമൻ ചാവറപിതാവിന്റെ ആദരാർത്ഥം തിരുവനന്തപുരത്തു വച്ച് *ചാവറ തപാൽ സ്റ്റാമ്പ്* പുറത്തിറക്കി.
- 2006 മെയ് 4
  സാഹിതീസംഭാവനകളെ ആദരിച്ച് ചാവറപിതാവിന്റെ ഛായാചിത്രം കേരള സാഹിത്യ അക്കാദമി ഹാളിൽ അനാച്ഛാദനം ചെയ്തു.

- ജന്മിയുടെ പുരയിടങ്ങളിൽ ജോലി ചെയ്യുമ്പോൾ അടിയാളർക്കു കൂലി നൽകാതിരിക്കുന്ന *ഊഴിയം* സമ്പ്രദായത്തെ വിമർശിക്കുകയും അതു നിറുത്തലാക്കുവാൻ *ചാവരുളി*ലൂടെ ഉൽബോധനം നടത്തുകയും ചെയ്തു.

- തന്റെ ഗുരുനാഥനായ പോരൂക്കര തോമസ് മൽപ്പാന്റെ ജീവചരിത്രം ചാവറപിതാവു രചിച്ചിരുന്നതാണ്, മലയാളി മറ്റൊരു മലയാളിയെക്കുറിച്ച് ആദ്യമായെഴുതുന്ന മലയാള ജീവചരിത്ര ഗ്രന്ഥം.

- സഭയുടെയും പ്രവർത്തനങ്ങളുടെയും ദിനംപ്രതി കുറിപ്പുകൾ *നാളാഗമങ്ങൾ* എന്ന പേരിൽ ചാവറ പിതാവ് പതിവായി എഴുതിപ്പോന്നു. സാമൂഹ്യ-സാംസ്ക്കാരിക ധാരയിലെ ചെറു ചലനങ്ങൾ വരെ സൂക്ഷ്മമായി ഇവയിൽ രേഖപ്പെടുത്തിയിരുന്നു. മലയാളത്തിൽ ചരിത്രവഴിയിലെ ആദ്യ കുറിപ്പുകളായി ഇവയെ കാണാവുന്നതാണ്.

- കവിതയിൽ സംസ്കൃത സ്വാധീനം ശക്തമായതോടെ ദുർബ്ബലമായിപ്പോയ വഞ്ചിപ്പാട്ടു ശാഖയുടെ പുനർജ്ജീവനത്തിൽ ചാവറ പിതാവിന്റെ സംഭാവനകൾ ഗണ്യമാണ്. എഴുത്തച്ഛന്റെ പ്രമേയഗരിമയും ചെറുശ്ശേരിയുടെ ആലാപനചാരുതയും ഒത്തുചേർന്നതായിരുന്നു ചാവറപിതാവിന്റെ കാവ്യശൈലി.

- 2014 നവംബർ 23-ാം തീയതി വത്തിക്കാനിൽ 'ഫ്രാൻസീസ് മാർപ്പാപ്പ ചാവറപിതാവിനെ വിശുദ്ധനായി പ്രഖ്യാപിച്ചു.

# അനുബന്ധം മൂന്ന്

## വി. ചാവറ കുര്യാക്കോസ് ഏലിയാസിന്റെ രചനകൾ

*നാളാഗമങ്ങൾ (CHRONICLES)*

• സി.എം.ഐ., സി.എം.സി. സന്യാസിസഭകളുടെ സ്ഥാപനം, വളർച്ച • 19-ാം നൂറ്റാണ്ടിലെ *പദ്രോവാദോ, പ്രൊപ്പഗാന്ത* സഭാസംവിധാനങ്ങളിലെ ഭരണാധികാരികളും മിഷനറിമാരും • 19-ാം നൂറ്റാണ്ടിലെ കേരളസഭയിലെ പ്രധാന സംഭവങ്ങളും വ്യക്തികളും

*പാലയ്ക്കൽ തോമാ കത്തനാരുടെ ജീവചരിത്രം*
മലയാളിയെക്കുറിച്ചു മലയാളി എഴുതിയ ആദ്യ ജീവചരിത്രം

*ആത്മാനുതാപം*

*മരണവീട്ടിൽ പാടുന്നതിനുള്ള പാന*
(*പർവ്വം* എന്നായിരുന്നു ആദ്യം. പിന്നീടു പുനഃപ്രകാശനവേളയിൽ അതു പാന എന്നു മാറ്റുകയായിരുന്നു)

*അനസ്താസിയായുടെ രക്തസാക്ഷ്യം*
(മലയാളത്തിലെ ആദ്യഖണ്ഡകാവ്യം)

*ധ്യാനസല്ലാപങ്ങൾ*
(ധ്യാന സംഭാഷണങ്ങളും ധ്യാന വിചാരങ്ങളും ധ്യാനപ്രാർത്ഥനകളും)

*കത്തുകൾ*

*തുക്കാസ*
(തിരുക്കർമ്മാചാരാനുഷ്ഠാനങ്ങൾ)

*ലിറ്റർജിക്കൽ കലണ്ടർ*
*(ആരാധനക്രമത്തിലെ കാലവ്യത്യാസങ്ങൾ)*

*മരിച്ചവർക്കുള്ള ഒപ്പീസ്*

*ഇടയ നാടകങ്ങൾ*
(Ecologues: Shepherd plays: സെമിനാരികളിൽ ക്രിസ്തുമസ്സ് വേളകളിൽ അവതരിപ്പിക്കുവാൻ വേണ്ടി എഴുതിയിരുന്ന ലഘുനാടകങ്ങൾ. മലയാളത്തിലെ മാത്രമല്ല, ഇന്ത്യയിലെതന്നെ നാടകവഴിയിലെ ആദ്യശ്രമങ്ങൾ ഇതായിരുന്നു എന്നു കണ്ടെത്തിയിട്ടുണ്ട്. ചാവറ കുര്യാക്കോസ് ഏലിയാസ് എഴുതിയ ആദ്യ ഇടയനാടകങ്ങളുടെ കൈയ്യെഴുത്തുപ്രതികൾ ലഭ്യമായിട്ടുണ്ട്. ആധുനിക മലയാളഭാഷ്യത്തോടൊപ്പം അവയുടെ ആദിമരൂപം, വ്യാഖ്യാന പഠനമുൾക്കൊള്ളിച്ചുകൊണ്ടു കേരള സാഹിത്യ അക്കാദമി ജൂലൈ 2014-ൽ പ്രസിദ്ധപ്പെടുത്തി.)

# അനുബന്ധം നാല്

## ലേഖകർ - ജീവിതരേഖ




**സിസ്റ്റർ ഡോ. ആവില സി.എം.സി.**

സി.എം.സി. കോൺഗ്രിഗേഷനിലെ അങ്കമാലി മേരിമാതാ പ്രോവിൻസിൽ അംഗമാണ്. M.Sc., M.A., M.Ed., Ph.D. ബിരുദങ്ങൾ യഥാക്രമം കേരള, മൈസൂർ, ബോംബെ, എം.ജി. യൂണിവേഴ്സിറ്റികളിൽ നിന്നും കരസ്ഥമാക്കി. കുറവിലങ്ങാട് ദേവമാതാ കോളേജ്, എറണാകുളം സെന്റ് ജോസഫ് ട്രെയിനിംഗ് കോളേജ് എന്നിവിടങ്ങളിൽ അധ്യാപികയായും കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ വിദ്യാഭ്യാസ വിഭാഗത്തിന്റെ അധ്യക്ഷയായും സേവനമനുഷ്ഠിച്ചു. ഇപ്പോൾ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ വിദ്യാഭ്യാസ വിഭാഗത്തിൽ റിസേർച്ച് ഗൈഡായും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്നേഹോദയ സെന്റർ ഓഫ് ഇൻഫർമേഷൻ ടെക്നോളജിയുടെ പ്രിൻസിപ്പലായും പ്രവർത്തിക്കുന്നു. *ബേസ്റൗമ* ഗവേഷണ കൗൺസിൽ അംഗം.



**സിസ്റ്റർ ധന്യ സി.എം.സി.**

ഇരിങ്ങാലക്കുട ഉദയ പ്രൊവിൻസിലെ അംഗമാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് B.A,B.Ed, ബാംഗ്ളൂർ ധർമ്മാരാം കോളേജിൽ നിന്ന് ദൈവശാസ്ത്രത്തിൽ ബിരുദം, റോമിലെ ഹോളി ക്രോസ്സ് യൂണിവേഴ്സിറ്റിയിൽനിന്ന് സോഷ്യൽ ഇൻസ്റ്റിറ്റ്യൂഷണൽ കമ്മ്യൂണിക്കേഷനിൽ ലൈസൻഷ്യേറ്റ് എന്നിവ നേടി. ഗോവ മറ്റർ ഡേയി (Mater Dei), ആലുവ കാർമ്മൽ ജ്യോതി എന്നീ സ്ഥലങ്ങളിലെ ലെക്ചററും ഇരിങ്ങാലക്കുട ലിറ്റിൽ ഫ്ളവർ ഹൈസ്കൂളിലെ അദ്ധ്യാപികയുമാണ്.



**സിസ്റ്റർ മരീന സി.എം.സി.**

തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസിലെ അംഗമാണ്. ബാംഗ്ളൂർ യൂണിവേഴ്സിറ്റിയിൽ നിന്നും M.Sc. ബിരുദവും കേരള യൂണിവേഴ്സിറ്റിയിൽ നിന്നും B.Ed. ഉം കരസ്ഥമാക്കി. ഇപ്പോൾ തളിപ്പറമ്പ് സാൻജോസ് സീനിയർ സെക്കന്ററി (C.B.S.E.) സ്കൂളിലെ അദ്ധ്യാപികയാണ്.

# അറിവിന്റെ വഴിയെ താപസ മനസ്സ്

## ചാവറ പിതാവിന്റെ
## വിദ്യാദാനദർശനം ഒരു വിചാരധ്യാനം

**സിസ്റ്റർ. ഡോ. ആവില സി.എം.സി.**
**സിസ്റ്റർ. ധന്യ സി.എം.സി.**
**സിസ്റ്റർ. മരീന സി.എം.സി.**

ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ്
സി.എം.ഐ., സി.എം.സി. സംയുക്തസംരംഭം

